ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

# കേരള ഇക്കോണമി

എപ്രിൽ – ജൂൺ 2025 പുസ്തകം 6 ലക്കം 2


അരി, ഗോതമ്പ് എന്നിവയുടെ ഉല്പാദനത്തിൽ
താങ്ങുവില ചെലുത്തുന്ന സ്വാധീനം

ധനകാര്യ കമ്മീഷനും വിഭവങ്ങൾ പങ്ക് വയ്ക്കുന്നതിലെ തുല്യനീതിയും

ഇന്ത്യയിലെ ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ ചെലവുകളിൽ
വന്ന മാറ്റവും രാഷ്ട്രീയ നിലപാടുകളും : ഒരു അവലോകനം

ഇന്ത്യയുടെ ഊർജമേഖലയിലെ പരിണാമം :
വെല്ലുവിളികളും സാധ്യതകളും

പ്രായമേറുന്ന കേരളവും പെൻഷൻ പദ്ധതികളുടെ സുസ്ഥിരതയും

കേരളത്തിലെ ഭിന്നശേഷിക്കാരുടെ കുടുംബങ്ങൾ നേരിടുന്ന
സാമ്പത്തിക വെല്ലുവിളികൾ

കേരളത്തിലെ മൽസ്യത്തൊഴിലാളികൾക്കിടയിലെ
തൊഴിൽ മാറ്റം ഒരു പഠനം

ജി എസ് ടി : പ്രധാന നടപടികൾ


GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരള ഇക്കോണമി

**ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം**

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
കെ എൻ ബാലഗോപാൽ

എഡിറ്റർ ഇൻ ചീഫ്
കെ ജെ ജോസഫ്

അസോസിയേറ്റ് എഡിറ്റർ
അനിത കുമാരി എൽ
അശ്വതി റേച്ചൽ വർഗീസ്
യു പി അനിൽകുമാർ

ഉപദേശക സമിതി
എ വി ജോസ്
ഡി നാരായണ
കെ എൻ ഹരിലാൽ
കെ രവിരാമൻ
തങ്കം അരുൺ
രാജേശ്വരി എസ് റൈന
സി ബാലഗോപാൽ
ഡി ഷൈജൻ
സിദ്ദിഖ് റാബിയാത്ത്
സക്കറിയാ സിദ്ദിഖി
അനൂപ് എസ് കുമാർ
താരാ എസ് നായർ

കൺസൾട്ടിംഗ് എഡിറ്റേഴ്സ്
ജോർജ് ജോസഫ്
പ്യാരേലാൽ രാഘവൻ

വിലാസം
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ,
ഗിഫ്റ്റ് കാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള- 695017.
ഫോൺ : 0471 2596970, 2596980, 2590880, 2593960.
Email : keralaeconomy@gift.res.in www.gift.res.in

Disclaimer: The views expressed in this work are those of the authors and do not reflect the official policy or views of GIFT

Printed and published by K J Joseph on behalf of Gulati Institute of Finance and Taxation, Thiruvananthapuram. Printed at Time Offset, Thiruvananthapuram.
For private circulation. Not for sale.

# ഉള്ളടക്കം

പേജ് നമ്പർ

1. **അരി, ഗോതമ്പ് എന്നിവയുടെ ഉല്പാദനത്തിൽ താങ്ങുവില ചെലുത്തുന്ന സ്വാധീനം** 3
റോയ് സ്കറിയ, അമൃത എൻ.ആർ

2. **ധനകാര്യ കമ്മീഷനും വിഭവങ്ങൾ പങ്ക് വയ്ക്കുന്നതിലെ തുല്യനീതിയും** 21
ഷംന തച്ചംപറമ്പൻ

3. **ഇന്ത്യയിലെ ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ ചെലവുകളിൽ വന്ന മാറ്റവും രാഷ്ട്രീയ നിലപാടുകളും : ഒരു അവലോകനം** 31
നവ്യ ജെയിംസ്, നിരഞ്ജന സുരേഷ്, ദേവനന്ദ എ. എസ്

4. **ഇന്ത്യയുടെ ഊർജമേഖലയിലെ പരിണാമം : വെല്ലുവിളികളും സാധ്യതകളും** 44
ഗായത്രി മഹേഷ്, ആനന്ദ് നീലകണ്ഠൻ, അഞ്ജലി എസ്. നമ്പ്യാർ

5. **പ്രായമേറുന്ന കേരളവും പെൻഷൻ പദ്ധതികളുടെ സുസ്ഥിരതയും** 59
പി. എസ് രഞ്ജിത്ത്, അഷ്കർ കെ

6. **കേരളത്തിലെ ഭിന്നശേഷിക്കാരുടെ കുടുംബങ്ങൾ നേരിടുന്ന സാമ്പത്തിക വെല്ലുവിളികൾ** 71
നിവേദിത കൃഷ്ണൻ

7. **കേരളത്തിലെ മൽസ്യത്തൊഴിലാളികൾക്കിടയിലെ തൊഴിൽ മാറ്റം ഒരു പഠനം** 94
ഷൈൻ ബ്രിജിറ്റ്, ഡോ. ജിജി ഏലിയാസ്

8. **GST updates** 109
Meenu Mohan

9. **New studies on Kerala** 119
Young scholars' forum, GIFT.

10. **What is new(s) from GIFT** 137

11. **Call for Papers: Kerala Economy Journal** 147

12. **KTR Advertisement** 150

*കേരള ഇക്കോണമി*
*പുസ്തകം 6 ലക്കം 2*
*എപ്രിൽ – ജൂൺ 2025*

GIFT GULATI INSTITUTE OF FINANCE AND TAXATION

# അരി, ഗോതമ്പ് എന്നിവയുടെ ഉല്പാദനത്തിൽ താങ്ങുവില ചെലുത്തുന്ന സ്വാധീനം

റോയ് സ്കറിയ, അമൃത എൻ.ആർ

**സംഗ്രഹം**

*സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം നടപ്പാക്കിയ കാർഷിക വിലനിർണ്ണയ നയം പണപ്പെരുപ്പം നിയന്ത്രിക്കുന്നതിലും ഒപ്പം അവശ്യസാധനങ്ങൾ ന്യായ വിലക്ക് വിതരണം ചെയ്യുന്ന കാര്യത്തിലും വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. 1965 ൽ കമ്മീഷൻ ഫോർ അഗ്രിക്കൾച്ചറൽ കോസ്റ്റ്സ് ആൻഡ് പ്രൈസസ് (സി എ സി പി) രൂപീകൃതമായതിന് ശേഷം, കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതും നയത്തിന്റെ ഭാഗമായി മാറി. ഇതുവഴി കർഷകർക്ക് നല്ല വരുമാനം ലഭ്യമാക്കുന്നതിന് പുറമെ, ഭക്ഷ്യധാന്യ ഉല്പാദന രംഗത്ത് സ്വയംപര്യാപ്തത ഉറപ്പാക്കുന്നതിനും കഴിഞ്ഞു. എന്നാൽ കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുക എന്ന കാര്യത്തിൽ മാത്രമായുള്ള അമിത കേന്ദ്രീകരണം ചില വിമർശനങ്ങൾക്ക് വഴി വച്ചുവെങ്കിലും ദാരിദ്ര്യം ഗണ്യമായി കുറയ്ക്കുന്നതിനും ഉല്പാദന രംഗത്ത് നേട്ടങ്ങൾ കൈവരിക്കുന്നതിനും ഈ നയരൂപീകരണത്തിലൂടെ കഴിഞ്ഞിട്ടുണ്ട് എന്ന് വിലയിരുത്താം. നിലവിൽ രാജ്യത്ത് ഭക്ഷ്യധാന്യങ്ങളുടെ മതിയായ കരുതൽ ശേഖരം ഉണ്ട്. കൂടുതലായുള്ള ഭക്ഷ്യധാന്യങ്ങൾ സബ്സിഡിയോടെ കയറ്റുമതി ചെയ്യുകയും ചെയ്യുന്നു. ഈ പശ്ചാത്തലത്തിൽ ഈ പഠനം പരിശോധിക്കുന്നത്, കുറഞ്ഞ താങ്ങുവില നിർണ്ണയം അരി, ഗോതമ്പ് എന്നിവയുടെ ഉത്പാദനത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്ന വിഷയമാണ്.*

**ചില പ്രധാന വാക്കുകൾ :** *സഹവർത്തിത്വം, തെറ്റ് തിരുത്തൽ, കുറഞ്ഞ താങ്ങു വില, ഭക്ഷ്യ ധാന്യ ഉത്പാദനം.*

**ആമുഖം**

ഇന്ത്യയെ പോലെ ഒരു രാജ്യത്ത് കാർഷിക വിലനിർണ്ണയ നയങ്ങൾ വളരെ നിർണ്ണായകമായ ഒരു പങ്ക് വഹിക്കുന്നു. അവികസിതമായ സാഹചര്യം, ദാരിദ്ര്യം, കാർഷിക മേഖലക്കുള്ള അമിത പ്രാധാന്യം തുടങ്ങിയ വിവിധ കാരണങ്ങൾ ഇതിന് പിന്നിലുണ്ട്.കാർഷിക വിളകൾക്ക് ന്യായമായ വില ഉറപ്പാക്കാൻ കഴിയുന്നത് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ദാരിദ്ര്യം കുറച്ചു കൊണ്ട് വരുന്നതിനും കർഷകർക്ക് വരുമാനം ലഭ്യമാക്കുന്നതിനും മാനുഫാക്റ്ററിങ് മേഖലയിലെ ഉത്പന്നങ്ങൾക്ക് ഡിമാൻഡ് സൃഷ്ടിക്കുന്നതിനും മറ്റും സഹായകമാണ്. അരി, ഗോതമ്പ് എന്നിവയുടെ ഉൽപ്പാദനവും കുറഞ്ഞ താങ്ങു വിലയും തമ്മിലുള്ള ബന്ധവുമാണ് ഈ ലേഖനത്തിൽ പരിശോധിക്കുന്നത്. 2001–02 മുതൽ 2021–22 വരെയുള്ള കാലയളവിലെ വിവരങ്ങളാണ് ഇതിന് ആധാരമാക്കിയിരിക്കുന്നത്.

ഉല്പാദന മേഖലയിൽ ഉണ്ടാകുന്ന വളർച്ച, നിക്ഷേപം, സാങ്കേതികമായ വളർച്ച, ഉല്പാദനക്ഷമത ഉയർത്തൽ, മൊത്തം കൃഷിയിടങ്ങളുടെ വിസ്തൃതി വർധിപ്പിക്കൽ തുടങ്ങിയ ഘടകങ്ങൾ വളരെ പ്രധാനപ്പെട്ടവയാണ്. ഇത്തരം ഘടകങ്ങൾ ദാരിദ്ര്യത്തിന്റെ നിരക്ക്, പട്ടിണി തുടങ്ങിയ പല കാര്യങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നു. ഇത്തരത്തിലുള്ള നയരൂപീകരണത്തിന്റെ ഏറ്റവും മർമ്മപ്രധാനമായ ഭാഗം ദാരിദ്ര്യ നിർമ്മാർജ്ജനവും ഭക്ഷ്യസുരക്ഷ കൈവരിക്കലുമാണ്. ക്ളാസിക്കൽ കാലഘട്ടത്തിലെ ചിന്തകർ രൂപം നൽകിയ സമ്പദ്ഘടന, ജീവിതമാർഗം, ഉത്പാദനം, തൊഴിൽ മേഖല എന്നിവയുടെ സംരക്ഷണം ഉറപ്പാക്കുന്ന തരത്തിലുള്ളതല്ല. അതുകൊണ്ട് സ്വാതന്ത്ര്യലബ്ധിയുടെ ഘട്ടം മുതൽ തന്നെ ഇന്ത്യയിലെ ആസൂത്രണ വിദഗ്ദ്ധരും നയരൂപീകരണകർത്താക്കളും കർഷകർക്ക് സംരക്ഷണം ഉറപ്പാക്കുന്ന തരത്തിലുള്ള ഒരു സമീപനമാണ് കൈകൊണ്ടിട്ടുള്ളത്. തൊണ്ണൂറുകളിൽ ഇന്ത്യ സാമ്പത്തിക പരിഷ്ക്കരണ, ഉദാരവൽക്കരണ നടപടികളിലേക്ക് കടന്നുവെങ്കിലും കാർഷിക രംഗത്ത് ഇത്തരത്തിലുള്ള സംരക്ഷണ സമീപനവും പൊതുവിപണിയിലെ സർക്കാർ ഇടപെടലും തുടർന്നു.

സർക്കാരിന്റെ സംഭരണ ശ്രിംഖലയിൽ ഉൾപ്പെടുന്ന രണ്ടു ധാന്യങ്ങളാണ് അരിയും ഗോതമ്പും (ശ്വേത സൈനി, അശോക് ഗുലാത്തി–2017). സർക്കാരിന്റെ വിപണി ഇടപെടലിന് ആധാരമായി വർത്തിക്കുന്ന ഒരു സുപ്രധാന കാര്യം കുറഞ്ഞ താങ്ങു വില അഥവാ മിനിമം സപ്പോർട്ട് പ്രൈസ് ( എം എസ് പി ) ആണ്. ഈ നയം നടപ്പാക്കിയതിന് ശേഷം കാതലായ പല മാറ്റങ്ങളും ഉണ്ടായതായി കാണാം. അത് വിലയെ സ്വാധീനിച്ചിട്ടുണ്ട്. കർഷകരുടെ വരുമാനത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കാർഷിക മേഖലയിൽ നടക്കുന്ന സ്വകാര്യ നിക്ഷേപം അടക്കമുള്ള നിരവധി കാര്യങ്ങളെ സ്വാധീനിച്ചിട്ടുണ്ട്. കാർഷിക മേഖലയെ സംരക്ഷിച്ചു നിർത്തുക എന്ന സമീപനം ഭക്ഷ്യധാന്യ രംഗത്ത് 1971 കാലഘട്ടം മുതൽ സ്വയംപര്യാപ്തതക്ക് കാരണമായി മാറിയിട്ടുണ്ട്. പൊതുവിതരണ സംവിധാനത്തിൽ (പി ഡി എസ്) ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്ന തരത്തിൽ ധാന്യങ്ങളുടെ ബഫർ സ്റ്റോക്ക് സൃഷ്ടിക്കുന്ന കാര്യത്തിലും ഇത് വളരെ സഹായകമായിട്ടുണ്ട്. ഇന്ത്യ അരി, ഗോതമ്പ് എന്നിവയുടെ കയറ്റുമതിക്ക് അനുവാദം നൽകിയതിന് ശേഷം അരി, ഗോതമ്പ് എന്നിവയുടെ അന്താരാഷ്ട്ര വിപണിയിലെ വിലനിലവാരം എം എസ് പിയുമായും ഇന്ത്യയിലെ ഓപ്പൺ മാർക്കറ്റിലെ വിലയുമായും താരതമ്യം ചെയ്യുമ്പോൾ ഏറെ താഴെയാണ്. അതുകൊണ്ട് കയറ്റുമതിക്ക് സബ്സിഡി നൽകേണ്ടത് ആവശ്യമായി വന്നു. ഇത് സർക്കാരിന് വലിയ ബാധ്യത ഉണ്ടാകുന്നതിന് കാരണമായി.

**കാർഷിക നയങ്ങളുടെ അവലോകനം**

ആദ്യഘട്ടത്തിൽ കാർഷിക വിലനിർണ്ണയ നയത്തിന്റെ അടിസ്ഥാന ലക്ഷ്യം വിപണിയിലെ വില നിയന്ത്രിക്കുക എന്നതായിരുന്നു. വിപണിയിലെ ഉയർന്ന വിലനിലവാരം പിന്നോക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ജനങ്ങളെ വളരെ ദോഷകരമായി ബാധിക്കുന്ന നിലയുണ്ടായിരുന്നു. 1955 ഘട്ടത്തിലൊഴികെ ആസൂത്രിതമായ ഇടപെടൽ നടത്തി വില താഴ്ത്തി നിർത്തുകയായിരുന്നില്ല ചെയ്തത്. അത്തരത്തിൽ വിലക്കയറ്റം പിടിച്ചു നിർത്താൻ അന്നത്തെ നയരൂപീകരണ കർത്താക്കൾ യത്നിച്ചില്ല എന്ന വിമർശനം വേണമെങ്കിൽ ഉയർത്താം. 1965 ൽ സി എ സി പി രൂപീകൃതമായതിന് ശേഷം വിലനിർണ്ണയ നയത്തിന്റെ പ്രധാന ദൗത്യം ഉല്പാദകരെയും ഉപഭോക്താക്കളെയും ഒരു പോലെ സംരക്ഷിക്കുക എന്നതായി മാറി. കർഷകർക്ക് സഹായകമായ വിധത്തിൽ എം എസ് പി നിർണ്ണയിക്കുന്നതിന് കമ്മീഷൻ നിർദേശം നൽകി. ദേശീയ തലത്തിലെന്ന പോലെ ഓരോ കുടുംബത്തിലും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്നത് പ്രാധാന്യമേറിയ ഒരു കാര്യമായി മാറി . അതിന് ഭക്ഷ്യ ധാന്യങ്ങളുടെ ഉത്പാദനം വർധിപ്പിക്കുകയും പാവങ്ങൾക്ക് അത് ലഭ്യമാക്കുകയും ഒപ്പം കർഷകർക്ക് വരുമാനം ഉറപ്പാക്കുകയും വേണം. വീണ്ടും കൃഷിയിറക്കുന്നതിന് കർഷകർക്ക് പ്രേരകമാകുന്ന വിധത്തിൽ കർഷകർക്ക് മികച്ച വില ഉറപ്പാക്കേണ്ടതുണ്ട്.

ഇത്തരത്തിൽ താങ്ങുവില നിർണ്ണയിക്കുന്നതിന് ആധാരമാകുന്നത് ഉല്പാദനച്ചെലവാണ്. ചെലവിന്റെ കാര്യത്തിലെ ചില പ്രധാന ആശയങ്ങൾ സി 2, സി 2*, സി 3 എന്നിവയാണ്. ഇതിൽ സി 2 എന്നാൽ എല്ലാത്തരത്തിലുള്ള സ്ഥിരമായ ചെലവുകളും പലിശ, വാടക ഇനത്തിലുള്ള ചെലവുകൾ, തൊഴിൽ തുടങ്ങിയ ഇനങ്ങളിലായി വരുന്ന ചെലവുകളാണ്. സി 2* ഏതാണ്ട് സി 2 വിന് സമാനമായ ചെലവാണ്. കർഷകർ തൊഴിലാളികൾക്ക് നൽകുന്ന കൂലിച്ചെലവാണ് ഇതിൽ പ്രധാനമായും വരുന്നത്. സ്വാഭാവികമായും ഈ ഇനത്തിൽ വരുന്ന ചെലവുകൾ സി 2 ഇനങ്ങളെക്കാൾ അല്പം ഉയർന്നതായിരിക്കും (ആചാര്യ, 1997). സി 3 ഇനത്തിൽ ഉൾപ്പെടുന്നത് സി 2* ഇനത്തിൽ വരുന്ന ചെലവുകൾ 10 ശതമാനം കണ്ട് ഉയർത്തി നിശ്ചയിക്കുന്നതാണ്. കുറഞ്ഞ താങ്ങുവില നിശ്ചയിക്കുന്ന വിഷയത്തിൽ സി 3 ഇനത്തിൽ വരുന്ന ചെലവുകളാണ് കൂടുതലായി പരിഗണിക്കേണ്ടി വരുന്നത്. ഇതിൽ കുടുംബം നടത്തുന്ന തൊഴിലിന്റെ ചെലവുകൾ അടക്കം സ്വന്തമായ ഭൂമിയുടെ വാടക ഇനത്തിൽ വരുന്ന ചെലവുകൾ തുടങ്ങിയ പല ഇനങ്ങളും കടന്നു വരുന്നു. അതുകൊണ്ട് ചെലവുകൾ ഉയരുന്തോറും അതിനെ അടിസ്ഥാനമാക്കിയുള്ള വില നിർണ്ണയവും ഉയരുന്നതായി നമുക്ക് കാണാം (ദാന്തവാല–1981).

ഇത്തരത്തിൽ കാർഷിക വില നിർണ്ണയത്തിൽ വരുന്ന മാറ്റങ്ങളെ ന്യായീകരിക്കുന്ന നിരവധി ഘടകങ്ങളുണ്ട്. യു എസ് പി എൽ–480 എന്ന പദ്ധതിയിന്മേലുള്ള ആശ്രിതത്വം ഇന്ത്യ അവസാനിപ്പിക്കേണ്ടതായുണ്ട്. അറുപതുകളിലെ കണക്കുകൾ പരിശോധിക്കുമ്പോൾ കാണുന്നത് ഗ്രാമീണ മേഖലയിലെ 40 ശതമാനം ജനങ്ങളും നഗര മേഖലയിലെ 50 ശതമാനം ജനങ്ങളും പട്ടിണിയിലാണ് എന്നതാണ് (ദണ്ഡേക്കർ, രത്ത്, ദത്ത് റഡാർ, 2000). ദരിദ്ര കുടുംബങ്ങളിലെ ബഹുഭൂരിപക്ഷം കുട്ടികളും പോഷകാഹാര കുറവ് കൊണ്ടുള്ള പ്രശ്നങ്ങൾ നേരിടുന്നവരാണ്.

ഇന്ത്യയെ പോലെ ജനസംഖ്യയുടെ 45 ശതമാനം പേർ ജീവസന്ധാരണത്തിനായി കൃഷിയെ

ആശ്രയിക്കുന്ന ഒരു രാജ്യത്ത് ദാരിദ്ര്യം കുറയ്ക്കുന്ന കാര്യത്തിലും ഒപ്പം ഗ്രാമീണ മേഖലയുടെ വികസനത്തിലും കാർഷിക മേഖലയിൽ നിന്നുള്ള വരുമാനം വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത് (കപില ഉമ, 2024). ലോക വികസന റിപ്പോർട്ട് ഇപ്രകാരം പറയുന്നു: കാർഷിക രംഗത്ത് നിന്നും ഉളവാകുന്ന ജി ഡി പി ക്കു അതിന് പുറത്ത് ഉളവാകുന്ന ജി ഡി പിയേക്കാൾ ദാരിദ്ര്യം കുറയ്ക്കുന്ന കാര്യത്തിൽ ഇരട്ടി ഫലമുളവാക്കാൻ കഴിയുന്നതാണ് (ഡബ്ല്യൂ. ഡി ആർ, 2008). കാർഷിക മേഖലയിൽ ഉണ്ടാകുന്ന ഒരു ശതമാനം വളർച്ച ദാരിദ്ര്യം കുറയ്ക്കുന്ന കാര്യത്തിൽ മറ്റു മേഖലകളിൽ ഉണ്ടാകുന്ന അതേ തോതിലുള്ള വളർച്ചയേക്കാൾ രണ്ടോ മൂന്നോ ഇരട്ടി ഫലമുണ്ടാക്കുന്നുവെന്ന് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ (2012–17) സമീപന രേഖയിൽ വ്യക്തമാക്കുന്നുണ്ട് (ഗുലാത്തി, 2012). തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും കർഷകർക്ക് കൂടുതൽ വരുമാനം ലഭ്യമാക്കാൻ കഴിയുകയും ചെയ്യുന്ന കാർഷിക അനുബന്ധ വ്യവസായങ്ങളുടെ അടിസ്ഥാനവും ഇതാണ്.

ഒരു ശരാശരി ഇന്ത്യക്കാരൻ തന്റെ വരുമാനത്തിന്റെ 50 ശതമാനത്തിലധികം ഭക്ഷ്യ ആവശ്യങ്ങൾക്കായി വിനിയോഗിക്കുമ്പോൾ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് കാർഷിക മേഖലയുടെ പ്രാധാന്യം അതിൽ നിന്ന് വ്യക്തമാകുന്നുണ്ട്. അതുകൊണ്ട് സാമ്പത്തിക പരിഷ്കരണ നയങ്ങൾ നടപ്പാക്കുന്നതിന് മുൻപ്, കാർഷിക നയങ്ങൾ രൂപീകരിക്കുമ്പോൾ അതിന്റെ പ്രധാന ലക്ഷ്യം ഗ്രാമീണ വികസനവും ഒപ്പം ദാരിദ്ര്യ നിർമാർജനവുമായിരുന്നു.

ഇതിന് പുറമെ, അത്യുത്പാദനശേഷിയുള്ള വിത്തുകളുടെ ഉത്പാദനം, വളം നിർമ്മാണ മേഖലയിലെ നിക്ഷേപം, ഊർജോല്പാദനം, വായ്പ തുടങ്ങിയ വിഷയങ്ങൾക്കും ഊന്നൽ നൽകുകയുണ്ടായി (ഗുലാത്തി, ഫാൻ, 2008). ഇത് കാർഷിക മേഖലയിൽ അത്ഭുതാവഹമായ ഫലമുളവാക്കുന്നതിന് കാരണമായി. 1966–67 ഘട്ടത്തിൽ 74 ദശലക്ഷം ടൺ ധാന്യവിളകൾ കൃഷി ചെയ്ത സ്ഥാനത്ത് 1971–72 ൽ 105 ദശലക്ഷം ടണ്ണായി ഉയർന്നു. ആ വർഷം ഭക്ഷ്യധാന്യ ഉൽപ്പാദന രംഗത്ത് ഇന്ത്യ സ്വയംപര്യാപ്തത നേടി. ഇറക്കുമതി ഏതാണ്ട് പൂജ്യം എന്ന നിലയിലേക്ക് താഴ്ന്നു (കാർഷിക മന്ത്രാലയം, 2003). കൃഷിക്കാരുടെ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ വിലനിർണ്ണയ നയമാണ് ഇതിന്റെ അടിസ്ഥാനം. ഇതിന്റെ തുടർച്ചയായി 1964 ൽ അരി ഉല്പാദനം 37 ദശലക്ഷം ടണ്ണായും ഗോതമ്പിന്റേത് 12 ദശലക്ഷം ടണ്ണായും ഉയർന്നു. 1986 ൽ ഇത് യഥാക്രമം 63.8 ദശലക്ഷം ടണ്ണായും 47 ദശലക്ഷം ടണ്ണായും ഉയർന്നു. ആ വർഷം ഭക്ഷ്യ ധാന്യങ്ങളുടെ ബഫർ സ്റ്റോക്ക് 25.4 ലക്ഷം ടണ്ണായി. 1987 ലെ കടുത്ത വരൾച്ച തരണം ചെയ്യാൻ ഇത് ഇന്ത്യക്ക് സഹായകമായി (കപില ഉമ, 2024).

എന്നാൽ 1991 നു ശേഷമുള്ള പുതിയ സാമ്പത്തിക നയങ്ങളുടെ ഘട്ടത്തിൽ വിലനിർണയ നയങ്ങൾക്കും വിപണി ഇടപെടലിനും കൂടുതൽ ഊന്നൽ നൽകുന്നതാണ് കണ്ടത്. വില ഇതര ഘടകങ്ങൾ ഈ ഘട്ടത്തിൽ പ്രായേണ ഒഴിവാക്കപ്പെട്ടു. ഇവിടെ കുറഞ്ഞ ഇൻപുട്ട്, കുറഞ്ഞ ഔട്ട്പുട്ട് എന്ന മുൻകാലനയത്തിന് ബദലായി ഉയർന്ന ഇൻപുട്ട്, ഔട്ട്പുട്ട് വിലകൾ എന്ന നിലയിലേക്ക് മാറി (ആചാര്യ, 1997). ഈ നയം മാറ്റത്തിന്റെ ഫലമായി ജലസേചനം, ഗവേഷണം, അടിസ്ഥാനസൗകര്യ നവീകരണം തുടങ്ങിയ മേഖലകളിലെ പൊതുനിക്ഷേപം കുറയുന്ന സ്ഥിതി സംജാതമായി. ഇന്ത്യയിലെ കാർഷിക ഉല്പാദന രംഗത്ത് ഇതിന് നിർണ്ണായക പ്രാധാന്യം ഉണ്ടായിരുന്നു (ദന്തവാലാ, 1967). സാമ്പത്തിക ഉദാരവൽക്കരണത്തിന്റെ ആദ്യഘട്ടത്തിൽ സ്വകാര്യ നിക്ഷേപം ഈ കുറവ് വലിയൊരളവോളം പരിഹരിക്കുകയുണ്ടായി.

എന്നാൽ തൊണ്ണൂറുകളുടെ അവസാന ഘട്ടത്തിൽ ഇത് നിലയ്ക്കുന്ന സ്ഥിതിയുണ്ടായി. ഇതിന്റെ ഫലമായി സാങ്കേതിക വിദ്യയുടെ വളർച്ച, പ്രയോഗം തുടങ്ങിയ കാര്യങ്ങൾക്ക് കാർഷിക മേഖലയിൽ തളർച്ചയുണ്ടായി. ഉല്പാദനത്തിന്റെ വളർച്ചയുടെ തോത് മന്ദഗതിയിലായി. ഇത് ഉയർന്ന ഉല്പാദനച്ചെലവിനും ഉയർന്ന താങ്ങുവിലയ്ക്കും കാരണമായി മാറി. ഉല്പാദനച്ചെലവിനേക്കാൾ 20 ശതമാനം മാർജിൻ എന്ന സ്ഥിതി കർഷകർക്ക് ഉറപ്പാക്കുന്നതിന് ഇത് അത്യന്താപേക്ഷിതമായ മാറുകയായിരുന്നു.

ഭക്ഷ്യ സുരക്ഷ സൃഷ്ടിക്കുന്ന കാര്യത്തിൽ നിർണ്ണായകമായ വളർച്ച നേടുവാൻ കഴിഞ്ഞുവെങ്കിലും കർഷകർ ഗുരുതരമായ പ്രതിസന്ധിയിലേക്ക് വഴുതി വീണു. കടബാധ്യതയുടെ വർധന, വായ്പാ കുടിശിക, ആസ്തികളുടെ ശോഷണം, പട്ടിണി, കുടുംബച്ചെലവുകൾക്കായി സ്വത്തുവകകൾ വിൽക്കേണ്ടി വരിക തുടങ്ങിയ പ്രതിസന്ധികൾക്ക് ഇത് വഴി വച്ചു. എൺപതുകളിലും തൊണ്ണൂറുകളിലും ഇത് മൂലം ആത്മഹത്യകൾ പെരുകുന്ന നിലയുമുണ്ടായി. ഹരിയാന, പഞ്ചാബ്, കേരളം തുടങ്ങിയ താരതമ്യേന മെച്ചപ്പെട്ട സംസ്ഥാനങ്ങളിലും ഇതേ സ്ഥിതിയുളവായി. മൺസൂൺ മഴയിൽ തുടർച്ചയായുണ്ടായ കുറവ്, ചില വർഷങ്ങളിലെ കടുത്ത വർഷപാതം തുടങ്ങിയ കാരണങ്ങൾ മൂലം 2014–15, 2015–16 എന്നീ വർഷങ്ങളിൽ കാര്യങ്ങൾ കൂടുതൽ വഷളായി.

രാജ്യത്തിൻറെ സമ്പദ്വ്യവസ്ഥയുടെ ഘടനാപരമായ അസമത്വമാണ് കാർഷിക രംഗത്തെ ദുസ്ഥിതിയുടെ മൂലകാരണം. ദേശീയ വരുമാനത്തിലെ കാർഷിക മേഖലയുടെ പങ്ക്, തൊഴിൽ സേനയുടെ വിഹിതം, കാർഷികേതര മേഖലയുമായി താരതമ്യം ചെയ്യുമ്പോൾ കാർഷിക രംഗത്തെ പ്രതി തൊഴിലാളി വരുമാനം തുടങ്ങിയ കാര്യങ്ങളിൽ അത് പ്രതിഫലിക്കുന്നതായി കാണാം (പട്ടിക 1).

**Table 1 :** Share of agriculture and non-agriculture sectors in national income and workforce (%)

| Year | Share in national income | | Share in workforce | |
|---|---|---|---|---|
| | Agriculture | Non agriculture | Agriculture | Non agriculture |
| 1950-51 | 51.81 | 48.19 | 68.85 | 31.15 |
| 1960-61 | 42.56 | 57.44 | 69.41 | 30.59 |
| 1970-71 | 41.95 | 58.05 | 69.36 | 30.64 |
| 1980-81 | 35.39 | 64.61 | 59.02 | 40.98 |
| 1990-91 | 29.02 | 70.98 | 58.38 | 41.62 |
| 2000-01 | 23.02 | 76.98 | 58.2 | 41.8 |
| 2010-11 | 18.21 | 81.79 | 54.59 | 45.41 |

*Sources of Basic data: 1. National Account Statistics, CSO, GoI. 2. Agricultural Statistics at a glance 2016, Ministry of Agriculture and Farmers welfare, GoI.*

1950-51 മുതൽ 2010-11 വരെയുള്ള അൻപത് വർഷത്തെ ചരിത്രം പരിശോധിച്ചാൽ ദേശീയ വരുമാനത്തിലെ കാർഷിക മേഖലയുടെ സംഭാവന 51.81 ശതമാനത്തിൽ നിന്നും 18.21 ശതമാനമായി കുറഞ്ഞതായി കാണാം. എന്നാൽ കാർഷിക രംഗത്തെ തൊഴിലാളികളുടെ എണ്ണത്തിൽ കാര്യമായ ഇടിവ് പ്രകടമായിട്ടില്ല. കൃഷിക്കാരായ കുടുംബങ്ങളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. കാർഷികേതര മേഖലയുടെ തൊഴിൽജന്യമല്ലാത്ത വളർച്ച ഇതിന് ഒരു കാരണമാണ്. 1981 നു ശേഷം കാർഷിക മേഖലയിലെ തൊഴിലാളികളെ ഉൾക്കൊള്ളാൻ കാർഷികേതര മേഖലക്ക് കഴിയാതെ പോയിട്ടുണ്ട്.

ഉദാരവൽക്കരണത്തിന് ശേഷമുള്ള ഘട്ടത്തിൽ അരി, ഗോതമ്പ് എന്നിവയുടെ എം എസ് പി നല്ല തോതിൽ ഉയർത്തുകയുണ്ടായി. 1992-93 മുതൽ 1999 -2000 വരെയുള്ള ഘട്ടത്തിൽ എം എസ് പിയിലെ വർധന വാർഷിക ശരാശരി പണപ്പെരുപ്പ നിരക്കിനേക്കാൾ കൂടുതലായിരുന്നു (സാമ്പത്തിക സർവേ-2000-01). മൊത്ത വിലസൂചിക പ്രകാരം പണപ്പെരുപ്പ നിരക്ക് 7 ശതമാനമായിരുന്നെങ്കിൽ അരി, ഗോതമ്പ് എന്നിവയുടെ താങ്ങുവിലയിൽ വരുത്തിയ വർധന യഥാക്രമം 10, 11 ശതമാനം വീതമാണ് (ജാ, ശ്രീനിവാസൻ, 2006).

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ സർക്കാർ നെല്ലിന്റെ കുറഞ്ഞ താങ്ങുവില കാര്യമായി ഉയർത്തുകയുണ്ടായി. 2007-08 മുതൽ 2009-10 വരെയുള്ള മൂന്ന് വർഷക്കാലയളവിൽ നെല്ലിന്റെ എം എസ് പി വർഷം തോറും 20 ശതമാനം കണ്ട് വർധിപ്പിച്ചു. 2007 മുതൽ 2012 വരെയുള്ള ഘട്ടത്തിൽ എം എസ് പി കാര്യമായ തോതിൽ ഉയർത്തുകയുണ്ടായി. കൂടാതെ ധാന്യങ്ങൾ ഉല്പാദിപ്പിക്കുന്ന കർഷകരെ സഹായിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പാക്കുകയുമുണ്ടായി. ഇതിന്റെ ഫലമായി ഉല്പാദനത്തിൽ ഏതാണ്ട് 12 ദശലക്ഷം ടണ്ണിന്റെ വർധനയുണ്ടായി. രൂക്ഷമായ വരൾച്ച ഉണ്ടായ 2009 ൽ മാത്രമാണ് മറിച്ചൊരു അനുഭവമുണ്ടായത് (ശ്വേതാ സെയ്നി, അശോക് ഗുലാത്തി, 2017). കുറഞ്ഞ താങ്ങുവിലയുമായി താരതമ്യം ചെയ്യുമ്പോൾ അരി, ഗോതമ്പ് എന്നിവയുടെ സപ്ലൈ ഇലാസ്റ്റിസിറ്റി യഥാക്രമം 0.32, 0.21 എന്ന തോതിലാണ് (മോഹൻകുമാർ, പ്രേംകുമാർ, 2018).

ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദനം വർധിപ്പിച്ച് ഇന്ത്യക്ക് മിച്ചമുണ്ടാക്കാൻ കഴിഞ്ഞുവെങ്കിലും പട്ടിണി നിലനിൽക്കുന്ന അവസ്ഥയാണ് ഇപ്പോഴുമുള്ളത്. 2020 ലെ ആഗോള പട്ടിണി സൂചിക എടുത്താൽ ഇന്ത്യൻ ജനതയുടെ 14 ശതമാനം പട്ടിണിയിലാണ് (വീരാഷ, 2021). ഇത് ഒരു വിരോധാഭാസമാണ്.

സർക്കാർ ചെലവുകൾ കുറയ്ക്കുന്നതിനുള്ള ഒരു മാർഗം എം എസ് പി കുറയ്ക്കുക എന്നതാണ് ഒരു വാദമുണ്ട്. ഇക്കാര്യത്തിൽ പക്ഷെ ഒരു സമവായം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. മുൻകാലങ്ങളിൽ സർക്കാർ ഇത് സി 2 ഉത്പാദനച്ചെലവ് എന്ന തോതിലാണ് എടുത്തിരുന്നത്. എന്നാൽ രാഷ്ട്രീയ സമ്മർദ്ദം ഉയരുന്നത് മൂലം നിലവിൽ സി 2 ലെവലിനേക്കാൾ ഉയർന്ന ചെലവാണ് കണക്കാക്കുന്നത്. ഇത് മിച്ചമുള്ള സംസ്ഥാനങ്ങളിലെ കർഷകർക്ക് പ്രയോജനകരമായി. ഇത്തരം സംസ്ഥാനങ്ങളിലെ സമ്പന്നരായ കർഷകർക്ക് സാധാരണ കർഷകരേക്കാൾ 10 ഇരട്ടി വരെ നേട്ടം ഇതുകൊണ്ടുണ്ടായി (ജാ, ശ്രീനിവാസൻ, 2006). എന്നാൽ ബീഹാർ, പടിഞ്ഞാറൻ യു. പി, ജാർഖണ്ഡ്, ഒഡിഷ, പശ്ചിമ ബംഗാൾ തുടങ്ങിയ പ്രദേശങ്ങളിലെ കർഷകർക്ക് എം എസ് പി ലഭിച്ചത് 20 ശതമാനത്തോളം കുറഞ്ഞ തോതിലാണ്. ഈ സംസ്ഥാനങ്ങളിലെ ചെറുകിട, ഇടത്തരം കർഷകർ ഉത്പന്നങ്ങളുടെ വില്പനക്ക് പ്രാദേശിക കർഷകരെ ആശ്രയിക്കുന്നതാണ് ഇതിന് കാരണം.

ഒരു കാര്യം വ്യക്തമാണ്, അസംഘടിത വിപണികളിൽ സർക്കാർ സംവിധാനങ്ങൾക്ക് വിൽക്കുന്നതിനേക്കാൾ കുറഞ്ഞ വില മാത്രമാണ് കർഷകർക്ക് ലഭിക്കുന്നത് (കുമാർ എ, സോങ്കർ, ബത്‌ല, 2022)

എം എസ് പി ആധാരമാക്കുന്നത് ഉല്പാദന ചെലവിനെയാണ്. എന്നാൽ ഉല്പാദന ചെലവ് എന്നത് എപ്രകാരമാണ് നിർവചിക്കുക എന്ന ആശങ്ക ശക്തമാണ്. സി 3 പോലുള്ള ചില ചെലവ് ആശയങ്ങൾ എം എസ് പി കണക്കാക്കുന്ന കാര്യത്തിൽ അത്ര പ്രസക്തമല്ല എന്ന് കാണാവുന്നതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ കൂടുതൽ പ്രസക്തമായ ചില മാനദണ്ഡങ്ങൾ ആവിഷ്കരിക്കേണ്ടത് ആവശ്യമാണ് (രമേശ്, ചാന്ദ്, 2003). അതുകൊണ്ട് നിലവിൽ അരി, ഗോതമ്പ് എന്നിവയ്ക്ക് നൽകുന്ന എം എസ് പി അധികമാണെന്ന് വാദിക്കുന്നവരുണ്ട്. 2018 ആഗസ്റ്റിൽ അടിസ്ഥാന പലിശ നിരക്ക് 25 ബേസിസ് പോയിന്റ് ഉയർത്തികൊണ്ട് റിസർവ് ബാങ്കിന്റെ മോണിറ്ററി പോളിസി കമ്മറ്റി വ്യക്തമാക്കിയത്, ഖരീഫ് വിളവെടുപ്പ് സീസണിൽ എം എസ് പി ഉയർത്തുമ്പോൾ ഉണ്ടാകുന്ന ഉയർന്ന ഡിമാൻഡാണ് പണപ്പെരുപ്പം കൂടുന്നതിന് കാരണം എന്നാണ്. എന്നാൽ ഇവ തമ്മിലുള്ള ബന്ധം സ്ഥാപിക്കാൻ കഴിയുന്ന സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിലുള്ള തെളിവുകൾ ലഭ്യമല്ല (മോഹൻകുമാർ, പ്രേംകുമാർ, 2018). ചില്ലറ വിലയെ ആധാരമാക്കിയുള്ള ഉയർന്ന പണപ്പെരുപ്പ നിരക്കിന് കാരണം, ഉയർന്ന എം എസ് പി അല്ല എന്നതാണ് വസ്തുത (മോഹൻകുമാർ, പ്രേംകുമാർ, 2018).

**ഗവേഷണ രീതി**

അരി, ഗോതമ്പ് എന്നിവയുടെ ഉല്പാദനവും കുറഞ്ഞ താങ്ങു വിലയും തമ്മിലുള്ള ദീർഘകാല ബന്ധത്തെ കുറിച്ചാണ് ഈ പഠനം. ഏറ്റവും ആധുനികമായ ടൈം സീരീസ് സാങ്കേതിക വിദ്യയാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. കോ ഇന്റെഗ്രിഷൻ അടക്കമുള്ള പല മാർഗങ്ങളും ഇതിലുൾപ്പെടുന്നു. ഇതിൽ കോ ഇന്റെഗ്രിഷൻ കോഎഫിഷ്യന്റ് പ്രകടമായി കാണുന്നത് ഹ്രസ്വ കാലത്തിൽ സംഭവിക്കാവുന്ന തെറ്റുകളുടെ തിരുത്തൽ കൂടിയാണ്. അതുപോലെ എം എസ് പിയും ഉല്പാദനവും തമ്മിലുള്ള സമതുലിതാവസ്ഥയും ഇത് സൂചിപ്പിക്കുന്നു.

കമ്മീഷൻ ഫോർ അഗ്രികൾച്ചറൽ കോസ്റ്റ് ആൻഡ് പ്രൈസസ് ആണ് അരി, ഗോതമ്പ് എന്നിവയുടെ എം എസ് പി നിർണ്ണയിക്കുന്നത്. ഇതിന് കമ്മീഷൻ പല കാര്യങ്ങളും കണക്കിലെടുക്കുന്നുണ്ട്. അരിയുടെ ഉത്പാദനം, ഗോതമ്പ് ഉത്പാദനം, അരി, ഗോതമ്പ് എന്നിവയുടെ കുറഞ്ഞ താങ്ങു വില എന്നിവ കണക്കിലെടുത്ത് അത് ക്രമത്തിൽ നിരത്തുമ്പോൾ ഇതര ഘടകങ്ങൾക്ക് താഴെ കാണുന്ന വിധത്തിലുള്ള റിഗ്രഷൻ കാണുന്നു.

$$Y_{1t} = \alpha_1 + \beta_1 X_{1t-1} + e_{1t} \quad \text{.......} (1)$$

$$Y_{2t} = \alpha_2 + \beta_2 X_{2t-1} + e_{2t} \quad \text{.......} (2)$$

$$\Delta Y_{1t} = \delta_1 + \gamma_1(\hat{e}_{1t-1}) + v_{1t} \quad \text{.......} (3)$$

$$\Delta Y_{2t} = \delta_2 + \gamma_2(\hat{e}_{2t-1}) + v_{2t} \quad \text{.......} (4)$$

$$Y_{1t} = (\delta_1 - \gamma_1 \alpha_1) + (\gamma_1 - 1) Y_{1t-1} - \gamma_1 \beta_1 X_{1t-2} + v_{1t} \quad \text{.......} (5)$$

$$Y_{2t} = (\delta_2 - \gamma_2 \alpha_2) + (\gamma_2 - 1) Y_{2t-1} - \gamma_2 \beta_2 X_{2t-2} + v_{2t} \quad \text{.......} (6)$$

**വിവരങ്ങളുടെ സ്രോതസ്, സ്വാധീനം ചെലുത്തുന്ന ഘടകങ്ങൾ**

കാർഷിക, കർഷകക്ഷേമ മന്ത്രാലയത്തിന്റെ കീഴിൽ വരുന്ന ഇക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, ഇവാല്യൂവേഷൻ വിഭാഗത്തിന്റെ 2001–02 മുതൽ 2021–22 വരെയുള്ള ഘട്ടത്തിലെ ടൈം സീരീസ് ഡേറ്റയാണ് ഈ പഠനത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ജൂൺ മുതൽ ഒക്ടോബർ വരെയും ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലാണ് ഖരീഫ്, റബി സീസണുകൾ വരുന്നത്. ഇവയുടെ വിളവെടുപ്പ് നടക്കുന്നത് യഥാക്രമം സെപ്റ്റംബർ – ഒക്ടോബർ മാസങ്ങളിലും ഏപ്രിൽ, മെയ് മാസങ്ങളിലുമാണ്. എന്നാൽ ഒരു പ്രത്യേക തീയതി വച്ചല്ല സർക്കാർ എം എസ് പി പ്രഖ്യാപിക്കുന്നത്. നെല്ലുല്പാദനം രണ്ട് സീസണിലും നടക്കുന്നുണ്ട്. ഖരീഫ് സീസണിൽ നെല്ലാണ് കൂടുതൽ ഉല്പാദിപ്പിക്കപ്പെടുന്നത്. അതിനാൽ വില പ്രഖ്യാപനം വൈകുന്നത് ആസൂത്രിതമായ രീതിയിൽ കൃഷിയിറക്കാൻ കർഷകർക്ക് കഴിയാതെ പോകുന്നു. മിക്കവാറും പോയ വർഷത്തെ വില കണക്കാക്കിയായിരിക്കും കർഷകർ വിത്തിറക്കുന്നത്. അതുകൊണ്ട് അരിയുടെ കാര്യത്തിൽ മുൻവർഷത്തെ എം എസ് പി ഉത്പാദനത്തെ സ്വാധീനിക്കുന്നു. ഗോതമ്പ് പ്രധാനമായും റബി സീസണിലെ വിളയാണ് . മിക്കവാറും വിളകളുടെ പ്രത്യേകിച്ച് ഗോതമ്പിന്റെ കാര്യത്തിൽ വിതക്കുന്നതിന് മുൻപ് തന്നെ താങ്ങുവില പ്രഖ്യാപനം ഉണ്ടാകാറുണ്ട്. അതായത് ഗോതമ്പിന്റെ കാര്യത്തിൽ തൻവർഷത്തിലെ എം എസ് പി ആണ് ഉത്പാദനത്തെ സ്വാധീനിക്കുന്നത് എന്നർത്ഥം.

**പഠനഫലങ്ങളും ചർച്ചയും**

ഇക്കാര്യത്തിൽ ലഭ്യമായ വിവരങ്ങളുടെ കൃത്യത തന്നെയാണ് ഏറ്റവും ആദ്യത്തെയും പ്രധാനപ്പെട്ടതുമായ ചവിട്ടുപടി. പട്ടിക രണ്ടിൽ നിന്ന് വ്യക്തമാകുന്നത് ഇതിൽ പരിഗണിച്ചിരുന്ന ഒരു കാര്യവും സ്ഥിരമായതല്ല എന്നതാണ്. അരിയുടെ ഉത്പാദനം, ഗോതമ്പിന്റെ എം എസ് പി, ഉത്പാദനം എന്നീ ഘടകങ്ങൾ 5 ശതമാനം മാറ്റസാധ്യതകളോടെ സ്ഥിരത പുലർത്തുന്നു എന്ന് വിലയിരുത്താം. അരിയുടെ താങ്ങു വില 5.88 ശതമാനം എന്ന തോതിലുള്ള മാറ്റങ്ങളോടെ സ്ഥിരത പുലർത്തുന്നതായി കാണാം. ഇത് സാധാരണ കണ്ടുവരാറുള്ള 10 ശതമാനത്തിൽ താഴെയാണ് (പട്ടിക 2).

**Table 2.** ADF test result

| Sl. No | Variable | Variables in levels I (0) | | Variables in first differences I (1) | |
|---|---|---|---|---|---|
| | | ADF Value | Prob. | ADF Value | Prob. |
| 1 | MSP of rice | 1.199234 | 0.9968 | -2.963657 | 0.0588*** |
| | -3.029970* | 0.05 | -2.666593** | 0.05 | |
| 2 | Production of rice | -0.448431 | 0.8823 | -10.89908 | 0.0000 |
| | -3.020686* | 0.05 | -3.029970* | 0.05 | |
| 3 | MSP of wheat | -0.022825 | 0.9436 | -5.335374 | 0.0008 |
| | -3.052169* | 0.05 | -3.091002* | 0.05 | |
| 4 | Production of wheat | 0.454901 | 0.8811 | -5.749321 | 0.0002 |
| | -3.020686* | 0.05 | -3.029970* | 0.05 | |

**, ** Critical ADF values at 5 and 10 per cent level of significance respectively*
****significant at 5.88 per cent level.*
*Note. MSP of rice is taken with one period lag.*
*Source: Author's calculation.*

അരിയുടെ ഉല്പാദനവും എം എസ് പിയും തമ്മിൽ ദീർഘകാല സമതുലിതാവസ്ഥ നിലനിൽക്കുന്നുണ്ടോ എന്ന കാര്യം പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. ഗോതമ്പിന്റെ കാര്യത്തിലും ഇത് ആവശ്യമാണ്. പ്രത്യേകിച്ച് വേരിയബിൾ 1 (1) എന്ന് കണക്കാക്കിയിരുന്ന സാഹചര്യത്തിൽ. എന്നാൽ ഇത്തരത്തിൽ ദീർഘകാല സമതുലനാവസ്ഥ ഇല്ലെങ്കിൽ അതിന്റെ വേരിയബിൾ കോ ഇന്റെഗ്രിറ്റിഡ് ആണ് എന്ന് കണക്കാക്കേണ്ടതായി വരുന്നു. രണ്ടോ, അതിലധികമോ സ്ഥിരതയാർജിക്കാത്ത ടൈം സീരീസ് ലെവൽ ഉണ്ടാകുമ്പോൾ കോ ഇന്റെഗ്രിഷൻ സംഭവിക്കുന്നതായി കാണാം. അതായത് അവയുടെ ലീനിയർ കോമ്പിനേഷൻ സ്ഥിരതയാർന്ന ടൈം സീരീസിലേക്ക് നീങ്ങുന്ന വിധത്തിൽ വേരിയബിൾ നീങ്ങുന്നു എന്ന് സാരം.

**അരിയുടെ ഉല്പാദനത്തിൽ എം എസ് പിയുടെ സ്വാധീനം**

2001–02 ൽ അരിയുടെ കുറഞ്ഞ താങ്ങുവില ക്വിന്റലിന് 530 രൂപ ആയിരുന്നത് 2021–22 ൽ 1940 രൂപയായി. അതായത് 2011–12 ആകുമ്പോൾ വില ഇരട്ടിയായി ഉയർന്നു. 2018–19 ൽ അത് 129 ശതമാനവും ഉയർന്നു. 2021–22 ആകുമ്പോഴേക്ക് രേഖപ്പെടുത്തിയത് 266 ശതമാനം വർധന (രേഖാചിത്രം–1). ഇതോടൊപ്പം 2001–02 ൽ 93.34 ദശലക്ഷം ടൺ ആയിരുന്ന ഉത്പാദനം 2011–12 ൽ 105.3 ദശലക്ഷം ടൺ ആയി ഉയർന്നു. 2018–19 ൽ ഇത് 116.48 ദശലക്ഷം ടണ്ണും 2021–22 ൽ 130.29 ദശലക്ഷം ടൺ ആയും ഉയർന്നു (രേഖാചിത്രം–2).

അരിയുടെ ഉല്പാദനത്തിന്റെയും എം എസ് പിയുടെയും കാര്യത്തിലുള്ള വേരിയബിൾ 1 (1) ആയതിനാൽ റണ്ണിങ് റിഗ്രഷൻ ഉപയോഗിച്ച് കോ ഇന്റഗ്രിഷൻ പരിശോധിക്കാവുന്നതാണ്. ഇതിന്റെ ഫലം പട്ടിക മൂന്നിൽ കാണാവുന്നതാണ്. യുണിറ്റ് റൂട്ട് ടെസ്റ്റ് റിസൾട്ട് നാലാം പട്ടികയിലും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 3).

അരിയുടെ കാര്യത്തിൽ ഒരു വർഷം മുൻപുള്ള എം എസ് പി കർഷകർ പരിഗണിക്കുന്നത് ഉല്പാദനത്തിന്റെ കാര്യത്തിൽ കാര്യമായ മാറ്റം ഉണ്ടാക്കുന്നുണ്ട്. ഇതിലെ സ്ഥിരതയാർന്ന ഘടകവും ഏറെ പ്രധാനപ്പെട്ടതാണ്. അതായത് എം എസ് പി മൂല്യവും അരിയുടെ

**Fig 1.** The trends in MSP for rice



**Fig 2.** The trends in production of rice




ഉല്പാദനവും തമ്മിൽ പ്രസക്തവും ക്രിയാത്മകവുമായ ഒരു ലീനിയർ ബന്ധം ഉടലെടുക്കുന്നുണ്ട്. ഇക്കാര്യത്തിൽ കണക്കാക്കുന്ന എറർ ഏറെക്കുറെ സ്ഥിരമാണ്. കാരണം, അനുമാനിക്കപെട്ട എ ഡി എഫ് ടെസ്റ്റ് ഫലം-4.537677 ആണ്. ഇതിന്റെ സാധ്യത 0.0001. ഇതിൽ 5 ശതമാനം വരെ മാറ്റം കണക്കാക്കിയാലും ടെസ്റ്റ് വിവരമായ - 1.9601171 ലും

**Table 3** Basic regression of production of rice on MSP of rice.
Dependent Variable: Production of rice Method: Least Squares Sample (adjusted): 2 21
Included observations: 20 after adjustments

| Variable | Coefficient | Std. Error | t-Statistic | Prob. |
|---|---|---|---|---|
| C | 72.21414 | 3.383444 | 21.34338 | 0.0000 |
| MSP(-1) | 0.027971 | 0.002883 | 9.703794 | 0.0000 |

*Source: Author calculation*

താഴെയുമാണ് (പട്ടിക-4). ഇവിടെ എക്സിന് യുണിറ്റ് റൂട്ട് ഇല്ലാത്തതിനാൽ അരിയുടെ ഉല്പാദനവും എം എസ് പിയും തമ്മിൽ കോ ഇന്റഗ്രിഷൻ നിലനിൽക്കുകയാണെന്ന് കരുതാം.

**അരിയുടെ എം എസ് പിയും ഉല്പാദനവും തമ്മിലുള്ള കോ ഇന്റഗ്രേഷൻ ടെസ്റ്റ്**

ഹൃസ്വകാല അഡ്ജസ്റ്റ്മെന്റിന്റെ വേഗത കണക്കാക്കൽ അരിയുടെ കാര്യത്തിൽ എം എസ്

പിയും, ഉല്പാദനവും തമ്മിൽ കോഇന്റെഗ്രിഷൻ നിലനിൽക്കുന്നു എന്നത് അവ തമ്മിലുള്ള ദീർഘകാല ബന്ധം അല്ലെങ്കിൽ സമതുലിതാവസ്ഥയെ സൂചിപ്പിക്കുന്നതാണ്. എം എസ് പിയിൽ ഇടയ്ക്കിടെ മാറ്റം വരുന്നതാണ് ഹ്യസ്വകാലത്തിൽ സംഭവിക്കുന്ന അസന്തുലിതാവസ്ഥക്ക് കാരണം. എന്നാൽ എം എസ് പിയിൽ ഉണ്ടാകുന്ന

**Table 4** Unit root test result

| Null Hypothesis: E1T has a unit root Exogenous: None | | | |
|---|---|---|---|
| | | t-Statistic | Prob.* |
| Augmented Dickey-Fuller test statistic | | -4.537677 | 0.0001 |
| Test critical values: | 5% level | -1.960171 | |

*Source: Author calculation*

മാറ്റത്തിനനുസരിച്ച് ഉത്പാദനം പൊരുത്തപ്പെടുന്നത് കാണാം. വാർഷികാടിസ്ഥാനത്തിൽ എം എസ് പിയോടുള്ള ഉല്പാദനത്തിന്റെ പ്രതികരണം അല്ലെങ്കിൽ അതിന്റെ വേഗതയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ സമവാക്യം (3) വഴി കണ്ടുപിടിക്കാൻ കഴിയുന്നു (പട്ടിക 5).

റിഗ്രഷൻ നൽകുന്നത് ശ്രദ്ധേയമായ ചില ഫലങ്ങളാണ്. ഇവിടെ 10 ശതമാനം എന്ന ലെവലിൽ പോലും കോൺസ്റ്റന്റ് പ്രസക്തമാകുന്നില്ല. അതുകൊണ്ട് അതിന്റെ മൂല്യം 1.8475 എന്നതിന് പകരം പൂജ്യം എന്ന് കണക്കാക്കാം. ഓരോ ഘട്ടത്തിലും 96 .64 ശതമാനം എന്ന ലെവലിൽ തെറ്റുകൾ തിരുത്താൻ കഴിയുന്നു. എം എസ് പി ഉത്പാദനത്തെ സ്വാധീനിക്കുന്ന കാര്യത്തിൽ ഒരു വർഷത്തെ കാലതാമസം വേണ്ടി വരുമെന്ന് കണക്കാക്കിയിരിക്കുന്നതിനാൽ കഴിഞ്ഞ കാലങ്ങളിൽ സംഭവിച്ച ആഘാതം 96 .64 ശതമാനം വരെ പരിഹരിക്കാൻ ഈ വർഷം കഴിയുന്നു.

**Table 5** Regression for short run error correction

Dependent Variable: d (Production of rice)
Method: Least Squares
Sample (adjusted): 2 21

Included observations: 20 after adjustments

| Variable | Coefficient | Std. Error | t-Statistic | Prob. |
|---|---|---|---|---|
| C | 1.847500 | 1.266406 | 1.458853 | 0.1618 |
| $\hat{e}_{1t}$ | 0.966404 | 0.226585 | 4.265089 | 0.0005 |

*Source: Author calculation*

**അരിയുടെ ഉത്പാദനം കണക്കാക്കൽ**

അരിയുടെ ഉല്പാദനരംഗത്തെ ദീർഘകാല ട്രെൻഡ്, സമവാക്യം (5) ഉപയോഗിച്ച് കണ്ടെത്തുവാൻ കഴിയുന്നതാണ്. ഉല്പാദനത്തിൽ ഉണ്ടാകുന്ന മാറ്റത്തെ ഒരു ഡിപ്പൻഡന്റ് വേരിയബിൾ ആയി കണക്കാക്കാതെ വേരിയബിൾ ഉത്പാദനം വഴി കണ്ടെത്താവുന്നതാണ്. സമവാക്യം (5) ൽ നിന്നും വ്യക്തമാകുന്നത് ഈ വർഷത്തെ അരി ഉത്പാദനം കഴിഞ്ഞ വർഷത്തെ ഉല്പാദനവുമായി ബന്ധപ്പെട്ട നിൽക്കുന്നു എന്നാണ്. സർക്കാർ എം എസ് നിർണ്ണയിക്കുന്നതിൽ വരുത്തുന്ന കാലതാമസവും ഇതിനെ സ്വാധീനിക്കുന്നു. ഇക്കാര്യങ്ങൾ പട്ടിക ഏഴിൽ വ്യക്തമാക്കിയിട്ടുണ്ട് (പട്ടിക 6).

**Table 6** estimation of rice production
Dependent Variable: Production of rice
Method: Least Squares
Sample (adjusted): 3 21

Included observations: 19 after adjustments

| Variable | Coefficient | Std. Error | t-Statistic | Prob. |
|---|---|---|---|---|
| C | 56.96732 | 12.56606 | 4.533428 | 0.0003 |
| PRODUCTION(-1) | 0.257019 | 0.168122 | 1.528760 | 0.1459 |
| MSP(-2) | 0.020336 | 0.004967 | 4.094051 | 0.0008 |

*Source: Author calculation*

ഇവിടെ 56.96732 എന്ന റിഗ്രഷന്റെ സ്ഥിരമൂല്യം പ്രസക്തമാണ്. എം എസ് പിയുടെ മൂല്യം നിലവിലെ ഉത്പാദനത്തെ സ്വാധീനിക്കുന്നു. ഇതിലെ കോഎഫിഷ്യന്റ് 0.02, സാധ്യത 0.0008 എന്നിങ്ങനെയാണ്. 0.257 കോഎഫിഷ്യന്റ് അത്ര കൃത്യവുമല്ല. ഉയർന്ന തോതിലുള്ള സ്റ്റാൻഡേർഡ് എറർ ഇതിനെ അപ്രസക്തമാക്കുന്നതാണ്. ഇത് ഏറെ പ്രത്യേകതകൾ നിറഞ്ഞതാണ്. കാരണം, മുൻവർഷത്തെ ഉത്പാദനം നിലവിലെ ഉത്പാദനത്തെ അത്രകണ്ട് സ്വാധീനിക്കുന്നില്ല. വിലനിലവാരം അനുയോജ്യമല്ലെങ്കിൽ കർഷകർ ഉത്പാദനം കുറയ്ക്കുന്നു. തവര്ഷത്തെ അരി ഉത്പാദനത്തെ കാര്യമായി സ്വാധീനിക്കുന്ന ഘടകം എം എസ് പിയാണ്. പട്ടിക ആറിൽ നിന്നും പ്രസക്തമല്ലാത്ത വിവരങ്ങൾ ഒഴിയവാക്കിയാലും എം എസ് പി കൂടുതൽ കൃത്യതയോടെ ഉത്പാദനത്തെ സ്വാധീനിക്കുന്നതായി പറയാം (പട്ടിക 7).

**Table 7** estimation of rice production (excluding insignificant variable)
Dependent Variable: Production of rice
Method: Least Squares
Sample (adjusted): 3 21
Included observations: 19 after adjustments

| Variable | Coefficient | Std. Error | t-Statistic | Prob. |
|---|---|---|---|---|
| C | 75.81460 | 2.525799 | 30.01608 | 0.0000 |
| MSP (-2) | 0.027174 | 0.002244 | 12.10788 | 0.0000 |

*Source: Author calculation*

**ഗോതമ്പ് ഉല്പാദന രംഗത്തെ എം എസ് പിയുടെ ട്രെൻഡ്**

ഗോതമ്പ് ഉല്പാദനത്തിന്റെ കാര്യത്തിലെ രണ്ടു പ്രധാന മോഡലുകൾ പരിശോധിക്കപ്പെടേണ്ടതുണ്ട്. കാരണം, ഇന്ത്യയിലെ പ്രധാനപ്പെട്ട ഒരു ഭക്ഷ്യധ്യാന്യമാണ് ഗോതമ്പ്. ഗോതമ്പിന്റെ കാര്യത്തിലെ അനുമാനത്തിലെ പ്രധാന വ്യത്യാസം ഇതിന്റെ നടപ്പ് വർഷത്തെ എം എസ് പി ആ വർഷത്തിലെ തന്നെ ഉത്പാദനത്തെ എത്രമാത്രം സ്വാധീനിക്കുന്നുണ്ട് എന്നതാണ്.

ഗോതമ്പിന്റെ കാര്യത്തിലും അരിയുടെ കാര്യത്തിലെന്ന പോലെ അതേ മാറ്റം തന്നെയാണ് കാണുന്നത്. 2001–02 ൽ ഗോതമ്പിന്റെ മിനിമം താങ്ങുവില ക്വിന്റലിന് 620 രൂപയായിരുന്നു. 2021 –22 ൽ ഇത് 2015 രൂപയാക്കി ഉയർത്തി. 225 ശതമാനം വർധന. 2001–02 ലെ അടിസ്ഥാന വിലയിൽ നിന്നും 2011–12 ആകുമ്പോൾ ഇത് 100 ശതമാനം ലെവൽ മറി കടന്നിട്ടുണ്ട്. 2018–19 ൽ 200 ശതമാനവുമായി. എന്നാൽ ഇതിനിടയിൽ 2001–02 സാമ്പത്തിക വർഷത്തിൽ 72.77 ദശലക്ഷം ടണ്ണായിരുന്ന ഉത്പാദനം, 2011–12 ൽ 94.88 ദശലക്ഷം ടണ്ണായി വർധിച്ചു. 2018–19 ൽ ഇത് 103.6 ദശലക്ഷം ടൺ ആയും 2021–22 ൽ 106.84 ദശലക്ഷം ടൺ ആയും ഉത്പാദനം ഉയർന്നു (രേഖാചിത്രം–4).






**ഗോതമ്പിന്റെ എം എസ് പിയും ഉല്പാദനവും തമ്മിലുള്ള കോഇന്റ്ഗ്രിഷൻ ടെസ്റ്റ്**

ഗോതമ്പിന്റെ ഉല്പാദനത്തെയും താങ്ങുവിലയേയും സ്വാധീനിക്കുന്ന സുപ്രധാന ഘടകങ്ങൾ ഇവയാണ്, 1) ദീർഘകാലാടിസ്ഥാനത്തിൽ നിലനിൽക്കുന്ന ബന്ധം അല്ലെങ്കിൽ ഈ ഘടകങ്ങൾ പരസ്പര സഹവർത്തിത്വത്തോടെ പ്രവർത്തിക്കുന്നു. ഇത് റണ്ണിങ് റിഗ്രഷൻ സമവാക്യം ഉപയോഗിച്ച് പരിശോധിക്കാം. 2) ഒരു യൂണിറ്റ് റൂട്ടിന്റെ അനുമാനിക്കാവുന്ന തെറ്റുകൾ പരിശോധിക്കുക. ഇത്തരത്തിൽ ലഭിക്കുന്ന ഫലങ്ങളും ഓഗ്മെന്റഡ് ഫുള്ളർ ടെസ്റ്റിന്റെ വിശദാംശങ്ങളും 8, 9 പട്ടികകളിൽ നൽകിയിട്ടുണ്ട് പട്ടിക 9).

**Table 8** Basic regression of production of rice on MSP of rice

Dependent Variable: Production of wheat

Method: Least Squares

Sample (adjusted): 1 21

Included observations: 21 after adjustments

| Variable | Coefficient | Std. Error | t-Statistic | Prob. |
|---|---|---|---|---|
| C | 52.50041 | 1.973010 | 26.60930 | 0.0000 |
| MSP | 0.028032 | 0.001471 | 19.05077 | 0.0000 |

*Source: Author calculation*

ഗോതമ്പിന്റെ എം എസ് പിയും ഉല്പാദനവും തമ്മിലുള്ള റിഗ്രഷന്റെ എല്ലാ ഗുണകങ്ങളും പ്രസക്തങ്ങളാണ്. ഇതിലെ അനുമാനിക്കുന്ന പിശകുകൾക്ക് യുണിറ്റ് റൂട്ട് ഇല്ല. കാരണം, എസ്റ്റിമേറ്റഡ് എ ഡി എഫ്–4.086012 ആണ്. ഇതിന്റെ സാധ്യത തോതാകട്ടെ 0.0003 ആണ്. ഇത് യൂണിറ്റി റൂട്ട് സ്ഥാപിക്കാൻ കഴിക്കുന്നതിനേക്കാൾ വളരെ കുറഞ്ഞ തോതിലുള്ളതാണ്. ഇത് സൂചിപ്പിക്കുന്നത് ഇത്തരത്തിലുള്ള പിശകുകൾ താരതമ്യേന സ്ഥിരതയുള്ളതാണ് എന്നാണ്. ഉല്പാദനവും എം എസ് പിയും തമ്മിൽ ദീർഘകാലാടിസ്ഥാനത്തിൽ സമതുലിതാവസ്ഥ ഉണ്ടെന്ന് ഇത് വ്യക്തമാക്കുന്നു (പട്ടിക 9).

**Table 9** Unit root test result

| Null Hypothesis: E2T has a unit root<br>Exogenous: None | | | |
|---|---|---|---|
| | | t-Statistic | Prob.* |
| Augmented Dickey-Fuller test statistic | | -4.086012 | 0.0003 |
| Test critical values: | 5% level | -1.959071 | |

*Source: Author calculation*

കോഇന്റെഗ്രിഷൻ ഉണ്ടെന്ന് തെളിയിക്കപ്പെട്ടാൽ, ഓരോ ഘട്ടം കഴിയുമ്പോഴും അസന്തുലിതാവസ്ഥ പരിഹരിക്കപ്പെടുന്നതിന്റെ വേഗം കണ്ടെത്തേണ്ടത് ആവശ്യമാണ്. അതായത്, പട്ടിക പത്തിൽ കാണിച്ചിട്ടുള്ളത് പോലെ സമവാക്യം (4) അടിസ്ഥാനമാക്കി എറർ കണക്ഷൻ മോഡൽ തയാറാക്കേണ്ടതുണ്ട്. ഇതിൽ സ്ഥിരം ഘടകങ്ങളും എററും ഉൾപ്പടെയുള്ള കോഎഫിഷ്യന്റ്കൾ 5 ശതമാനം എന്ന ലെവലിൽ പ്രധാനപ്പെട്ടവയാണ്. എറർ കണക്ഷൻ കോഎഫിഷ്യന്റ് മൂല്യം 1.02 ആണെന്ന് കാണാം. അതായത് തെറ്റുതിരുത്തൽ പ്രക്രിയ അതിവേഗത്തിൽ നടക്കുന്നു എന്ന് ഇത് വ്യക്തമാക്കുന്നുണ്ട്. ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു സംതുലനം സ്ഥിരമായിക്കൊള്ളണമെന്നില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത് (പട്ടിക 10).

**Table 10** Regression for short run error correction

Dependent Variable: d (Production of wheat)

Method: Least Squares

Sample (adjusted): 2 21

Included observations: 20 after adjustments

| Variable | Coefficient | Std. Error | t-Statistic | Prob. |
|---|---|---|---|---|
| C | 1.850921 | 0.776961 | 2.382256 | 0.0284 |
| $\hat{e}_{2t}$ | 1.020376 | 0.254600 | 4.007761 | 0.0008 |

*Source: Author calculation*

പട്ടിക 11 ൽ കാണുന്നതുപോലെ ഒ എൽ എസ് ഉപയോഗപ്പെടുത്തി ഗോതമ്പിന്റെ ഉല്പാദനത്തിന്റെ ദിശ കണ്ടെത്താൻ കഴിയുന്നതാണ്. ഇതിൽ കോൺസ്റ്റന്റ് 46.04307, എം എസ് പിയുടെ കോഎഫിഷ്യന്റ് 0.024691. എന്നാൽ ഉല്പാദനത്തിന്റെ കാര്യത്തിലെ 0.142230 എന്ന കോഎഫിഷ്യന്റ് കൃത്യമായ ഒരു ദിശ നൽകുന്ന ഒന്നല്ല. 10 ശതമാനം എന്ന ലെവൽ വരെ ഇത് അത്ര പ്രസക്തവുമല്ല. ഗോതമ്പിന്റെ കാര്യത്തിൽ ദീർഘകാലത്തിൽ സ്വാധീനിക്കുന്ന ഘടകങ്ങളിൽ ഉല്പാദനത്തിന്റെ അളവ് ഉൾപ്പെടുന്നില്ല. മറിച്ച്, എം എസ് പി മാത്രമാണ് ഉത്പാദനത്തെ സ്വാധീനിക്കുന്നത് എന്ന് കാണാം (പട്ടിക 11).

**Table 11** Regression for long run production of wheat

Dependent Variable: Production of wheat

Method: Least Squares

Sample (adjusted): 2 21

Included observations: 20 after adjustments

| Variable | Coefficient | Std. Error | t-Statistic | Prob. |
|---|---|---|---|---|
| C | 46.04307 | 15.33940 | 3.001622 | 0.0080 |
| PRODUCTION(-1) | 0.142230 | 0.290308 | 0.489929 | 0.6304 |
| MSP(-1) | 0.024691 | 0.008490 | 2.908463 | 0.0098 |

*Source: Author calculation*

**സംഗ്രഹവും ഉപസംഹാരവും**

കഴിഞ്ഞ 20 വർഷമായി അരി, ഗോതമ്പ് എന്നിവയുടെ കാര്യത്തിൽ ഉല്പാദനവും എം എസ് പിയും തമ്മിൽ കാര്യമായ ഒരു ബന്ധം നിലനിൽക്കുന്നുണ്ട്. 2001–02 മുതൽ 2012–22 വരെ ഇത് കാണാവുന്നതാണ്. ഈ രണ്ടു ധാന്യങ്ങളുടെ കാര്യത്തിലും എം എസ് പി, ഉത്പാദനം എന്നിവയുടെ മാറ്റം ഏറെക്കുറെ സമാനമാണ്. അരിയുടെ കാര്യത്തിൽ എം എസ് പി, ഉത്പാദനം ഇവ തമ്മിലുള്ള ദീർഘകാല സന്തുലനം പ്രായേണ സ്ഥിരത പുലർത്തുന്നതാണ്. കാരണം, ഇതിലെ എറർ കണക്ഷൻ കോ എഫിഷ്യന്റ് ഒന്നിലും താഴെയാണ്. ഗോതമ്പിന്റെ കാര്യത്തിൽ ഇത് നേരെ തിരിച്ചാണ്. ഈ ബന്ധം അസ്ഥിരമാണ്. ഇവിടെ എറർ കണക്ഷൻ കോഎഫിഷ്യന്റ് ഒന്നിന് മുകളിലാണ്. ഇത് പക്ഷെ അത്ര അപകടകരമായ നിലയിലല്ലെന്ന് കാണാം. കോഎഫിഷ്യന്റ് ഇക്കാര്യത്തിൽ 1.02 ആണ്. രണ്ടു വിളകളുടെയും ഉല്പാദനത്തിന്റെ മാറ്റം ഏറെക്കുറെ സമാന രീതിയിലുള്ളതാണ്. ഉല്പാദനത്തിന്റെ കാര്യത്തിലെ ഡിപ്പൻഡന്റ് വേരിയബിൾ നിലവിലെ ഉത്പാദനം നിർണ്ണയിക്കുന്നതിൽ കാര്യമായ പങ്ക് വഹിക്കുന്നില്ല.

മൂലധനച്ചെലവുകളും തൊഴിൽ അടക്കമുള്ള മറ്റു കാര്യങ്ങളും കർഷകരെ ഉല്പാദന രംഗത്ത് നിന്നും പിന്മാറ്റുന്നില്ല. ഈ രണ്ടു വിളകളുടെ കാര്യത്തിലും എം എസ് പി ആണ് ഉത്പാദനത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകമായി വരുന്നത്. അതുകൊണ്ട് നയപരമായ

തീരുമാനങ്ങളിൽ നിർണ്ണായകമാകുന്ന ഘടകവും ഇതാണ്. ഇതിൽ നിന്നും നിഗമനത്തിലെത്തിച്ചേരാൻ കഴിയുന്ന കാര്യം, എം എസ് പിയിൽ നടത്തുന്ന മാറ്റങ്ങൾ വഴി അരി, ഗോതമ്പ് എന്നിവയുടെ ഉത്പാദനത്തെ സ്വാധീനിക്കാൻ കഴിയുന്നു എന്നാണ്. ഇന്ത്യയിൽ ബഫർ സ്റ്റോക്ക് ഉയർന്നു നിൽക്കുന്നതിനുള്ള മുഖ്യകാരണം എം എസ് പിയിൽ വരുത്തുന്ന ഓരോ വർധനയും ഉല്പാദനത്തിലെ വർധനയായി പരിണമിക്കുന്നു എന്നതാണ്.

അതുകൊണ്ട് കു താങ്ങുവില കുറയ്ക്കുന്നത് ഒട്ടും കരണീയമായ ഒന്നല്ല. ഒരിക്കൽ വർധിപ്പിക്കുന്ന വില താഴ്ത്തുക എന്നതും അത്ര എളുപ്പമായ ഒരു കാര്യമല്ല. കർഷകരുടെ വരുമാനത്തിൽ ഉണ്ടാകുന്ന വർധന വ്യാവസായിക ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും ഡിമാന്റിലുള്ള വർധനയായി പരിണമിക്കുന്നു. അതുവഴി സമ്പദ്ഘടന സുസ്ഥിരമായ ഒരു വികസന പാതയിലേക്ക് നയിക്കപ്പെടുന്നു. പഴവർഗ്ഗങ്ങൾ, പരിപ്പിനങ്ങൾ തുടങ്ങിയ കാർഷിക വിളകളുടെ ഉല്പാദനത്തിന് കൂടുതൽ സാമ്പത്തിക പിന്തുണ നൽകേണ്ടതുണ്ട്. ഇത്തരം സാധനങ്ങളുടെ ഉല്പാദനവും ഉപഭോഗവും ഇന്നും കുറഞ്ഞ തോതിലാണ് തുടരുന്നത്. രാജ്യത്ത് നിലവിലുള്ള ഭക്ഷ്യധാന്യ കരുതൽ ശേഖരത്തിൽ നിന്ന് പാവപ്പെട്ടവർക്ക് ധാന്യങ്ങൾ വിതരണം ചെയ്യാൻ തയാറാകണം. പട്ടിണി തുടച്ചു നീക്കുന്നതിന് ഇത് അവശ്യം വേണ്ടുന്ന കാര്യമാണ്.

■

(കൂത്താട്ടുകുളം ടി. എം ജേക്കബ് സ്മാരക ഗവണ്മെന്റ് കോളേജിലെ പ്രഫസറാണ് റോയ് സ്കറിയ. ഇക്കണോമെട്രിക്സ് വിഭാഗത്തിലെ പോസ്റ്റ് ഗ്രാഡുവേറ്റ് വിദ്യാർത്ഥിയാണ് എൻ. ആർ അമൃത )

## References

Acharya S. S. (1997). Agricultural Price Policy and Development: Some Facts and Emerging Issues. Indian Journal of Agricultural Economics. Vol. 52, No. 1.

Anjani Kumar, Vinay K. Sonkar, Seema Bathla. (2022). Does Public Procurement Benefit Paddy Farmers? EPW. Vol.57, No 21.

Dantwala M.S. (1967). Incentives and Disincentives in Indian Agriculture. Indian Journal of Agricultural Economics. Vol. 22, No. 2.

Dantwala, M.L. (1981). Agricultural Price Policy: Facts and Issues. The Economic Times, February 7, also reprinted in Pravin Visaria, N.A. Mujumdar and T.R. Sundaram (Eds.) (1996), Dilemmas of Growth: The Indian Experience. New Delhi: Sage Publications.

Dutt Rudder & Sundaram K.P.M. (2000). Indian Economy. New Delhi: S. Chand &co.

Gulati Ashok & Shenggen Fan (2008). The Dragon and the Elephant - Agricultural and Rural Reforms in China and India. New Delhi: OUP.

Gulati Ashok (2012). Reforming Agriculture. In Uma Kapila (ed.) (2012). Two Decades of Economic

Reforms. New Delhi: Academic Foundation.

Jha, Shikha and P.V. Srinivasan, (2006). India - Reforming Farm Support Policies for Grains. Mumbai: Indira Gandhi Institute of Development Research (IGIDR).

Kapila Uma, 2024. Indian Economy Since Independence: A Comprehensive and Critical Analysis of India's Economy, 1947-2024. New Delhi: Academic Foundation.

Mohankumar. S & Premkumar. (2018). Minimum Support Price and Inflation. EPW. Vol.53, No 47.

Nayakara Vereesha. (2021). Economic Viability of Destroying Crops. EPW. Vol.56, No 10.

Ramesh Chand, (2003). Government Interventions in Foodgrain Markets. National Centre for Agricultural Economics and policy Research. Working Paper 19.

Shweta Saini and Ashok Gulati (2017). Price Distortions in Indian Agriculture. IBRD.

World bank (2008). World Development Report 2008; Agriculture for Development. Washington DC: IBRD.

*കേരള ഇക്കോണമി*
*പുസ്തകം 6 ലക്കം 2*
*ഏപ്രിൽ – ജൂൺ 2025*

GIFT GULATI INSTITUTE OF FINANCE AND TAXATION

# ധനകാര്യ കമ്മീഷനും വിഭവങ്ങൾ പങ്ക് വയ്ക്കുന്നതിലെ തുല്യനീതിയും

ഷംന തച്ചംപറമ്പൻ

**സംഗ്രഹം**

പതിനാറാം ധനകാര്യ കമ്മീഷൻ നിർണ്ണായകമായ ചില വെല്ലുവിളികൾ നേരിടുന്നുണ്ട്. വിഭവ വിതരണത്തിന്റെ കാര്യത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ നിലനിൽക്കുന്ന അസമത്വം പരിഹരിക്കുക എന്നതാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ടത്. വിഭവ വിതരണത്തിനായി ധനകാര്യ കമ്മീഷൻ സ്വീകരിക്കുന്ന സമവാക്യമാണ് ഇതിൽ പ്രധാനമായി വരുന്നത്. കാരണം, കേന്ദ്ര നികുതി പൂളിൽ നിന്നും ഓരോ സംസ്ഥാനത്തിനും ലഭിക്കുന്ന വിഹിതം ഇത്തരം അസമത്വം പരിഹരിക്കുന്നതിൽ ഏറെ നിർണ്ണായകമാണ്. ഇക്കാര്യത്തിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ സ്വീകരിച്ച രീതികളെ വിമർശനാത്മകമായി പരിശോധിക്കുകയാണ് ഈ ലേഖനത്തിൽ. ഘടനാപരമായി നിലനിൽക്കുന്ന അസമത്വം, അതിന്റെ അപ്രതീക്ഷിതമായ പ്രത്യാഘാതങ്ങൾ തുടങ്ങിയ വിഷയങ്ങൾക്കാണ് ഇതിൽ പ്രാധാന്യം നൽകിയിട്ടുള്ളത്.

## ആമുഖം

സംസ്ഥാനങ്ങൾ തമ്മിൽ നിലനിൽക്കുന്ന ധനപരമായ അസമത്വം പരിഹരിക്കുക എന്നത് പതിനാറാം ധനകാര്യ കമ്മീഷന്റെ (എഫ് സി) പ്രധാനപ്പെട്ട ഒരു ദൗത്യമായിരുന്നു. കേന്ദ്രപൂളിൽ നിന്നുള്ള നികുതി വിഹിതം പങ്ക് വയ്ക്കുന്നതിനുള്ള സമവാക്യമാണ് ഇതിന് ആധാരമായ കാര്യം. കാരണം, അസമത്വത്തിന്റെ തീവ്രത സംസ്ഥാനങ്ങളുടെ ധനപരമായ സ്വയംഭരണത്തിലും ഒപ്പം വികസന പ്രവർത്തനങ്ങളിലും നിർണ്ണായകമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങളാണ്. ധനപരമായ ആവശ്യങ്ങൾ, തുല്യത, ധനപരമായ ശേഷി, പ്രവർത്തന മികവ് തുടങ്ങിയ കാര്യങ്ങൾക്ക് പ്രാമുഖ്യം നൽകി സംസ്ഥാനങ്ങളുടെ വിഹിതം നിർണ്ണയിക്കുന്ന ഒരു രീതിശാസ്ത്രത്തിനാണ് ആ കമ്മീഷൻ

ഊന്നൽ നൽകിയത്. താഴെ കാണുന്ന തരത്തിലുള്ള വെയ്റ്റേജാണ് കമ്മീഷൻ നൽകിയത്. സംസ്ഥാനങ്ങളുടെ വരുമാനരംഗത്തെ പരിമിതി എന്ന ഘടകത്തിന് 45 ശതമാനം, ജനസംഖ്യ, വിസ്തൃതി എന്നിവയ്ക്ക് 15 ശതമാനം, വനം, പരിസ്ഥിതി എന്നിവയ്ക്ക് 10 ശതമാനം, ജനസംഖ്യ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് 12.5 ശതമാനം, നികുതി വരുമാനം ഉയർത്തൽ, ധനപരമായ അച്ചടക്കത്തിനുള്ള ശ്രമങ്ങൾ എന്നിവയ്ക്ക് 2.5 ശതമാനം എന്ന നിലയിലുള്ള രീതിയാണ് കമ്മിഷൻ കൈക്കൊണ്ടത്. ഇതിൽ ഏറ്റവും പ്രധാനമായ കാര്യം ജനസംഖ്യയുടെ കണക്കിന് 1971 ലെ കാനേഷുമാരിക്ക് പകരം 2011 ലെ കാനേഷുമാരിയാണ് പരിഗണിച്ചത് എന്നതാണ്. ജനസംഖ്യ എന്ന ഘടകത്തെ കൂടുതൽ സമകാലികമാക്കുക എന്ന ലക്ഷ്യമായിരുന്നു ഇതിന് പിന്നിൽ. സംസ്ഥാനങ്ങൾക്കുള്ള വിഹിതത്തെ ഈ രീതി എപ്രകാരം സ്വാധീനിച്ചു എന്നതാണ് പരിഗണിക്കുന്ന പ്രധാന വിഷയം. അതുകൊണ്ട് പല സംസ്ഥാനങ്ങൾക്കും പ്രതികൂലമായ സ്ഥിതി ഉണ്ടാക്കി എന്നതാണ് ഇത്തരമൊരു പരിശോധനയെ പ്രസക്തമാക്കുന്നത്. ഇക്കാര്യത്തിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ കൈക്കൊണ്ട രീതികളെയും അത് അന്തർ-സംസ്ഥാന വിഭവ വിതരണത്തെ എപ്രകാരമെല്ലാം സ്വാധീനിച്ചു എന്ന വിഷയവും വിമർശനാത്മകമായി പരിശോധിക്കുക എന്നതാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

**ജനസംഖ്യ : ദ്വിമുഖ ആഘാതം ഉളവാക്കുന്ന ഘടകം**

വിഭവങ്ങളുടെ വീതംവയ്പ്പിന്റെ കാര്യത്തിൽ ധനകാര്യ കമ്മീഷൻ സ്വീകരിക്കുന്ന ഏറ്റവും അടിസ്ഥാന ഘടകം ജനസംഖ്യയാണ്. ഓരോ സംസ്ഥാനത്തെയും ജനസംഖ്യക്ക് ആനുപാതികമായ വിധത്തിൽ വിഭവങ്ങൾ ലഭിക്കുന്നു എന്നത് ഇത് ഉറപ്പാക്കുന്നു. മാത്രവുമല്ല, കേന്ദ്രത്തിന്റെ ഡിവിസിബിൾ പൂളിൽ നിന്നും ഓരോ സംസ്ഥാനത്തിനും ലഭിക്കുന്ന നികുതി വിഹിതത്തിന്റെ കാര്യത്തിലും ഇത് നിർണ്ണായകമായി മാറുന്നു. നമുക്ക് 2021 മുതൽ 2026 വരെയുള്ള കണക്കുകൾ പരിശോധിക്കാം. രാജ്യത്തെ ജനസംഖ്യയുടെ 42.85 ശതമാനത്തെ ഉൾക്കൊള്ളുന്ന ഹിന്ദി മേഖലയിലെ ആറ് സംസ്ഥാനങ്ങൾ നികുതി പൂളിന്റെ 48.57 ശതമാനം നേടുന്നു. എന്നാൽ ജനസംഖ്യയുടെ 21.32 ശതമാനം അധിവസിക്കുന്ന അഞ്ചു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് ലഭിച്ച വിഹിതം 21.32 ശതമാനമാണ്. 30.61 ശതമാനം ജനങ്ങൾ പാർക്കുന്ന പൂർവ, പശ്ചിമ, ഉത്തര സംസ്ഥാനങ്ങൾക്ക് 25.31 ശതമാനം വിഹിതവും ലഭിക്കുന്നു എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളിലും ഹിമാലയൻ മേഖലയിലെ സംസ്ഥാനങ്ങളിൽ 5.32 ശതമാനം ജനങ്ങളാണ് ഉള്ളത്. ഈ സംസ്ഥാനങ്ങൾക്ക് വിഹിതത്തിന്റെ 10.48 ശതമാനവും ലഭിക്കുന്നു. നികുതി വിഹിതത്തിൽ കാണുന്ന പ്രകടമായ അസമത്വമാണ് ഇത് വെളിവാക്കുന്നത്. അതുകൊണ്ട് ഓരോ സംസ്ഥാനവും നേരിടുന്ന സവിശേഷമായ ആവശ്യങ്ങൾക്ക് അനുസൃതമായി വിതരണത്തിൽ സമതുലിതമായ ഒരു അടിസ്ഥാനം ആവശ്യമാണെന്ന് കാര്യത്തിലേക്ക് ഇത് വിരൽ ചൂണ്ടുകയാണ് (ഗോവിന്ദ് ഭട്ടാചാർജി, 2021).

ഇത്തരത്തിൽ ജനസംഖ്യക്ക് നൽകുന്ന പ്രാധാന്യത്തിന് രണ്ടു വിധത്തിലുള്ള മാനങ്ങളാണ് ഉള്ളത്. ജനസംഖ്യ വളർച്ചയുടെ തോത് കുറവായ സംസ്ഥാനങ്ങൾക്ക് വിഹിതം കുറയുന്നു എന്നതാണ് ഒന്നാമത്തെ പ്രശ്നം. ജനസംഖ്യ നിയന്ത്രണം രാജ്യത്തിൻറെ ഒരു പ്രധാന പദ്ധതിയാണ്. ഇത് ഫലപ്രദമായി നടപ്പാക്കിയിട്ടുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ

വിഹിതം കുറയുന്നു എന്നതാണ് പ്രശ്നം. അതിനു പുറമെ, ധനകാര്യ കമ്മീഷന്റെ മറ്റു നിബന്ധനകളുടെ കാര്യത്തിലും ജനസംഖ്യ പരോക്ഷമായ സ്വാധീനം ചെലുത്തുന്നതായി കാണാം. നൽകുന്ന വിഹിതങ്ങളിൽ 75 ശതമാനം വിഭവങ്ങളുടെ കാര്യത്തിലും ജനസംഖ്യ നേരിട്ടും അല്ലാതെയും നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നു എന്നതാണ് യാഥാർഥ്യം. വിഭവങ്ങളുടെ വിതരണത്തിന്റെ കാര്യത്തിൽ ജനസംഖ്യ വളരെ നിർണ്ണായകമായ റോൾ നിർവഹിക്കുന്നു എന്ന് സാരം.

**1971 ലെ സെൻസസിൽ നിന്ന് 2011 ൽ എത്തുമ്പോൾ രീതിശാസ്ത്രത്തിലെ മാറ്റം**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ജനസംഖ്യയുടെ കാര്യത്തിൽ 1971 ലെ സെൻസസിന് പകരം 2011 ലെ സെൻസസ് അടിസ്ഥാനമാക്കുക എന്ന നിർണ്ണായകമായ തീരുമാനം കൈക്കൊള്ളുകയുണ്ടായി. ജനസംഖ്യയുടെ കാര്യത്തിലെ കണക്കുകൾ കൂടുതൽ സമകാലികമാക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. എന്നാൽ ഈ മാറ്റം വലിയ തോതിൽ വിമർശന വിധേയമാവുകയുണ്ടായി. പ്രത്യേകിച്ച് ജനസംഖ്യ വളർച്ച ശക്തമായി നിയന്ത്രിച്ച സംസ്ഥാനങ്ങളാണ് ഈ വിമർശനം ശക്തമായി ഉയർത്തിയത്.

ഇതിനെ മറി കടക്കുന്നതിനായി ധനകാര്യ കമ്മീഷൻ ജനസംഖ്യ നിയന്ത്രണത്തിൽ സംസ്ഥാനങ്ങൾ കാഴ്ച്ച വച്ച പ്രകടനത്തിന് പ്രാമുഖ്യം നൽകുകയും ഈ ഘടകത്തിന് 12.5 ശതമാനം വെയ്റ്റേജ് നൽകുകയും ചെയ്തു. ടോട്ടൽ ഫെർട്ടിലിറ്റി നിരക്ക് (ടി എഫ് ആർ) അവലോകനം ചെയ്തു കൊണ്ട് ജനസംഖ്യ നിയന്ത്രണം ഫലപ്രദമായി നടപ്പാക്കിയ സംസ്ഥാനങ്ങൾക്ക് അംഗീകാരം നൽകുന്ന രീതിയാണ് കമ്മീഷൻ കൈക്കൊണ്ടത്. കുറഞ്ഞ ടി എഫ് ആർ നിരക്കുള്ള സംസ്ഥാനങ്ങൾക്ക് ഉയർന്ന സ്കോർ ലഭിക്കുന്ന രീതിയാണ് ഇത്. എന്നിരുന്നാലും ഈ സമവാക്യവും കൂടുതൽ ജനസംഖ്യയുള്ള സംസ്ഥാനങ്ങൾക്ക് നേട്ടമുണ്ടാകുന്ന തരത്തിൽ പരിണമിക്കുകയാണ് ഉണ്ടായത്.

കാരണം, എഴുപതുകളിൽ ജനസംഖ്യ നിയന്ത്രണം ഫലപ്രദമായി നിർവഹിച്ച സംസ്ഥാനങ്ങൾക്ക് ഇതുകൊണ്ട് കാര്യമായ അംഗീകാരം ലഭ്യമായില്ല എന്നതാണ് വസ്തുത. ജനസംഖ്യ നിയന്ത്രണത്തിന്റെ കാര്യത്തിലെ സമകാലികമായ കണക്കുകൾക്കാണ് കമ്മീഷൻ കൂടുതൽ പ്രാമുഖ്യം നൽകിയത്. അതായത് ദീർഘകാലാടിസ്ഥാനത്തിൽ ജനസംഖ്യ ഫലപ്രദമായി നിയന്ത്രിക്കുന്ന കാര്യത്തിൽ നിർണ്ണായകമായ നേട്ടം കൈവരിച്ച സംസ്ഥാനങ്ങൾക്ക് ഇതുകൊണ്ട് കാര്യമായ നേട്ടം ഉണ്ടായില്ല എന്ന വിമർശനം ശക്തമായി ഉയർന്നു. ജനസംഖ്യ നിയന്ത്രണത്തിനായി കാര്യമായ നിക്ഷേപം നടത്തി നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനങ്ങൾ വല്ലാതെ നിരാശരാകുന്ന സ്ഥിതിവിശേഷം സംജാതമായി.

**പ്രവർത്തനം ആധാരമാക്കിയുള്ള വിതരണം**

ഇത്തരമൊരു കാര്യം ഉൾപ്പെടുത്തിയത് ശരിയായ ദിശയിലുള്ള ഒരു തീരുമാനം ആയിരുന്നുവെങ്കിലും അതിന് കമ്മീഷൻ നൽകിയ വെയ്റ്റേജ് ഒട്ടും പര്യാപ്തമായിരുന്നില്ല എന്നതാണ് പ്രശ്നം. 75 ശതമാനം വിഭവ വിഹിതവും നിർണ്ണയിക്കപ്പെടുന്നത് ജനസംഖ്യയുടെ അടിസ്ഥാനത്തിലായതിനാൽ ഇത്തരത്തിൽ പ്രവർത്തനം വിലയിരുത്തിയുള്ള പ്രോത്സാഹനം കൂടുതൽ വിപുലമാകേണ്ടത് ആവശ്യമാണ്. അതായത് ഒരു സംസ്ഥാനം നേടിയ മന്ദഗതിയിലുള്ള ജനസംഖ്യ വളർച്ചയും മാനവശേഷി മൂലധനവും വിഭവ വിതരണ രംഗത്ത് വേണ്ട വിധം പരിഗണിക്കപ്പെടാതെ പോകരുത് എന്നത് ഉറപ്പാക്കേണ്ട കാര്യമാണ്.

ഇക്കാര്യത്തിൽ വരുത്താവുന്ന ഒരു മാറ്റം ജനസംഖ്യ എന്ന ഘടകത്തിനുമപ്പുറം സംസ്ഥാനങ്ങളുടെ ധനപരമായ ആവശ്യങ്ങളെ പരിഗണിക്കുക എന്നതാണ്. ജനസംഖ്യയിലെ പ്രായമേറിയവരുടെ എണ്ണം കണക്കാക്കുന്നത് പ്രത്യുല്പാദനത്തിൽ സംഭവിക്കുന്ന കുറവും ആയുർദൈഘ്യവും കൂടുതൽ വ്യക്തമാക്കുന്ന കാര്യങ്ങളാണ്. മാനവവികസന സൂചിക കണക്കിലെടുക്കുന്നതും പ്രായമേറിയവരുടെ എണ്ണം കൂടുന്നതുകൊണ്ടും വിദ്യാഭ്യാസം, ആരോഗ്യ മേഖല തുടങ്ങിയവക്കായുള്ള വലിയ തോതിലുള്ള ആവശ്യവും വ്യക്തമാക്കുന്നതാകും. ഈ രീതികൾ അവലംബിക്കുന്നതായാൽ അത് ജനസംഖ്യയിൽ ഉണ്ടായ മാറ്റങ്ങൾ മൂലം ഉത്ഭവിച്ച രണ്ടാം തലമുറ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് സഹായകമാകുമെന്ന് വിലയിരുത്താം. വയോജനങ്ങൾക്ക് വേണ്ടി വരുന്ന സാമൂഹ്യമായ ചെലവഴിക്കൽ എത്രകണ്ട് ഉയരുന്നു എന്നതടക്കമുള്ള പ്രശ്നങ്ങൾ പരിഗണിക്കുന്നതിന് ഇത് സഹായകമാകുന്നതാണ്.

ജനസംഖ്യ നിയന്ത്രണം ഫലപ്രദമായി നടപ്പാക്കിയ സംസ്ഥാനങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന സമീപനവുമായി ധനകാര്യ കമ്മീഷൻ മുന്നോട്ട് പോകുന്നുണ്ടെങ്കിൽ മാനവശേഷി വികസനത്തിന്റെ കാര്യത്തിലും സഹായങ്ങൾ നൽകുന്ന രീതി ഉണ്ടാകണം. ഇത്തരത്തിൽ ഒരു ഫോർമുല ഉരുത്തിരിയുന്നത് ധനകാര്യ ഫെഡറൽ തത്വങ്ങളുമായി കൂടുതൽ ചേർന്ന് പോകുന്നതിനും പ്രയോജനകരമായിരിക്കും. ദീർഘകാല വികസനത്തിന് സഹായകമാകുന്ന സുതാര്യമായ വിഭവ വിതരണം അത് ഉറപ്പിക്കുന്നതാണ്.

നികുതി പിരിവിന്റെ കാര്യത്തിൽ സംസ്ഥാനങ്ങൾ കൈവരിച്ച നേട്ടങ്ങൾ പരിഗണിക്കുമ്പോൾ ഉയർന്ന നികുതി–ജി എസ് ഡി പി അനുപാതം ഉള്ള സംസ്ഥാനങ്ങൾക്ക് കൂടുതൽ നേട്ടമുണ്ടാകുന്നതായി കാണാം. എന്നാൽ 2011 ലെ സെൻസസ് കണക്കുകൾ ഈ അനുപാതവുമായി ഗുണനം ചെയ്യുന്ന ഘട്ടത്തിൽ നേട്ടമുണ്ടാകുന്നത് കൂടുതൽ ജനസംഖ്യയുള്ള സംസ്ഥാനങ്ങൾക്കാണെന്ന് കാണാൻ കഴിയും. അപ്രകാരം നോക്കുമ്പോൾ വ്യക്തമാകുന്നത് ബീഹാർ, ഉത്തർപ്രദേശ് പോലുള്ള സംസ്ഥാനങ്ങൾ നികുതിയുടെ കാര്യത്തിൽ അത്ര മികച്ച നേട്ടങ്ങൾ കൈവരിക്കുന്നില്ലെങ്കിലും അവയ്ക്ക് കൂടുതൽ വിഹിതം ലഭിക്കുന്നതാണ്. നികുതി പിരിവ് ശക്തമാക്കുന്ന വിഷയത്തിൽ ഈ സംസ്ഥാനങ്ങൾ ചെറിയ സംസ്ഥാനങ്ങളേക്കാൾ പിന്നിലാണെന്ന് കാണാം. നികുതിയുടെ കാര്യത്തിലെ മികച്ച പ്രകടനം മാത്രമാണ് കമ്മീഷൻ കണക്കിലെടുക്കുന്നതെങ്കിൽ കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് അത് കാര്യമായ നേട്ടമുണ്ടാക്കുന്ന ഒന്നാണ്. പക്ഷെ ഇതിലേക്ക് ജനസംഖ്യ കൂടി ഉൾപ്പെടുത്തുമ്പോൾ നേട്ടം കൂടുതൽ ജനസംഖ്യയുള്ള സംസ്ഥാനങ്ങൾക്കായി മാറുന്നു എന്നതാണ് യാഥാർഥ്യം. അതുകൊണ്ട് ഈ നിബന്ധന ജനസംഖ്യ കണക്കിലെടുക്കാതെ നികുതി പിരിവിലെ നേട്ടങ്ങൾ എന്നത് മാത്രമായി നിജപ്പെടുത്തുകയാണ് വേണ്ടത്. സംസ്ഥാനങ്ങളുടെ നികുതി പിരിവിന് ഇത് ഉത്തേജനമായി മാറുകയും ചെയ്യും (പട്ടിക 1).

**Table.1** - Difference in share based on tax effort

| As per 15th FC (%) | | Calculation based on Tax effort | |
|---|---|---|---|
| State | Share | State | Share |
| Uttar Pradesh | 18.825 | Goa | 8.08 |
| Maharashtra | 10.546 | Telangana | 7.55 |
| Bihar | 7.651 | Chhattisgarh | 7 |
| West Bengal | 6.682 | Uttar Pradesh | 7 |
| Madhya Pradesh | 6.572 | Maharashtra | 6.97 |
| Tamil Nadu | 6.284 | Madhya Pradesh | 6.72 |
| Rajasthan | 5.645 | Karnataka | 6.63 |
| Karnataka | 5.454 | Kerala | 6.56 |
| Gujarat | 4.83 | Andhra Pradesh | 6.5 |
| Andhra Pradesh | 4.336 | Tamil Nadu | 6.47 |
| Telangana | 3.558 | Punjab | 6.3 |
| Odisha | 3.468 | Haryana | 6.25 |
| Kerala | 2.95 | Odisha | 6.14 |
| Chhattisgarh | 2.406 | Rajasthan | 6.12 |
| Punjab | 2.354 | Gujarat | 5.94 |
| Jharkhand | 2.235 | Bihar | 5.46 |
| Haryana | 2.133 | West Bengal | 5.44 |
| Assam | 2.042 | Uttarakhand | 5.11 |
| Uttarakhand | 0.694 | Meghalaya | 5.09 |
| Himachal Pradesh | 0.467 | Himachal Pradesh | 5.05 |
| Meghalaya | 0.203 | Jharkhand | 5.03 |
| Tripura | 0.176 | Assam | 4.86 |
| Goa | 0.159 | Arunachal Pradesh | 3.89 |
| Manipur | 0.121 | Tripura | 3.55 |
| Arunachal Pradesh | 0.073 | Manipur | 3.16 |
| Nagaland | 0.071 | Sikkim | 2.93 |
| Mizoram | 0.043 | Mizoram | 2.91 |

*Source: Author's computation based on 15th FC data.*

*Note: Tax Effort (15th FC): Calculated using the ratio of a state's own per capita tax revenue to its per capita Gross State Domestic Product (GSDP), multiplied by the 2011 census data. Tax Effort (Without Population Multiplication): Calculated without multiplying by the population, providing a clearer assessment of tax effort without population distortion.*

**വിസ്തൃതി, വനം, പരിസ്ഥിതി**

വിസ്തൃതി (15 %), വനം, പരിസ്ഥിതി (10 %) എന്നീ ഘടകങ്ങൾക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ വകയിരുത്തിയ വിഹിതത്തെ ജനസംഖ്യ എന്ന കാര്യം സ്വാധീനിച്ചട്ടില്ല. കൂടുതൽ വിസ്തൃതിയുള്ള സംസ്ഥാനങ്ങളുടെ പ്രശ്നങ്ങൾ കമ്മീഷൻ പരിഗണിക്കുകയുണ്ടായി. ഇത്തരം സംസ്ഥാനങ്ങൾക്ക് ഭരണനിർവഹണത്തിന് ഉയർന്ന ചെലവ് വരുന്നുണ്ട്. അതുപോലെ സേവനങ്ങൾ എല്ലാ മേഖലയിലേക്കും എത്തിക്കുന്നതിനും കൂടുതൽ ചെലവ് വേണ്ടി വരുന്നു. നിബിഡ വനങ്ങളാൽ ചുറ്റപ്പെട്ട സംസ്ഥാനങ്ങൾക്ക് ഈ നിബന്ധന സഹായകരമാകുന്നു. ഇക്കാര്യത്തിൽ ജനസംഖ്യ ഒരു ഘടകമായി മാറുന്നില്ലെങ്കിലും ജനസാന്ദ്രത ഒരു പ്രധാന പരിഗണനയായി മാറുന്നുണ്ട്. ജനസാന്ദ്രത കൂടുതലായ സംസ്ഥാനങ്ങൾ പാരിസ്ഥിതികമായ സമ്മർദ്ദം കാര്യമായി നേരിടുന്നുണ്ട്. ഈ സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം വികസനവും പാരിസ്ഥിതി സംരക്ഷണവും ഒരുമിച്ച് കൊണ്ടുപോവുക എന്നത് ദുഷ്കരമായ കാര്യവുമാണ്.

**തർക്കവിഷയമാകുന്ന വരുമാനത്തിലെ അന്തരം**

കേന്ദ്ര പൂളിൽ നിന്നുള്ള നികുതി വിഹിതം ലഭിക്കുന്നതിനുള്ള മറ്റൊരു സുപ്രധാന നിബന്ധന വരുമാനത്തിലുള്ള അന്തരമാണ്. സംസ്ഥാനങ്ങൾ തമ്മിലുള്ള വിതരണത്തിൽ ഇത് 45 ശതമാനം വെയ്റ്റേജ് പുലർത്തുന്നുണ്ട്. സംസ്ഥാനങ്ങളുടെ പ്രതിശീർഷ വരുമാനത്തിലുള്ള വ്യത്യാസമാണ് ഇതിന്റെ പ്രധാന വശം. ഇക്കാര്യത്തിൽ തുല്യത വരുത്തുക എന്നതാണ് പ്രധാന ലക്ഷ്യം. അതായത് കുറഞ്ഞ വരുമാനമുള്ള സംസ്ഥാനങ്ങൾക്ക് കൂടുതൽ വിഹിതം നൽകുക. എന്നാൽ പ്രതിശീർഷ വരുമാനം എന്ന ഘടകത്തിന് ഇവിടെ അമിത പ്രാധാന്യം ലഭിക്കുന്നു എന്ന പ്രശ്നമുണ്ട്. അത് സംസ്ഥാനങ്ങളുടെ സാമ്പത്തിക യാഥാർഥ്യം വിലയിരുത്തുന്ന കാര്യത്തിൽ പലപ്പോഴും വിജയകരമല്ല എന്ന വസ്തുത കാണാതെ പോകരുത്.

പ്രതിശീർഷ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ തരം തിരിച്ചിരിക്കുന്നത് രേഖാചിത്രം ഒന്നിൽ വ്യക്തമാക്കിയിട്ടുണ്ട്. കുറഞ്ഞ വരുമാനമുള്ളവ, ഇടത്തരം വരുമാനമുള്ളവ, ഉയർന്ന വരുമാനമുള്ളവ എന്നിങ്ങനെ ധനകാര്യ കമ്മീഷന്റെ തന്നെ കണക്കുകൾ അനുസരിച്ച് സംസ്ഥാനങ്ങളെ തരം തിരിച്ചിരിക്കുന്നു. ഈ പട്ടിക തന്നെ പ്രതിശീർഷ ജി എസ് ഡി പി എന്ന ഘടകത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യാസപ്പെടാൻ സാധ്യതയുണ്ട്. എടുത്തുപറയേണ്ട ഒരു വസ്തുത, കുറഞ്ഞ വരുമാനമുള്ള സംസ്ഥാനങ്ങളുടെ വിഹിതം പതിമൂന്നാം കമ്മീഷന്റെ കാലത്തേതിൽ നിന്ന് പതിനഞ്ചാം കമ്മീഷന്റെ ഘട്ടമെത്തുമ്പോൾ ഉയർന്നിട്ടുണ്ട് എന്നതാണ്. ഉയർന്ന വരുമാനമുള്ള സംസ്ഥാനങ്ങളുടെ വിഹിതം 23.36 ശതമാനത്തിൽ നിന്നും 15.57 ശതമാനമായും കുറഞ്ഞിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ഘട്ടത്തിലൊഴികെ ഇടത്തരം വരുമാനമുള്ള സംസ്ഥാനങ്ങളുടെ വിഹിതവും കൂടിയതായി കാണാം. കുറഞ്ഞ വരുമാനമുള്ള സംസ്ഥാനങ്ങൾക്ക് കൂടുതൽ വിഹിതം അനുവദിച്ചതിന്റെ ക്രെഡിറ്റ് പതിനഞ്ചാം ധനകാര്യ കമ്മീഷനാണ്. കേരളം, ഗോവ, പഞ്ചാബ്, തമിഴ്നാട് എന്നിവ പോലുള്ള ചില ഉയർന്ന വരുമാനമുള്ള സംസ്ഥാനങ്ങൾ ദേശീയ ശരാശരിയേക്കാൾ ഉയർന്ന ധനക്കമ്മി നേരിടുന്നുണ്ട്. രേഖാചിത്രം രണ്ടിൽ ഇത് വ്യക്തമാക്കിയിട്ടുണ്ട്. പ്രതിശീർഷ വരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ പരിഗണിക്കുമ്പോൾ ഉയർന്ന വരുമാനമുള്ള സംസ്ഥാനങ്ങൾക്ക് കൂടുതൽ ധനപരമായ ശേഷിയുണ്ടാകും എന്ന വാദത്തെ ഇത് പൂർണ്ണമായും തള്ളിക്കളയുകയാണ് (രേഖാചിത്രം 1).

**Figure 1:** Tax share among different Income Groups in each Finance Commission




ഇത്തരത്തിൽ വരുമാനത്തിലുള്ള അന്തരം എന്ന നിബന്ധനയെ ഉയർന്ന വരുമാനമുള്ള സംസ്ഥാനങ്ങൾ ശക്തമായി എതിർക്കുന്നുണ്ട്. ഈ വെയ്റ്റേജ് കുറയ്ക്കണം എന്നതാണ് അവരുടെ ആവശ്യം. കുറഞ്ഞ വരുമാനമുള്ള സംസ്ഥാനങ്ങളാകട്ടെ ഇത് ഉയർത്തണം എന്ന ആവശ്യക്കാരാണ്. ഇക്കാര്യത്തിലുള്ള മുഖ്യ പ്രശ്നം പ്രതിശീർഷ വരുമാനം എന്ന ഘടകത്തിന് നേരിയ മുൻതൂക്കം മാത്രമാണ് നൽകുന്നത് എന്നതാണ്. ഇതിൽ സംസ്ഥാനങ്ങൾക്കകത്ത നിലനിൽക്കുന്ന വരുമാന വ്യത്യാസത്തെ പരിഗണക്കുന്നില്ല എന്ന പ്രശ്നവുമുണ്ട്. ഉദാഹരണത്തിന്, വരുമാനത്തിൽ വലിയ അസമത്വം നിലനിൽക്കുന്ന ഒരു സംസ്ഥാനത്ത് വലിയൊരു വിഭാഗം ആളുകൾക്ക് കുറഞ്ഞ വരുമാനം മാത്രമേ ഉണ്ടാകൂ. ചിലപ്പോൾ ആ സംസ്ഥാനത്തിന്റെ പ്രതിശീർഷ വരുമാനം താരതമ്യേന ഉയർന്നതായിരിക്കാം. ഇത് ഈ സംസ്ഥാനങ്ങളുടെ നികുതി അടിത്തറയെ ഹനിക്കുന്ന ഒന്നാണ്. ഇത്തരമൊരു കുരുക്കിൽ ആ സംസ്ഥാനത്തിന് ഉയർന്ന വരുമാനം ഉണ്ടാക്കാൻ കഴിഞ്ഞെന്ന് വരില്ല (രേഖാചിത്രം 2).

**Figure.2:** Per capita income and FD-A state-wise Comparison




*Source: Author's computation based on RBI data on state Finances,*
*Note: ASA = All State Averages. The right side of the figure represents high-income states, while the left side represents low-income states. Each variable is calculated as a three-year average based on Finance Commission calculations.*

ഇതിനു പുറമെ ഘടനാപരമായ ചില മാറ്റങ്ങളും നികുതി പിരിവിനെ സ്വാധീനിക്കുന്നു. നഗരവൽക്കരണം, വ്യവസായവൽക്കരണം തുടങ്ങിയ കാര്യങ്ങൾ ഇതിൽ പെടുന്നു. കൂടുതൽ വ്യവസ്യവൽകൃത്വവും നഗരവൽകൃതവുമായ സംസ്ഥാനങ്ങൾക്ക് കൂടുതൽ നികുതി പിരിവിനുള്ള സാധ്യതകളുണ്ട്. എന്നാൽ അസംഘടിത മേഖല കൂടുതലായ സംസ്ഥാനങ്ങൾക്ക് അതുപോലെ നികുതി പിരിവ് സാധ്യമല്ല. ഒരു പക്ഷെ ആ സംസ്ഥാനങ്ങൾക്ക് മറ്റു സംസ്ഥാനങ്ങളെ പോലെ ഉയർന്ന പ്രതിശീർഷ വരുമാനം ഉണ്ടായിരിക്കാം. ഇതാണ് വരുമാനത്തിലെ അന്തരം എന്ന നിബന്ധന ഉളവാക്കുന്ന പ്രധാന പ്രശ്നം.

**മാറ്റത്തിനായുള്ള മണിമുഴക്കം**

ഇത് പരിഹരിക്കുന്നതിന് കുറേക്കൂടി സമഗ്രമായ ഒരു സമീപനം ആവശ്യമാണ്. ജീവിതച്ചെലവുകൾ, ഘടനാപരമായ സാമ്പത്തിക അവസ്ഥ തുടങ്ങിയ ചില ഘടകങ്ങൾ കൂടി ഇതിൽ ഉൾച്ചേർക്കേണ്ടതായി വരുന്നു. ഓരോ സംസ്ഥാനത്തിന്റെയും ധനപരമായ കഴിവ് ക്രിയാത്മകമായി വിലയിരുത്തുന്നതിന് ഇത് ആവശ്യമാണ്.

ജനസംഖ്യ വളർച്ച കുറഞ്ഞ തോതിലുള്ളതോ, അല്ലെങ്കിൽ മാനവശേഷി വികസന രംഗത്ത് കൂടുതൽ മുതല്മുടക്കുകയോ ചെയ്തിട്ടുള്ള സംസ്ഥാനങ്ങൾക്ക് നഷ്ടം വരാത്ത വിധത്തിലുള്ള മാറ്റങ്ങൾ അനിവാര്യമായ ഒന്നാണ്. സംസ്ഥാനങ്ങളുടെ വിഹിതത്തിൽ ഉണ്ടാകുന്ന ചാഞ്ചാട്ടം പരിഹരിക്കുന്നതിന് ഇത്തരം ചില സംവിധാനങ്ങൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ധനപരമായ കടുത്ത വെല്ലുവിളികൾ നേരിടുന്ന സംസ്ഥാനങ്ങൾ പ്രകടമായി വികസന കത്രികപ്പൂട്ടിലേക്ക് വീഴുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടത് ധനകാര്യ കമ്മിഷന്റെ ചുമതലയാണ്.

**പതിനാറാം ധനകാര്യ കമ്മീഷൻ – ചില കാഴ്ചപ്പാടുകൾ**

*വിഭവ വിതരണത്തിന് നിലവിലുള്ള നിബന്ധനകൾ അഴിച്ചു പണിയുക :* തുല്യ നീതി ഉറപ്പാക്കുന്ന വിധത്തിൽ വിഭവ വിതരണത്തിനുള്ള നിബന്ധനകളെ കുറിച്ച് പുനർവിചിന്തനം നടത്തുക. അത്തരമൊരു പ്രക്രിയ ധനകാര്യ ഫെഡറൽ തത്വങ്ങൾ നിർബന്ധമായും കണക്കിലെടുത്തുകൊണ്ടുള്ളതാകണം. സംസ്ഥാനങ്ങളുടെ സവിശേഷമായ പ്രശ്നങ്ങളും കണക്കിലെടുക്കണം.

*സെസ്സ്, സർചാർജ് തുടങ്ങിയവ ഉൾപ്പെടുത്തുക :* സെസ്സ്, സർചാർജ് എന്നിവയുടെ ഒരു ഭാഗം സംസ്ഥാനങ്ങൾക്ക് നികുതി വിഹിതം പങ്ക് വയ്ക്കുന്ന ഡിവിസിബിൾ പൂളിൽ ഉൾപ്പെടുത്തുക.

*വായ്പയെടുക്കുന്നതിനുള്ള നിബന്ധനകൾ പുനഃപരിശോധിക്കുക :* സംസ്ഥാനങ്ങളുടെ സാമ്പത്തികമായ ഉത്തരവാദിത്വങ്ങൾ പൂർത്തീകരിക്കുന്നതിന് തടസ്സമാകുന്ന വിധത്തിൽ നിലനിൽക്കുന്ന, വായ്പയെടുക്കുന്നതിനുള്ള നിബന്ധനകൾ പുനഃപരിശോധിക്കുക.

*ധനപരമായ അച്ചടക്കവും സംസ്ഥാനങ്ങളുടെ ആവശ്യങ്ങളും ബാലൻസ് ചെയ്യുക :* ഓരോ സംസ്ഥാനത്തിന്റെയും വികസന പദ്ധതികളും ക്ഷേമ പദ്ധതികളും വ്യത്യസ്തമാണെന്നിരിക്കെ ധനപരമായ അച്ചടക്കവും സംസ്ഥാനങ്ങളുടെ ആവശ്യങ്ങളെയും ഫലപ്രദമായ രീതിയിൽ ബാലൻസ് ചെയ്യുക.

*വിഭവങ്ങൾ നീക്കിവയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിശോധനക്ക് വിധേയമാക്കുക :* ധനപരമായ ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി ഓരോ സംസ്ഥാനത്തിന്റെയും പ്രത്യേകമായ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് വിഭവങ്ങൾ നീക്കിവയ്ക്കുന്നതിനുള്ള

മാനദണ്ഡങ്ങൾ പുനരവലോകനം ചെയ്യുക. സംസ്ഥാനങ്ങൾ തമ്മിലുള്ള സാമ്പത്തികമായ അന്തരം പരിഹരിക്കുന്നതിനും മികച്ച പദ്ധതികൾക്ക് പണം ലഭ്യമാകുന്ന തരത്തിലും ഗ്രാന്റുകൾ അനുവദിക്കുക.

മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന സംസ്ഥാനങ്ങൾക്ക് പ്രോത്സാഹനം നൽകേണ്ടതുണ്ട്. ജനസംഖ്യ എന്ന മാനദണ്ഡത്തിന്റെ അമിതമായ സ്വാധീനം ഒഴിവാക്കപ്പെടേണ്ടതാണ്. മികച്ച പ്രവർത്തനമാവണം കണക്കിലെടുക്കേണ്ട മാനദണ്ഡം. അല്ലെങ്കിൽ മറ്റു വിധത്തിൽ അത് പരിഹരിക്കുക.

*മൂലധന നിക്ഷേപ ധനസഹായം :* ദീർഘകാല സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്നതിന് മൂലധന ചെലവുകൾ ഉയർത്തുക എന്നത് വളരെ നിർണ്ണായകമാണ്. എന്നാൽ സംസ്ഥാനങ്ങളിൽ ഇതിന് ഒട്ടേറെ തടസങ്ങൾ നേരിടേണ്ടി വരുന്നുണ്ട്. കാരണം, ബജറ്റിന്റെ സിംഹഭാഗവും പോകുന്നത് റവന്യു ചെലവുകളിലേക്കാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് മൂലധന നിക്ഷേപങ്ങൾക്ക് പ്രത്യേകമായ ഗ്രാന്റ് അനുവദിക്കുന്നത് ഉചിതമായിരിക്കും. റവന്യു കമ്മി ഗ്രാന്റ് ഇവിടെ ഒരു പ്രധാനപ്പെട്ട പങ്ക് നിർവഹിക്കുന്നതായി കാണാം, പ്രത്യേകിച്ച് ധനപരമായ അസന്തുലിതാതാവസ്ഥ പരിഹരിക്കുന്ന കാര്യത്തിൽ. പക്ഷെ ഇത് സംസ്ഥാനങ്ങളുടെ ധനകാര്യത്തെ ബാധിക്കുന്ന ഘടനാപരമായ പ്രശ്നങ്ങൾക്ക് സുസ്ഥിരമായ ഉത്തരമല്ല എന്നത് കൂടി കാണേണ്ടതുണ്ട്.

**ഉപസംഹാരം**

പതിനാറാം ധനകാര്യ കമ്മീഷൻ അതിന്റെ പ്രവർത്തനവുമായി മുന്നോട്ട് പോകുമ്പോൾ ജനസംഖ്യാപരമായ പ്രശ്നങ്ങളിലും സംസ്ഥാനങ്ങളുടെ വിഹിതങ്ങൾ നിർണ്ണയിക്കുന്ന കാര്യത്തിലും സങ്കീർണമായ ചില പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടതായി വരുന്നുണ്ട്. ജനസംഖ്യ, വരുമാനത്തിലെ അന്തരം എന്നീ മാനദണ്ഡങ്ങൾ പുനഃപരിശോധിക്കുന്നതിലൂടെയും സംസ്ഥാനങ്ങളുടെ പ്രകടനം ആധാരമാക്കിയുള്ള പ്രോത്സാഹനം ഉൾപ്പെടുത്തുന്ന തിലൂടെയും കൂടുതൽ സമത്വവും സുസ്ഥിരതയും പ്രദാനം ചെയ്യുന്ന ഒരു ധനകാര്യ ഫെഡറൽ മോഡലിന് രൂപം നൽകുവാൻ കമ്മീഷന് കഴിയുന്നതാണ്. ഇത്തരത്തിലുള്ള ഒരു വിതരണ ഫോർമുല രൂപപ്പെടുന്നത്, സംസ്ഥാനങ്ങളുടെ സാമ്പത്തിക നിലയെ അനാരോഗ്യകരമായി ബാധിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുവാൻ സഹായകരമാണ്. പ്രത്യേകിച്ച് ജനസംഖ്യ പെരുപ്പം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ ഫലപ്രദമായി സ്വീകരിച്ച സംസ്ഥാനങ്ങളുടെ കാര്യത്തിൽ. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ വ്യത്യസ്ത ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന വിധത്തിലുള്ള ഒരു സമവാക്യം രൂപപ്പെടുന്നതായാൽ അത് സമതുലിതമായ വികസനത്തിന് ഒരു മുതൽക്കൂട്ടാകും. അതുവഴി കൂടുതൽ മികച്ച രീതിയിലുള്ള ഒരു വിഭവ വിതരണം സാധ്യമായാൽ അത് സംസ്ഥാനങ്ങളുടെ ചരിത്രപരവും സമകാലീനവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സഹായകരമാകും.

എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വികസനം സാധ്യമാകുന്നതിലും സഹകരണ ഫെഡറലിസത്തിന്റെ നിയമകമായ തത്വങ്ങൾ ഉയർത്തിപ്പിടിക്കുന്ന കാര്യത്തിലും ഇത്തരം കാതലായ പ്രശ്നങ്ങൾക്ക് പരിഹാരം തേടുക എന്നത് അതീവ പ്രാധാന്യമേറിയ ഒന്നാണ്. സമത്വധിഷ്ഠിതമായ വിധത്തിൽ വിഭവ വിതരണം ഉറപ്പാക്കുക എന്നതാണ് ധനകാര്യ കമ്മീഷന്റെ പ്രധാനപ്പെട്ട ദൗത്യം. അതിന് സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളും അവയുടെ വികസന രംഗത്തെ മുൻഗണനകളും പരിഗണിക്കുന്ന തന്ത്രം ഉരുത്തിരിയേണ്ടതുണ്ട്. ഏതായാലും വിഭവങ്ങൾ പങ്ക് വയ്ക്കുന്ന

കാര്യത്തിലുള്ള മാനദണ്ഡങ്ങൾ അടിയന്തിരമായി പുനഃപരിശോധിക്കേണ്ടതുണ്ട്. അത് ധനകാര്യ ഫെഡറൽ തത്വങ്ങൾക്കും ഓരോ സംസ്ഥാനത്തിന്റെയും പ്രത്യേകമായ ആവശ്യങ്ങൾക്കും അനുസൃതമായി വേണം. സംസ്ഥാനാന്തര അസന്തുലിതാവസ്ഥ പരിഹരിക്കുന്ന കാര്യത്തിൽ പ്രത്യേക ധനസഹായം വഴിയായുള്ള ഇടപെടൽ ആവശ്യമാണ്. ധനപരമായ ശേഷി, ചെലവിനങ്ങൾ, ഓരോ സംസ്ഥാനത്തെയും ചെലവുകളിലുള്ള വ്യത്യാസങ്ങൾ തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ചുകൊണ്ടുള്ള, കൂടുതൽ സമതുലിതവും ഒപ്പം തുല്യതയാർന്നതുമായ ഒരു അടിസ്ഥാന ഘടന വിഭവങ്ങൾ പങ്കുവയ്ക്കുന്ന കാര്യത്തിൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഓരോ വ്യക്തിയുടെയും അടിസ്ഥാന ആവശ്യങ്ങൾക്ക് കൂടി പരിഗണന നൽകുന്ന വിധത്തിലാകണം ഇത്തരം അഴിച്ചുപണി.

■

(കേരള സർക്കാരിന്റെ സാമ്പത്തിക വിഭാഗത്തി എച്ച് എസ് എസ് ടി ആയ ലേഖിക ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ മുൻ അസിസ്റ്റന്റ് പ്രഫസറുമാണ്)

## References

Bhattacharjee, G., and R. Bhattacharya. 2021. "Fifteenth Finance Commission Recommendations: An Appraisal." *Economic & Political Weekly* 56(41): 14-17.

Finance Commission of India. (2014). 14th Finance Commission: Report for 2015-20 - Volume I.

Finance Commission of India. (2020a). 15th Finance Commission: Report for 2021-26 - Volume I.

Finance Commission of India. (2020b). 15th Finance Commission: Report for 2021-26 - Volume II (Annexes).

Ministry of Finance, Government of India. (2024). Union Budget 2024-25. New Delhi: Government of India. Retrieved from https://www.indiabudget.gov.in

*കേരള ഇക്കോണമി*
*പുസ്തകം 6 ലക്കം 2*
*ഏപ്രിൽ – ജൂൺ 2025*

# ഇന്ത്യയിലെ ആരോഗ്യ , വിദ്യാഭ്യാസ മേഖലകളിലെ ചെലവുകളിൽ വന്ന മാറ്റവും രാഷ്ട്രീയ നിലപാടുകളും : ഒരു അവലോകനം

നവ്യ ജെയിംസ്, നിരഞ്ജന സുരേഷ്, ദേവനന്ദ എ. എസ്

**സംഗ്രഹം**

*ഒരു രാജ്യത്തിൻറെ പൊതുചെലവുകളിൽ സ്വാധീനം ചെലുത്തുന്ന നിരവധി ഘടകങ്ങളുണ്ട്. രാഷ്ട്രീയമായ നയസമീപനങ്ങൾ അതിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഒരു മേഖലക്ക് സർക്കാർ എത്രമാത്രം പ്രാധാന്യം നൽകുന്നുവോ അതിനനുസരിച്ചാണ് അതിന്റെ വളർച്ചയും വികസനവും എന്ന് പൊതുവെ പറയാം. 2009–10 സാമ്പത്തിക വർഷം മുതൽ 2023–24 വരെയുള്ള ഘട്ടത്തിൽ ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളെ രാഷ്ട്രീയമായ ഇടപെടലുകൾ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട് എന്നതിനെ കുറിച്ചുള്ള ഒരു പഠനമാണ് ഈ ലേഖനം. കേന്ദ്ര സർക്കാർ തലത്തിലുണ്ടായ രാഷ്ട്രീയമായ മാറ്റങ്ങൾ ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളെ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട് എന്നത് പഠനത്തിന്റെ പ്രധാന ഊന്നലാണ്. കഴിഞ്ഞ 15 വർഷത്തിനിടയിൽ ഈ മേഖലയിലുണ്ടായ വളർച്ചയെ രാഷ്ട്രീയ കാലാവസ്ഥയിലുണ്ടായ മാറ്റങ്ങൾ എങ്ങനെ സ്വാധീനിച്ചിട്ടുണ്ട് എന്നതിനെ കുറിച്ച് ഇതിൽ ചർച്ച ചെയ്യുന്നുണ്ട്. വിശദമായ അവലോകന രീതിയാണ് പഠനത്തിനായി ഉപയോഗിച്ചിട്ടുള്ളത്. ഇതിൽ നിന്നും വ്യക്തമാകുന്നത് ദേശീയ ജനാധിപത്യ മുന്നണിയുടെ (എൻ ഡി എ) രണ്ടു സർക്കാരുകളും ഐക്യ പുരോഗമന മുന്നണിയുടെ (യു പി എ) രണ്ടാം സർക്കാരും തമ്മിൽ ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ ചെലവഴിക്കലിന്റെ കാര്യത്തിൽ പ്രകടമായ വ്യത്യാസമുണ്ട് എന്നാണ്.*

**ആമുഖം**

പൊതുചെലവുകളുടെ കാര്യത്തിൽ നിരവധി ഘടകങ്ങൾ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നതായി കാണാം. രാജ്യത്തിന്റെ വരുമാനം, സാമ്പത്തിക സ്ഥിതി തുടങ്ങിയ കാര്യങ്ങൾക്കൊപ്പം തന്നെ രാഷ്ട്രീയമായ തീരുമാനങ്ങളും ഇതിൽ പ്രധാനമാണ്. ബജറ്റിലെ ചെലവിനങ്ങളെ പലപ്പോഴും രൂപപ്പെടുത്തുക രാഷ്ട്രീയമായ മുൻഗണനകളാണ്. ജനങ്ങൾക്ക് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ, രാഷ്ട്രീയ പാർട്ടികളുടെ ആശയപരമായ നിലപാടുകൾ, ഭരണപരമായ ലക്ഷ്യങ്ങൾ തുടങ്ങിയ പരിഗണനകളാണ് എത്രമാത്രം ഫണ്ട് ഓരോ മേഖലക്കും നീക്കിവയ്ക്കണം എന്നത് നിർണ്ണയിക്കുന്നത്. നികുതി വരുമാനം, കേന്ദ്ര –

സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള പങ്ക് വയ്ക്കൽ, കടമെടുക്കുന്നതിനുള്ള ശേഷി തുടങ്ങിയ കാര്യങ്ങൾ വരുമാനത്തെ നിർണ്ണയിക്കുന്നതിനൊപ്പം ചെലവുകൾ സംബന്ധിച്ച തീരുമാനങ്ങളെയും സ്വാധീനിക്കുന്നതായി കാണാം. വളർച്ച രംഗത്തെ പ്രവണതകൾ, പണപ്പെരുപ്പ നിരക്കുകൾ, അന്താരാഷ്ട്രതലത്തിലെ മാറ്റങ്ങൾ തുടങ്ങിയ പല സാമ്പത്തിക ഘടകങ്ങളും സർക്കാരിന്റെ ചെലവുകളെയും ധനനയത്തെയും കാര്യമായി സ്വാധീനിക്കുന്നു. ജനങ്ങളുടെ വികസനം, മൂലധന രൂപീകരണം തുടങ്ങിയ കാര്യങ്ങളിൽ സർക്കാർ ചെലവുകൾ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നു. വളർച്ചയുടെ കാര്യത്തിലും ഒപ്പം സാമ്പത്തിക അസമത്വം കുറയ്ക്കുന്ന കാര്യത്തിലും പൊതുചെലവുകൾക്ക് അതിന്റേതായ സ്വാധീനമുണ്ട്. വികസ്വര രാജ്യങ്ങളുടെ കാര്യത്തിൽ പൊതുചെലവുകൾ ഉയർത്തുന്ന തിനുള്ള സമ്മർദ്ദം ശക്തമാണ്. ജനസംഖ്യയിലെ വളർച്ച ഇതിന് വളരെ പ്രധാനപ്പെട്ട ഒരു കാരണമാണ് (എസ്. വി ശേഷയ്യ, 2018).

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് പുറമെ സാമ്പത്തിക പുരോഗതി ഉറപ്പാക്കുകയും തൊഴിൽ സാധ്യത ഉയർത്തുകയും ചെയ്യുന്ന രീതിയിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സർക്കാർ ചെലവഴിക്കൽ ആവശ്യമാണ്. സാമൂഹ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക എന്ന ലക്ഷ്യവും അതിനുണ്ട്. ഗവണ്മെന്റിന്റെ മുൻഗണനകൾ, ഭരിക്കുന്ന കക്ഷിയുടെ ആശയപരമായ നിലപാടുകൾ തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കുന്ന ഒരു കണ്ണാടി കൂടിയാണ് സർക്കാരിന്റെ ചെലവഴിക്കൽ. ഓരോ മേഖലയിലെയും പ്രശ്നങ്ങൾ വിവിധ സർക്കാരുകൾ കൈകാര്യം ചെയ്യുന്ന രീതി എങ്ങനെയാണെന്നതിനെ കുറിച്ചുള്ള വ്യക്തമായ ചിത്രം അത് നൽകുന്നു. അടിസ്ഥാന സൗകര്യ വികസനം, ജനങ്ങളുടെ ക്ഷേമം, രാജ്യരക്ഷ, സാമ്പത്തിക വളർച്ച തുടങ്ങിയ മേഖലകളിൽ സർക്കാരുകൾ നൽകുന്ന ഊന്നൽ അവയുടെ ചെലവഴിക്കുന്ന രീതിയിൽ നിന്നും വ്യക്തമാണ്.

സാമൂഹ്യ മേഖലയിൽ 2009–10 സാമ്പത്തിക വർഷം മുതൽ 2023 –24 വരെയുള്ള കാലയളവിലെ ചെലവഴിക്കലിനെ കുറിച്ചുള്ള ഒരു വിശകലനമാണ് ഈ പഠനം. ഈ കാലഘട്ടത്തിൽ യു പി എ യുടെ രണ്ടാം സർക്കാരും തുടർന്ന് എൻ ഡി എ യുടെ ഒന്നും രണ്ടും ഗവണ്മെന്റുകളുമാണ് കേന്ദ്രത്തിൽ ഭരണം കയ്യാളിയിരുന്നത്. സാമൂഹ്യ മേഖലയിൽ പ്രത്യേകിച്ച് ആരോഗ്യം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ ഈ മൂന്ന് ഗവണ്മെന്റുകളും നടത്തിയ ചെലവിനെ താരതമ്യം ചെയ്യുകയാണ്. രാജ്യത്തിൻറെ വളർച്ചക്കൊപ്പം ഈ മേഖലകളിൽ വളർച്ച ഉണ്ടായിട്ടുണ്ടോ എന്ന കാര്യവും ഇതിൽ പരിശോധിക്കുന്നു.

2008–09, 2023–24 എന്നീ സാമ്പത്തിക വർഷങ്ങൾക്കിടയിലെ സർക്കാർ ചെലവുകൾ പരിശോധിക്കുമ്പോൾ വിവിധ സർക്കാരുകളുടെ മുൻഗണനകളിൽ വന്നിട്ടുള്ള മാറ്റങ്ങൾ വ്യക്തമാകുന്നുണ്ട്. പ്രതിരോധം, സുരക്ഷ, കൃഷി, ആരോഗ്യം, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ കാര്യങ്ങൾക്കാണ് പൊതുഫണ്ടുകൾ കാര്യമായി ഉപയോഗിച്ചിരിക്കുന്നത് എന്ന് കാണാൻ കഴിയും. ഇക്കാലയളവിൽ നോട്ട് നിരോധനം, ജി എസ് ടി നടപ്പാക്കൽ തുടങ്ങിയ നിരവധി വെല്ലുവിളികൾ നേരിടേണ്ടതായി വന്നിട്ടുണ്ട്.

2004 മുതൽ 2013 വരെയുള്ള യു പി എ ഭരണകാലത്ത് ഇന്ത്യ സാമ്പത്തിക രംഗത്ത് വലിയ നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി. വാർഷിക വളർച്ചാ നിരക്ക് 7.74 ശതമാനമായി ഉയർന്നു. എൻ ഡി എ ഭരണകാലത്ത് ജി ഡി പി വളർച്ചാ നിരക്ക് 5.57 ശതമാനമെന്ന ശരാശരി

തോതിലെത്തി. 2004 നും 2013 നുമിടയിൽ ആഗോള വളർച്ചാ നിരക്ക് നാലു ശതമാനമായിരുന്നു. 2014 നും 2023 നുമിടയിൽ അത് 3 ശതമാനമായി കുറഞ്ഞു. യു പി എ, എൻ ഡി എ സർക്കാരുകളുടെ കാലത്ത് ഇന്ത്യൻ സമ്പദ്വ്യവസ്ഥ മെച്ചപ്പെട്ട പ്രകടനമാണ് കാഴ്ച വച്ചതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

2000–01 ൽ യൂണിയൻ സർക്കാരിന്റെ ചെലവുകൾ ജി ഡി പി യുടെ 11 ശതമാനമായിരുന്നെങ്കിൽ 2009–10 ൽ അത് 12.4 ശതമാനമായി ഉയർന്നു. എന്നാൽ 2015–16 സാമ്പത്തിക വർഷത്തിൽ ഇത് 10.6 ശതമാനം എന്ന തോതിലേക്ക് താഴ്ന്നു. 2008–09 നു ശേഷം റവന്യൂ ചെലവുകൾ കുത്തനെ ഉയർന്നതായി കാണാം. സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ ഉണ്ടായ വർധനയാണ് ഇതിന് കാരണം. അതുപോലെ കാർഷിക കടങ്ങൾ എഴുതി തള്ളിയതും 200 ജില്ലകളിൽ മാത്രമുണ്ടായിരുന്ന ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി രാജ്യം മുഴുവൻ വ്യാപിപ്പിച്ചതും ഇതിന് കാരണമായി. ഈ സാഹചര്യത്തിലാണ് വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലെ ചെലവുകളുടെ കാര്യം പഠന വിധേയമാക്കുന്നത് കൂടുതൽ പ്രസക്തമാകുന്നത്.

**2. അനുബന്ധ പഠനങ്ങൾ**

ഒരു രാജ്യത്തിൻറെ സാമ്പത്തിക വളർച്ചയും ഗവണ്മെന്റിന്റെ ചെലവഴിക്കലും തമ്മിലുള്ള ബന്ധം ഗൗരവപൂർണമായ ചർച്ചകൾക്ക് വിഷയീഭവിച്ചിട്ടുള്ള ഒരു വിഷയമാണ്. പൊതുചെലവുകൾ സാമ്പത്തിക ചലനങ്ങളെ സ്വാധീനിക്കുന്നു. അത് വരുമാന വിതരണത്തിലെ താളം നിലനിർത്തുന്നതിന് സഹായകവും ഘടനാപരമായ മാറ്റത്തെ സ്വാധീനിക്കുന്നതുമാണ്. ഇന്ത്യൻ സാഹചര്യത്തിൽ ഇത്തരത്തിലുള്ള ബന്ധത്തെ കുറിച്ച് നിരവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. അവയുടെ ഫലങ്ങൾ സമ്മിശ്രമായ റിസൾട്ടുകളാണ് അവതരിപ്പിച്ചിട്ടുള്ളത്.

ഇന്ത്യയുടെ വളർച്ചയുടെ പാതയിൽ നിരവധി തടസങ്ങൾ ഉണ്ടായിട്ടുണ്ട്. സെൻ (2014) പറയുന്നത് സുസ്ഥിരമായ വികസനം എന്നത് വികസ്വര രാജ്യങ്ങളിൽ കാണാൻ കഴിയാത്ത ഒന്നാണ് എന്നാണ്. ഇന്ത്യയുടെ കാര്യമെടുത്താൽ വളർച്ചയിൽ ഉണ്ടായ മുന്നേറ്റം 2010 ഓടെ ഏതാണ്ട് അവസാനിക്കുന്നതായി കാണാം. വ്യാപകമായ അഴിമതി ഇതിന് ഒരു പ്രധാന കാരണമായി മാറി. ഒരു രാജ്യത്തിൻറെ വികസനത്തിലും വളർച്ചയിലും പൊതുചെലവുകൾക്ക് നിർണ്ണായകമായ പങ്കുണ്ട്. സർക്കാർ എത്രമാത്രം ചെലവഴിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് വളർച്ചയിൽ മാറ്റം പ്രകടമാകുന്നത്. ചെലവഴിക്കുന്ന പണത്തിന് ഏറ്റവും മികച്ച ഫലം ഉളവാക്കാൻ കഴിയുന്ന തരത്തിലുള്ള ഘടനാപരമായ സംവിധാനവും ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് (ഫെവറോ, ലാഹിരി–2006). മൊത്തം പൊതുചെലവുകൾ ജി ഡി പിയുടെ കാര്യത്തിൽ ദീർഘകാലാടിസ്ഥാനത്തിൽ പോസിറ്റീവായ ഫലമുളവാക്കുന്നു എന്നാണ് ഗംഗാൾ, ഗുപ്ത (2013) എന്നിവർ അഭിപ്രായപ്പെടുന്നത്. എന്നാൽ പലപ്പോഴും സങ്കീർണ്ണമായ ഫലങ്ങളാണ് നൽകുന്നതെന്ന് കാണാം. ഉദാഹരണത്തിന്, ജി ഡി പിയിൽ മൊത്തം പൊതുചെലവുകളുടെ പങ്കും പ്രതിശീർഷ ജി ഡി പിയിൽ ഉണ്ടാകുന്ന വളർച്ചയും പരിഗണിക്കുമ്പോൾ നെഗറ്റീവാണ് ഫലം (ദേവരാജൻ–1996). ഗവണ്മെന്റിന്റെ ഉയർന്ന ചെലവുകൾ സാമൂഹ്യവും വികസനപരവുമായ രംഗങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് സഹായകമായിട്ടുണ്ടെന്നാണ് ഗുലാത്തി (1961) അഭിപ്രായപ്പെടുന്നത്.

ഇന്ത്യയിൽ പൊതുചെലവുകളെ സ്വാധീനിക്കുന്ന നിരവധിയായ ഘടകങ്ങൾ കാണാം. മുരളീധരൻ (2024) അഭിപ്രായപ്പെടുന്നത്, ഇന്ത്യയുടെ പൊതുധനകാര്യ രംഗം നേരിടുന്ന പ്രധാന വെല്ലുവിളി വിഭവശേഷിയുടെ കുറവല്ല, മറിച്ച് ചെലവഴിക്കലിന്റെ ഫലപ്രാപ്തിയാണ് എന്നാണ്. അതുകൊണ്ട് അദ്ദേഹം പറയുന്നത്, ബജറ്റ് വകയിരുത്തൽ ഉയർത്തുകയല്ല ചെലവഴിക്കുന്നതിന്റെ ഗുണമേന്മ ഉയർത്തുകയാണ് വേണ്ടത് എന്നാണ്. പൊതു ചെലവുകളുടെ ഏതാണ്ട് 50 ശതമാനവും പോകുന്നത് ശമ്പളം, പെൻഷൻ, പലിശ തുടങ്ങിയ ചെലവുകൾക്ക് വേണ്ടിയാണ്. നിർബന്ധമായും വേണ്ടി വരുന്ന ഇത്തരം ചെലവുകൾ മറ്റു ചെലവുകൾക്ക് ആവശ്യമായി വരുന്ന ഫണ്ടിൽ കുറവ് വരുത്തുന്നു. അതുകൊണ്ട് ഇന്ത്യൻ സാഹചര്യത്തിൽ കൂടുതലായി കണ്ട് വരുന്നത് ചെലവുകൾ വരുമാനത്തെ അധികരിക്കുന്ന പ്രവണതയാണ്. കടമെടുക്കുക വഴിയാണ് ഈ പ്രതിസന്ധി പരിഹരിക്കുന്നത്. ഇന്ത്യയിൽ പൊതുധനകാര്യത്തെ രാഷ്ട്രീയ ആശയങ്ങളും നിലപാടുകളും അടക്കമുള്ള നിരവധി ഘടകങ്ങൾ സ്വാധീനിക്കുന്നതായി കാണാം.

**3. വിശദമായ വിശകലനം**

2009–10 സാമ്പത്തിക വർഷം മുതൽ 2023–24 വരെയുള്ള സാമൂഹ്യ മേഖലകളിലെ സർക്കാർ ചെലവഴിക്കലിന്റെ സ്ഥിതി ഈ ഭാഗത്ത് ലഭ്യമാകുന്നതാണ്. ആരോഗ്യം, വിദ്യാഭ്യാസം അടക്കമുള്ള മേഖലകളിൽ തുടർച്ചയായി വന്ന സർക്കാരുകൾ നടത്തിയ വകയിരുത്തലുകൾ ഇവിടെ കാണാം. ഇക്കാര്യത്തിൽ മാറി മാറി വരുന്ന സർക്കാരുകളുടെ താല്പര്യങ്ങൾ പ്രതിഫലിക്കുന്നുണ്ട്. സാമൂഹ്യമായ മേഖലകളിൽ ഇത്തരം സ്വാധീനം ഉണ്ടായിട്ടുണ്ട് എന്നത് മനസിലാക്കുവാൻ യു പി എ സർക്കാരിന്റെയും എൻ ഡി എ യുടെ നേതൃത്വത്തിലുള്ള ഒന്ന്, രണ്ട് സർക്കാരുകളുടെയും ചെലവുകൾ താരതമ്യം ചെയ്യേണ്ടത് ആവശ്യമാണ്.

**രേഖാചിത്രം**



സാമൂഹ്യ മേഖല, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ രംഗങ്ങളിലെ 2009-10 മുതൽ 2023-24 വരെയുള്ള ചെലവുകളുടെ ട്രെൻഡ് രേഖാചിത്രത്തിൽ നൽകിയിട്ടുള്ള വിവരങ്ങളിൽ നിന്നും മനസിലാക്കാം. പൊതുവെ നോക്കുമ്പോൾ ഇക്കാലയളവിൽ ചെലവുകളിൽ ഉയർച്ച കാണാവുന്നതാണ്. ചില വർഷങ്ങളിൽ മാറ്റമുണ്ടായിട്ടുണ്ട് എന്നത് വസ്തുതയാണ്. ജനങ്ങളുടെ ക്ഷേമവുമായി ബന്ധപ്പെട്ട ഇനങ്ങളാണ് സാമൂഹ്യക്ഷേമ മേഖലയിൽ ഉൾപ്പെടുന്നത്. പാവപ്പെട്ടവർക്കും അരികുവൽക്കരിക്കപ്പെടുന്നവർക്കുമാണ് ഇത്തരം പദ്ധതികളുടെ ഗുണം ലഭിക്കുന്നത്. ഇക്കാര്യത്തിൽ വർധനയുണ്ടായി എന്നാണ് ഔദ്യോഗിക കണക്കുകളിൽ നിന്നും വ്യക്തമാകുന്നത്. 2009-10 സാമ്പത്തിക വർഷത്തിൽ 128384.10 കോടി രൂപയാണ് ഇതിനായി ചെലവഴിച്ചതെങ്കിൽ 2023-24 ൽ അത് 238202.28 കോടി രൂപയായി വർധിച്ചു. കോവിഡ് മഹാമാരി മൂലം 2021-22 സാമ്പത്തിക വർഷത്തിൽ ഇത് 254696.87 കോടി രൂപയായി ഉയർന്നു. 2019-20 സാമ്പത്തിക വർഷത്തിന് ശേഷം ഉണ്ടായ മുന്നേറ്റം, കോവിഡും അനുബന്ധ പ്രതിസന്ധിയും മൂലമാണ് സംജാതമായത്.

എന്നിരുന്നാലും 2012-13, 2014-15, 2015-16 എന്നീ വർഷങ്ങളിൽ കാര്യമായ ഇടിവും ദൃശ്യമാണ്. 2012-13 ൽ ഇത് 115710 കോടി രൂപയായും 2014-15 ൽ കേവലം 66137.94 കോടിയായും താഴ്ന്നതായി കാണാം.

**വിഭ്യാഭ്യാസ മേഖല**

വിദ്യാഭ്യാസ മേഖലക്കുള്ള (പൊതുവിദ്യാഭ്യാസം) ചെലവുകൾ പടി പടിയായി ഉയരുന്നതായി കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. 2009-10 ൽ 34757.25 കോടി രൂപയായിരുന്ന ചെലവ് 2023-24 ൽ 55215.06 കോടി രൂപയായി വർധിച്ചു. 2009-10 മുതൽ 2013-14 വരെ വിദ്യാഭ്യാസത്തിനായുള്ള ചെലവുകൾ ക്രമമായി ഉയരുകയും 64839.84 കോടി രൂപ എന്ന ഏറ്റവും ഉയർന്ന തോതിലെത്തുകയും ചെയ്തു. എന്നാൽ തൊട്ടടുത്ത സാമ്പത്തിക വർഷത്തിൽ ഇത് 20354.15 കോടി രൂപയായി താഴുകയും ചെയ്തു. യു പി എ ഭരണകാലത്താണ് ഈ വർദ്ധനയുണ്ടായതെന്ന് കാണാം. എൻ ഡി എ സർക്കാർ അധികാരത്തിലെത്തിയ 2014-15 ൽ വിദ്യാഭ്യാസത്തിനായുള്ള ചെലവുകൾ വെട്ടിക്കുറച്ചു. ധനക്കമ്മി കുറയ്ക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് സാമൂഹ്യ മേഖലകൾക്കുള്ള ചെലവുകൾ കുറയ്ക്കുക എന്ന സർക്കാരിന്റെ നയത്തിന്റെ ഭാഗമായിട്ടായിരുന്നു ഈ നടപടി. എന്നാൽ 2015-16 മുതൽ 2018-19 വരെ ഈ മേഖലക്കായുള്ള ചെലവുകൾ ക്രമമായി ഉയർന്നു. 2023-24 സാമ്പത്തിക വർഷത്തിൽ വിദ്യാഭ്യാസ മേഖലക്കുള്ള ചെലവുകൾ ആദ്യമായി 50000 കോടി രൂപ മറി കടക്കുകയും ചെയ്തു.

2020 ൽ പ്രഖ്യാപിക്കപ്പെട്ട ദേശീയ വിദ്യാഭ്യാസ നയം (എൻ ഇ പി) രാജ്യത്തിൻറെ വിദ്യാഭ്യാസ മേഖലയിലെ ചെലവുകളിൽ കാര്യമായ മാറ്റം കൊണ്ടുവന്നു. വിദ്യാഭ്യാസ മേഖലയിൽ നിക്ഷേപം കുത്തനെ ഉയർന്നു. പ്രത്യേകിച്ച് സാക്ഷരതാ പ്രവർത്തനങ്ങൾ, ഡിജിറ്റൽ വിദ്യാഭ്യാസം, വൊക്കേഷണൽ പരിശീലനം തുടങ്ങിയ രംഗങ്ങളിൽ. ഇതുമൂലം പൊതുവിദ്യാഭ്യാസത്തിനായുള്ള ചെലവുകൾ ജി ഡി പിയുടെ 4.4 ശതമാനത്തിൽ നിന്ന് 6 ശതമാനമായി ഉയർന്നു. വിദ്യാഭ്യാസത്തിനായുള്ള ബജറ്റ് ചെലവുകൾ പരിശോധിക്കുമ്പോൾ 2018-19 മുതൽ 2020-21 വരെയുള്ള കാലയളവിൽ അത് ജി ഡി പിയുടെ 4.64 ശതമാനം എന്ന നിലയിലേക്ക് ഉയർന്നതായി കാണാം. ഉന്നത വിദ്യാഭ്യാസ വകുപ്പിന് 50077.95 കോടി രൂപ വകയിരുത്തുകയുണ്ടായി. പി എം സ്കൂൾസ് ഫോർ റൈസിംഗ് ഇന്ത്യ (പി എം ശ്രീ) എന്ന പദ്ധതിക്കുള്ള വിഹിതം 1450 കോടി രൂപ കണ്ട് വർധിപ്പിച്ചു.

യു പി എ ഗവണ്മെന്റിന്റെ ഘട്ടത്തിൽ വിദ്യാഭ്യാസത്തിനും ആ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും വലിയ തോതിൽ തുക ചെലവഴിക്കുകയുണ്ടായി. മോദി ഭരണത്തിൽ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ, നൈപുണ്യ വികസനം, ഡിജിറ്റൽ വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലാണ് കൂടുതൽ ഊന്നൽ നൽകിയത്. ഇരു സർക്കാരുകളും വിദ്യാഭ്യാസ മേഖലയിൽ ജി ഡി പിയുടെ ഏറെക്കുറെ സമാനമായ അനുപാതമാണ് അനുവദിച്ചതെന്ന് കാണാം. ശരാശരി ചെലവുകൾ കണക്കാക്കുമ്പോൾ യു പി എ ഗവണ്മെന്റ് അല്പം മുന്നിലാണ്. എന്നാൽ എൻ ഡി എ സർക്കാർ ഗുണമേന്മക്കും നൈപുണ്യ വികസനത്തിനുമാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത്.

**ആരോഗ്യ മേഖല**

ആരോഗ്യ മേഖലക്കുള്ള ചെലവുകൾ കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടയിൽ കാര്യമായി ഉയർന്നിട്ടുണ്ട്. 2009–10 സാമ്പത്തിക വർഷത്തിൽ 8220 .99 കോടി രൂപയായിരുന്ന ഇത് 2023–24 ൽ 37231.56 കോടി രൂപയായി വർധിച്ചിട്ടുണ്ട്. ഏറ്റവും ശ്രദ്ധേയമായ കുതിപ്പ് കണ്ടത് 2021–22 ലാണ്, 68526.76 കോടി രൂപ. അതിന് മുൻപത്തെ വർഷത്തേക്കാൾ ഇരട്ടിയോളം. കോവിഡ് കാലത്തെ പ്രതിരോധ കുത്തിവയ്പ്പ്, ആശുപത്രികളുടെ വികസനം, പൊതുആരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങളാണ് ഈ വർധിച്ച ചെലവുകൾക്ക് നിദാനമായത്. തുടർന്നുള്ള വർഷങ്ങളിൽ ഇത് കുറഞ്ഞുവെങ്കിലും കോവിഡിന് മുൻപുള്ള വർഷങ്ങളേക്കാൾ കാര്യമായ വർധന കാണാവുന്നതാണ്. പൊതുആരോഗ്യ മേഖലയുടെ പ്രാധാന്യം മനസിലാക്കിയുള്ള ഒരു നീക്കമായിരുന്നു ഇതെന്ന് വിലയിരുത്താം.

സാമ്പത്തിക സർവേ പറയുന്നത് കോവിഡ് മൂലം സാമൂഹ്യ സുരക്ഷാ മേഖലകൾക്ക് കാര്യമായ ക്ഷതം സംഭവിച്ചുവെങ്കിലും ഏറ്റവും കനത്ത തിരിച്ചടിയുണ്ടായത് ആരോഗ്യ മേഖലയിലാണ് എന്നാണ്. 2021–22 ൽ ആരോഗ്യ രംഗത്തെ ചെലവുകളിൽ വലിയ മുന്നേറ്റം കാണാം. ഇക്കാലയളവിൽ ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് മാത്രമായി 223846 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാസ്ട്രക്ച്ചർ മിഷന് (പി എം–അഭീം) 64180 കോടി രൂപ അനുവദിച്ചു. നഗര, ഗ്രാമീണ മേഖലകളിൽ ആരോഗ്യ സെന്ററുകളും മറ്റും തുറന്നത് ഇതിന്റെ ഭാഗമായിട്ടാണ്. നാഷണൽ ഇൻസ്റ്റിട്യൂട്ട് ഫോർ വൈറോളജി, നാഷണൽ ഇൻസ്റ്റിട്യൂട്ട് ഫോർ വൺ ഹെൽത്, എമർജൻസി ഓപ്പറേഷൻ സെന്ററുകൾ, സഞ്ചരിക്കുന്ന ആശുപത്രികൾ തുടങ്ങിയവ ഇതിന്റെ ഭാഗമാണ്. കോവിഡ് പ്രതിരോധ കുത്തിവയ്പ്പിന് 35000 കോടി രൂപയും അനുവദിക്കുകയുണ്ടായി.

ആഗോളതലത്തിൽ കോവിഡ് മഹാമാരിയെ തുടർന്നുണ്ടായ കനത്ത സാമ്പത്തിക പ്രതിസന്ധി രണ്ടാം എൻ ഡി എ സർക്കാരിനെ കാര്യമായി ഉലയ്ക്കുകയുണ്ടായി. ഒന്നാം എൻ ഡി എ ഭരണകാലത്ത് തന്നെ നോട്ട് നിരോധനം, ജി എസ് ടി നടപ്പാക്കൽ തുടങ്ങിയ കാരണങ്ങളാൽ സാമ്പത്തിക രംഗത്ത് ഒരു മാന്ദ്യം ഉടലെടുത്തിരുന്നു. യു പി എ സർക്കാരും ആഗോളതലത്തിലുണ്ടായ സാമ്പത്തിക പ്രതിസന്ധി മൂലം വലിയ വൈതരണിയാണ് നേരിട്ടത്.

**4. മൊത്തം ചെലവുകൾ ജി ഡി പിയുടെ അനുപാതം എന്ന നിലയിൽ**

യു പി എ ഭരണകാലത്ത് 2009–10 നും 2013–14 നുമിടയിൽ മൊത്തം ചെലവഴിക്കൽ ജി ഡി പിയുടെ 13.39 ശതമാനത്തിൽ നിന്ന് 15.91 ശതമാനമായി ഉയർന്നു. 2008 ൽ ഉണ്ടായ ആഗോള

സാമ്പത്തിക പ്രതിസന്ധി തുടർന്നുള്ള വർഷങ്ങളിൽ സാമ്പത്തിക ഉത്തേജക പാക്കേജുകൾ പ്രഖ്യാപിക്കുന്നതിന് കാരണമായി. രണ്ടാം യു പി എ ഭരണത്തിന്റെ ആദ്യഘട്ടത്തിൽ വരുമാനം പരിഗണിക്കാതെ ചെലവുകൾ കുത്തനെ ഉയർന്ന സാഹചര്യത്തിൽ ധനക്കമ്മി ഉയരുന്ന സ്ഥിതിയുണ്ടായി. എന്നാൽ ഇത്തരത്തിൽ ചെലവുകളിൽ വമ്പിച്ച വർദ്ധനയുണ്ടാകാൻ കാരണമായത് 2008 ലെ ആഗോള സാമ്പത്തിക പ്രതിസന്ധിയാണ്.

സാമ്പത്തിക അച്ചടക്കം എന്നതിന് പ്രാധാന്യം നൽകിയായിരുന്നു എൻ ഡി എ ഗവണ്മെന്റിന്റെ വരവ്. എന്നാൽ കോവിഡ് മഹാമാരി കാര്യങ്ങൾ തകിടം മറിക്കുകയും ചെലവുകൾ കുത്തനെ ഉയരുകയും ചെയ്തു. ധനക്കമ്മി കാര്യമായി ഉയരുന്നതിന് ഇത് ഇടയാക്കി. 2014–15 സാമ്പത്തിക വർഷത്തിനും 2018–19 നുമിടയിൽ ജി ഡി പിയുടെ അനുപാതം എന്ന നിലയിൽ മൊത്തം ചെലവുകൾ 15.75 ശതമാനത്തിനും 16.54 ശതമാനത്തിനും ഇടയിലായിരുന്നു. സബ്സിഡി ചെലവുകൾ 58 ശതമാനം കണ്ട് വർധിച്ചു. 2013–14 വർഷത്തിൽ 2.55 ലക്ഷം കോടി രൂപയായിരുന്ന സബ്സിഡി ചെലവുകൾ 2023–24 സാമ്പത്തിക വർഷത്തിൽ 4.03 ലക്ഷം കൂടിയായി ഉയർന്നു. കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ പ്രഖ്യാപിച്ച ധന ഉത്തേജക പാക്കേജുകൾ രാജ്യത്തിൻറെ ചെലവുകൾ ആകെ മാറ്റി മറിക്കുന്നതായി മാറി. സാമൂഹ്യ സുരക്ഷ, സാമ്പത്തിക മേഖലകളുടെ തിരിച്ചുവരവ് തുടങ്ങിയ കാര്യങ്ങൾക്ക് കൂടുതൽ ഉത്തേജനം നൽകേണ്ടി വന്നത് ചെലവുകൾ ഉയരുന്നതിന് ആക്കം വർധിപ്പിച്ചു. പ്രധാനമന്ത്രി ഗരീബ് കല്യാൺ യോജന (പി എം ജി കെ വൈ) പദ്ധതി വഴിയായി 1.75 ലക്ഷം കോടി രൂപ ചെലവഴിക്കുകയുണ്ടായി (ജി ഡി പിയുടെ 0.8 ശതമാനം). നേരിട്ടുള്ള സഹായങ്ങൾ, സൗജന്യ ഭക്ഷ്യധാന്യ വിതരണം, തൊഴിൽ ലഭ്യമാക്കൽ തുടങ്ങിയ കാര്യങ്ങൾക്കായാണ് ഈ പദ്ധതിയിൽ കൂടുതൽ തുക ചെലവഴിക്കപ്പെട്ടത്.

ഇത് മൊത്തം ചെലവുകൾ കുത്തനെ വർധിക്കുന്നതിന് കാരണമായി. ഏതാണ്ട് 20 ലക്ഷം കോടി രൂപയുടെ മൊത്തം അടങ്കൽ വരുന്ന 'ആത്മനിർഭർ ഭാരത് അഭിയാൻ' എന്ന പദ്ധതി കൂടി പ്രഖ്യാപിക്കപ്പെട്ടതോടെ ചെലവുകൾ കാര്യമായി വർധിച്ചു. കൃഷി, ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭങ്ങൾ, അടിസ്ഥാന സൗകര്യം, വായ്പ അനുവദിക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായുള്ള നീക്കിവയ്ക്കൽ കാര്യമായി ഉയർന്നു. 2020–21 സാമ്പത്തിക വർഷം ഒഴിച്ച് നിർത്തിയാൽ മോദി ഭരണത്തിന് കീഴിൽ സബ്സിഡി ഇനത്തിലുള്ള ചെലവുകൾ കുറയുന്നതായി കാണാം. മൊത്തം ചെലവിന്റെ ഭാഗം എന്ന നിലയിൽ നോക്കിയാൽ സബ്സിഡി ഇനത്തിലുള്ള ചെലവുകൾ കുറയുന്ന പ്രവണതയാണ് പ്രകടമാക്കിയത്. നോട്ട് നിരോധനം സാമ്പത്തിക മേഖലയിൽ 1.27 ലക്ഷം കോടി രൂപയുടെ അധിക ചെലവുകൾക്ക് കാരണമായി മാറിയിട്ടുണ്ട്. ജി ഡി പിയിൽ ഉണ്ടായ വളർച്ചയുടെ ശരാശരി കുറവ് 0.63 ശതമാനം എന്ന് കണക്കാക്കിയാൽ മൊത്തം ജി ഡി പിയിൽ 1.1 ലക്ഷം കോടി രൂപയുടെ ഇടിവിന് ഇത് കാരണമായി മാറിയിട്ടുണ്ട്. ജി ഡി പിയുടെ തോത് 2.5 ട്രില്യൺ ഡോളർ ആണെന്നും, ഡോളർ–രൂപ വിനിമയ നിരക്ക് 70 രൂപ എന്നും കണക്കാകുമ്പോഴാണ് ഇത്. കറൻസി പിൻവലിക്കൽ പ്രക്രിയ നടപ്പാക്കുന്നതിന് മാത്രം 17000 കോടി രൂപയുടെ അധിക ചെലവ് ഉണ്ടായതായി നമുക്ക് കാണാം.

### 5. സാമൂഹ്യക്ഷേമ ചെലവുകൾ ജി ഡി പിയുടെ അനുപാതം എന്ന നിലയിൽ

2009–10 മുതൽ 2013–14 വരെയുള്ള യു പി എ ഭരണകാലത്ത് സാമൂഹ്യ സുരക്ഷാ രംഗത്ത് ഉണ്ടായ ചെലവുകൾ ജി ഡി പിയുടെ അനുപാതം എന്ന നിലയിൽ പരിശോധിക്കുമ്പോൾ

താരതമ്യേന സ്ഥിരത പുലർത്തുന്നതായി കാണാം. ദേശീയ പൊതു മിനിമം പരിപാടിയുടെ (എൻ സി എം പി) അടിസ്ഥാനത്തിൽ യു പി എ സർക്കാർ, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ നിരവധി ജനകീയ പദ്ധതികൾ നടപ്പാകുകയുണ്ടായി. സർവശിക്ഷാ അഭിയാൻ എന്ന പദ്ധതിക്ക് വേണ്ടിയുള്ള പ്രത്യേക വിദ്യാഭ്യാസ സെസ്സ്, കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പരിപാടി, ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ തുടങ്ങിയവ അത്തരത്തിലുള്ള ചില പദ്ധതികളാണ്. 2011-12 സാമ്പത്തിക വർഷത്തിൽ ഇത്തരത്തിലുള്ള സുപ്രധാന പദ്ധതികൾക്കായി 126312 കോടി രൂപയാണ് നീക്കിവച്ചത്. ഇതിൽ ഏറ്റവും കൂടുതൽ തുക വിനിയോഗിച്ചത് പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന (പി എം ജി എസ് വൈ), സർവശിക്ഷാ അഭിയാൻ (എസ് എസ് എ) എന്നീ പദ്ധതികൾക്കാണ്.

എൻ ഡി എ സർക്കാരിന്റെ ആദ്യ ഘട്ടത്തിൽ സാമൂഹ്യക്ഷേമ പദ്ധതികൾക്കായുള്ള ചെലവഴിക്കൽ ജി ഡി പിയുടെ അനുപാതം എന്ന നിലയിൽ പരിഗണിക്കുമ്പോൾ ഇടിയുന്നതായി വ്യക്തമാണ്. യു പി എ സർക്കാരിന്റെ ഘട്ടത്തിൽ ഇത് ജി ഡി പിയുടെ 1.25 ശതമാനത്തിനും 1.95 ശതമാനത്തിനും ഇടയിലായിരുന്നു. എന്നാൽ എൻ ഡി എ മുന്നണി അധികാരത്തിൽ വന്നപ്പോൾ ഇത് ഒരു ശതമാനത്തിൽ താഴെയായി. ഈ സർക്കാരിന്റെ ആദ്യ വർഷത്തിൽ തന്നെ ഈ അനുപാതം 1.78 ശതമാനത്തിൽ നിന്ന് 0.60 ശതമാനമായി കുറഞ്ഞു. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ ഇത് 0.72 ശതമാനമായി കൂടി. ഇൻഷുറൻസ്, റിയൽ എസ്റ്റേറ്റ്, ബിസിനസ്, ഫിനൻസ് വിപണി തുടങ്ങിയ മേഖലകളിലാണ് സർക്കാരിന്റെ ഭാഗത്ത് നിന്നും കൂടുതൽ മുതൽമുടക്ക് ഉണ്ടായത്. തുടർന്നുള്ള വർഷങ്ങളിൽ സാമൂഹ്യക്ഷേമ പദ്ധതികൾക്കായുള്ള ചെലവഴിക്കൽ കാര്യമായ മാറ്റമില്ലാതെ തുടർന്നു. 2014-15 മുതൽ 2018-19 വരെയുള്ള കാലഘട്ടത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിക്കുള്ള വിഹിതം കൂടി വരുന്നതായി കാണാം. 37588 കോടി രൂപയിൽ നിന്ന് 58404 കോടി രൂപയായി ഉയർന്നു. 2017-18 ൽ ഇത് 63646 കോടി രൂപയായി വർധിച്ചു. 2015-16, 2016-17 എന്നീ വർഷങ്ങളിൽ ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ തുക ഇതിനായി ചെലവഴിക്കുകയുണ്ടായി. പദ്ധതിക്ക് കീഴിൽ കൂടുതൽ പേർ തൊഴിലെടുക്കാൻ തയാറായി വന്നതാണ് ഇതിന് കാരണം. തുടർന്നുള്ള വർഷങ്ങളിൽ നേർവിപരീതമാണ് സംഭവിച്ചത്. ദാരിദ്ര്യ നിർമ്മാർജനം അടക്കമുള്ള കാര്യങ്ങൾ പദ്ധതിയുടെ ലക്ഷ്യങ്ങളായിരുന്നെങ്കിൽ അവ നേടുന്ന കാര്യത്തിൽ പരാജയം സംഭവിക്കുകയായിരുന്നു. പല കാരണങ്ങൾ അതിന് പിന്നിലുണ്ട്. ഫണ്ടിന്റെ അപര്യാപ്തത, അഴിമതി, കൂലി വിതരണത്തിലെ അപാകതകൾ തുടങ്ങിയവ അവയിൽ ചിലത് മാത്രമാണ്.

എൻ ഡി എ യുടെ രണ്ടാം വരവിൽ, അതായത് 2019-20 മുതൽ 2023-24 വരെയുള്ള ഘട്ടത്തിൽ, സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള ചെലവുകൾ ജി ഡി പിയുടെ അനുപാതം എന്ന നിലയിൽ പരിഗണിക്കുമ്പോൾ കൂടിയതായി കാണാം. എന്നാൽ യു പി എ സർക്കാരിനേക്കാൾ കുറവായിരുന്നു ഇത് എന്നതാണ് വസ്തുത. 2019-20 മുതൽ സാമൂഹ്യക്ഷേമ പദ്ധതികൾക്കായുള്ള ചെലവുകൾ കൂടുന്നതായി കാണാം. ജലജീവൻ മിഷൻ, അടൽ വയോ അഭ്യുദയ യോജന (എ വി വൈ എ വൈ), കുട്ടികൾക്കുള്ള ഗുരുകുല വിദ്യാഭ്യാസ സംമ്പ്രദായമായ ശ്രേഷ്ഠ തുടങ്ങിയ പദ്ധതികൾ വഴിയായി 2023-24 ൽ സാമൂഹ്യക്ഷേമ മേഖലയിലെ ചെലവുകൾ ജി ഡി പിയുടെ 1.3 ശതമാനമായി ഉയർന്നു. രണ്ടാം എൻ ഡി എ സർക്കാരിന്റെ കാലത്ത് സാമൂഹ്യക്ഷേമ മേഖലയിൽ കാര്യമായ ഉണർവ് പ്രകടമാണ്.

**6. സാമൂഹ്യക്ഷേമ ചെലവുകൾ മൊത്തം ചെലവിന്റെ ഭാഗം എന്ന നിലയിൽ**

കോൺഗ്രസ്സ് നേതൃത്വം നൽകിയ രണ്ടാം യു പി എ സർക്കാർ (2009–10 മുതൽ 2013–14 വരെ) സാമൂഹ്യക്ഷേമ മേഖലയിലുള്ള ചെലവഴിക്കൽ ഗണ്യമായി ഉയർത്തുകയുണ്ടായി. 2013–14 സാമ്പത്തിക വർഷത്തിൽ ഇത് 1.75 ലക്ഷം കോടി രൂപയായി ഉയർന്നു. സാമൂഹ്യക്ഷേമ മേഖലയിൽ ചെലവുകൾ ജി ഡി പിയുടെ 1.7 ശതമാനം എന്ന നിലയിലേക്ക് വളർന്നു. ഗവണ്മെന്റിന്റെ മൊത്തം ചെലവുകളുടെ 12 മുതൽ 14 ശതമാനം വരെ എന്ന നിലയിലേക്ക് അത് മാറി. സാമൂഹ്യക്ഷേമ മേഖലയിലെ ചെലവുകൾക്ക് ഗവണ്മെന്റ് നൽകുന്ന പ്രാധാന്യം വ്യക്തമാക്കുന്നതാണ് ഈ കണക്കുകൾ. രണ്ടാം യു പി എ സർക്കാരിന്റെ കാലത്ത് പടി പടിയായി ഉയർന്നു വന്ന ചെലവുകൾ എൻ ഡി എ സർക്കാർ വന്നതോടെ പ്രകടമായി കുറഞ്ഞു. ഈ ഭരണകാലത്ത് അത് ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ തോതിലായി. 2014–15 സാമ്പത്തിക വർഷത്തിൽ സാമൂഹ്യക്ഷേമ മേഖലയിലെ ചെലവുകൾ കുത്തനെ താഴ്ന്ന് 66000 കോടി രൂപയായി. സാമൂഹ്യക്ഷേമ പദ്ധതികൾക്ക് നൽകുന്ന കുറഞ്ഞ പ്രാധാന്യമാണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്.

എന്നാൽ രണ്ടാം എൻ ഡി എ സർക്കാരിന്റെ ഘട്ടമായപ്പോൾ കാര്യങ്ങൾ തിരിച്ചുവരവിന്റെ പാതയിലായി. 2021–22 ൽ ചെലവുകൾ ഏറ്റവും ഉയർന്ന നിലയായ 2.54 ലക്ഷം കോടി രൂപ എന്ന നിലയിലേക്ക് ഉയർന്നു. ആ വർഷം സാമൂഹ്യക്ഷേമ പദ്ധതികൾക്കായുള്ള ചെലവുകൾ ജി ഡി പിയുടെ 1.7 ശതമാനം എന്ന നിലയിലേക്ക് വളർന്നു.

സർക്കാരിന്റെ മൊത്തം ചെലവിന്റെ അനുപാതം എന്ന നിലയിൽ സാമൂഹ്യക്ഷേമ രംഗത്തെ ചെലവുകൾ ആ വർഷം 6.7 ശതമാനം എന്ന നിലയിലേക്ക് ഉയർന്നു. ഇതൊക്കെയാണെങ്കിലും രണ്ടാം യു പി എ സർക്കാരിനേക്കാൾ പിന്നിലാണ് ഈ കണക്കുകൾ എന്നതാണ് ശ്രദ്ധേയമായ കാര്യം. ആ സർക്കാരിന്റെ കാലത്ത് സാമൂഹ്യക്ഷേമ ചെലവുകളും സർക്കാറിന്റെ മൊത്തം ചെലവുകളും തമ്മിലുള്ള അനുപാതം 12 ശതമാനത്തിന് മുകളിലായിരുന്നു. ശക്തമായ പ്രതിസന്ധിയുടെ ഘട്ടത്തിൽ രണ്ടാം എൻ ഡി എ ഗവണ്മെന്റ് സാമൂഹ്യക്ഷേമ ചെലവുകൾ കൂട്ടിയെങ്കിലും ബജറ്റിൽ അതിന് നൽകുന്ന മുൻതൂക്കം യു പി എ സർക്കാരിന്റെ കാലത്തേതിനേക്കാൾ വളരെ പരിമിതമായിരുന്നു എന്നതാണ് വസ്തുത.

**7. ആരോഗ്യ, വിദ്യാഭ്യാസ മേഖലയിലെ ചെലവുകൾ ജി ഡി പിയുടെ അനുപാതം എന്ന നിലയിൽ**

ആരോഗ്യ മേഖലയിലെ ചെലവുകൾ ഒരിക്കലും ഒരു ശതമാനത്തിന് മുകളിലേക്ക് ഉയർന്നിട്ടില്ല. 2021–22 വർഷത്തെ കണക്കുകൾ നോക്കുമ്പോൾ ജി ഡി പിയിൽ ആരോഗ്യ മേഖല നൽകിയ സംഭാവന 0.45 ശതമാനമാണ്. ഐ എം എഫിന്റെ വാർഷിക റിപ്പോർട് വ്യക്തമാക്കുന്നത് ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ കൂടുതൽ മുതൽമുടക്കുന്നത് വഴി ഇന്ത്യക്ക് മാനവശേഷി മൂലധന രംഗത്ത് വലിയ മുന്നേറ്റം നടത്താൻ കഴിയുമെന്നാണ്. യു പി എ ഭരണകാലത്ത് 2013–14 സാമ്പത്തിക വർഷത്തിൽ വിദ്യാഭ്യാസ മേഖലയിലെ ചെലവഴിക്കൽ ജി ഡി പിയുടെ 0.66 ശതമാനമാണെന്ന് കാണാം. കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ 2021–22 സാമ്പത്തിക വർഷത്തിൽ ആരോഗ്യ മേഖലക്ക് വേണ്ടിയുള്ള ചെലവുകൾ കാര്യമായി ഉയർന്നു. സാമ്പത്തിക മേഖലയിൽ വലിയ പ്രതിസന്ധിയുണ്ടായിട്ടും സർക്കാർ മുൻവർഷങ്ങളിലെ അതേ തോത് തന്നെ നിലനിർത്തി മുന്നോട്ട് പോവുകയായിരുന്നു.

യു പി എ ഭരണകാലത്ത് ഏറ്റവും ഉയർന്ന ചെലവഴിക്കൽ കണ്ടത് 2013–14 സാമ്പത്തിക വർഷത്തിലായിരുന്നു. വിദ്യാഭ്യാസ മേഖലയിൽ ആ വർഷം ജി ഡി പിയുടെ 0.66 ശതമാനം ചെലവഴിക്കുകയുണ്ടായി. യു പി എ ഭരണത്തിലെ ഏറ്റവും ഉയർന്ന തോത് ഇതായിരുന്നു. എന്നാൽ എൻ ഡി എ ഒന്ന്, രണ്ട് ഭരണകാലയളവിൽ ഇത് യഥാക്രമം 0.19 ശതമാനവും 0.31 ശതമാനവുമായിരുന്നു. പതിന്നാലാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇത്തരം മേഖലകൾക്കായി ഫണ്ട് പങ്ക് വയ്ക്കുന്ന രീതികളിൽ ചില മാറ്റങ്ങൾ വരുത്തുകയുണ്ടായി. 2016–17 മുതൽ ബജറ്റ് വിഹിതം കുറയ്ക്കുകയും പകരം നേരിട്ട് ഫണ്ട് ലഭ്യമാക്കുന്ന രീതി പ്രാവർത്തികമാക്കുകയും ചെയ്തു . വിദ്യാഭ്യാസ രംഗത്തെ ചെലവുകൾ നേരിയ തോതിൽ കുറയുന്നതിന് ഇത് ഒരു കാരണമായിട്ടുണ്ട്. വിദ്യാഭ്യാസ മേഖലക്കായുള്ള വിഹിതം എൻ ഡി എ ഭരണത്തിന്റെ ആദ്യ വർഷങ്ങളിൽ ജി ഡി പിയുടെ 0.19 ശതമാനം എന്ന നിലയിലേക്ക് കുറഞ്ഞു. 2018–19 ൽ അത് 0.15 ശതമാനത്തിലേക്ക് താഴ്ന്നു. ഒന്നാം മോദി സർക്കാരിന്റെ ഘട്ടത്തിൽ ഈ രണ്ടു മേഖലകൾക്കുമുള്ള ഫണ്ടുകൾ പൊതുവിൽ വെട്ടികുറയ്ക്കുന്ന സ്ഥിതിവിശേഷം സംജാതമായി.

**8. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ ചെലവുകൾ മൊത്തം സാമൂഹ്യക്ഷേമ ചെലവിന്റെ ഭാഗം എന്ന നിലയിൽ**

സാമൂഹ്യക്ഷേമ മേഖലക്കായുള്ള ചെലവഴിക്കൽ ഇന്ത്യൻ സമ്പദ്ഘടനയിൽ സമീപ വർഷങ്ങളിൽ ഉയർന്നിട്ടുണ്ടെന്ന് കാണാം. ഇത് സാമൂഹികമായും അടിസ്ഥാനസൗകര്യ വികസന രംഗത്തും സ്ഥിതി മെച്ചപ്പെടുന്നതിന് കാരണമായിട്ടുണ്ട്. പോളിടെക്നിക്കുകൾ, എൻജിനീയറിങ് കോളേജുകൾ, സർവ്വകലാശാലകൾ തുടങ്ങിയ രംഗങ്ങളിൽ കൂടുതൽ ഊന്നൽ നൽകുന്ന ദേശീയ വൊക്കേഷണൽ എഡ്യൂക്കേഷൻ ക്വാളിഫിക്കേഷൻ ഫ്രെയിംവർക് (എൻ വി ഡബ്ള്യു ക്യൂ എഫ്) പോലുള്ള പദ്ധതികൾ ആരംഭിച്ചത് വഴിയായി യു പി എ ഭരണകാലത്ത് വിദ്യാഭ്യാസ മേഖലയിലെ ചെലവുകൾ ഉയരുകയുണ്ടായി. 2012–13 സാമ്പത്തിക വർഷത്തിൽ ഇത് 51 ശതമാനം വർധിച്ചു. വിദ്യാഭ്യാസ അവകാശമാക്കുന്ന പദ്ധതികൾക്ക് 25555 കോടി രൂപ അനുവദിച്ചപ്പോൾ 'രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ' എന്ന പദ്ധതിക്ക് 3124 കോടി രൂപ മാറ്റിവയ്ക്കുകയുണ്ടായി. എന്നാൽ എൻ ഡി എ ഭരണകാലത്ത് ഇതിന് ഇടിവ് സംഭവിച്ചു. 30.77 ശതമാനം വരെ ഇടിവ് രേഖപെടുത്തിയിട്ടുണ്ട്. 2021 നും 2022 നുമിടയിൽ 11 ശതമാനം കുറവുണ്ടായതായി കാണാം.

യുപിഎ സർക്കാരിന്റെ കീഴിൽ ആരോഗ്യ മേഖലക്ക് നൽകിയ അനുപാതം താരതമ്യേന സ്ഥിരത പുലർത്തി. എ. ബി–പിഎംജെഎവൈ അടക്കം നിരവധി പദ്ധതികൾ അവതരിപ്പിച്ച എൻഡിഎ ഭരണകാലം പരിഗണിക്കുമ്പോൾ, 2018–19 ൽ 20 ശതമാനം വരെ ഉയർന്ന വിഹിതം ആരോഗ്യ മേഖലക്ക് നീക്കി വച്ചതായി കാണാം.

നരേന്ദ്രമോദി സർക്കാരിന്റെ കാലത്തേ ശരാശരി ജി ഡി പി വളർച്ചാ നിരക്ക് 6.8 ശതമാനമാണ്. ആദ്യ ഘട്ടത്തിൽ സാമ്പത്തിക മേഖല മികച്ച വളർച്ച കൈവരിച്ചുവെങ്കിലും കറൻസി പിൻവലിക്കൽ, ജി എസ് ടി നടപ്പാക്കൽ, കോവിഡ് പ്രതിസന്ധി തുടങ്ങിയ ഘടകങ്ങൾ സമ്പദ്ഘടനക്ക് തിരിച്ചടിയായി. 2004 മുതൽ 2014 വരെ മൻമോഹൻ സിങ് അധികാരത്തിലിരുന്നപ്പോൾ ശരാശരി വളർച്ചാ നിരക്ക് 7.7 ശതമാനമായിരുന്നു. വിദേശ നിക്ഷേപത്തിലെ വർധന, ഉദാരവത്കരണ നയങ്ങൾ, സർവീസ് മേഖല നടത്തിയ മുന്നേറ്റം തുടങ്ങിയ നേട്ടങ്ങളാണ് സമ്പദ്ഘടനക്ക് മുന്നേറാൻ വഴി തുറന്നത്. എന്നാൽ മോദി ഭരണകൂടം അടിസ്ഥാനപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനാണ് കൂടുതൽ ഊന്നൽ

നൽകിയത്. എൻ ഡി എ സർക്കാർ ആരോഗ്യമേഖലക്ക് നൽകിയ വിഹിതം മൊത്തം ചെലവിന്റെ 15.9 ശതമാനം മുതൽ 20.4 ശതമാനം വരെയാണ്. 2021–22 സാമ്പത്തിക വർഷത്തിൽ കോവിഡ് പ്രതിസന്ധിയെ തുടർന്ന് ഇത് 26.9 ശതമാനമായി ഉയർന്നു. എന്നാൽ രണ്ടാം മോദി സർക്കാരിന്റെ അവസാന വർഷം വിഹിതം 15.6 ശതമാനമായി കുറഞ്ഞു. ഇന്ത്യയിൽ 1000 പേർക്ക് 0.9 ആശുപത്രി കിടക്കകൾ എന്ന തോതിലാണുള്ളത്. മൊത്തം കിടക്കകളുടെ എണ്ണത്തിൽ 30 ശതമാനം മാത്രമാണ് ഗ്രാമീണ മേഖലയിലുള്ളത്.

**9. പൊതുചെലവുകൾക്ക് ആനുപാതികമായ വളർച്ചയുണ്ടോ?**

പോയ വർഷങ്ങളിൽ ജി ഡി പിയിലും പൊതുചെലവുകളിലും വർധന കാണാവുന്നതാണ്. 2009–10 സാമ്പത്തിക വർഷത്തിൽ 10.96 ലക്ഷം കോടി രൂപയായിരുന്ന മൊത്തം ചെലവ് 2023–24 ൽ ഇരട്ടിയായി ഉയർന്ന് 20.47 ലക്ഷം കോടി രൂപയായി. ഈ ഘട്ടത്തിൽ ജി ഡി പി 76.51 ലക്ഷം കോടി രൂപയിൽ നിന്ന് 176.50 ലക്ഷം കോടിയുമായി. കോവിഡ് മൂലം 2020–21 ൽ ജി ഡി പിയിൽ കുറവുണ്ടായെങ്കിലും ചെലവുകൾ 23.33 ലക്ഷം കോടിയായി വർധിച്ചു. സാമ്പത്തിക ഉത്തേജക പാക്കേജുകളുടെ പ്രഖ്യാപനവും ഒപ്പം സാമൂഹ്യക്ഷേമ മേഖലയിൽ ഉണ്ടായ ഉയർന്ന ചെലവുകളുമാണ് ഇതിന് പിന്നിൽ.

സ്ഥിരതയാർന്ന ജി ഡി പി, സ്ഥിരതയാർന്ന ചെലവഴിക്കൽ എന്നിവ തമ്മിൽ 0.903 എന്ന 'കോറിലേഷൻ കോ എഫിഷ്യന്റ്' കാണുവാൻ കഴിയും. അതായത് സർക്കാർ ചെലവുകൾ ഉയരുന്നത് ജി ഡി പിയുടെ വളർച്ചയിലും പോസിറ്റീവായ സ്വാധീനം ചെലുത്തുന്നു എന്നർത്ഥം. 2020–21 പോലുള്ള ചില അസാധാരണ വർഷങ്ങളിൽ ചെലവിൽ ഉണ്ടായ വർധന ജി ഡി പി വളർച്ചയെ മറി കടക്കുന്ന സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്.

**10. ഉപസംഹാരം**

2014 നു ശേഷം എൻ ഡി എ ഭരണകാലത്തെ ശരാശരി ജി ഡി പി വളർച്ചാ നിരക്ക് 6.8 ശതമാനമാണ്. ഈ ഭരണത്തിന്റെ തുടക്ക ഘട്ടത്തിൽ സമ്പദ്ഘടന അതിവേഗ വളർച്ച പ്രകടമാക്കിയെങ്കിലും ജി എസ് ടി നടപ്പാക്കിയതും കറൻസി നിരോധനവും ഒപ്പം കോവിഡ് മഹാമാരിയും കാര്യങ്ങൾ അവതാളത്തിലാക്കി. എന്നാൽ 2004 നും 2014 നുമിടയിൽ യു പി എ സർക്കാർ അധികാരത്തിൽ ഇരുന്ന ഘട്ടത്തിൽ ശരാശരി ജി ഡി പി വളർച്ചാ നിരക്ക് 7.7 ശതമാനമായിരുന്നു. മികച്ച പ്രകടനം കാഴ്ച്ച വച്ച സേവന മേഖല, കൂടുതൽ വിദേശ നിക്ഷേപം, ഉദാരവത്കരണ നയസമീപനങ്ങൾ തുടങ്ങിയ പല ഘടകങ്ങളും ഇതിന് സഹായകമായിട്ടുണ്ട്. എൻ ഡി എ യുടെ ഭരണവുമായി താരതമ്യം ചെയുമ്പോൾ യു പി എ ഭരണകാലത്ത് ജി ഡി പി വളർച്ച അധികമായിരുന്നുവെന്ന് കാണാം. എന്നാൽ ദീർഘകാല വളർച്ച ലക്ഷ്യമിട്ടുകൊണ്ടുള്ള ഘടനാപരമായ മാറ്റത്തിനാണ് എൻ ഡി എ സർക്കാർ ഊന്നൽ നൽകിയത്.

യു പി എ ഭരണകാലത്ത് 2012–13 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതത്തിൽ കാര്യമായ വർധനയുണ്ടായി. എന്നാൽ ബി ജെ പി സർക്കാർ അധികാരത്തിൽ വന്നതോടെ 2015–16 ലേക്കുള്ള പദ്ധതി വിഹിതം വെട്ടികുറയ്ക്കുകയായിരുന്നു. എല്ലാ പദ്ധതികളും ഖഡ്ഗത്തിന് ഇരയാവുകയായിരുന്നു. സർവശിക്ഷാ അഭിയാൻ പദ്ധതിയിൽ 22.14 ശതമാനം വെട്ടിച്ചുകുറവുണ്ടായി. ഉച്ചഭക്ഷണ പദ്ധതിയുടെ വിഹിതത്തിൽ 16.41 ശതമാനം കുറവ് വരുത്തി. സെക്കണ്ടറിതല വിദ്യാഭ്യാസത്തിനായുള്ള 'രാഷ്ട്രീയ മാധ്യമ ശിക്ഷ അഭിയാൻ' എന്ന പദ്ധതിയിൽ മാത്രം 28.7 ശതമാനം കുറവ് വരുത്തി. സംസ്ഥാനങ്ങളിലെ കോളേജ്

വിദ്യാഭ്യാസത്തിന് സഹായം നൽകുന്ന പദ്ധതിയായ 'രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ' പദ്ധതിയുടെ വിഹിതം 48 ശതമാനം കണ്ടും വെട്ടികുറയ്ക്കുകയുണ്ടായി. എസ് എസ് എ, എം എച്ച് ആർ ഡി എന്നീ പദ്ധതികൾക്ക് 50000 കോടി രൂപ 2015–16 ൽ ആവശ്യപ്പെട്ടുവെങ്കിലും 22000 കോടി മാത്രമാണ് അനുവദിച്ചത്.

ആരോഗ്യ രംഗത്ത് കൂടുതൽ മുതൽമുടക്കേണ്ടതിന്റെ ആവശ്യകത കോവിഡ് മഹാമാരി നമുക്ക് വ്യക്തമാക്കി തരുന്നുണ്ട്. കോവിഡിന്റെ ഘട്ടത്തിൽ ആരോഗ്യ മേഖലയിലെ ചെലവഴിക്കൽ വളരെ നിർണ്ണായകമായി മാറി. ദീർഘകാലാടിസ്ഥാനത്തിൽ ആരോഗ്യ മേഖല വികസിക്കേണ്ടത് സുസ്ഥിര സാമ്പത്തിക വികസനത്തിന് ആവശ്യമായ പ്രധാന ഘടകമാണ്. സാമ്പത്തിക മാന്ദ്യം പോലുള്ള പ്രതിസന്ധി ഉണ്ടാകുമ്പോൾ ഏറ്റവും കൂടുതൽ ദോഷകരമായി ബാധിക്കുക ആരോഗ്യ മേഖലയിലെ ചെലവുകളെയാണ്. ഇക്കാര്യത്തിൽ കൂടുതൽ സമഗ്രവും കേന്ദ്രീകൃതവുമായ നയസമീപനങ്ങൾ ആവശ്യമാണെന്ന് മാത്രമല്ല, മികച്ച ആരോഗ്യ മേഖല വളർത്തിയെടുക്കുന്നതിന് കാര്യമായ ഊന്നൽ സർക്കാരുകൾ നൽകേണ്ടതുമാണ്.

(ഗിഫ്റ്റിലെ ഇന്റേൺഷിപ്പ് പദ്ധതിയുടെ ഭാഗമായി, അസിസ്റ്റന്റ് പ്രഫസർ ഡോ. അശ്വതി റേച്ചൽ വർഗീസിന്റെ മേൽനോട്ടത്തിൽ സമർപ്പിച്ച പ്രബന്ധം).

■

(ബംഗളുരുവിലെ ക്രൈസ്റ്റ് ഡീംഡ് യൂണിവേഴ്സിറ്റിയിലെ എം.എ അപ്ലൈഡ് ഇക്കണോമിക്സ് രണ്ടാം വർഷ വിദ്യാർത്ഥിനിയാണ് നവ്യ ജെയിംസ്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ എം. എ ഇക്കണോമിക്സ് വിദ്യാർത്ഥിനിയാണ് നിരഞ്ജന സുരേഷ്. ദേവനന്ദ എ. എസ് തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിലെ ബി. എ അനലിറ്റിക്കൽ ഇക്കണോമിക്സ് വിദ്യാർത്ഥിനിയാണ്).

## References:

Baranwal Kumar Ritesh & Gopalakrishnan Narayanan Badri (2025). Twin deficits and fiscal prudence: How UPA and NDA steered Indian Economy. Policy Circle

Jha Praveen, Mishra Yamini , Das Subrata & Parvati Pooja (2009). An Assessment of Expenditure Priorities & Resource Mobilisation Efforts of the UPA Government. Centre for Budget and Governance Accountability

Mali Siddappa & Prof. Annigeri.V.B(2023).The Impact of New Economic Policy on Health Expenditure in India : An Analysis of Trends from 1980-2021. International Journal of Creative Research Thoughts (IJCRT)

Mehra Puja(2020). India's economy needs big dose of health spending. Mint

Parmar Arjun (2018). During 3-year tenure, NDA spends twice more than UPA in print, electronic advertising: RTI. The Times of India

PIB Delhi (2021). Summary of the Budget 2021-22. Ministry of Finance

PIB Delhi(2024) Government Social Sector Spending Shows Rising Trend Since 2016, States Economics Survey 2023-24. Ministry of Finance

PIB (2023). Several landmark initiatives taken up under NEP 2020 for the transformation of Education Sector. Ministry of Finance

PIB (2024).Government Social Sector Spending Shows Rising Trend Since 2016, States Economic Survey 2023-24

Rajkumar, Kamal Amit, Dr. Shukla Archana, Sain Mitra &Dr.Kumar Pravin (2018) Analysis Of Budgeted Expenditure On Education 2014-15 To 2016-17. Ministry of Human Resource Development (Department Of Higher Education) Planning, Monitoring and Statistics Bureau

Seshaiah, S. V., Reddy, T. K., & Sarma, I. R. S. (2018). General Government expenditure and economic growth in India: 1980-81 to 2015-16. *Theoretical Economics Letters, 08(4),* 728-740.

Thakur Pradeep(2013). UPA spend on key welfare plans dips. The Times of India

Tharoor Shashi (2015). How Modi Government Is Undermining Indian Education. NDTV

Varma Subodh(2017). Share of spend in government expenditure, GDP on education falling for 3 years. The Times of India

Vilas, Bhikaji & Khandare, Vilas & Abdul, Sayyad & Maheboob, Aziz. (2024). Trends of public expenditure in India: An empirical analysis.

## Appendix:

| | Years | SSE as a % of GDP | As a % of GDP-H | As a % of GDP-E |
|---|---|---|---|---|
| UPA-II | 2009-10 | 1.678 | 0.107 | 0.454 |
| | 2010-11 | 1.959 | 0.122 | 0.575 |
| | 2011-12 | 1.706 | 0.126 | 0.622 |
| | 2012-13 | 1.256 | 0.122 | 0.651 |
| | 2013-14 | 1.784 | 0.123 | 0.662 |
| NDA-I | 2014-15 | 0.628 | 0.100 | 0.193 |
| | 2015-16 | 0.603 | 0.102 | 0.164 |
| | 2016-17 | 0.709 | 0.132 | 0.169 |
| | 2017-18 | 0.715 | 0.133 | 0.190 |
| | 2018-19 | 0.727 | 0.149 | 0.155 |
| NDA-II | 2019-20 | 0.888 | 0.188 | 0.191 |
| | 2020-21 | 1.069 | 0.210 | 0.185 |
| | 2021-22 | 1.696 | 0.456 | 0.195 |
| | 2022-23 | 1.237 | 0.221 | 0.207 |
| | 2023-24 | 1.350 | 0.211 | 0.313 |

*കേരള ഇക്കോണമി*
*പുസ്തകം 6 ലക്കം 2*
*എപ്രിൽ – ജൂൺ 2025*

# ഇന്ത്യയുടെ ഊർജമേഖലയിലെ പരിണാമം : വെല്ലുവിളികളും സാധ്യതകളും

ഗായത്രി മഹേഷ്, ആനന്ദ് നീലകണ്ഠൻ, അഞ്ജലി എസ്. നമ്പ്യാർ

**സംഗ്രഹം**

*ഊർജവശ്യങ്ങൾക്കുള്ള വർധിച്ചു വരുന്ന ഡിമാൻഡ് നേരിടുന്നതിനുള്ള ശ്രമങ്ങൾ തുടരുമ്പോഴും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പ്രയാണത്തിലാണ് ഇന്ത്യ. 2015 നും 2024 നുമിടയിൽ ഇന്ത്യയിലെ പുനരുപയോഗ ഊർജ സ്രോതസുകളുടെ കാര്യത്തിൽ ഉണ്ടായ മാറ്റങ്ങളെ കുറിച്ചാണ് ഈ പഠനം പരിശോധിക്കുന്നത്. പുനരുപയോഗ ഊർജത്തിന്റെയും പരമ്പരാഗത ഊർജ്ജത്തിന്റെയും ഉല്പാദനത്തിൽ കാര്യമായ വർധന ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ, പുനരുപയോഗ ഊർജ ഉല്പാദന രംഗത്ത് കൂടുതൽ ശ്രദ്ധേയമായ നേട്ടങ്ങൾ ഉണ്ടായതായി കാണാം. ഇക്കാര്യത്തിൽ കേരളത്തിന്റെ സ്ഥിതി ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, സംസ്ഥാന സർക്കാർ കൂടുതൽ പണം ചെലവഴിക്കുന്നുണ്ടെങ്കിലും പുനരുപയോഗ ഊർജ സ്രോതസുകളുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ കേരളം പിന്നിലാണെന്നതാണ് യാഥാർഥ്യം. അടിസ്ഥാനസൗകര്യ മേഖലയിലെ പ്രശ്നങ്ങളും സംസ്ഥാനത്തിനകത്തെ വിവിധ ഭൗമ മേഖലകൾ തമ്മിലുള്ള വ്യത്യാസവും കേരളത്തെ സംബന്ധിച്ചിടത്തോളം വെല്ലുവിളികളാണ്. ഈ രംഗത്ത്, പൊതു-സ്വകാര്യ മേഖലകളുടെ സഹകരണം, നയപരമായ ഇടപെടലുകൾ, പ്രാദേശികമായ സാധ്യതകൾക്ക് ഊന്നൽ നൽകുന്ന ആസൂത്രണം തുടങ്ങിയ നീക്കങ്ങൾ ശുദ്ധമായ ഊർജം എന്ന ലക്ഷ്യം നേടുന്ന കാര്യത്തിൽ അനിവാര്യമാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിന് പുനരുപയോഗ ഊർജ മേഖലയിൽ ഇന്ത്യ കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. അതിനായി കൂടുതൽ മുതൽമുടക്കേണ്ടതും ആവശ്യമാണ്.*

***പ്രധാന വാക്കുകൾ :*** *ഊർജപരിണാമം, സുസ്ഥിര വികസനം, പുനരുപയോഗ ഊർജം, പുനരുപയോഗ സാധ്യത ഇല്ലാത്ത ഊർജം.*

**1 . ആമുഖം**

ഇന്ത്യയിലെ ഊർജ മേഖല എന്നത് ഉത്പാദനം, വിതരണം, ഉപഭോഗം എന്നീ മേഖലകളിലെ വ്യവസായങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെടുന്ന ഒന്നാണ്. വികസന രംഗത്ത് കുതിപ്പിന്റെ പാതയിൽ നീങ്ങുന്ന ഇന്ത്യയിൽ ജനസംഖ്യാ വർധന വളരെ പ്രകടനമാണ്. അതുകൊണ്ട് രാജ്യത്തിന്റെ ഊർജവശ്യങ്ങൾ ഉയർന്നു വരികയാണ്. ഊർജ ഉത്പാദനം, വൈദ്യുതി വിതരണം, പ്രസരണം, എണ്ണയും പ്രകൃതി വാതകങ്ങളും, കൽക്കരി ഖനനം , പുനരുപയോഗ ഊർജ സ്രോതസുകൾ തുടങ്ങിയ പ്രധാന ഘടകങ്ങൾ ഉൾപ്പെടുന്നതാണ് ഇന്ത്യയിലെ ഊർജ മേഖല. രാജ്യത്തെ വൈദ്യുതി ഉല്പാദനത്തിന്റെ 50–55 ശതമാനവും നടക്കുന്നത് കൽക്കരി ഉപയോഗിച്ചാണ്. ലോകത്തെ ഏറ്റവും വലിയ കൽക്കരി ഉല്പാദകരും ഉപഭോക്താവും ഇന്ത്യയാണ്. സൗരോർജം, കാറ്റ്, ജലം, ജൈവ അവശിഷ്ടങ്ങൾ, ചെറുകിട ജലവൈദ്യുത പദ്ധതികൾ തുടങ്ങിയവ പ്രയോജനപ്പെടുത്തിയാണ് മറ്റു രീതിയിൽ ഇന്ത്യയിൽ വൈദ്യുതി ഉത്പാദനം നടക്കുന്നത്. വൈദ്യുതിയുടെ പ്രസരണം, വിതരണം എന്നീ മേഖലകളിൽ സ്വകാര്യ, പൊതുമേഖലാ സംരംഭങ്ങൾ പ്രവർത്തിക്കുന്നു. പവർഗ്രിഡ് കോർപറേഷൻ, സംസ്ഥാന വൈദ്യുതി ബോർഡുകൾ, വിതരണ കമ്പനികൾ എന്നിവയാണ് ഈ രംഗത്ത് സജീവം. ഒ എൻ ജി സി, ഇന്ത്യൻ ഓയിൽ കോർപറേഷൻ, ഭാരത് പെട്രോളിയം, ഹിന്ദുസ്ഥാൻ പെട്രോളിയം തുടങ്ങിയ കമ്പനികളാണ് ഇന്ത്യക്ക് ആവശ്യമായ എണ്ണയുടെ 80 ശതമാനത്തിലധികം ഇറക്കുമതി ചെയ്യുന്നത്. താപവൈദ്യുത നിലയങ്ങളുടെ കാര്യത്തിൽ കൽക്കരി ഖനന മേഖല നിർണ്ണായകമായ പങ്ക് വഹിക്കുന്നു.

കാലാവസ്ഥാ വ്യതിയാനം, വായു മലിനീകരണം, ഊർജ സുരക്ഷ തുടങ്ങിയ പ്രശ്നങ്ങൾ ലോകം ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. പുനരുപയോഗ യോഗ്യവും അല്ലാതെയുമുള്ള നിരവധി ഊർജ സ്രോതസുകൾ ലോകത്തുണ്ട്. രണ്ടായിരത്തി മുപ്പതുകളുടെ മധ്യത്തോടെ ഇന്ത്യ ഉയർന്ന മധ്യനിര വരുമാനമുള്ള ഒരു രാജ്യമായി മാറുമെന്നാണ് എസ് ആൻഡ് പി ഗ്ലോബൽ കമ്മോഡിറ്റി ഇൻസൈറ്റ് ചൂണ്ടിക്കാട്ടുന്നത്. നഗരവൽകരണം ഏതാണ്ട് 40 ശതമാനം കവിയുമെന്നും കണക്കാക്കപ്പെടുന്നു. എന്നാൽ ഈ സാമ്പത്തിക വളർച്ച നിർണ്ണയിക്കുന്ന പ്രധാന ഘടകം മലിനീകരണ പ്രശ്നങ്ങൾ എങ്ങനെ കൈകാര്യം ചെയ്യും എന്നതാണ്. ഐ ക്യൂ എയർ വ്യക്തമാക്കുന്നത്, ലോകത്തെ ഏറ്റവും കൂടുതൽ മലിനീകരണം നേരിടുന്ന 20 നഗരങ്ങളിൽ പതിനേഴെണ്ണവും ഇന്ത്യയിലാണെന്നാണ്. ഊർജ രംഗത്ത് കൽക്കരിയെ കൂടുതലായി ആശ്രയിക്കുന്നതാണ് ഇതിന് കാരണം. ഇന്ത്യയുടെ ആവശ്യത്തിനുള്ള 48 ശതമാനം ഊർജവും ഉല്പാദിപ്പിക്കപ്പെടുന്നത് കൽക്കരി ഉപയോഗിച്ചാണ്.

അതുകൊണ്ട് സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിന് രാജ്യം ശുദ്ധമായ ഊർജ സ്രോതസുകളെ കൂടുതലായി ആശ്രയിക്കേണ്ടതുണ്ട്. അന്തരീക്ഷ മലിനീകരണം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ വെല്ലുവിളികളെ നേരിടുന്നതിന് ഇത് ആവശ്യമാണ്. ഭാവിതലമുറകൾക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന കാര്യത്തിൽ പ്രതിബന്ധങ്ങൾ വരാതെ, ഇന്നത്തെ ആവശ്യങ്ങൾ നിർവഹിക്കുക എന്നതാണ് ബ്രാൻഡ്‌ലാൻഡ് കമ്മീഷൻ വ്യക്തമാക്കിയിട്ടുള്ള സുസ്ഥിര വികസനത്തിന്റെ നിർവചനം. ഈ സാഹചര്യത്തിൽ പാരമ്പരഗത ഊർജ സ്രോതസ്സുകളിൽ നിന്നും പുനരുപയോഗ ഊർജ സ്രോതസുകളിലേക്കുള്ള മാറ്റം സുസ്ഥിര വികസനത്തിന്റെ കാര്യത്തിൽ ഏറെ നിർണ്ണായകമാണ്.

സുസ്ഥിര വികസനത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടാണ് ഇന്ത്യ ദേശീയ വികസന അജണ്ടക്ക് രൂപം നൽകിയിരിക്കുന്നത്. ഐക്യ രാഷ്ട്ര സഭ 2015 ൽ അംഗീകാരം നൽകിയ, 2030 ൽ കൈവരിക്കേണ്ട 17 ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങളാണ് ഇതിന് ആധാരമായി വർത്തിക്കുന്നത്. ഇക്കാര്യത്തിൽ, ദേശീയ നയസമീപനങ്ങൾ, സംസ്ഥാനതല പ്രവർത്തന പദ്ധതികൾ, നീതി ആയോഗ് മുഖേനയുള്ള അവലോകനങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഇന്ത്യയുടെ ഇക്കാര്യത്തിലുള്ള തന്ത്രങ്ങളിൽ ഉൾപ്പെടുന്നുണ്ട്. ഊർജ മേഖലയിൽ ഇന്ത്യ ഫോസിൽ അധിഷ്ഠിതമായ ഇന്ധനങ്ങളിൽ നിന്നും ശുദ്ധവും സുസ്ഥിരവും സുരക്ഷിതവുമായ ഊർജ സ്രോതസുകളിലേക്ക് അതിവേഗത്തിൽ മാറുകയാണ്. ഊർജ സുരക്ഷ ഉറപ്പാക്കുക, കാർബൺ പുറന്തള്ളുന്നത് കുറയ്ക്കുക, കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനുള്ള പദ്ധതികൾ കാര്യക്ഷമമാക്കുക തുടങ്ങിയ കാര്യങ്ങളാണ് ഈ മാറ്റത്തെ മുന്നിൽ നിന്ന് നയിക്കുന്നത്. ഈ പശ്ചാത്തലത്തിൽ, ഇന്ത്യയിലെ ഊർജ രംഗത്തെ മാറ്റങ്ങളെ കേരളത്തിന്റെ സവിശേഷമായ സാഹചര്യത്തിന് ഊന്നൽ നൽകി പരിശോധിക്കുകയാണ് ഈ പഠനം ലക്ഷ്യമിടുന്നത്. താഴെ ചേർത്തിട്ടുള്ള സുപ്രധാന ലക്ഷ്യങ്ങളാണ് ഈ പഠനത്തിനുള്ളത്.

**ലക്ഷ്യങ്ങൾ**

2015 നും 2024 നുമിടയിൽ ഇന്ത്യയിലെ പുനരുപയോഗ ഊർജ മേഖലയിൽ ഉണ്ടായ പരിണാമത്തെ കുറിച്ച് പഠിക്കുക.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ പുനരുപയോഗ ഊർജ രംഗത്തെ സ്ഥിതി വിലയിരുത്തുക.

ഊർജ പരിണാമ രംഗം നേരിടുന്ന വെല്ലുവിളികൾ നിർണ്ണയിക്കുക.

**പഠനങ്ങളെ കുറിച്ചുള്ള വിശകലനം**

ഇന്ത്യയിലെ ഊർജ മേഖലയുടെ വളർച്ച, നയപരമായ സമീപനങ്ങൾ, നേരിടുന്ന വെല്ലുവിളികൾ തുടങ്ങിയ വിഷയങ്ങളിൽ അനിമേഷ് പാൽ (2013) നടത്തിയ പഠനം ശ്രദ്ധേയമാണ്. സാമ്പത്തികമായ വളർച്ചയും ദേശീയ വികസനവും ഊർജ മേഖലയുടെ വികസനവുമായി നേരിട്ട് ബന്ധപ്പെട്ടതാണ്. വ്യവസായികമായ ഉല്പാദനക്ഷമതയും ജനങ്ങളുടെ ജീവിതനിലവാരവും ഊർജത്തിന്റെ ലഭ്യതയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ് ഭട്ടാചാര്യ (2011) അഭിപ്രായപ്പെടുന്നത്. ഇന്ത്യയുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന 100000 ലക്ഷം മെഗാ വാട്ട് വൈദ്യുതി ഉൽപ്പാദനശേഷി അടക്കമുള്ള വൻകിട പദ്ധതികൾക്ക് വലിയ മുതൽമുടക്കും അതിനനുസൃതമായ നയപരമായ അടിത്തറയും ആവശ്യമാണെന്ന് നിരവധി പഠനങ്ങൾ അടിവരയിട്ട് പറയുന്നു. എന്നാൽ ഇക്കാര്യത്തിൽ പൊതുചെലവഴിക്കലിനൊപ്പം തന്നെ സ്വകാര്യ പങ്കാളിത്തവും ആവശ്യമാണ്. പൊതു–സ്വകാര്യ മേഖലകളുടെ സഹകരണം വളരെ പ്രധാനപ്പെട്ടതാണെന്ന് ലോക ബാങ്ക് പറയുന്നു (2012). ഇന്ത്യയുടെ ഊർജ മേഖലയിൽ കൽക്കരി, വാതകം എന്നിവ സുപ്രധാന പങ്ക് വഹിക്കുന്നു എന്നാണ് ഈ പഠനം വിലയിരുത്തുന്നത്. എന്നാൽ പുനരുപയോഗ ഊർജ സാദ്ധ്യതകൾ കൂടുതലായി പ്രയോജനപ്പെടുത്തേണ്ടത് കാലാവസ്ഥ വ്യതിയാനത്തിന്റെ വെല്ലുവിളികൾ നേരിടുന്നതിന് ഇന്ത്യക്ക് അനിവാര്യമാണ്. ഇക്കാര്യത്തിൽ മികച്ച നിലയിലുള്ള പദ്ധതി നിർവഹണം, ഘടനാപരമായ അഴിച്ചുപണി തുടങ്ങിയ ഘടകങ്ങൾക്ക് ഊന്നൽ വേണമെന്നാണ് രാത്തി (2015) അഭിപ്രായപ്പെടുന്നത്. അദ്ദേഹം

പറയുന്നത്, ഉദ്യോഗസ്ഥതലത്തിലുള്ള മെല്ലെപ്പോക്കും ഏകോപനത്തിലെ പോരായ്മകളും അടിസ്ഥാന സൗകര്യ വികസനത്തെ പ്രതികൂലമായി ബാധിക്കുന്നു എന്നാണ്. ഫോസിൽ ഇന്ധനങ്ങൾ, ജല, പുനരുപയോഗ ഊർജ സ്രോതസുകൾ തുടങ്ങിയ പല വിധത്തിലുള്ള ഉല്പാദന സാധ്യതകളുടെ സമതുലിതമായ സമന്വയമാണ് ഘോഷിനെ (2016) പോലുള്ള വിദഗ്ദർ മുന്നോട്ട് വയ്ക്കുന്നത്. പരിസ്ഥിതി സൗഹൃദമായ വളർച്ചയുടെ കാര്യത്തിൽ ചെലവ് കുറഞ്ഞതും സുസ്ഥിരവുമായ സാങ്കേതിക വിദ്യകൾ അവശ്യ ഘടകങ്ങളാണെന്ന കാര്യം ഇവർ മുന്നോട്ട് വയ്ക്കുന്നുണ്ട്.

ഊർജവശ്യങ്ങളുടെ കാര്യത്തിൽ ഇന്ത്യ ഉൾപ്പടെയുള്ള വികസ്വര രാജ്യങ്ങളിൽ ഡിമാന്റിൽ അതിവേഗത്തിലുള്ള വളർച്ചയാണ് കാണുന്നതെന്ന്നാഗരാജു കാജാ (2017) വ്യക്തമാക്കുന്നു. ജനസംഖ്യയിൽ ഉണ്ടാകുന്ന വർധനയും സാമ്പത്തികമായ വളർച്ചയുമാണ് ഇതിന് കാരണം. വീടുകളിലും വാണിജ്യ സ്ഥാപനങ്ങളിലും ഊർജത്തിന്റെ ആവശ്യം ആശങ്കാജനകമായ വിധത്തിലാണ് ഉയരുന്നതെന്നും അദ്ദേഹം പറയുന്നു. 2005 നും 2030 നുമിടയിലെ കണക്കുകൾ പരിശോധിക്കുമ്പോൾ ഏതാണ്ട് നാലിരട്ടിയിലേറെ വർധനയാണ് ഉണ്ടായിരിക്കുന്നത്. 2009 ൽ 'നാഷണൽ മിഷൻ ഓൺ അന്ഹാൻസ്ഡ് എനർജി എഫിഷ്യൻസി' എന്ന നയത്തിന് അംഗീകാരം നൽകിയെങ്കിലും ഊർജ ഉപയോഗത്തിലെ നിയന്ത്രണ തന്ത്രങ്ങളിൽ ഗുരുതരമായ പാളിച്ചകൾ സംഭവിക്കുന്നതായി അദ്ദേഹത്തിന്റെ പഠനം വ്യക്തമാക്കുന്നു. ബ്യുറോ ഓഫ് എനർജി എഫിഷ്യൻസി (ബി ഇ ഇ) റിപോർട്ടുകൾ വ്യക്തമാക്കുന്നത്, ഇക്കാര്യത്തിലെ നിയന്ത്രണ സംവിധാനങ്ങളുടെ കുറവുകളും ഇൻസെന്റീവ് നൽകുന്നതിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തതയും കാര്യമായ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് എന്നാണ്. പുതിയ കെട്ടിടങ്ങളുടെ ഡിസൈൻ, നിർമ്മാണം തുടങ്ങിയ ഘട്ടങ്ങളിൽ തന്നെ ഊർജം സംരക്ഷണത്തിന് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പ് വരുത്തണമെന്ന നിർദേശവും ഈ പഠനം മുന്നോട്ട് വയ്ക്കുന്നുണ്ട്. ഇന്ത്യയെ പോലെ അതിവേഗത്തിൽ നഗരവൽക്കരണം നടക്കുന്ന രാജ്യങ്ങളിൽ ഇത് ഏറെ ആവശ്യമാണ്. ഊർജ സംരക്ഷണത്തിന്റെ കാര്യത്തിൽ ശക്തമായ നടപടികൾ ഉണ്ടാകേണ്ടതിന്റെയും അതിന് പ്രോത്സാഹനം നൽകുകയും ചെയ്യേണ്ടതിന്റെ ആവശ്യമാണ് ഇത് ചൂണ്ടികാട്ടുന്നത്. അതല്ലെങ്കിൽ കെട്ടിട നിർമ്മാണ മേഖലയിൽ ഊർജത്തിന്റെ അനാവശ്യമായ വിനിയോഗം കൂടുതൽ വർധിക്കുമെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

സാമ്പത്തിക വളർച്ചയും ഊർജ ഉപഭോഗവും തമ്മിലുള്ള ബന്ധത്തെ കുറിച്ച് ചൗഹാൻ, ഇന്ദു എന്നിവർ (2020) ആഴത്തിൽ പഠനം നടത്തിയിട്ടുണ്ട്. ഊർജ വിനിയോഗത്തിന്റെ കാര്യത്തിൽ ആഗോളതലത്തിൽ തന്നെയുള്ള ഊന്നലിനെ കുറിച്ചാണ് ഈ പഠനം എടുത്തു പറയുന്നത്. പ്രത്യേകിച്ച് കാലാവസ്ഥാ വ്യതിയാനം, ഫോസിൽ ഇന്ധനങ്ങളുടെ കാര്യത്തിലെ ശോഷണം, പാരിസ്ഥിതികമായ അസന്തുലിതാവസ്ഥ തുടങ്ങിയ ഘടകങ്ങളുടെ പശ്ചാത്തലത്തിൽ. 2004 ൽ സ്റ്റെൻ, 2010 ൽ ഓസ്റ്റർക്ക് എന്നിവർ നടത്തിയ പഠനം വ്യക്തമാക്കുന്ന കാര്യം സാമ്പത്തിക വളർച്ചയ്ക്ക് വേണ്ടുന്ന ഒരു ഉത്തേജകം മാത്രമല്ല ഊർജം, മറിച്ച് പാരിസ്ഥിതികമായ സ്ഥിതി മോശമാകുന്നതിനെ തിരികെ പിടിക്കുന്നതിനുള്ള ഒരു സുപ്രധാന ഉപാധി കൂടിയാണ്. ഇന്ത്യയുടെ സ്ഥിതി പരിശോധിക്കുമ്പോൾ ആസൂത്രണ കമ്മീഷൻ ഊർജത്തിന്റെ വിവിധ സ്രോതസുകൾ തമ്മിലുള്ള കൃത്യമായ ഒരു മിശ്രണം ആവശ്യമാണെന്ന് ചൂണ്ടിക്കാണിക്കുന്നുണ്ട് (2013). ഭട്ടാചാര്യ, ടൈമിൽസിനാ എന്നിവരുടെ പഠനത്തെ (2010) കമ്മീഷൻ സ്വാഗതം ചെയ്യുകയും ചെയ്യുന്നു. പാരിസ്ഥിതിക ആഘാതവും ആരോഗ്യ പ്രശ്നങ്ങളും കുറയ്ക്കാൻ കഴിയുന്ന

തരത്തിൽ പാരമ്പര്യേതര ഊർജ സ്രോതസുകളിലേക്കുള്ള മാറ്റം അതിവേഗത്തിലാക്കണമെന്ന് അവരുടെ പഠനം അടിവരയിട്ട് പറയുന്നു.

ഇന്ത്യയെ ശുദ്ധമായ ഊർജ്ജ ലക്ഷ്യങ്ങൾക്കായി പ്രതിജ്ഞാബദ്ധരായിരിക്കുന്ന രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ഊർജ്ജ മേഖലയിലുണ്ടാകുന്ന പരിവർത്തനങ്ങളുടെയും സാമൂഹിക നീതിയുടെയും പരസ്പരിക ബന്ധം വലിയ തോതിലുള്ള അക്കാദമിക് ശ്രദ്ധ നേടിയിട്ടുണ്ടെന്ന് സ്തുതി ഹാൽദാർ, അനന്യ പെഡ്ഡിഭോട്ട്ല, അമീർ ബസാസ് (2023) എന്നിവർ ചൂണ്ടിക്കാട്ടുന്നു. ഇന്ത്യയിലെ ഊർജ്ജ പരിവർത്തന മേഖലയിലെ പഠനങ്ങളെ കുറിച്ചുള്ള അവലോകനം ഹാൽദാർ അടക്കമുള്ളവർ (2021) നൽകുന്നു. ആഗോള ഊർജ്ജ രംഗത്തെ പഠനങ്ങൾ പ്രധാനമായും പാശ്ചാത്യ നിലപാടുകൾക്ക് ഊന്നൽ നൽകുന്ന തരത്തിലാണെന്ന് കാണാം. സാമ്പത്തികശാസ്ത്രം, സാങ്കേതികവിദ്യ എന്നിവയെ വിപുലമായി പരിശോധിച്ചിട്ടുണ്ടെങ്കിലും (ജെൻകിൻസ് തുടങ്ങിയവർ, 2016), പാശ്ചാത്യ രാജ്യങ്ങളുടെ നിലപാടുകൾ പലപ്പോഴും ദക്ഷിണ മേഖലയിലെ രാജ്യങ്ങളുടെ പ്രത്യേകമായുള്ള സാമൂഹിക-രാഷ്ട്രീയ പ്രശ്നങ്ങളെ അവഗണിക്കുന്നതായി കാണാം. ഫോസിൽ ഇന്ധനങ്ങൾ വൈദ്യുതി ഉൽപാദനത്തിൽ ആധിപത്യം പുലർത്തുന്ന നിലവിലെ ഇന്ത്യൻ സാഹചര്യത്തിൽ, പുനരുപയോഗ ഊർജ്ജത്തിലേക്കുള്ള മാറ്റം വിതരണ നീതിയെക്കുറിച്ചുള്ള ആശങ്കകൾ ഉയർത്തുന്നു, പ്രത്യേകിച്ച് ഗ്രാമീണ, പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ കാര്യത്തിൽ (സോവാക്കൂൾ & ഡ്വർക്കിൻ, 2015). വിഭവങ്ങളുടെ കാര്യത്തിലുള്ള സമതുലിതമല്ലാത്ത ലഭ്യത, തീരുമാനമെടുക്കൽ പ്രക്രിയകൾ, ഊർജ പരിവർത്തനത്തിനായി നൽകുന്ന ആനുകൂല്യങ്ങൾ എന്നിവ നിലവിലുള്ള അസമത്വങ്ങൾ, പ്രത്യേകിച്ച് സ്ത്രീകൾ, കുട്ടികൾ, അനൗപചാരിക മേഖലയിലെ തൊഴിലാളികൾ തുടങ്ങിയ ദുർബല വിഭാഗങ്ങളുടെ കാര്യത്തിൽ, വർദ്ധിപ്പിക്കുമെന്ന് ഹാൽദാർ അടക്കമുള്ള വിദഗ്ദർ വാദിക്കുന്നു. ഊർജ്ജ മേഖലയിൽ സാമാന്യ നീതിയുടെ-വിതരണം, അംഗീകാരം, നടപടിക്രമം എന്നീ കാര്യങ്ങൾ ഉൾക്കൊള്ളുന്ന ത്രിതല ചട്ടക്കൂട് ഉപയോഗിച്ച്, ഇന്ത്യയുടെ ഊർജ്ജ പരിവർത്തന പഠനങ്ങളിൽ നീതി സംബന്ധിച്ച ആശങ്കകൾ എങ്ങനെ ഉൾച്ചേർന്നിരിക്കുന്നുവെന്ന് ഈ വിദഗ്ദർ കൂലങ്കഷമായി പരിശോധിക്കുന്നുണ്ട്. പ്രാദേശിക സാമൂഹിക-സാമ്പത്തിക യാഥാർത്ഥ്യങ്ങൾക്കുള്ളിൽ നീതിയെ സന്നിവേശിപ്പിക്കുന്നതിലൂടെ ഇത്തരം പഠനങ്ങൾ നിർണ്ണായകമായ വിടവുകൾ നികത്തുന്നു. അങ്ങനെ കൂടുതൽ ഉൾച്ചേരുന്നതും സമത്വധിഷ്ഠിതവുമായ ഊർജ്ജ നയങ്ങൾക്ക് അടിത്തറ നൽകുന്നു. കാലാവസ്ഥാ പ്രവർത്തനത്തിനും സാമൂഹിക തുല്യതയ്ക്കും മുൻഗണന നൽകുന്ന "ന്യായമായ പരിവർത്തനങ്ങൾ"ക്കായുള്ള സമീപകാല ആഹ്വാനങ്ങളുമായി ഇത് യോജിക്കുന്നു.

മാത്യു ഡി. ലിയോണാർഡ്, എഫ്സ്താത്തിയോസ് ഇ. മൈകൽഡിസ്, ദിമിത്രോസ് എൻ. മൈകൽഡിസ് എന്നിവരുടെ പഠനങ്ങൾ കൽക്കരി അധിഷ്ഠിത ഊർജ സ്രോതസ്സുകളിൽ നിന്നും പുനരുപയോഗ സ്രോതസുകളിലേക്ക് മാറുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്. പ്രത്യേകിച്ച് കാറ്റ്, സൗരോർജം തുടങ്ങിയ സ്രോതസുകളിലേക്കുള്ള മാറ്റം. ഇത്തരത്തിൽ കാറ്റ്, സൗരോർജം എന്നിവയിലേക്കുള്ള മാറ്റം ഊർജത്തിന്റെ മറ്റു രീതിയിലുള്ള സ്രോതസുകളുടെ ആവശ്യം ഉയർത്തുന്നതായി നമുക്ക് കാണാം. സൗരോർജം, കാറ്റ് എന്നിവ വഴിയായുള്ള ഊർജത്തിന്റെ ഉത്പാദനം മൊത്തം ആവശ്യങ്ങളുടെ 25 ശതമാനത്തിന് മുകളിലായാൽ വൈദ്യുതി ഉല്പാദനത്തിൽ പ്രകടമായ വർധന ദൃശ്യമാകുന്നതാണ്. ഈ പ്രത്യേകത പുനരുപയോഗ ഊർജ സ്രോതസുകളിലേക്ക് മാറുന്നതിന് ചില തടസങ്ങൾ

സൃഷ്ടിക്കുന്നതായി കാണാം. സൗരോർജം, കാറ്റ് എന്നിവയിൽ നിന്നുള്ള ഉത്പാദനം, കൽക്കരി ഉപയോഗിച്ചുള്ള ഇന്നത്തെ ഉല്പാദനത്തിൽ നിന്നുള്ള മാറ്റത്തിന് വളരെ ആവശ്യമായ ഒന്നാണ്. മാത്രവുമല്ല, ഈ മാറ്റം വൈദ്യുതി ശേഖരണത്തിനുള്ള സംവിധാനങ്ങളുടെ ആവശ്യകത ഉയർത്തുന്നു.

**രീതിശാസ്ത്രം**

വിവിധ രീതിയിലുള്ള മാർഗ്ഗങ്ങളാണ് ഈ പഠനത്തിന് ആധാരമാക്കിയിട്ടുള്ളത്. ഗുണപരവും അളവുപരവുമായ വിശകലനങ്ങളാണ് അതിൽ പ്രധാനം. ദ്വിതീയ തലത്തിലുള്ള വിവരങ്ങളാണ് ഈ പഠനത്തിന് ആധാരമാക്കിയിട്ടുള്ളത്. വിവരങ്ങളുടെ സ്രോതസ്സ് താഴെ പറയുന്നവയാണ്.

സർക്കാർ റിപ്പോർട്ടുകൾ–എം എൻ ആർ ഇ, നീതി ആയോഗ്, ഊർജ മന്ത്രാലയം, എം ഒ എസ് പി ഐ എന്നിവയുടെ റിപ്പോർട്ടുകൾ.

ഐ ഇ എ പോലുള്ള അന്താരാഷ്ട്ര ഏജൻസികളുടെ റിപ്പോർട്ടുകൾ.

അക്കാദമിക് ജേർണലുകൾ–'കേരള ഇക്കോണമി' (ഗിഫ്റ്റ്)

വളർച്ചാ നിരക്ക്, അനുപാത വിശകലനം തുടങ്ങിയ രീതികളിലൂടെയാണ് പഠനത്തിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ക്രോഡീകരിക്കുകയും ചെയ്തിരിക്കുന്നത്. ഇന്ത്യയിലെ ഊർജമേഖലയിൽ സംഭവിക്കുന്ന പരിവർത്തനമാണ് അടുത്ത ഭാഗത്ത് ചർച്ച ചെയ്യുന്നത്.

**പുനരുപയോഗ ഊർജ സ്രോതസുകളിലേക്കുള്ള മാറ്റം**

ലോകത്തെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രാജ്യമായ ഇന്ത്യയിൽ ഊർജത്തിന്റെ ഉപയോഗത്തിലും ആവശ്യത്തിലും അതിവേഗത്തിലുള്ള വർധനയാണ് കാണുന്നത്. രാജ്യത്തിന്റെ വികസനവും ഊർജ മേഖലയും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. ആഗോളതലത്തിൽ ഊർജത്തിന്റെ ഉല്പാദനവും ഉപഭോഗവും കണക്കിലെടുക്കുമ്പോൾ ഇന്ത്യ മൂന്നാം സ്ഥാനത്താണ്. അതിവേഗത്തിലുള്ള നഗരവൽക്കരണവും സാമ്പത്തിക വളർച്ചയുമാണ് ഇതിന് പ്രധാന കാരണം. ഊർജവശ്യങ്ങൾ നിറവേറ്റുന്നതിന് മുന്നിലുള്ള വെല്ലുവിളികൾ നിരവധിയാണ്. എല്ലവർക്കും ഊർജം ലഭ്യമാക്കുന്നതിനൊപ്പം ഹരിത ഊർജ ഉല്പാദനത്തിന്റെ കാര്യത്തിലും സുസ്ഥിര വികസനത്തിന്റെ കാര്യത്തിലും ഇന്ത്യ പ്രതിജ്ഞാബദ്ധമായ ഒരു രാജ്യമാണ്. ഇത്തരത്തിൽ പുനരുപയോഗ ഊർജ ഉല്പാദന രംഗത്തെ ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമായ സാമ്പത്തികമായ പിന്തുണ ഇന്ത്യ നൽകുന്നുണ്ട്. ഊർജ സുരക്ഷ ഉറപ്പാക്കുക, കാർബൺ പുറന്തള്ളൽ കുറയ്ക്കുക തുടങ്ങിയ കാര്യങ്ങളിലും ഇന്ത്യ ശക്തമായ നടപടികളുമായി മുന്നോട്ടു പോകുന്നു.

1982 ൽ പാരമ്പര്യേതര ഊർജ സ്രോതസുകൾക്കായി ഒരു പ്രത്യേക വകുപ്പ് രൂപീകൃതമായതിന് ശേഷം ഇന്ത്യയിലെ നൂതന ഊർജ മേഖലയും പുനരുപയോഗ ഊർജ രംഗവും സുസ്ഥിരമായ വികസന പാതയിലാണെന്ന് കാണാം. പഞ്ചവത്സര പദ്ധതികളിൽ നിന്ന് നീതി ആയോഗ് സംവിധാനത്തിലേക്ക് മാറിയതിന് ശേഷം പുനരുപയോഗ ഊർജ ഉല്പാദന രംഗത്ത് സർക്കാരിന്റെ ചെലവഴിക്കൽ ഉയർന്നു വരികയാണ്. 2015–16 സാമ്പത്തിക വർഷത്തിൽ മൊത്തം ചെലവ് 165.44 കോടി രൂപയായിരുന്നെങ്കിൽ 2016–17 ൽ 6414.46 കോടി രൂപയായി ഉയർന്നു. എന്നാൽ 2020–21 ആയപ്പോൾ തുക 2459.13 കോടി രൂപയായി കുറഞ്ഞു

(പട്ടിക 1.1). കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിയാണ് ഈ ഇടിവിന് പ്രധാന കാരണം. തുടർന്ന് 2021–22, 2023–24 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഇതിനുള്ള ചെലവഴിക്കൽ 40.73 ശതമാനം ഉയർന്നു. 2015 മുതൽ 2025 വരെയുള്ള വർഷങ്ങളിലെ സർക്കാർ ചെലവഴിക്കലിന്റെ വളർച്ചാ തോത് 50.07 ശതമാനമാണെന്നും കാണാം (പട്ടിക 1.1).

**Table 1.1** Energy Expenditure of Union Government (in crore)

| Year | Energy | New & Renewable Energy |
|---|---|---|
| 2015-16 | 37469.27 | 165.44 |
| 2016-17 | 43441.09 | 6414.46 |
| 2017-18 | 44203.94 | 5392.25 |
| 2018-19 | 44165.87 | 4169.63 |
| 2019-20 | 60428.51 | 3200.82 |
| 2020-21 | 52480.96 | 2459.13 |
| 2021-22 | 26911.32 | 3972.66 |
| 2022-23 | 47954.51 | 7504.12 |
| 2023-24 | 39716.94 | 7869.10 |

*Source: Union Budget,Government of India, various years (https://www.indiabudget.gov.in/)*

**Figure 1.1**



ഇന്ത്യയെ സംബന്ധിച്ചിടത്തോളം പുനരുപയോഗ സാധ്യതയുള്ളതും അല്ലാത്തതുമായ ഊർജ സ്രോതസുകൾ ധാരാളമായുണ്ട്. സാമ്പത്തിക വളർച്ച കൂടുന്നതിനനുസരിച്ച് ഊർജത്തിന്റെ ആവശ്യവും വർധിക്കുന്നു. പുനരുപയോഗ സ്രോതസുകളിലേക്കുള്ള മാറ്റം വളർച്ചയുടെ പാതയിലാണ്. പാരമ്പര്യ ഊർജ ഉല്പാദനവും വർധിച്ചു വരുന്നതായി കാണാം. എന്നാൽ ഈ മേഖലയിലെ വളർച്ചാ തോത് മന്ദഗതിയിലാണെന്ന് വിലയിരുത്തേണ്ടി വരും. അതായത് പുനരുപയോഗ ഊർജ മേഖലയിലെ വളർച്ച താരതമ്യേന കൂടുതലാണ്. 2015 മുതൽ 2014 വരെയുള്ള കാലയളവ് പരിശോധിച്ചാൽ പുനരുപയോഗ ഊർജ ഉത്പാദനം 187.16 ബില്യൺ യൂണിറ്റിൽ (ബി യു) നിന്ന് 359 .89 ബില്യൺ യൂണിറ്റായി ഉയർന്നു. 2015–16 സാമ്പത്തിക വർഷം മുതൽ 2018–19 സാമ്പത്തിക വർഷം വരെ ഈ മേഖല വളരുന്ന പ്രവണതയാണ് കാഴ്ച്ച വച്ചത് (രേഖാചിത്രം 1.1). എന്നാൽ കോവിഡ് ഘട്ടത്തിൽ ഇത് കുറയുകയുണ്ടായി. കോവിഡിന് ശേഷം വീണ്ടും പോസിറ്റീവായ മാറ്റം പ്രകടമാണ്.

പാരമ്പര്യ ഊർജ സ്രോതസ്സുകളിൽ നിന്നുള്ള ഉത്പാദനം 2015 നും 2024 നുമിടയിൽ 981.2 ബില്യൺ യൂണിറ്റിൽ നിന്ന് 1374 .23 ബില്യൺ യൂണിറ്റായി ഉയർന്നു. എന്നാൽ 2015–16, 2018–19 എന്നീ സാമ്പത്തിക വർഷങ്ങൾക്കിടയിൽ ഈ രംഗത്തെ വളർച്ചയുടെ നിരക്ക് കുറയുന്ന പ്രവണതയാണ് കാഴ്ച വച്ചത്. 2019–20 ൽ മൈനസ് 1.87 ശതമാനവും 2020–21 ൽ മൈനസ് 1.25 ശതമാനവും വളർച്ചയാണ് രേഖപെടുത്തിയതെന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ് (പട്ടിക–1.2). അതിന് ശേഷം നേരിയ തോതിലുള്ള വളർച്ച രേഖപ്പെടുത്തി. മൊത്തത്തിൽ ഈ രംഗത്തെ വളർച്ച 40.05 ശതമാനമാണെന്ന് കാണാം. കൽക്കരിയാണ് ഈ രംഗത്തെ പ്രധാന ഉല്പാദന ഉപാധി.

**Table 1.2** Renewable and non-renewable energy generation (in Billion Units)

| Year | Non-RE | Growth Rate | RE | Growth Rate |
|---|---|---|---|---|
| 2015-16 | 981.2 | | 187.16 | |
| 2016-17 | 1032.14 | 5.19 | 203.93 | 8.96 |
| 2017-18 | 1075.4 | 4.19 | 227.94 | 11.77 |
| 2018-19 | 1110.03 | 3.22 | 261.65 | 14.79 |
| 2019-20 | 1089.22 | -1.87 | 294.11 | 12.40 |
| 2020-21 | 1075.54 | -1.26 | 297.55 | 1.17 |
| 2021-22 | 1161.82 | 8.02 | 322.54 | 8.40 |
| 2022-23 | 1251.98 | 7.76 | 365.66 | 13.37 |
| 2023-24 | 1374.23 | 9.76 | 359.89 | -1.58 |

*Source-Ministry of new and renewable energy (MNRE)*

**RE - Renewable energy*

**Figure 1.2**




ഇതിൽ നിന്നും വ്യക്തമാകുന്ന കാര്യം രണ്ടു രീതിയിലുള്ള ഊർജ ഉല്പാദന രംഗത്തെയും ചെലവുകൾ വർഷം തോറും ഉയരുന്നു എന്നതാണ്. അതോടൊപ്പം ഊർജ ഉല്പാദനത്തിന്റെ അളവിലും വർധനയുണ്ടകുന്നുണ്ട്. എന്നാൽ പുനരുപയോഗ രംഗത്തെ ശരാശരി വളർച്ച 9.66 ആയിരിക്കുമ്പോൾ പരമ്പരാഗത മേഖലയിൽ അത് 4.25 ശതമാനമാണ്. ഊർജ ഉല്പാദന രംഗത്ത് ഒരു വലിയ പരിവർത്തനത്തിന്റെ പാതയിലാണ് ഇന്ത്യ എന്ന് ഇത് വ്യക്തമാക്കുന്നു.

ശുദ്ധമായ ഊർജം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കേന്ദ്ര സർക്കാർ നിരവധി സബ്സിഡികളും പ്രോത്സാഹനവും നൽകി വരുന്നു. കൂടുതൽ നിക്ഷേപം ആകർഷിക്കുക, ഉല്പാദന ചെലവുകൾ കുറയ്ക്കുക, പുനരുപയോഗ ഊർജം എല്ലാവർക്കും ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഇതിന് പിന്നിൽ. പുനരുപയോഗ ഊർജ മേഖലയിൽ 100 ശതമാനം വിദേശ നിക്ഷേപത്തിന് അനുമതിയുണ്ട്. ഇതിനുള്ള അംഗീകാരം സ്വാഭാവികമായി തന്നെ ലഭിക്കുന്നതാണ്. കാറ്റ്, സൗരോർജം തുടങ്ങിയ പദ്ധതികൾക്ക്ആവശ്യമായ ഉപകരണങ്ങൾ കൊണ്ട് പോകുന്നതിന് അന്തർ സംസ്ഥാന ചരക്ക് നീക്ക ചാർജുകൾ ഒഴിവാക്കി നല്കിയിരിക്കുന്നു. അതുപോലെ ഡിമാന്ഡിന്റെ കാര്യത്തിൽ നൈരന്തര്യം ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ 'റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ' (ആർ പി ഒ) എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇത്തരം പദ്ധതികൾ ആരംഭിക്കുന്ന സംരംഭകർക്ക് ഭൂമിയും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുന്നതിനായി അൾട്രാ മെഗാ റിന്യൂവബിൾ എനർജി പാർക്കുകൾ സജ്ജമാക്കിയിട്ടുണ്ട്. പി എം കുസും, പുരപ്പുറ സൗരോർജ പദ്ധതിയുടെ രണ്ടാം ഘട്ടം, സി പി എസ് യു രണ്ടാം ഘട്ടം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ദേശീയ ഹരിത ഹൈഡ്രജൻ മിഷന്റെ കീഴിൽ എം എൻ ആർ ഇ എന്ന പദ്ധതി വഴിയായി ഹരിത ഹൈഡ്രജൻ ഉല്പാദനത്തിന് സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഹരിത ഊർജ ഇടനാഴി

എന്നതാണ് മറ്റൊരു ശ്രദ്ധേയമായ പദ്ധതി. പ്രസരണ ലൈനുകൾ, സബ്സ്റ്റേഷൻ തുടങ്ങിയവയുടെ നിർമ്മാണമാണ് ഇതുവഴി ലക്ഷ്യമാക്കുന്നത് . ഈ രംഗത്ത് പുതിയ സ്റ്റാർട്ട് അപ്പുകൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകുന്നതിനായി ഗവേഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ടുകൾ നൽകി വരുന്നു. ഇത്തരം വൈവിധ്യമാർന്ന പദ്ധതികൾ വഴി ഭാവിയിൽ ഊർജ്ജ സ്രോതസുകളുടെ സഞ്ചയത്തിലെ സുപ്രധാന ഘടകമായി പുനരുപയോഗ ഊർജ്ജ സ്രോതസുകളെ മാറ്റുന്നതിന് ലക്ഷ്യമിടുകയാണ് കേന്ദ്ര സർക്കാർ.

**പുനരുപയോഗ ഊർജ്ജ രംഗത്ത് കേരളത്തിന്റെ സ്ഥിതി – സംസ്ഥാനാന്തര താരതമ്യം**

ഊർജ്ജ ഉല്പാദന രംഗത്ത് ഇന്ത്യ ലോകത്ത് മൂന്നാം സ്ഥാനത്താണ്. ഈ രംഗത്ത് ഇന്ത്യയുടെ വൈവിധ്യം ശ്രദ്ധേയമാണ്. വലിയ തോതിൽ സൗരോർജം ലഭ്യമാകുന്ന രാജസ്ഥാൻ മരുഭൂമി മുതൽ തമിഴ്നാട്ടിലും ഗുജറാത്തിലും കാറ്റ് വളരെ പ്രധാനപ്പെട്ട ഉല്പാദന സ്രോതസാണ്. ഹിമാലയൻ സംസ്ഥാനങ്ങളിലെ ജലവൈദ്യുതി പദ്ധതികളും ജാർഖണ്ഡ്, ഛത്തീസ്ഗഡ് തുടങ്ങിയ സംസ്ഥാനങ്ങളിലെ കൽക്കരി ബെൽറ്റും ശ്രദ്ധേയമാണ്. ഈ പ്രത്യേകത മൂലം ഓരോ സംസ്ഥാനത്തിന്റെയും ഊർജ്ജ ഉല്പാദന ശേഷി വ്യത്യസ്തമാണ്. ചില സംസ്ഥാനങ്ങൾ പുനരുപയോഗ ഊർജ്ജ മേഖലക്ക് വലിയ പ്രാധാന്യമാണ് നൽകുന്നത്. എന്നാൽ മറ്റു പല സംസ്ഥാനങ്ങളും ഫോസിൽ ഇന്ധനങ്ങളെയാണ് കാര്യമായി ആശ്രയിക്കുന്നത്. അതുകൊണ്ട് സംസ്ഥാനങ്ങളുടെ സ്ഥിതി പ്രത്യേകം പരിശോധിക്കേണ്ടത് ആവശ്യമാണ്.

2023–24 സാമ്പത്തിക വർഷത്തിലെ ഊർജ്ജ ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ രാജസ്ഥാൻ, ഗുജറാത്ത്, കർണ്ണാടക, ഹിമാചൽപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളാണ് മുൻനിരയിൽ നിൽക്കുന്നത്. ഈ സംസ്ഥാനങ്ങളുടെ കാര്യത്തിൽ 2025–26ലെ മൊത്തം ചെലവിന്റെ 0.0001 ശതമാനം മുതൽ 1.509 ശതമാനം വരെ ഊർജ്ജ ഉല്പാദനത്തിനായി ചെലവഴിക്കുന്നുവെന്ന് കാണാം. രാജസ്ഥാൻ മൊത്തം ചെലവുകളുടെ 1.509 ശതമാനം പുനരുപയോഗ ഊർജ്ജ ഉല്പാദനത്തിനായി ചെലവഴിച്ചിട്ടുണ്ട്. ഹിമാചൽപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ കേരളത്തേക്കാൾ കുറഞ്ഞ തുകയാണ് ചെലവഴിച്ചരിക്കുന്നത്. കേരളം മൊത്തം ചെലവിന്റെ 0.009 ശതമാനമാണ് ചെലവഴിക്കുന്നത്. മറ്റു പല സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്ന തോതാണ് ഇത് (പട്ടിക – 2.1).

**Table 2.1** New and renewable energy as a percentage of total state expenditure in 2025-26 (in crore)

| States | New and renewable energy expenditure | Total expenditure | Share in total expenditure (%) |
|---|---|---|---|
| Rajasthan | 5728.37 | 3,79,617 | 1.509 |
| Gujarat | 842.74 | 3,32,150 | 0.254 |
| Karnataka | 15 | 3,83,075 | 0.004 |
| Himachal Pradesh | 3.2 | 52,709 | 0.006 |
| Tamil Nadu | 0.31 | 4,39,293 | 0.0001 |
| Kerala | 19.47 | 1,98,582 | 0.009 |

*Source- State budget documents, 2025-26, various states*

2023 24 ലെ കണക്കുകൾ പ്രകാരം ഊർജ ഉല്പാദന മേഖലയിൽ മുന്നിൽ നിൽക്കുന്ന അഞ്ചു സംസ്ഥാനങ്ങൾ രാജസ്ഥാൻ, ഗുജറാത്ത്, കർണ്ണാടക, ഹിമാചൽപ്രദേശ്, തമിഴ്നാട് എന്നിവയാണ്. 48164.86 ബില്യൺ യൂണിറ്റുമായി രാജസ്ഥാൻ ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. ഇതിൽ 38365. 21 ബില്യൺ യൂണിറ്റും സൗരോർജ മേഖലയിലാണ്. കേരളത്തിന്റെ മൊത്തം ഉത്പാദനം 7359.96 ബില്യൺ യൂണിറ്റാണ്. ഇതിൽ 5155.72 ബില്യൺ യുണിറ്റ് ജലവൈദ്യുത പദ്ധതികൾ വഴിയാണ്. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ കാര്യത്തിൽ 2526.98 ബില്യൺ യൂണിറ്റുമായി ഹിമാചൽ പ്രദേശാണ് ഒന്നാം സ്ഥാനത്ത്. കേരളം ചെറുകിട പദ്ധതികളിൽ നിന്ന് 716.31 ബി യു വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട് (പട്ടിക–2.2). കാറ്റിൽ നിന്നുള്ള വൈദ്യുതിയുടെ കാര്യത്തിൽ ഗുജറാത്താണ് ഒന്നാം സ്ഥാനത്ത്. 24794.50 ബി യു ആണ് ഉത്പാദനം. കാറ്റിൽ നിന്ന് കേരളം 214.53 ബി യു വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. ജൈവ ഇന്ധനത്തിന്റെ രംഗത്ത് കർണാടകമാണ് നമ്പർ വൺ. 2801.51 ബി യു ആണ് ഉത്പാദനം. കേരളത്തിന്റെ ഉത്പാദനം 78.12 ബി യു ആണ്. സൗരോർജ വൈദ്യുതിയുടെ കാര്യത്തിൽ 38365.21 ബി യു ഉല്പാദനവുമായി രാജസ്ഥാനാണ് ഒന്നാമത് നിൽക്കുന്നത്. കേരളത്തിന്റെ ഉത്പാദനം 1195.28 ബി യു ആണ്. വൻകിട ജലവൈദ്യുത പദ്ധതികളുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്ത് ഹിമാചൽ പ്രദേശാണ്. ഉത്പാദനം 38365.21 ബി യു. വൻകിട പദ്ധതികളിൽ നിന്ന് കേരളം 5155.72 ബി യു വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു (പട്ടിക 2.2).

**Table 2.2** State wise energy generation during 2023 - 2024 (in Billion Units)

| States /UTs | Small Hydro Power | Wind Power | Bio Power | Solar Power | Large Hydro | Total |
|---|---|---|---|---|---|---|
| Rajasthan | 7.45 | 8390.67 | 387.55 | 38365.21 | 1013.97 | 48164.86 |
| Gujarat | 217.68 | 24794.5 | 2.13 | 13468.91 | 4556.33 | 43039.55 |
| Karnataka | 1370.76 | 10950.2 | 2801.51 | 15404.09 | 8973.17 | 39499.72 |
| Himachal Pradesh | 2526.98 | … | … | 59.54 | 36365.85 | 38952.37 |
| Tamil Nadu | 206 | 16908.08 | 751.75 | 11737.48 | 3563.28 | 33166.59 |
| Kerala | 716.31 | 214.53 | 78.12 | 1195.28 | 5155.72 | 7359.96 |

*Source- Renewable energy statistics 2023-24 (www.mnre.gov.in)*

**Figure 2.1**



സർക്കാരിന്റെ ചെലവഴിക്കലും പുനരുപയോഗ ഊർജത്തിന്റെ ഉല്പാദനവും തമ്മിൽ കാര്യമായ പൊരുത്തമുള്ളതായി ഈ കണക്കുകൾ വ്യക്തമാക്കുന്നു. ഊർജ ഉല്പാദനത്തിന്റെ കാര്യത്തിൽ ഉത്തേജകമായി വർത്തിക്കുന്നത് പൊതു–സ്വകാര്യ പങ്കാളിത്തമാണ്. ഈ രംഗത്ത് ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമായ രാജസ്ഥാൻ, ടാറ്റ പവർ ഇൻവെസ്റ്റ്മെന്റ് എന്ന കമ്പനിയുമായി സഹകരിച്ചാണ് പ്രവർത്തിക്കുന്നത്. യു എ ഇ യുമായും സഹകരിക്കുന്നതിനൊപ്പം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ അവിടെ കാര്യമായി മുതൽ മുടക്കിയിട്ടുണ്ട്. മിക്ക സംസ്ഥാനങ്ങളും പി പി പി മോഡലിനാണ് കൂടുതൽ ഊന്നൽ നൽകുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഭൂപ്രകൃതി ഏറെ വൈവിധ്യമാർന്നതാണ്. ഈ പ്രത്യേകതകൾ കൊണ്ട് തന്നെ പുനരുപയോഗ ഊർജ ഉല്പാദന മേഖലയിൽ കേരളത്തിൽ നല്ല പ്രവർത്തനം കാഴ്ച്ച വയ്ക്കാൻ കഴിയുന്നതാണ്. ജലവൈദ്യുത പദ്ധതികളാണ് കേരളത്തിന്റെ ഏറ്റവും വലിയ ഊർജ സ്രോതസുകൾ. എന്നാൽ 3673 മെഗാവാട്ട് വൈദ്യുതി ഉല്പാദന ശേഷിയുള്ള കേരളം യഥാർത്ഥത്തിൽ ഉല്പാദിപ്പിക്കുന്നത് 1964.15 മെഗാ വാട്ട് മാത്രമാണ്. രണ്ടാമതായി വരുന്ന ചെറുകിട വൈദ്യുതി പദ്ധതികളുടെ കാര്യത്തിൽ 647.15 മെഗാവാട്ട് ഉല്പാദിപ്പിക്കുന്നതിനുള്ള ശേഷി കേരളത്തിനുണ്ട്. എന്നാൽ ഉത്പാദനം 276.52 മെഗാവാട്ട് മാത്രമാണ്. സൗരോർജ മേഖലയിൽ കേരളത്തിന് മികച്ച സാധ്യതകളാണുള്ളത്. എന്നാൽ അതിന്റെ 25.19 ശതമാനം മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഏറ്റവും കൂടുതൽ ഊർജം ഉല്പാദിപ്പിക്കുന്ന അഞ്ചു സംസ്ഥാനങ്ങളുടെ കാര്യത്തിലെന്ന പോലെ കേരളം അതിന്റെ പ്രകൃതിദത്തമായ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്. കേരളം ചെലവഴിക്കുന്ന തുകയും പുനരുപയോഗ ഊർജ ഉല്പാദനവും തമ്മിൽ കാര്യമായ ബന്ധമില്ലെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

ഊർജ ഉല്പാദന മേഖലയിലെ 2023–24 സാമ്പത്തിക വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ ഇന്ത്യയിലെ സംസ്ഥാനങ്ങൾ തമ്മിൽ പ്രകടമായ അന്തരം നിലനിൽക്കുന്നത് കാണാം. സ്വാഭാവിക വിഭവങ്ങളുടെ വ്യത്യാസവും ഭൗമശാസ്ത്രപരമായ പ്രത്യേകതകളുമാണ് ഇതിന് കാരണം. രാജസ്ഥാൻ, ഗുജറാത്ത്, കർണ്ണാടക, ഹിമാചൽപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾക്ക് അവയുടെ സാദ്ധ്യതകൾ ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞു. നിക്ഷേപത്തിന്റെ കാര്യത്തിലും അടിസ്ഥാന സൗകര്യ വികസനത്തിലും കാര്യമായ ഊന്നൽ നൽകാൻ ഈ സംസ്ഥാനങ്ങൾക്ക് കഴിഞ്ഞു. എന്നാൽ കേരളത്തിന് പുനരുപയോഗ ഊർജ മേഖലയിലെ സാധ്യതകളും അതിന്റെ തനതായ ഭൗമ സവിശേഷതകളും, പ്രത്യേകിച്ച് ജലവൈദ്യുത, സൗരോർജ മേഖലകളിലെ, കാര്യമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല.

നയപരമായ മികച്ച ഇടപെടൽ, സാമ്പത്തിക പ്രോത്സാഹനം, സാങ്കേതികമായ നവീകരണം തുടങ്ങിയ മാർഗ്ഗങ്ങൾ വഴിയായി വിഭവങ്ങൾ വിനിയോഗിക്കുന്ന കാര്യത്തിലെ അപാകതകൾ കേരളം പരിഹരിക്കേണ്ടതുണ്ട്. അപ്രകാരം ചെയ്യുന്നതിലൂടെ സംസ്ഥാനത്തിന് ഊർജ സുരക്ഷയും സുസ്ഥിരതയും ഉറപ്പാക്കാൻ കഴിയുമെന്ന് മാത്രമല്ല, രാജ്യത്തിൻറെ പുനരുപയോഗ ഊർജ രംഗത്തെ ലക്ഷ്യങ്ങൾ നിറവേറ്റുന്ന കാര്യത്തിൽ മികച്ച സംഭാവനായർപ്പിക്കാനും കഴിയും.

**അന്തിമ നിരീക്ഷണങ്ങൾ**

ഉയർന്നു വരുന്ന ഊർജ ആവശ്യങ്ങൾ, പാരിസ്ഥിതികമായ ആശങ്കകൾ, സുസ്ഥിര

വികസനത്തിനായുള്ള സമ്മർദം തുടങ്ങിയ നിരവധി ഘടകങ്ങൾ കാരണം ഇന്ത്യയിലെ ഊർജ ഉല്പാദന മേഖല വലിയ പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. കൽക്കരി പോലുള്ള പാരമ്പര്യ ഊർജ സ്രോതസുകളെയാണ് ഇന്ത്യ ആശ്രയിക്കുന്നതെങ്കിലും പുനരുപയോഗ ഊർജ ഉല്പാദന മേഖല ഇപ്പോൾ നല്ല പ്രാധാന്യം കൈവരിക്കുകയാണ്. പുനരുപയോഗ, പാരമ്പര്യ ഊർജ ഉല്പാദന മേഖലകളിൽ ഉല്പാദനത്തിനുള്ള ചെലവുകൾ ഗണ്യമായി ഉയരുന്ന സ്ഥിതിയുണ്ട്. അതോടൊപ്പം ഊർജ ഉല്പാദനവും ക്രമമായി വർദ്ധിക്കുന്നുണ്ട്. പുനരുപയോഗ ഊർജ രംഗത്ത് പാരമ്പര്യ ഊർജ മേഖലയെ അപേക്ഷിച്ച് അതിവേഗത്തിലുള്ള മുന്നേറ്റം ഇന്ന് ദൃശ്യമാണ്. ശുദ്ധവും സുരക്ഷിതവുമായ ഊർജം എന്നതിലേക്കുള്ള ഒരു മാറ്റത്തിന്റെ സൂചന കൂടിയാണ് ഇത്. ഇക്കാര്യത്തിൽ എല്ലാ സംസ്ഥാനങ്ങളും ഊന്നൽ നൽകുന്നു എന്ന് മാത്രമല്ല അതാത് സംസ്ഥാനങ്ങളുടെ ഭൗമ സവിശേഷതകൾ പുനരുപയോഗ ഊർജ ഉല്പാദനത്തിനായി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. ഈ രംഗത്തെ മുൻനിര സംസ്ഥാനങ്ങളുടെ കാര്യം പരിഗണിക്കുമ്പോൾ അവ കുറഞ്ഞ മുതല്മുടക്കാണ് നടത്തുന്നതെങ്കിലും കൂടുതൽ ഊർജം ഉത്പാദിപ്പിക്കുന്നതായി കാണാം. ഇവിടെ നമുക്ക് എത്തിച്ചേരാൻ കഴിയുന്ന അനുമാനം സർക്കാർ ഇതിനായി ചെലവഴിക്കുന്ന ഫണ്ടും ഊർജ ഉല്പാദനവും തമ്മിൽ കാര്യമായ പൊരുത്തം ഇല്ല എന്നതാണ്. ചെലവിന് ആവശ്യമായ ഫണ്ട് കണ്ടെത്തുന്ന കാര്യത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തം വഴി കാര്യമായ മുന്നേറ്റം നടത്തുവാൻ കഴിയുന്നതാണ്. കേരളം വലിയ തോതിൽ ചെലവഴിക്കൽ നടത്തുന്നുണ്ടെങ്കിലും സംസ്ഥാനത്തിന് ഈ രംഗത്ത് ഇനിയും ബഹുദൂരം മുന്നേറാൻ ഉണ്ട്.

വലിയ മരുഭൂമിയുള്ള രാജസ്ഥാൻ സൗരോർജ മേഖലക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. കാറ്റിൽ നിന്നുള്ള വൈദ്യുതിയിൽ ഗുജറാത്തിന് നല്ല മുന്നേറ്റം കാഴ്ച്ച വയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ജൈവ ഊർജ ഉല്പാദന രംഗത്ത് കർണ്ണാടകത്തിനും വൻകിട, ചെറുകിട വൈദ്യുതി ഉല്പാദന മേഖലയിൽ ഹിമാചൽപ്രദേശിനും നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ അഞ്ചു സംസ്ഥാനങ്ങളും പുനരുപയോഗ ഊർജ ഉല്പാദന രംഗത്ത് കാര്യമായ മുതൽമുടക്ക് നടത്തിയതായി നമുക്ക് കാണാം.

**നയപരമായ നിർദേശങ്ങൾ**

കാർബൺ ബഹിർഗമനം ഇല്ലാതാക്കുക (സീറോ എമിഷൻ) എന്ന ലക്ഷ്യം കൈവരിക്കുന്നതിന് പുനരുപയോഗ ഊർജ ഉല്പാദന രംഗത്ത് ഇന്ത്യ നൽകുന്ന ഊന്നൽ ഭാവിയിലും തുടരേണ്ടതുണ്ട്. കേരളത്തെ പോലെ പ്രാദേശിക തല സർക്കാരുകളും പുനരുപയോഗ ഊർജ മേഖലയിലെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ മുന്നോട്ട് വരണം. വലിയ തുക ചെലവഴിക്കുന്നുണ്ടെങ്കിലും കേരളത്തെ പോലുള്ള ചില സംസ്ഥാനങ്ങൾ ഉല്പാദനശേഷിയുടെ പരിമിതമായ ഭാഗം മാത്രമാണ് പ്രയോജനപ്പെടുത്തുന്നതെന്ന വസ്തുത കാണാതെ പോകാൻ കഴിയില്ല. ഈ കുറവ് പരിഹരിക്കുന്നതിന് പല രീതിയിലുള്ള തന്ത്രങ്ങൾ ഈ സംസ്ഥാനങ്ങൾ ആവിഷ്കരിക്കേണ്ടതായുണ്ട്.

സൗരോർജ, ജലവൈദ്യുതി മേഖലകളിൽ വൻകിട പദ്ധതികൾ നടപ്പാക്കുന്നതിന് പൊതു-സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിൽ ഒന്നാമത്തെ കാര്യം. പൊതുഫണ്ടിങ്ങും സ്വകാര്യ മേഖലയുടെ കാര്യശേഷിയും അത് വഴി പ്രയോജനപ്പെടുത്താൻ കഴിയും. പുരപ്പുറ സോളാർ പദ്ധതികൾ, സൂക്ഷ്മ ജലവൈദ്യുത പദ്ധതികൾ, ജൈവ മാലിന്യങ്ങളിൽ നിന്നുള്ള ഊർജ ഉത്പാദനം തുടങ്ങിയ രംഗങ്ങളിൽ സാമൂഹ്യമായ

അവബോധം സൃഷ്ടിക്കുന്നതിലൂടെ കാര്യമായ നേട്ടങ്ങൾ കൊയ്യാൻ കഴിയും. സ്മാർട്ട് ഗ്രിഡ്, ആധുനിക പ്രസരണ സംവിധാനങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വഴിയായി പുനരുപയോഗ ഊർജ സ്രോതസുകളുടെ നിയന്ത്രണം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുന്നതാണ്. കൂടുതൽ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുന്നതിന് ഉതകുന്ന നീക്കങ്ങളാവും അവ.

നയപരമായ ഇത്തരം ഇടപെടൽ വഴിയായി കേരളം അടക്കമുള്ള സംസ്ഥാനങ്ങൾക്ക് അവയുടെ പുനരുപയോഗ ഊർജ ഉൽപ്പാദനശേഷി കാര്യമായ തോതിൽ ഉയർത്താൻ കഴിയുന്നതാണ്. ഉല്പാദന മേഖലയിലെ പ്രാദേശികമായ സാധ്യതകളും അതിന് വേണ്ടി വരുന്ന ചെലവുകളും വിശകലനം ചെയ്യുന്നത് നയരൂപീകരണ കർത്താക്കൾക്ക് ഏറെ പ്രയോജനകരമായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല.

*(ഗിഫ്റ്റിലെ വിസിറ്റിംഗ് ഫാക്കൽറ്റിയായ ശ്രീമതി അനിതകുമാരിയുടെ മാർഗ്ഗനിർദേശത്തിൽ ഇന്റേൺഷിപ്പിന്റെ ഭാഗമായി സമർപ്പിച്ച പ്രബന്ധം).*

■

(ഗായത്രി മഹേഷ് ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിലെ പി. ജി വിദ്യാർത്ഥിനിയാണ്. ആനന്ദ് നീലകണ്ഠൻ കണ്ണൂർ സർവകലാശാലയിലെ ഡോ. ജാനകി അമ്മാൾ കാമ്പസിലെ പി. ജി വിദ്യാർത്ഥിയാണ്. അഞ്ജലി എസ്. നമ്പ്യാർ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ പി. ജി വിദ്യാർത്ഥിനിയാണ്).

## References

Chauhan, I. (2020). Energy consumption and sustainable economic growth in India: A causal relationship (Doctoral dissertation, Kurukshetra University).

Gujarat Budget. (2025-26). State budget documents. https://financedepartment.gujarat.gov.in/budget.html

Haldar, S., Peddibhotla, A., & Bazaz, A. (2023). Analysing intersections of justice with energy transitions in India: A systematic literature review. Energy Research & Social Science, 99, 103064. https://doi.org/10.1016/j.erss.2023.103064

Himachal Pradesh Budget. (2025-26). Budget documents. https://himachal.nic.in/index1.php?lang=1&dpt_id=1&level=0&linkid=5265&lid=20721

Kaja, N. (2017). An overview of energy sector in India. International Journal of Science and Research (IJSR). School of Planning and Architecture, Vijayawada.

Karnataka Budget. (2025-26). State budget volumes 2025-26. https://finance.karnataka.gov.in/184/budget-volumes-2025-26/en

Kerala Budget. (2025-26). Budget documents. https://finance.kerala.gov.in/bdgtDcs.jsp

Leonard, M. D., Michaelides, E. E., & Michaelides, D. N. (2018). Substitution of coal power plants with renewable energy sources-Shift of the power demand and energy storage. Energy Conversion and Management, 164, 27-35. https://doi.org/10.1016/j.enconman.2018.02.017

Ministry of New and Renewable Energy. (2024). Renewable energy statistics 2023-24. https://www.mnre.gov.in

Ministry of New and Renewable Energy. (2025-26). Official website. https://mnre.gov.in/

NITI Aayog. (2025-26). India Climate and Energy Dashboard: State-wise deep dive. https://iced.niti.gov.in/analytics/state-wise-deep-dive

Pal, A. (2013). Power sector in India: Growth, policies and challenges. International Journal of Emerging Technology and Advanced Engineering.

PRS legislative research. https://prsindia.org/

Rajasthan Budget. (2025-26). State budget documents. https://finance.rajasthan.gov.in/website/StateBudgetAll.aspx

Tamil Nadu Budget. (2025-26). Budget documents. https://financedept.tn.gov.in/budget/

Union Budget of India. (2025-26). Budget documents. https://www.indiabudget.gov.in/

*കേരള ഇക്കോണമി*
*പുസ്തകം 6 ലക്കം 2*
*എപ്രിൽ – ജൂൺ 2025*

GIFT GULATI INSTITUTE OF FINANCE AND TAXATION

# പ്രായമേറുന്ന കേരളവും പെൻഷൻ പദ്ധതികളുടെ സുസ്ഥിരതയും

പി. എസ് രഞ്ജിത്ത്, അഷ്കർ കെ

**സംഗ്രഹം**

*ജനസംഖ്യ പരിണാമത്തിന്റെ കാര്യത്തിലെ ഏറ്റവും പുതിയ പ്രവണതകളുടെ അടിസ്ഥാനത്തിലും സംസ്ഥാനം ഇന്ന് നേരിടുന്ന സാമ്പത്തിക സമ്മർദ്ദത്തിന്റെ പശ്ചാത്തലത്തിലും കേരളത്തിലെ പെൻഷൻ സംവിധാനത്തെ വിമർശനാത്മകമായി പരിശോധിക്കുകയാണ് ഈ ലേഖനത്തിൽ. ഇന്ത്യയിൽ പ്രായമായവരുടെ എണ്ണം ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് കേരളം. മാത്രവുമല്ല, ഏറ്റവും ഉദാരമായ സാമൂഹ്യ സുരക്ഷാ പെൻഷൻ സംവിധാനവും കേരളത്തിന് അവകാശപ്പെട്ടതാണ്. അതുകൊണ്ട് ക്ഷേമ സമൂഹം എന്ന നിലയിലും പ്രായമായവരെ ചേർത്ത് പിടിക്കുന്ന കാര്യത്തിലും സംസ്ഥാനം വലിയ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും വെല്ലുവിളികളും ഇതോടൊപ്പം ഉയർന്നു വരുന്നതായി കാണാം. ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്റ്റാറ്റിയൂട്ടറി, സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളുടെ ഉത്ഭവവും വികാസവും അവലോകനം ചെയ്യുകയാണ് ഈ ലേഖനത്തിൽ. പൊതുമണ്ഡലത്തിലും വൃദ്ധജനങ്ങളുടെ മേഖലയിലുമായി 34 ലക്ഷത്തിൽ പരം പേർക്കാണ് സംസ്ഥാനത്ത് പെൻഷൻ ലഭ്യമാകുന്നത്. ഏറ്റവും ഒടുവിൽ ലഭ്യമായ സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിൽ പെൻഷൻ ഇനത്തിൽ വേണ്ടി വരുന്ന മൊത്തം ചെലവുകളുടെ കാര്യവും ഇതിൽ പരിശോധിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ ഏതാണ്ട് 17 ശതമാനം പെൻഷൻ വിതരണത്തിനായി വിനിയോഗിക്കപ്പെടുന്നു. ഇത് ധനകാര്യ മാനേജ്മെന്റ് രംഗത്ത് ചില ആശങ്കൾ ഉയർത്തുന്നതായി കാണാം. വിവിധ പെൻഷൻ പദ്ധതികളുടെ ദീർഘകാല നിലനിൽപ്പ് സംബന്ധിച്ചാണ് പ്രധാനമായും ആശങ്ക ഉയരുന്നത്. വൃദ്ധജനങ്ങളുടെ എണ്ണം ഉയർന്നു വരുന്ന സാഹചര്യം കൂടി കണക്കിലെടുക്കുമ്പോൾ പെൻഷൻ പദ്ധതികളുടെ കാര്യക്ഷമത ഉയർത്തുന്നതിനും തുല്യത ഉറപ്പാക്കുന്നതിനും സമഗ്രവും കൃത്യവുമായ അഴിച്ചുപണി ആവശ്യമാണെന്ന് കാണാം.*

***പ്രധാന വാക്കുകൾ** : പെൻഷൻ സംവിധാനം, വർധക്യമേറുന്ന ജനത, ധനകാര്യ സ്ഥിതി.*

### 1. ആമുഖം

ഇന്ത്യയുൾപ്പടെയുള്ള വികസ്വര രാജ്യങ്ങൾ നേരിടുന്ന ഒരു പ്രധാന വൈതരണിയാണ് പെൻഷൻ പരിഷ്കരണം. ഉയരുന്ന ജീവിതദൈർഘ്യം, പ്രായമായവരുടെ എണ്ണത്തിൽ ഉണ്ടാകുന്ന വളർച്ച, സാമ്പത്തിക നിലയിൽ വരുന്ന മാറ്റം, ഘടനാപരമായ വെല്ലുവിളികൾ എന്ന് തുടങ്ങി നിരവധി കാരണങ്ങൾ ഇതിന് പിന്നിലുണ്ട്. ഓരോ വർഷവും റിട്ടയർ ചെയ്യുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന വർധന സ്ഥിതി കൂടുതൽ സങ്കീർണമാക്കുന്നു. അതുകൊണ്ട് കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയിലേക്കുള്ള മാറ്റം, ഫെഡറൽ ഘടനയിലെ ഭരണ സംവിധാനങ്ങൾ, പെൻഷൻ നൽകുന്നത് മൂലം ധനകാര്യ രംഗത്തുണ്ടാകുന്ന സമ്മർദം അടക്കമുള്ള നിരവധി വിഷയങ്ങൾ ഗൗരവമേറിയ ചർച്ചക്ക് വിഷയീഭവിക്കേണ്ടതുണ്ട്. രാജ്യങ്ങൾ വളരുന്ന മുറയ്ക്ക് പെൻഷൻ സമ്പ്രദായവും ധനകാര്യ സുസ്ഥിരതയും ബാലൻസ് ചെയ്ത മുന്നോട്ട് കൊണ്ട് പോകുന്ന കാര്യം വൈഷമ്യമേറിയ ഒന്നായി മാറുകയാണ്. ബാർ, ഡൈമൻഡ് എന്നിവർ ചൂണ്ടിക്കാട്ടുന്നത്, വിജയകരമായ ഒരു പെൻഷൻ സംവിധാനം സാമ്പത്തികമായ നൈരന്തര്യം, ധനകാര്യ സ്ഥിതി, സാമൂഹ്യ ക്ഷേമ ലക്ഷ്യങ്ങൾ തുടങ്ങിയ നിരവധി ഘടകങ്ങളുമായി ഒത്തുപോകേണ്ടതുണ്ട് എന്നാണ്. ഭരണകൂടം മുന്നിൽ നിന്ന് നയിക്കുന്ന സോഷ്യലിസ്റ്റ് മാതൃകകൾ മുതൽ വിപണി നിയന്ത്രിതമായ ആംഗ്ലോ – അമേരിക്കൻ രീതികൾ, ലോകബാങ്ക് മുന്നോട്ട് വച്ച മൂന്ന് തൂണുകൾ – പൊതുവായത്, തൊഴിൽ മേഖലയുമായി ബന്ധപ്പെടുന്നത്, സ്വന്തം ഇഷ്ടപ്രകാരം ചേരുന്ന പെൻഷൻ പദ്ധതി (1994) അടക്കമുള്ള വിവിധ രീതികളിൽ പെൻഷൻ നൽകുന്നതിന് ആവശ്യമായ ഫണ്ട് സമാഹരിക്കുന്ന കാര്യത്തിൽ വൈവിധ്യമാർന്ന സ്രോതസുകൾ സൃഷ്ടിക്കേണ്ടത് ആവശ്യമാണ്. പ്രത്യേകിച്ച് പെൻഷൻ പദ്ധതികളുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള സുസ്ഥിരത പരിഗണിക്കുമ്പോൾ.

ഇന്ത്യയിൽ പെൻഷൻ സമ്പ്രദായം ഉടലെടുത്തിട്ട് ഏതാണ്ട് ഒരു നൂറ്റാണ്ട് പിന്നിടുകയാണ്. 1881 ലെ റോയൽ കമ്മീഷൻ ഓൺ സിവിൽ എസ്റ്റാബ്ലിഷ്മെന്റ്സിൽ നിന്ന് തുടങ്ങിയ ഈ സമ്പ്രദായം 1919 ലെയും 1935 ലെയും കേന്ദ്ര സർക്കാർ നിയമങ്ങൾ വരുന്നതോടെ ഭരണഘടനാപരമായ സാധുതയും വികസനോന്മുഖ കാഴ്ച്ചപ്പാടുമുള്ള വിശാലാടിസ്ഥാനത്തിലുള്ള ഒരു സംവിധാനമായി മാറുന്നത് കാണാം. തുടക്കത്തിൽ സർക്കാർ ജീവനക്കാർ മാത്രമാണ് പെൻഷൻ അനുകൂല്യത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിരുന്നത്. പിന്നീട് ഇത് പൊതുവായ ഒരു തലത്തിലേക്ക് പരിണമിക്കുകയായിരുന്നു. ക്ഷേമ പെൻഷനുകൾ ഇന്ത്യയുടെ സാമൂഹ്യ സുരക്ഷാ ഘടനയിലെ അവിഭാജ്യ ഘടകമായി മാറുകയും ചെയ്തു. ഭരണഘടനയുടെ മാർഗ്ഗനിർദേശ തത്വങ്ങൾ, പ്രത്യേകിച്ച് അനുച്ഛേദം 41 അനുസരിച്ച് പെൻഷൻ സംവിധാനം കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും അധികാരമുള്ള കൺകറൻറ് ലിസ്റ്റിലാണ് ഉൾപ്പെട്ടിരിക്കുന്നത്. കേന്ദ്രതലത്തിലുള്ള പദ്ധതികൾ ആരംഭിക്കുന്നതിന് മുൻപ് തന്നെ പല സംസ്ഥാന സർക്കാരുകളും വാർധക്യ പെൻഷൻ പദ്ധതികൾക്ക് തുടക്കം കുറിക്കുകയുണ്ടായി. നിലവിൽ പ്രായമേറിയവരുടെ വരുമാന സുരക്ഷിതത്വം നിലനിൽക്കുന്നത് മൂന്ന് പ്രധാന തൂണുകളിലാണ്. സംഘടിത മേഖലയിലെ ജീവനക്കാർക്കായുള്ള സ്റ്റാറ്റിയൂട്ടറി പെൻഷൻ പദ്ധതി, അസംഘടിത, സ്വയംതൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കായുള്ള പെൻഷൻ പദ്ധതികൾ, സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി എന്നിവയാണ് അവ. ബംഗാൾ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ ഒഴികെയുള്ള സംസ്ഥാനങ്ങൾ നടപ്പാക്കിയിട്ടുള്ള നാഷണൽ പെൻഷൻ പദ്ധതി (എൻ പി എസ്) ഇക്കാര്യത്തിൽ

ഉണ്ടാക്കിയിട്ടുള്ള രാഷ്ട്രീയപരമായ മാറ്റങ്ങളും ജനസംഖ്യ വളർച്ച മൂലമുണ്ടാകുന്ന സമ്മർദങ്ങളും വ്യക്തമാക്കുന്നുണ്ട്.

പെൻഷൻ സമ്പ്രദായത്തിലെ മാറ്റങ്ങൾ കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ നിർണ്ണായകമായ ഒന്നായി മാറുകയുണ്ടായി. കേരള വികസന മോഡലിൽ ശക്തമായി വേരൂന്നിയിട്ടുള്ള ജനസംഖ്യാപരമായ ചില പ്രത്യേകതകൾ, പെൻഷൻ പരിഷ്കരണത്തിന്റെ കാര്യത്തിലുള്ള ആശയപരമായ നിലപാടുകൾ മുതലായ കാരണങ്ങളാലാണ് ഇത്. 2011 ലെ കാനേഷുമാരി, 2019 ലെ ടെക്നിക്കൽ ഗ്രൂപ്പ് ഓൺ പോപ്പുലേഷൻ പ്രോജക്ൾഷൻസ് റിപ്പോർട്ട് എന്നിവ അനുസരിച്ച് അറുപത് വയസിന് മുകളിൽ പ്രായമുള്ളവരുടെ സംഖ്യ ഏറ്റവും കൂടുതലുള്ള സംസ്ഥാനം കേരളമാണ്. ഏറ്റവും കൂടുതൽ ആയുർദൈർഘ്യമുള്ള സംസ്ഥാനവുമാണ് കേരളം. 2031 ൽ കേരളത്തിൽ പ്രായമേറിയവരുടെ എണ്ണം ജനസംഖ്യയുടെ 20.9 ശതമാനമാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇന്ത്യയിലെ ഏറ്റവും ഉയർന്ന തോതായിരിക്കും ഇത്. ഇത്തരം സൂചകങ്ങൾ മാനവവികസന രംഗത്തെ നേട്ടങ്ങളായി പൊതുവെ പരിഗണിക്കാറുണ്ടെങ്കിലും (സക്കറിയ, രാജൻ–2011) ഇത് സംസ്ഥാനത്തിന്റെ പെൻഷൻ സംവിധാനത്തിന്റെ സുസ്ഥിരതയുടെ കാര്യത്തിൽ വലിയ തോതിലുള്ള ആശങ്കയും ഉയർത്തുന്നുണ്ട്. മേൽപ്പറഞ്ഞ രണ്ടു നേട്ടങ്ങളും ധനപരമായ സമ്മർദം രൂക്ഷമാകുന്നതിന് കാരണമാണ്. എങ്ങനെയാണ് കേരളം സാമൂഹ്യക്ഷേമ പദ്ധതികളിൽ ഉറച്ചു നിന്നുകൊണ്ട് ധനകാര്യ അച്ചടക്കം പാലിക്കുക എന്ന വളരെ ഗൗരവമേറിയ ചോദ്യം ഇവിടെ ഉയരുന്നുണ്ട്.

ഈ പശ്ചാത്തലത്തിൽ കേരളത്തിന്റെ ജനസംഖ്യയിൽ ഉണ്ടാകുന്ന പരിണാമം, വാർധക്യ കാല പെൻഷൻ പദ്ധതികളുടെ സ്ഥിതിയും അവയുടെ പരിണാമവും, പൊതുപണം ഉപയോഗിച്ചുകൊണ്ടുള്ള പെൻഷൻ പദ്ധതികളുടെ ധനപരമായ പ്രത്യാഘാതങ്ങൾ തുടങ്ങിയ വിഷയങ്ങളെ വിമർശനാത്മകമായി പരിശോധിക്കുകയാണ് ഈ പഠനം. ഇത്തരം പദ്ധതികളുടെ സാമ്പത്തികമായ സുസ്ഥിരതയിൽ ഉയരുന്ന വെല്ലുവിളികളും പരിശോധനാ വിധേയമാക്കുന്നുണ്ട്. മൂന്ന് ഭാഗമായാണ് ഈ പഠനം അവതരിപ്പിക്കുന്നത്, കേരളത്തിലെ വൃദ്ധജനങ്ങളുടെ സ്ഥിതി, പെൻഷൻ പദ്ധതികളുടെ അവലോകനം, ഇതിനായുള്ള ചെലവുകളുടെ രീതി, സുസ്ഥിര ലക്ഷ്യങ്ങളും ധനപരമായ ബാധ്യതകളും എന്നിവയ്ക്ക് പുറമെ ഈ സംവിധാനത്തിന്റെ ദീർഘകാല പ്രവർത്തനക്ഷമതയെ കുറിച്ചുള്ള വിലയിരുത്തൽ എന്നിവയാണ് അവ.

## 2. കേരളത്തിന്റെ ജനസംഖ്യ പരിണാമം

2011 ലെ സെൻസസ് അനുസരിച്ച് 121 .08 കോടിയാണ് ഇന്ത്യയിലെ ജനസംഖ്യ. 2031 ൽ ഇത് 147.8 കോടിയായി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു (ടെക്നിക്കൽ ഗ്രൂപ്പ് ഓഫ് പോപ്പുലേഷൻ പ്രൊജക്ഷൻ, 2019). കേരളത്തിന്റെ കാര്യമെടുത്താൽ 2011 ലെ കണക്കുകൾ പ്രകാരം ജനസംഖ്യയുടെ 12 ശതമാനം 60 വയസിന് മുകളിൽ പ്രായമുള്ളവരാണ്. എന്നാൽ പഞ്ചാബ് (11.2 ശതമാനം) ആന്ധ്രപ്രദേശ് (10.6 ശതമാനം) എന്നീ സംസ്ഥാനങ്ങൾ ഒഴിച്ച് നിർത്തിയാൽ ബാക്കി സംസ്ഥാനങ്ങളിൽ 60 വയസിൽ മുകളിൽ പ്രായമുള്ളവരുടെ സംഖ്യ 10 ശതമാനത്തിൽ കുറവാണ്. 2031 ആകുമ്പോൾ കേരളത്തിൽ പ്രായമേറിയവരുടെ എണ്ണം 24 ശതമാനമായി ഉയരുമെന്നാണ് അനുമാനം. പഞ്ചാബിൽ ഇത് 18.8 ശതമാനവും പശ്ചിമ ബംഗാളിൽ 17.5 ശതമാനവും ആന്ധ്രാപ്രദേശിൽ 18.3 ശതമാനവുമായിരിക്കുമെന്നാണ് അനുമാനിക്കുന്നത്. എന്നാൽ മധ്യപ്രദേശ് (13.5%), രാജസ്ഥാൻ (12.7) വടക്ക്–കിഴക്കൻ

സംസ്ഥാനങ്ങൾ (11.5) എന്നീ സംസ്ഥാനങ്ങളിൽ വൃദ്ധജനങ്ങളുടെ താരതമ്യേന കുറവായിരിക്കുമെന്നാണ് നിഗമനം. രേഖാചിത്രം ഒന്നിൽ ഇക്കാര്യങ്ങൾ കൂടുതൽ വ്യക്തമായി നൽകിയിട്ടുണ്ട് (രേഖാചിത്രം 1).

**Figure 1:** Share of elderly (60+) in total population across major Indian states




*Source: Population Census 2011 Report of the Technical Group on Population Projections November 2019, Population Projections for India, and States 2011-*

**NES-North Eastern States*

ഈ തരത്തിലുള്ള വളർച്ച കണക്കാക്കുമ്പോൾ 2031 ആകുമ്പോൾ കേരളത്തിലെ നാലിലൊരാൾ 60 വയസിന് മുകളിൽ പ്രായമുള്ളയാളായിരിക്കുമെന്ന് കരുതുന്നത്. സാമൂഹ്യവും ധനപരവുമായ പല വിധത്തിലുള്ള പ്രതിസന്ധികൾക്ക് ഇത് കാരണമായേക്കാം. ഇത്തരത്തിൽ പ്രായമായവരുടെ എണ്ണം വർധിക്കുന്നത് മൂലം വാർധക്യ കാലത്ത് ജീവിക്കുന്നതിന് ആവശ്യമായ വരുമാനം, ആരോഗ്യ സംരക്ഷണം, പ്രായമായവർക്കായുള്ള പ്രത്യേക സേവനങ്ങൾ തുടങ്ങിയ സേവനങ്ങളുടെ ആവശ്യം വർധിക്കുന്നു. അതുകൊണ്ട് ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് കേരളത്തിന്റെ സാമൂഹ്യ സുരക്ഷാ സംവിധാനത്തിൽ പാടെ അഴിച്ചുപണി ആവശ്യമായി വരും. പെൻഷൻ ഉൾപ്പടെയുള്ള കാര്യങ്ങളിലെ സമയോചിതമായ പരിഷ്കരണം, വിഭവസ്രോതസുകളുടെ ഏകോപനം, പെൻഷൻ സംവിധാനത്തിലെ അഴിച്ചുപണികൾ തുടങ്ങിയ നീക്കങ്ങൾ ആവശ്യമായി വരുന്നു.

### 3. കേരളത്തിലെ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ വന്ന മാറ്റങ്ങൾ

വാർധക്യ പെൻഷന്റെ കാര്യമെടുത്താൽ ഇന്ത്യയിൽ, സംഘടിത മേഖലയിൽ നിന്നും വിരമിക്കുന്നവർക്കായി നിയമപരമായ പെൻഷൻ പദ്ധതി നിലനിൽക്കുന്നു. അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നവർക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കുമായി വോളന്ററി പെൻഷൻ പദ്ധതിയും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകമായ പെൻഷനും ഉണ്ട്. ഇതിൽ ഒന്നും മൂന്നും പദ്ധതികളുടെ കാര്യത്തിലാണ് ഈ പഠനം ഊന്നൽ നൽകിയിരിക്കുന്നത്. കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെ പെൻഷൻ ചെലവുകളുടെ പ്രധാന പങ്കും പോകുന്നത് ഈ രണ്ട ഇനങ്ങളിലാണ് എന്ന പ്രത്യേകതയുമുണ്ട്.

ലോകബാങ്ക് നിരവചിച്ചിട്ടുള്ള അടിസ്ഥാന ഘടനയുടെ രണ്ടാമത്തെ തൂണിന് താഴെയാണ് ഇന്ത്യയിൽ സ്റ്റാറ്റിയൂട്ടറി പെൻഷൻ പദ്ധതികൾ വരുന്നത്. ഓൾഡ് പെൻഷൻ സ്കീം (ഒ പി എസ്) എന്ന പദ്ധതിയാണ് ഇതിൽ ഏറ്റവും ശ്രദ്ധേയമായത് അയ്യർ, 2022, രാജരാമൻ, 2006). എന്നാൽ 2004 ൽ ദേശീയ പെൻഷൻ പദ്ധതി നിലവിൽ വന്നതോടെ ഇതിന് മാറ്റം സംഭവിച്ചതായി കാണാം. ഓഹരി വിപണിയുമായും മറ്റു ധനകാര്യ മേഖലകളുമായി ബന്ധപ്പെട്ട ഈ പദ്ധതിയിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള ബാധ്യതകൾ നിലനിൽക്കുന്നതായി കാണാം. എല്ലാ സർക്കാർ ജീവനക്കാർക്കും ഒ പി എസ് പദ്ധതി വഴിയായി പെൻഷന് അർഹതയുണ്ട്. എന്നാൽ 2004 നു ശേഷം ജോലിയിൽ ചേർന്നവർക്ക് എൻ പി എസാണ് ബാധകമാകുന്നത്. അടിസ്ഥാനപരമായി പെൻഷൻ ഒരു ധനപരമായ പരിഷകരണമാണെങ്കിലും സംസ്ഥാന തലങ്ങളിൽ രാഷ്ട്രീയപരമായ തീരുമാനങ്ങൾക്കും ഇതിൽ വലിയ പ്രാധാന്യമുണ്ട്. പശ്ചിമ ബംഗാൾ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ ഒഴികെയുള്ള സംസ്ഥാനങ്ങൾ എൻ പി എസിൽ ചേർന്നിട്ടുണ്ട്. കേരളമാണ് ഏറ്റവും ഒടുവിൽ പദ്ധതിയിൽ ചേർന്നത്, 2013 ൽ.

കേരളത്തിന്റെ കാര്യം സവിശേഷമായ ഒന്നാണ്. 2023 ലെ കണക്കുകൾ പ്രകാരം ദേശീയ പെൻഷൻ പദ്ധതിയിലെ കേരളത്തിൽ നിന്നുള്ള ഗുണഭോക്താക്കളുടെ എണ്ണം 7.42 ലക്ഷമാണ്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായുള്ള കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയായ അടൽ പെൻഷൻ യോജനയിൽ (എ പി വൈ) കേരളത്തിൽ നിന്നുള്ള അംഗങ്ങളുടെ എണ്ണം 1.43 ലക്ഷം മാത്രമാണ്. ഉത്തർപ്രദേശ് (19.98 ലക്ഷം), ബീഹാർ (9.72 ലക്ഷം) എന്നീ സംസ്ഥാനങ്ങളേക്കാൾ ഏറെ താഴെയാണ് കേരളം. ഇതിന് കാരണം സംസ്ഥാനം, വിവിധ ക്ഷേമ പെൻഷൻ പദ്ധതികൾക്ക് നൽകുന്ന പ്രാമുഖ്യമാണ്. കേരളത്തിൽ പ്രായമായവരുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ, എ പി വൈയിലെ കുറഞ്ഞ പങ്കാളിത്തവും എൻ പി എസിലേക്കുള്ള താമസിച്ചുള്ള പ്രവേശനവും സംസ്ഥാനത്തെ പെൻഷൻ മാതൃകകളുടെ നൈരന്തര്യത്തിന്റെ കാര്യത്തിൽ കാര്യമായ സന്ദേഹം ഉയർത്തുന്നുണ്ട്.

പ്രായമായവരുടെയും ഭിന്നശേഷിക്കാരായവരുടെയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെയും ജീവിതത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ സാമൂഹ്യ ക്ഷേമ പെൻഷൻ സംവിധാനം വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. ഭരണഘടനയുടെ നാല്പത്തിയൊന്നാം അനുച്ഛേദം അനുസരിച്ച ഇത്തരത്തിലുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിന്, സാമ്പത്തികമായ സാധ്യതകൾക്ക് അനുസൃതമായി സംസ്ഥാനങ്ങൾക്കാണ് അധികാരം. ഏഴാം പട്ടികയുടെ മൂന്നാം ലിസ്റ്റ് പ്രകാരം കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും അധികാരമുള്ള കൺകറൻറ് ലിസ്റ്റിൽ ഇത് ഇടം പിടിച്ചിട്ടുണ്ട്. ക്ഷേമ പെൻഷനുകൾക്ക്

തുടക്കം കുറിച്ചത് സംസ്ഥാനങ്ങളാണ്. ആദ്യഘട്ടത്തിൽ പ്രായമായവർക്കായി തുടങ്ങിയ പദ്ധതി പിന്നീട് മറ്റു വിഭാഗങ്ങൾക്കും ലഭ്യമാക്കുകയുണ്ടായി. തൊണ്ണൂറുകളിൽ കേന്ദ്ര സർക്കാർ നാഷണൽ സോഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാം (എൻ എസ് എ പി) എന്ന പദ്ധതിക്ക് കീഴിലേക്ക് ഇത്തരം സ്കീമുകളെ കൂട്ടിച്ചേർക്കുകയുണ്ടായി. ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം (ഐ ജി എൻ ഒ എ പി എസ്), ഇന്ദിരാഗാന്ധി നാഷണൽ വിഡോ പെൻഷൻ സ്കീം (ഐ ജി എൻ ഡബ്ള്യു പി എസ്) ഇന്ദിരാഗാന്ധി നാഷണൽ ഡിസബിലിറ്റി പെൻഷൻ സ്കീം (ഐ ജി എൻ ഡി പി എസ്) തുടങ്ങിയ പദ്ധതികൾ ഇതിലുൾപ്പെടുന്നു. ഇന്ന് എല്ലാ സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും എൻ എസ് എ പി വഴിയായോ മറ്റു വിധത്തിലോ ഈ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇക്കാര്യത്തിൽ ഓരോ സംസ്ഥാനത്തിന്റെയും സാമ്പത്തിക സ്ഥിതി മാത്രമല്ല അടിസ്ഥാനമാക്കിയിട്ടുള്ളത് എന്ന് കാണാം. പ്രത്യുത സംസ്ഥാന സർക്കാരുകളുടെ രാഷ്ട്രീയ പ്രത്യയ ശാസ്ത്രവും സാമൂഹ്യ ക്ഷേമം എന്ന ആശയത്തോടുള്ള പ്രതിബദ്ധതയും ഇതിൽ നിർണ്ണായകമായി മാറിയിട്ടുണ്ട് (ഡേ).

പ്രായമായവർക്ക് വേണ്ടി രണ്ടു പ്രധാന പെൻഷൻ പദ്ധതികൾ കേരളം നടപ്പാക്കുന്നു. എൻ എസ് എ പിയുടെ കീഴിൽ വരുന്ന ഐ ജി എസ് ഒ എ പി എസ് എന്ന പദ്ധതിയും സംസ്ഥാനം പൂർണ്ണമായും പണം ചെലവഴിക്കുന്ന കർഷകത്തൊഴിലാളി പെൻഷൻ പദ്ധതിയുമാണിത് (എ പി എൽ). ഇതിന് പുറമെ കേരളം ഓരോ പ്രത്യേക വിഭാഗങ്ങൾക്കായി പ്രത്യേക പെൻഷൻ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. സർക്കസ് കലാകാരൻമാർ, വിശ്വകർമ്മ വിഭാഗക്കാർക്കായുള്ള പദ്ധതി തുടങ്ങിയവ ഇതിന് ഉദാഹരണമാണ്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി സംസ്ഥാനം 4 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിപ്പിക്കുന്നുണ്ട്. ഇതിൽ ചിലതിനുള്ള ഫണ്ട് പൂർണ്ണമായി സർക്കാർ നൽകുമ്പോൾ ചിലതിന് തനത് വരുമാനവും ഒപ്പം സർക്കാർ പിന്തുണയും ലഭിക്കുന്നു. എന്നാൽ ചില പദ്ധതികൾ പൂർണ്ണമായും സ്വന്തം ഫണ്ട് ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. നിലവിൽ പ്രതിമാസം 1600 രൂപയാണ് ഈ പദ്ധതികൾ വഴി പെൻഷൻ നൽകുന്നത്. ഐ ജി എൻ ഒ എ പി എസ് പദ്ധതിയിൽ കേന്ദ്രം 200 രൂപ ഒരാൾക്ക് അനുവദിക്കുന്നു. 80 വയസിന് മുകളിൽ പ്രായമുള്ളവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന വിഹിതം 500 രൂപയാണ്. ശേഷിക്കുന്ന തുക സംസ്ഥാന സർക്കാരാണ് ചെലവഴിക്കുന്നത്.

കേരളത്തിലാണ് സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികൾ വിപുലമായി നടപ്പാക്കിയിരിക്കുന്നതെന്ന് കാണാം. 2023–24 ലെ കണക്കുകൾ കാണിക്കുന്നത് ഐ ജി എൻ ഒ എ പി എസ് പദ്ധതിയിൽ 4.58 ലക്ഷം ഗുണഭോക്താക്കളുണ്ടെന്നാണ്. എന്നാൽ സംസ്ഥാനം പണം നൽകുന്ന വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നത് 27.5 ലക്ഷം പേർക്കാണ്. രാജ്യത്തെ ഏറ്റവും ഉയർന്ന ഗുണഭോക്തൃ സംഖ്യയാണ് ഇത്. മറ്റൊന്ന് കർഷക തൊഴിലാളി പെൻഷൻ പദ്ധതിയാണ്. ഇതിൽ 3.08 ലക്ഷം പേർക്ക് പെൻഷൻ ലഭിക്കുന്നു. വൃദ്ധജനങ്ങളുടെ കാര്യത്തിൽ കേരളം സവിശേഷമായ ശ്രദ്ധ പതിപ്പിക്കുന്നു എന്നതിന്റെ മികച്ച ഉദാഹരണമാണ് ഇത്. മറ്റു പല സംസ്ഥാനങ്ങളും പെൻഷൻ നൽകുന്ന കാര്യത്തിൽ ഗുണഭോക്താക്കൾ ദാരിദ്ര്യ രേഖക്ക് താഴെയാണോ എന്ന ഘടകം മാത്രമാണ് പരിഗണിക്കുന്നത്. കേരളമാകട്ടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളവർക്ക് പെൻഷൻ അർഹത നൽകുന്നു. ഇത് പക്ഷെ ധനപരമായി നോക്കുമ്പോൾ അല്പം വെല്ലുവിളി നിറഞ്ഞ ഒന്നാണ്. സാമൂഹ്യ ക്ഷേമത്തിന് ഊന്നൽ നൽകുന്ന കേരള മോഡലിനും സംസ്ഥാനത്തെ ഉയർന്ന ജീവിത ചെലവുകൾക്കും പ്രായമേറുമ്പോഴുള്ള

ചികിത്സാ ചെലവുകൾക്കും അനുരൂപമായ ഒന്നാണ് ഈ നയമെന്ന് വിലയിരുത്താം. പല സംസ്ഥാനങ്ങളിലും പെൻഷൻ തുക തീരെ അപര്യാപ്തമാണ് എന്ന് മാത്രമല്ല ലഭിക്കുന്ന ആളുകളുടെ എണ്ണവും പരിമിതമാണ്. ഗോവ, നാഗാലാൻഡ് എന്നീ സംസ്ഥാനങ്ങൾ കേന്ദ്ര വിഹിതത്തിന് പുറമെ തനതായി ഒന്നും നൽകുന്നില്ല. ഉത്തർപ്രദേശ് പോലുള്ള വലിയ സംസ്ഥാനങ്ങളിൽ വളരെ കുറച്ച് ആളുകൾക്ക് മാത്രമാണ് പെൻഷൻ ലഭിക്കുന്നത്. ഉത്തർപ്രദേശിൽ 10.7 ലക്ഷം പേർക്ക് മാത്രമാണ് പെൻഷൻ ആനുകൂല്യം ലഭിക്കുന്നുള്ളു. അതുകൊണ്ട് സാമ്പത്തികമായ സമ്മർദ്ദങ്ങളുടെ നടുവിലും കേരളത്തിന്റെ സാമൂഹ്യ സുരക്ഷാ മോഡൽ എല്ലാ അർത്ഥത്തിലും മികച്ചതാണെന്ന് വിലയിരുത്താൻ കഴിയും (പട്ടിക 4).

**Table IV:** State-UT-wise number beneficiaries under IGNOAPS(NSAP) 2023-24

| Sl. No | States/UTs | State/UT-wise number IGNOAPS (NSAP) beneficiaries | State/UT-wise additional old age Pension beneficiaries |
|---|---|---|---|
| 1 | Andhra Pradesh | 663736 | 678736 |
| 2 | Arunachal Pradesh | 5893 | 48722 |
| 3 | Assam | 695997 | 1271315 |
| 4 | Bihar | 3157256 | 3915991 |
| 5 | Chhattisgarh | 644429 | 653006 |
| 6 | Goa | 7308 | 78112 |
| 7 | Gujarat | 620548 | 148817 |
| 8 | Haryana | 259865 | 1527417 |
| 9 | Himachal Pradesh | 93178 | 430085 |
| 10 | Jharkhand | 985094 | 1435922 |
| 11 | Karnataka | 899422 | 3982109 |
| 12 | Kerala | 458813 | 2750224 |
| 13 | Madhya Pradesh | 1575079 | 841470 |
| 14 | Maharashtra | 1122920 | 2680443 |
| 15 | Odisha | 1418631 | 1591369 |
| 16 | Punjab | 112955 | 2126951 |
| 17 | Rajasthan | 823972 | 4821144 |
| 18 | Tamil Nadu | 1282504 | 263975 |
| 19 | Telangana | 480315 | 1170705 |
| 20 | Uttar Pradesh | 4722613 | 1078133 |
| 21 | Uttarakhand | 204557 | 288982 |
| 22 | West Bengal | 1281159 | 1689657 |
| 23 | UT's and others | 596730 | 1191845 |
| | **TOTAL** | **22130687** | **34665130** |

*Source: - Lok Sabha Unstarred Question No. 1159 Answered On 11/02/2025*
*https://sansad.in/getFile/loksabhaquestions/annex/184/AU1159_RpZosw.pdf?source=pqals*

**4. കേരളത്തിലെ പെൻഷൻ പദ്ധതികളുടെ സാമ്പത്തിക ആഘാതം**

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ പെൻഷന്റെ കാര്യത്തിൽ ഏറ്റവും വലിയ സാമ്പത്തിക ബാധ്യത വരുന്നത് കേരളത്തിനാണ്. പ്രത്യേകിച്ച് സ്റ്റാറ്റിയൂട്ടറി പെൻഷന്റെ കാര്യത്തിൽ. 2023–24 സാമ്പത്തിക വർഷത്തിൽ ഇത് മൊത്തം റവന്യൂ ചെലവുകളുടെ 17.3 ശതമാനമായിരുന്നു. 2024–25 ലെ പുതുക്കിയ കണക്കുകൾ പ്രകാരം ഇത് 16.4 ശതമാനമാണ്. 2025 –26 ലെ ബജറ്റിൽ 16.9 ശതമാനമാണ് ഈയിനത്തിൽ കണക്കാക്കിയിരിക്കുന്നത്. ഹിമാചൽപ്രദേശ് (24.2%), ആസാം (18.7%) എന്നീ സംസ്ഥാനങ്ങൾക്ക് താഴെ മൂന്നാം സ്ഥാനത്താണ് കേരളം. മഹാരാഷ്ട്ര (13.2 %), തമിഴ്നാട് (12.6) , മധ്യപ്രദേശ് (10) എന്നീ സംസ്ഥാനങ്ങൾ കേരളത്തേക്കാൾ താഴെയാണ് (ബജറ്റ് രേഖകൾ, 2025–26, ആർ ബി ഐ–2023).

ഈ വ്യത്യാസം സൂചിപ്പിക്കുന്ന പ്രധാന കാര്യം, ധനകാര്യ അടിസ്ഥാന ഘടനയിൽ കേരളം നേരിടുന്ന പ്രശ്നങ്ങൾ തന്നെയാണ്. പഴയ പെൻഷൻ പദ്ധതി മൂലമുള്ള അമിതഭാരവും ദേശീയ പെൻഷൻ പദ്ധതിയിൽ വൈകി മാത്രം ചേർന്നതും സംസ്ഥാനത്തിന്റെ റവന്യൂ ചെലവിന്റെ മേഖലയിൽ ഉയർത്തുന്ന സമ്മർദ്ദം ഒട്ടും ചെറുതല്ല (പി എഫ് ആർ ഡി എ, 2023). സാമൂഹ്യ സുരക്ഷ പെൻഷന്റെ ചെലവുകൾ ഈ കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുകൂടി ഉൾപ്പെടുത്തിയാൽ പെൻഷൻ ഇനത്തിലുള്ള ചെലവുകൾ പിന്നെയും കൂടും. കാരണം, മുപ്പത് ലക്ഷത്തിൽ പരം വൃദ്ധജനങ്ങൾക്കാണ് സംസ്ഥാനം പെൻഷൻ നൽകുന്നത്. പെൻഷൻ പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുകയും പല സംസ്ഥാനങ്ങളും എൻ പി എസിലേക്ക് നേരത്തെ ചേരുകയും ചെയ്ത (ഹിമാചൽ പ്രദേശ് 2003 ൽ, ഗുജറാത്ത് 2005 ൽ) സാഹചര്യത്തിൽ കേരളം ഇത്തരം കാര്യങ്ങളോട് മുഖം തിരിച്ചു നിന്നത് മൂലം ധനപരമായ സമ്മർദ്ദം കൂടുതൽ തീവ്രമായതായി നമുക്ക് കാണാം ( സി എ ജി, 2023 ). അതുകൊണ്ട് കേരളം സുസ്ഥിരതയും ഒപ്പം വൃദ്ധജനങ്ങൾക്ക് തുല്യതയും പ്രദാനം ചെയ്യുന്ന പെൻഷൻ പരിഷ്കരണ നടപടികൾക്ക് തുടക്കം കുറിക്കേണ്ടതുണ്ട് (രേഖാചിത്രം 2).

**Figure 2:** Pension expenditure as a % total revenue expenditure




*Source: Budget 2025-26, respective states*

വൃദ്ധജനങ്ങളുടെ എണ്ണം പെരുകുന്നു എന്നത് ധനകാര്യ മാനേജ്മെന്റ് രംഗത്ത് ആശങ്ക ഉയർത്തുന്ന ഒന്നാണ്. വാർധക്യ പെൻഷൻ സാർവത്രികമായി നടപ്പാക്കിയിരിക്കുന്നതാണ് ഇതിന് പ്രധാന കാരണം. ആയുർദൈർഘ്യം കൂടുന്നത് മറ്റൊരു പ്രധാന പ്രശ്നമാണ്. തൊണ്ണൂറുകൾക്ക് ശേഷം സർക്കാർ ജീവനക്കാരുടെ പെൻഷന്റെ കാര്യത്തിൽ പ്രകടമായ വളർച്ച രേഖപ്പെടുത്തിയിരിക്കുന്നത് കാണാം. തൊണ്ണൂറുകളുടെ തുടക്കത്തിൽ ഇത് സംസ്ഥാനത്തിന്റെ മൊത്തം ചെലവിന്റെ 11–13 ശതമാനമായിരുന്നെങ്കിൽ അടുത്ത കാലത്തായി 15 ശതമാനത്തിനും 20 ശതമാനത്തിനും ഇടയിലാണെന്ന് കാണാം. 2007, 2011, 2018 എന്നീ വർഷങ്ങളിൽ ഇത് 20 ശതമാനമാണ്. 2023–24, 2025–26 എന്നീ വര്ഷങ്ങളിലേക്ക് വരുമ്പോൾ 15 ശതമാനത്തിനും 18 ശതമാനത്തിനും ഇടയിലാണ്. ധനപരമായ ആഘാതത്തിന്റെ ആഴം ഇത് കൂടുതൽ വ്യക്തമാക്കുന്നുണ്ട്. മൂലധനച്ചെലവുകൾ, സാമൂഹ്യക്ഷേമ ചെലവുകൾ തുടങ്ങിയ കാര്യങ്ങൾ കുറയുന്നതിനു ഇത് വഴിയൊരുക്കുന്നു. പ്രത്യേകിച്ച് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ പരിമിതമായ വളർച്ച മാത്രം രേഖപ്പെടുത്തുന്ന സാഹചര്യത്തിൽ.

രേഖാചിത്രം മൂന്നിൽ നിന്ന് വ്യക്തമാകുന്നത്, 2022 ൽ കേരളം വാർധക്യ പെന്ഷന് വേണ്ടി 4930 കോടി രൂപ ചെലവഴിച്ചുവെന്നാണ്. ഇക്കാര്യത്തിൽ അഞ്ചാം സ്ഥാനത്ത് നിൽക്കുന്ന കേരളത്തിന് മുന്നിൽ ആന്ധ്രപ്രദേശ്, തെലങ്കാന, ഹരിയാന, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളാണ്. സംസ്ഥാനത്തിന്റെ ജനസംഖ്യയുടെ പ്രത്യേകത തന്നെയാണ് ഇതിന് കാരണം. ഇന്ത്യയിലെ ജനസംഖ്യയുടെ 2.7 ശതമാനമാണ് കേരളത്തിലുള്ളത്. എന്നാൽ 2020 ലെ കണക്കെടുത്താൽ അതിൽ 16 ശതമാനവും വൃദ്ധരാണ്. 2031 ൽ ഇത് 20 ശതമാനമാകുമെന്ന് പ്രതീക്ഷിക്കുന്നു. വൃദ്ധജനങ്ങളുടെ കാര്യത്തിലുള്ള പ്രതിശീർഷ ചെലവഴിക്കൽ ഏറ്റവും കൂടുതൽ കേരളത്തിലാണ്. പ്രായമേറിയവരുടെ കാര്യത്തിൽ പത്തിൽ എട്ടുപേർക്കും സംസ്ഥാനത്ത് ഏതെങ്കിലും രീതിയിലുള്ള പെൻഷൻ ലഭിക്കുന്നു. സാമൂഹ്യമായി ഇത് വലിയ നേട്ടം തന്നെയാണെങ്കിലും ധനകാര്യ രംഗത്ത് ഇത് ഒരു കുപ്പിക്കഴുത്തായി മാറുകയാണ്. 3 ദശലക്ഷം മുതിർന്ന പൗരന്മാർക്കാണ് പെൻഷൻ ആനുകൂല്യം ലഭിക്കുന്നത്. ഇത് തീർച്ചയായും ഉയർന്ന വരുമാനത്തിനുള്ള സാദ്ധ്യതകൾ തേടേണ്ടത് അനിവാര്യമാക്കുന്നതിന് പുറമെ പെൻഷന്റെ കാര്യത്തിൽ സമഗ്രമായ അഴിച്ചുപണിയും ആവശ്യപ്പെടുന്നുണ്ട് (രേഖാചിത്രം 3).

**Figure 3:** State-wise (major) Old Age Welfare Pension Expenditure (Social Security Pension)




*Source: Author's Compilation*

5. രത്നച്ചുരുക്കം

മുതിർന്ന പൗരന്മാരുടെ ക്ഷേമം മുൻനിർത്തി കേരളം നടപ്പാക്കിയ പെൻഷൻ ഇന്ത്യയിൽ തന്നെ മാതൃകാപരമായ ഒന്നാണ്. എന്നാൽ വൃദ്ധജനങ്ങളുടെ എണ്ണം പെരുകുന്ന സാഹചര്യത്തിൽ ധനപരമായി ഇത് ഉളവാക്കുന്ന സമ്മർദങ്ങൾ ഒട്ടും ചെറുതല്ല. സംസ്ഥാനത്തിന്റെ പെൻഷൻ, റവന്യു ചെലവ് അനുപാതം ഏറെ ഉയർന്ന തോതിലാണ്. 2013 ൽ സംസ്ഥാനം എൻ പി എസ് പദ്ധതിയിൽ ചേർന്നുവെങ്കിലും ഇരട്ട ഭാരമാണ് ഇപ്പോൾ സംസ്ഥാനം പേറുന്നത്. ഒരു വിഭാഗം ജീവനക്കാർക്ക് പഴയ രീതിയിലുള്ള പെൻഷൻ സമ്പ്രദായം തുടരുന്നതും മറ്റൊരു വിഭാഗത്തിന് എൻ പി എസിൽ വിഹിതം നൽകേണ്ടി വരുന്നതുമാണ് ഇതിന് കാരണം. എൻ പി എസിൽ ഉൾപ്പെടുന്ന ജീവനക്കാർ പെൻഷൻ പറ്റുമ്പോൾ സിവിൽ പെൻഷനുള്ള ചെലവുകൾ കുറയുന്നതിലേക്ക് നയിക്കും. ഇത് ധനപരമായ അച്ചടക്കം കൈവരിക്കുന്നതിന് സഹായകമാകും. സാമൂഹ്യ ക്ഷേമ പദ്ധതികളുടെ രംഗത്ത് കേന്ദ്രം നൽകുന്ന വിഹിതം തുലോം പരിമിതമാകുന്നത് സംസ്ഥാനത്തിന് വലിയ പ്രതിസന്ധിയായി മാറുന്നു എന്നത് യാഥാർഥ്യമാണ്. ഭാവിയിൽ എല്ലാവരെയും ഉൾക്കൊള്ളുന്ന പെൻഷൻ പദ്ധതികളും സംസ്ഥാനത്തിന്റെ ധനപരമായ സുസ്ഥിരതയും തമ്മിൽ ബാലൻസ് ചെയ്ത മുന്നോട്ട് പോവുക എന്നതാണ് കേരളത്തിന്റെ മുന്നിലുള്ള പ്രധാന ദൗത്യങ്ങളിലൊന്നാണ്. പെൻഷൻ ഗുണഭോക്താക്കളെ കൃത്യമായി കണ്ടെത്തുക, കോൺട്രിബിയൂറ്ററി, ക്ഷേമ പെൻഷൻ പദ്ധതികൾ സമഗ്രമാക്കുക, ഒപ്പം വിതരണ രംഗത്ത് കാര്യക്ഷമത ഉറപ്പാക്കുക, കൂടുതൽ റവന്യു വരുമാനം ഉറപ്പാക്കുന്ന തന്ത്രങ്ങൾ ആവിഷ്കരിക്കുക തുടങ്ങിയ കാര്യങ്ങൾ ഇതിന് ആവശ്യമാണ്.

■

(ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിൽ (ഗിഫ്റ്റ്) അസിസ്റ്റന്റ് പ്രഫസറാണ് പി. എസ് രഞ്ജിത്ത്. ഗിഫ്റ്റിലെ റിസർച്ച് വിദ്യാർത്ഥിയാണ് അഷ്കർ കെ.)

## References

Aiyar, S. S. (2022, November). Fund-mentally disastrous: Why a return to Old Pension Scheme is a giant freebie. *The Economic Times.*

Barr, M. N. (2002). *The pension puzzle: Prerequisites and policy choices in pension design* (Economic Issues No. 29). International Monetary Fund.

Barr, N., & Diamond, P. (2008). *Reforming pensions: Principles and policy choices*. Oxford University Press.

Barr, N., Diamond, P., & Engel, E. (2010). Reforming pensions: Lessons from economic theory and some policy directions. *Economía,* 11(1), 1-23. http://www.jstor.org/stable/25800053

Bloom, D. E., Canning, D., & Fink, G. (2010). Implications of population ageing for economic growth. *Oxford Review of Economic Policy,* 26(4), 583-612.

Bozio, A., Crawford, R., & Tetlow, G. (2010). *The history of state pensions in the UK*: 1948-2010 (IFS Briefing Note No. 105). Institute for Fiscal Studies.

Clements, B., Eich, F., & Gupta, S. (2014). *Equitable and sustainable pensions: Challenges and experience.* International Monetary Fund.

Comptroller and Auditor General of India (CAG). (2023). *State finances audit report: Government of Kerala* 2021-22. https://cag.gov.in

Dey, S. (2021). Social security for the elderly in India: A policy review. *Economic and Political Weekly,* 56(29), 20-25.

Goli, S., Reddy, A. B., James, K. S., & Srinivasan, V. (2019). Economic independence and social security among India's elderly. *Economic and Political Weekly,* 54(39), 32-41.

Goswami, R. (2001). *Indian pension system: Problems and prognosis.* Indian Institute of Management Bangalore. DIS-IIMB-FPM-P1-03.

Government of India. (1919 & 1935). *Government of India Acts.* Government of India.

Government of India. (1950). *The Constitution of India.* Ministry of Law and Justice.

Government of Kerala. (2024). *Budget 2025-26: Budget speech and demand for grants.* Finance Department, Government of Kerala.

Gulati, I. S., & Gulati, L. (1995). Social security for widows: Experience in Kerala. *Economic and Political Weekly,* 2451-2453.

Kannan, K. P. (2002). *The welfare fund model of social security for informal sector workers: The Kerala experience* (CDS Working Paper No. 332), 1-66.

Lok Sabha. (2025, February 11). *Unstarred Question No. 1159: IGNOAPS beneficiaries.* https://sansad.in/getFile/loksabhaquestions/annex/184/AU1159_RpZosw.pdf?source=pqals

National Pension System Trust (NPST). (2023). *Annual report 2022-23.* Pension Fund Regulatory and Development Authority (PFRDA).

Population Projections Technical Group. (2019). *Population projections for India and states 2011-2036.* Ministry of Health and Family Welfare. https://nhm.gov.in/New_Updates_2018

Rajaraman, I. (2006). Fiscal developments and outlook in India. In P. Heller & M. G. Rao (Eds.), *A sustainable fiscal policy for India: An international perspective* (pp. 8-43). Oxford University Press.

Rajaraman, I. (2006). Pension reforms in India. *Economic and Political Weekly,* 41(8), 649-652.

Rajya Sabha. (2023, December 5). *Unstarred Question No. 235: Beneficiaries under NPS and APY.* https://www.gconnect.in/nps-2/beneficiaries-national-pension-system-nps.html

Reserve Bank of India. (2023). *State finances: A study of budgets 2022-23 and 2023-24.* Department of Economic and Policy Research. https://rbi.org.in

World Bank. (1994). *Averting the old age crisis: Policies to protect the old and promote growth.* Oxford University Press.

Zachariah, K. C., & Rajan, S. I. (2011). Kerala's demographic future: Issues and policy options. *Economic and Political Weekly,* 46(35), 46-55.

*കേരള ഇക്കോണമി*
*പുസ്തകം 6 ലക്കം 2*
*എപ്രിൽ – ജൂൺ 2025*

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരളത്തിലെ ഭിന്നശേഷിക്കാരുടെ കുടുംബങ്ങൾ നേരിടുന്ന സാമ്പത്തിക വെല്ലുവിളികൾ

നിവേദിത കൃഷ്ണൻ

**സംഗ്രഹം**

*ഭിന്നശേഷിക്കാരായ അംഗങ്ങൾ ഉൾപ്പെടുന്ന കേരളത്തിലെ കുടുംബങ്ങളുടെ ആരോഗ്യ, ചികിത്സ ചെലവുകൾ എങ്ങനെയെന്നതിനെ കുറിച്ചുള്ള ഒരു പഠനമാണ് ഈ ലേഖനം (കുര്യൻ, സെബാസ്റ്റ്യൻ–2021). സാധാരണ രീതിയിൽ ആവശ്യമായി വരുന്ന മരുന്നുകൾ, ചികിത്സാച്ചെലവുകൾ എന്നിവയ്ക്ക് പുറമെ, ആശുപത്രിയിലേക്കുള്ള യാത്രകൾ, സഹായത്തിന് വേണ്ടി വരുന്ന വിവിധ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, സഹായത്തിന് വേണ്ടി നിയോഗിക്കുന്ന ആളുകൾക്കുള്ള വേതനം, മാനസികമായ പ്രശ്നങ്ങൾക്ക് വേണ്ടി വരുന്ന പരിഹാരം എന്നിങ്ങനെ നിരവധിയായ, മറഞ്ഞിരിക്കുന്ന ചെലവുകളെ കുറിച്ചാണ് ഈ പഠനം. തൃശൂർ, കാസർഗോഡ് ജില്ലകളിലെ 25 കുടുംബങ്ങളെ തിരഞ്ഞെടുത്തുകൊണ്ട്, വിവിധ പഠന രീതികൾ ഉപയോഗപ്പെടുത്തി നടത്തിയ ഒരു പഠനമാണ് ഇത്. ഇതിൽ നിന്നും മനസിലാക്കാൻ കഴിഞ്ഞ പ്രധാന കാര്യം, ഇത്തരത്തിലുള്ള മറഞ്ഞിരിക്കുന്ന ചെലവുകൾക്ക് പിന്നിലുള്ള രു മുഖ്യ കാരണം സർക്കാരിന്റെ നയപരമായ പോരായ്മകളാണ് എന്നതാണ്. അതായത്, ഭിന്നശേഷിക്കാരെ സഹായിക്കുന്നതിനായി നിലവിലുള്ള പദ്ധതികൾ അവരുടെ സാമ്പത്തികമായ പ്രതിസന്ധികൾ പരിഹരിക്കുന്ന കാര്യത്തിൽ വളരെ ദുർബലമാണ്. അതുകൊണ്ട് നിലവിലുള്ള ചികിത്സ പദ്ധതികൾക്ക് പകരമായി അവരുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് സഹായകരമായ നയസമീപനങ്ങൾക്ക് രൂപം നൽകേണ്ടതുണ്ട് എന്നതാണ് ഈ പഠനം മുന്നോട്ട് വയ്ക്കുന്ന പ്രധാന നിർദേശം . കേരളത്തിലെ ആരോഗ്യ മേഖലയിൽ സേവനങ്ങൾ ലഭ്യമാകുന്ന കാര്യത്തിൽ നിലനിൽക്കുന്ന അസമത്വം വെളിവാക്കുന്നതിനൊപ്പം ഈ മേഖലയിൽ സമഗ്രമായ നയങ്ങൾ ആവിഷ്കരിക്കുന്നതിന് ആവശ്യമായ നിർദേശങ്ങളാണ് പഠനം മുന്നോട്ട് വയ്ക്കുന്നത്.*

***ചില പ്രധാന വാക്കുകൾ :*** *മറഞ്ഞിരിക്കുന്ന ചികിത്സ ചെലവുകൾ, ഭിന്നശേഷിക്കാർ, കേരളം, നയപരമായ പോരായ്മകൾ.*

**1. ആമുഖം**

ആരോഗ്യ മേഖലയിലെ ചെലവുകൾ എന്നാൽ നിരവധി കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാണ്. ഡോക്ടർമാർക്ക് നൽകുന്ന കൺസൾട്ടേഷൻ ഫീസ് മുതൽ മരുന്നുകൾക്ക് വേണ്ടി വരുന്ന ചെലവുകൾ, രോഗനിർണ്ണയത്തിനുള്ള ചെലവുകൾ, ആശുപത്രി വാസത്തിന് വേണ്ടി വരുന്ന ചെലവുകൾ തുടങ്ങിയ പല ഇനങ്ങൾ ഇതിൽ ഉൾപ്പെടുന്നു (കുര്യൻ, സെബാസ്റ്റ്യൻ–2021). എന്നാൽ സാധാരണ കുടുംബങ്ങൾക്ക് നേരിടേണ്ടി വരുന്ന ഇത്തരം ചെലവുകൾക്കപ്പുറമാണ് ഭിന്നശേഷിക്കാരായ വ്യക്തികളും അവരുടെ കുടുംബവും നേരിടേണ്ടി വരുന്നത് (ജോർജ്–2018). പല വിധത്തിലുള്ള അധികച്ചെലവുകൾ ഇത്തരം കുടുംബങ്ങൾ നേരിടേണ്ടി വരുന്നതായി കാണാം. അത് ആ കുടുംബങ്ങളുടെ ജീവിതത്തെ ഏറെ പ്രതികൂലമായി ബാധിക്കുന്നു (ഘോഷ്–2019).

സാധാരണ മെഡിക്കൽ സേവന ചെലവുകൾക്ക് പുറമെ, ഇത്തരം കുടുംബങ്ങൾ യാത്രാച്ചെലവുകൾ, പല രീതിയിലുള്ള സൗകര്യങ്ങൾ സൃഷ്ടിക്കൽ, സഹായത്തിന് വേണ്ടി വരുന്ന ഉപകരണങ്ങൾ വാങ്ങൽ, സഹായികളായി ആരെയെങ്കിലും നിർത്തേണ്ടി വരുന്നുണ്ടെങ്കിൽ അതിനുള്ള ചെലവുകൾ, മാനസികമായ പ്രശ്നങ്ങൾക്ക് പ്രതിവിധി തേടൽ എന്നിങ്ങനെ പല വിധത്തിലുള്ള ചെലവുകൾ ഇത്തരം കുടുംബങ്ങൾക്ക് താങ്ങേണ്ടതായി വരുന്നുണ്ട് (ചൗധരി, റാവു–2018). ഇതിനെ മൊത്തത്തിൽ ഒളിഞ്ഞിരിക്കുന്ന, അല്ലെങ്കിൽ മറഞ്ഞിരിക്കുന്ന ചെലവുകൾ എന്ന് വിശേഷിപ്പിക്കാം. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട ഡേറ്റകളിൽ ഇത്തരം ചെലവിനങ്ങൾ സ്ഥാനം പിടിക്കാറില്ല എന്നതാണ് വസ്തുത. അതുകൊണ്ട് ഭിന്നശേഷിക്കാരായ ആളുകൾ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് താങ്ങാനാകാത്ത സാമ്പത്തിക ഭാരം ഉണ്ടാകുന്നുണ്ട് (മിത്ര – 2017).

ആരോഗ്യ മേഖലയിലും സാമൂഹ്യമായ പുരോഗതിയിലും വലിയ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള കേരളം ഈ പ്രശ്നത്തെ കുറിച്ച് ആഴത്തിൽ പഠിക്കുന്നതിനുള്ള ഒരു മികച്ച മേഖലയാണ് (രാജൻ, ജെയിംസ്–2020). സംസ്ഥാനത്ത് 12.9 ലക്ഷം ഭിന്നശേഷിക്കാറുണ്ടെന്നാണ് കണക്ക്. അതിൽ 40 ശതമാനത്തിലധികം അധിവസിക്കുന്നത് ഗ്രാമീണ മേഖലയിലാണ്. ചികിത്സ സൗകര്യങ്ങൾ ലഭിക്കുന്നതിന് ഗ്രാമീണ മേഖലയിലുള്ളവർ പലവിധ പ്രതിസന്ധികൾ നേരിടുന്നുണ്ട് (സെൻസസ്–2011). ഇത്തരത്തിൽ ഭിന്നശേഷിക്കാരുടെ പ്രത്യേകമായ പ്രശ്നങ്ങൾ, ദാരിദ്ര്യം, ചികിത്സ സൗകര്യങ്ങൾ തുടങ്ങിയ ഘടകങ്ങൾ കീറിമുറിച്ച് പരിശോധിക്കുമ്പോൾ കേരളം നേരിടുന്ന ഘടനാപരമായ ചില പ്രശ്നങ്ങളിലേക്ക് അത് വെളിച്ചം വീശുന്നു (ഹരിലാൽ–2021).

ഭിന്നശേഷിക്കാരുടെ കുടുംബങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമ്പത്തിക പ്രശ്നങ്ങളും അത് പരിഹരിക്കുന്നതിനുള്ള നയപരമായ നിലപാടുകളും തമ്മിലുള്ള അന്തരമാണ് ഈ പഠനം പരിശോധിക്കുന്ന പ്രധാന വിഷയം (ലോകാരോഗ്യ സംഘടന–2021). ഇത്തരത്തിലുള്ള ഒരു പ്രശ്നത്തെ കുറിച്ച് പഠിക്കുമ്പോൾ അത് ആരോഗ്യ രംഗത്ത് നിലനിൽക്കുന്ന അസമത്വം, സാമൂഹ്യമായ സുരക്ഷ, എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം തുടങ്ങിയ വിവിധ അടിസ്ഥാന വിഷയങ്ങളിലേക്ക് കൂടി വെളിച്ചം വീശുന്നതാണ് (സെൻ–1999).

**2. പഠനങ്ങളുടെ അവലോകനം**

**2.1 ഒളിഞ്ഞിരിക്കുന്ന ചികിത്സാചെലവുകൾ**

ഒരാൾ സ്വന്തം കീശയിൽ നിന്നും ചെലവഴിക്കേണ്ടി വരുന്ന ചികിത്സ ചെലവുകളെ

കുറിച്ചുള്ള ചർച്ചകളാണ് ഇത്തരത്തിൽ ഒളിഞ്ഞിരിക്കുന്ന ചെലവുകൾ എന്ന വിഷയത്തിലേക്ക് എത്തിക്കുന്നത് (ഘോഷ്–2019). ആരോഗ്യ മേഖലയെ കുറിച്ച് നടക്കുന്ന പഠനങ്ങൾ പൊതുവിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ആശുപത്രി ചെലവുകൾ, മരുന്നുകൾക്ക് ചെലവഴിക്കേണ്ടി വരുന്ന പണം തുടങ്ങിയ വിഷയങ്ങളിലാണ്. എന്നാൽ ഇതിൽ നിന്നും വ്യതിരിക്തമായി വരുന്ന വിവിധ ചെലവുകളെ കുറിച്ചുള്ള പഠനങ്ങൾ ഈയിടെ സജീവമാകുന്നതായി കാണാം (ചൗധരി, റാവു–2018).

ഘോഷ് (2019) അഭിപ്രായപ്പെടുന്നത് ഇത്തരത്തിൽ ചെലവഴിക്കേണ്ടി വരുന്നത് കുടുംബങ്ങളെ വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിക്കുന്നു എന്നാണ്. അത് ദാരിദ്ര്യത്തിലേക്കും അരികുവൽക്കരിക്കപ്പെടുന്ന അവസ്ഥയിലേക്കും അവരെ നയിക്കുന്നു. രോഗികളെ കൊണ്ട് പോകുന്നതിന് വേണ്ടി വരുന്ന ചെലവുകൾ, അവരെ പരിപാലിക്കുന്നതിനും സമയം ചെലവഴിക്കേണ്ടി വരുന്നതുകൊണ്ടുള്ള വരുമാനനഷ്ടം, സഹായത്തിന് ആരെയെങ്കിലും വിളിക്കേണ്ടി വരുന്നുണ്ടെങ്കിൽ അവരുടെ ചെലവുകൾ തുടങ്ങിയ കാര്യങ്ങൾക്കായി വേണ്ടി വരുന്ന ചെലവുകളെയാണ് ചൗധരി, റാവു എന്നിവർ പരോക്ഷമായി വേണ്ടി വരുന്ന ചെലവുകൾ എന്ന രീതിയിൽ കണക്കാക്കുന്നത്. ഗ്രാമീണ മേഖലയിൽ ഇത്തരം ചെലവുകൾ കൂടുതലായി വേണ്ടി വരുന്നു എന്ന പ്രശ്നവും അവർ ചൂണ്ടിക്കാണിക്കുന്നു.

**2.2 കേരളത്തിന്റെ പശ്ചാത്തലവും നയപരമായ സ്ഥിതിയും**

രാജൻ, ജെയിംസ് (2020) എന്നിവർ നടത്തിയ പഠനം ചൂണ്ടിക്കാട്ടുന്നത്, പൊതുആരോഗ്യ രംഗം ഏറെ മുന്നേറിയിട്ടുണ്ടെങ്കിലും ഭിന്നശേഷിക്കാരുടെ തനത് പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ പരിമിതമായ നേട്ടമേ കേരളത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നാണ്. സർക്കാരിന്റെ പല പദ്ധതികളും ഭിന്നശേഷിക്കാർക്ക് പ്രത്യേകമായ പരിചരണം നൽകുന്ന കാര്യത്തിലും സാങ്കേതികമായ സൗകര്യങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിലും പരിമിതമാണ് എന്ന് കാണാം (കേരള സർക്കാർ–2022).

2021 ൽ ഹരിലാൽ ആരോഗ്യ മേഖലയിൽ ലഭ്യമാക്കുന്ന സേവനങ്ങളെ കുറിച്ച് സമഗ്രമായ ഒരു പഠനം നടത്തുകയുണ്ടായി. ഭിന്നശേഷിക്കാരായ അംഗങ്ങളുള്ള കുടുംബങ്ങൾ സാമ്പത്തികവും മാനസികവുമായ കടുത്ത സമ്മർദ്ദം നേരിടുന്നു എന്നാണ് അദ്ദേഹം കണ്ടെത്തിയത്. പ്രത്യേകിച്ച് മെഡിക്കൽ സൗകര്യങ്ങൾ താരതമ്യേന കുറവായ ഗ്രാമീണ മേഖലകളിലെ കുടുംബങ്ങൾ. അതായത് കേവലം സാമ്പത്തികമായ പ്രശ്നങ്ങൾക്കപ്പുറം നിരവധി വെല്ലുവിളികൾ ഇത്തരം കുടുംബങ്ങൾ നേരിടുന്നുണ്ട് (മിത്ര–2018).

**2.3 അന്താരാഷ്ട്ര പശ്ചാത്തലം**

അന്താരാഷ്ട്രതലത്തിൽ നടന്നിട്ടുള്ള നിരവധി പഠനങ്ങൾ ഭിന്നശേഷിക്കാരുടെ ആരോഗ്യ സംബന്ധമായ ചെലവുകളെ കുറിച്ചുള്ള അടിസ്ഥാനപരമായ ഉൾക്കാഴ്ച നൽകുന്നുണ്ട് (ലോകാരോഗ്യ സംഘടന–2021). 2017 ൽ മിത്ര ആദ്യമായി ഭിന്നശേഷിയുമായി ബന്ധപ്പെട്ട അധികച്ചെലവുകൾ എന്ന ആശയം മുന്നോട്ട് വയ്ക്കുകയുണ്ടായി. അതായത് ശാരീരികമായ വൈകല്യങ്ങൾ സ്വാഭാവികമായും അധികച്ചെലവിലേക്ക് ഒരു വ്യക്തിയെ നയിക്കുന്നു എന്നാണ് ഈ പഠനങ്ങൾ മുന്നോട്ട് വയ്ക്കുന്ന കാര്യം (മിത്ര–2017).

2021 ൽ ലോകാരോഗ്യ സംഘടന വ്യക്തമാക്കിയ ഒരു കാര്യം ഇത്തരത്തിൽ ഉണ്ടാകുന്ന അധികച്ചെലവുകൾ, ദേശീയതലത്തിൽ തന്നെ ആരോഗ്യ മേഖലയിൽ വരുന്ന ചെലവുകളിൽ

ഉൾപ്പെടുത്തണം എന്നാണ്. അത്തരത്തിൽ കണക്കാക്കാതെ വരുന്നത് ആരോഗ്യ മേഖലയിലെ ചെലവുകൾ സംബന്ധിച്ചുള്ള യഥാർത്ഥ ചിത്രം നൽകുകയില്ല എന്നും ലോകാരോഗ്യ സംഘടന വ്യക്തമാക്കുന്നു.

**2.4 ഗവേഷണ മേഖലയിലെ പോരായ്മകൾ**

ആരോഗ്യമേഖലയിലെ നയരൂപീകരണവും ഇന്ത്യയിലെ ഭിന്നശേഷിക്കാർ നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങളും തമ്മിൽ പ്രകടമായ അന്തരമുണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാകുന്നത് (കണ്ണൻ, തോമസ്-2021). ഇവരുടെ ജീവിത യാഥാർത്ഥ്യങ്ങൾ മനസിലാക്കുന്നതിന് ചില സംവിധാനങ്ങൾ ഉണ്ടെങ്കിലും പ്രാദേശികാടിസ്ഥാനത്തിൽ ഉണ്ടാകുന്ന ചെലവുകളെ കുറിച്ച് തെളിവുകൾ ആധാരമാക്കിയുള്ള പഠനങ്ങൾ പ്രായേണ കുറവാണെന്ന് കാണാം (രഞ്ജൻ, ജോൺ-2020). കേരളത്തിന്റെ സാഹചര്യത്തിൽ തെളിവുകളുടെ സഹായത്തോടെ ഈ പ്രശ്നത്തെ കുറിച്ച് വിലയിരുത്തുന്നതിനാണ് ഈ പഠനം ശ്രമിക്കുന്നത് (ഫീൽഡ് സർവേ-2025).

**3. ഘടനാപരമായ അടിസ്ഥാനം**

**3.1 ഒളിഞ്ഞിരിക്കുന്ന ചികിത്സാച്ചെലവുകളുടെ നിർവചനം**

ആരോഗ്യ ഇൻഷുറൻസ് പോലുള്ള പദ്ധതികളുടെ പരിധിയിൽ ഉൾപ്പെടാതെ പോകുന്ന കാണാമറയത്തുള്ള ചികിത്സ ചെലവുകൾ വരുത്തുന്ന വലിയ ബാധ്യതകളെ കുറിച്ചാണ് ഈ പഠനം. ഇത്തരം ചെലവുകൾ കുടുംബങ്ങളുടെ സാമ്പത്തിക നിലയിൽ വലിയ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നതിന് പുറമെ സാമൂഹ്യമായ ചില പ്രശ്നങ്ങളും സൃഷ്ടിക്കുന്നതായി കാണാം (മിത്ര-2017). അദ്ദേഹം തന്നെ രൂപപ്പെടുത്തിയ, ചട്ടക്കൂട്ടിന്റെ അടിസ്ഥാനത്തിൽ ഈ ചെലവുകളെ നമുക്ക് മൂന്നായി തരം തിരിക്കാം.

**ചികിത്സയുടെ കാര്യത്തിൽ നേരിട്ട് വരാത്ത ചെലവുകൾ :** ആശുപത്രിയിലേക്കുള്ള യാത്രാച്ചെലവുകൾ, ചികിത്സാവേളയിൽ കൂട്ടിരിപ്പുകാർക്കും മറ്റും വേണ്ടി വരുന്ന താമസ, ഭക്ഷണ ചെലവുകൾ, ആശുപത്രി വാസത്തിനിടയിലെ ഭക്ഷണ ചെലവുകൾ, മറ്റു ചെലവുകൾ തുടങ്ങിയവയാണ് ഈ വിഭാഗത്തിൽ വരുന്നത് (ചൗധരി, റാവു-2018).

**പരോക്ഷമായി വരുന്ന ചെലവുകൾ :** രോഗിക്ക് പരിചരണത്തിനായി പുറമെ നിന്ന് സഹായികളെ ഏർപ്പെടുത്തുക, രോഗം മൂലമുള്ള തൊഴിൽനഷ്ടം, ചികിത്സാചെലവ് മൂലം വിദ്യാഭ്യാസം ഉൾപ്പടെയുള്ള മറ്റ് ആവശ്യങ്ങൾക്കായുള്ള ചെലവിൽ കുറവ് വരുത്തുക , കുറയുന്ന ഉല്പാദനക്ഷമത തുടങ്ങിയ കാര്യങ്ങളാണ് ഈ ഇനത്തിൽ ഉൾപ്പെടുന്നത് (ഘോഷ്-2019).

**കൃത്യമായി തിരിച്ചറിയാൻ കഴിയാത്ത ചെലവുകൾ :** രോഗാവസ്ഥ മൂലമുണ്ടാകുന്ന മാനസികമായ പ്രശ്നങ്ങൾ, സാമൂഹ്യമായ ചില പ്രതിസന്ധികൾ, വൈകാരികമായ പ്രതികരണങ്ങൾ, ജീവിതനിലവാരത്തിൽ സംഭവിക്കുന്ന ഇടിവ് തുടങ്ങിയ നാം അറിയാതെ പോകുന്ന ചില കാര്യങ്ങൾ കുടുംബങ്ങളുടെ സാമ്പത്തിക നിലയെ ഏറെ പ്രതികൂലമായി ബാധിക്കുന്നുണ്ട് (ഹരിലാൽ-2021).

**3.2 കഴിവുകളെ ആധാരമാക്കിയുള്ള സമീപനം**

സെൻ മുന്നോട്ട് വയ്ക്കുന്ന കേപ്പബിലിറ്റി സമീപനം ഇത്തരത്തിലുള്ള ചെലവുകളെ താത്വികമായി വിലയിരുത്തുന്നതിന് സഹായകമാണ് (സെൻ-1999). അദ്ദേഹം പറയുന്നത്,

രോഗം മൂലമുണ്ടാകുന്ന അവശതകൾ ഒരു വ്യക്തിയുടെ കഴിവുകളെ ദോഷകരമായി ബാധിക്കുന്നുണ്ട് എന്നാണ്. ഇത് അയാളുടെ വ്യക്തിഗത ജീവിതത്തെ കൂടുതൽ ചെലവേറിയതാക്കുന്നുണ്ട്. ഈയടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ഭിന്നശേഷിക്കാർ അടങ്ങുന്ന ഒരു കുടുംബത്തിന്റെ സാമ്പത്തിക ഭാരം വല്ലാതെ കൂടുന്നു എന്നതിന് പുറമെ കഴിവുകളുടെ കാര്യത്തിൽ ഉണ്ടാകുന്ന കുറവുകൾ അത്തരം കുടുംബങ്ങളുടെ ഭാരം ഇരട്ടിയാക്കുന്നു (രഞ്ജൻ, ജോൺ–2020).

അതായത് ഈ സമീപനം ഊന്നൽ നൽകുന്നത്, മികച്ച ചെകിത്സാ ലഭ്യമാക്കുക എന്നതിനുപരി അത്തരം കുടുംബങ്ങളെ തുല്യനിലയിലേക്ക് ഉയർത്തിക്കൊണ്ട് വരുന്നതിനു കൂടുതൽ വിഭവശേഷി ആവശ്യമായി വരുന്നു എന്നാണ് (സെൻ–1999). ഭിന്നശേഷിക്കാരുടെ കടുംബങ്ങൾക്ക് എന്തുകൊണ്ട് ഉയർന്ന ചികിത്സ ചെലവുകൾ വരുന്നു എന്ന വസ്തുത കൃത്യമായി വിശകലനം ചെയ്യുന്നതിന് ഇത്തരമൊരു സമീപനം ആവശ്യമാണ് (മിത്ര–2018).

### 3.3 ഭിന്നശേഷിയുടെ കാര്യത്തിലെ ചില സാമൂഹ്യ മാതൃകകൾ

ഭിന്നശേഷി, വൈകല്യം എന്നീ കാര്യങ്ങൾ വ്യക്തമായി വേർതിരിക്കുന്ന സാമൂഹ്യ മാതൃക വളരെ പ്രധാനപ്പെട്ട ഒരു അടിസ്ഥാനമാണ് (ഡബ്ള്യു എച്ച് ഒ–2021). വ്യക്തികൾക്കുണ്ടാകുന്ന വൈകല്യങ്ങളെക്കാൾ സാമൂഹ്യമായ ചില ഘടകങ്ങളും ഭിന്നശേഷിയെ നിർണ്ണയിക്കുന്നതിൽ പ്രധാനമാണെന്നാണ് ഈ മാതൃക ചൂണ്ടിക്കാട്ടുന്നത്. സാമൂഹ്യമായ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയാണ് ഇത്തരത്തിൽ ഒളിഞ്ഞിരിക്കുന്ന ചെലവുകൾ ഉയരുന്നതിനുള്ള പ്രധാന കാരണം.

### ലക്ഷ്യങ്ങൾ

1. യാത്രാച്ചെലവുകൾ, സഹായികൾക്ക് വേണ്ടി വരുന്ന ചെലവുകൾ, വരുമാനത്തിൽ ഉണ്ടാകുന്ന നഷ്ടം തുടങ്ങിയ കാര്യങ്ങൾ മൂലം കേരളത്തിലെ ഭിന്നശേഷിക്കാരുടെ കുടുംബങ്ങൾക്ക് ഉണ്ടാകുന്ന പ്രത്യക്ഷവും പരോക്ഷവുമായ ചികിത്സാച്ചെലവുകൾ നിർണ്ണയിക്കുക.
2. ഇത്തരം ചെലവുകളുടെ ആഘാതം വിലയിരുത്തുന്നതിന് സംസ്ഥാനത്തെ ഭിന്നശേഷിക്കാരായവരുടെ കുടുംബങ്ങളുടെ സാമ്പത്തിക പശ്ചാത്തലം പരിശോധിക്കുക.
3. ഭിന്നശേഷിയുടെ വിവിധ തലങ്ങൾ, ലിംഗം, ഗ്രാമീണ, നഗര വ്യത്യാസങ്ങൾ തുടങ്ങിയ ഘടകങ്ങൾ അടിസ്ഥാനമാക്കി മറഞ്ഞിരിക്കുന്ന ചെലവുകളുടെ കാര്യത്തിലെ വ്യത്യാസം പരിശോധിക്കുക.
4. സർക്കാരിന്റെ നയങ്ങളുടെയും പദ്ധതികളുടെയും കാര്യത്തിലുള്ള പരിമിതികൾ കണ്ടെത്തുക. അപ്രകാരം ഭിന്നശേഷിക്കാരായ കുടുംബങ്ങളുടെ പരോക്ഷമായ ചെലവുകൾ കുറയ്ക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ നൽകുക.

## 4. ഗവേഷണത്തിന്റെ രീതിശാസ്ത്രം

### 4.1. ഗവേഷണത്തിന്റെ ഡിസൈൻ

പലരീതിയിലുള്ള ഗവേഷണ മാർഗങ്ങളാണ് ഈ പഠനത്തിന് ഉപയോഗിച്ചിരിക്കുന്നത്. ചെലവുകളുടെ വിശകലനം, ഗുണപരമായ വശങ്ങളുടെ പരിശോധന തുടങ്ങിയ കാര്യങ്ങൾ ഇതിലുൾപ്പെടുന്നുണ്ട് (എൻ എസ് എസ് ഒ–2019 ). ഇതിൽ നിന്നും വ്യക്തമാകുന്ന ഒരു കാര്യം, സാമ്പത്തികമായ ചെലവുകൾക്കൊപ്പം സങ്കീർണ്ണമായ സാമൂഹ്യവും,

വൈകാരികവുമായ വശങ്ങൾ കൂടി ഇത്തരത്തിലുള്ള ചെലവുകൾക്ക് ഉണ്ട് എന്നാണ്. അത് കൃത്യമായി വിശകലനം ചെയ്യേണ്ട ഒന്നാണ് (കേരള സർക്കാർ–2024).

**4.2. പഠനത്തിനായി തിരഞ്ഞെടുത്ത മേഖലകൾ, ജനസംഖ്യ**

തൃശൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഈ പഠനം നടത്തിയിരിക്കുന്നത്. കേരളത്തിലെ എല്ലാ രീതിയിലുമുള്ള സാമൂഹ്യ, സാമ്പത്തിക, ഭൗമ പ്രത്യേകതകളെയും ഉൾക്കൊള്ളുന്ന വിധത്തിലാണ് ജില്ലകൾ കണ്ടെത്തിയത്. സംസ്ഥാനത്തിന്റെ മധ്യഭാഗത്തായി വരുന്ന തൃശൂർ മികച്ച ഒരു നഗരവും നല്ല ചികിത്സ സൗകര്യങ്ങൾ ലഭിക്കുന്ന ഒരു ജില്ലയുമാണ്. എന്നാൽ കാസർഗോഡ് ജില്ല പൊതുവിൽ ഗ്രാമീണ അന്തരീക്ഷം നൽകുന്ന ഒന്നാണ്. ഈ ജില്ലയിലെ ജനങ്ങൾ വലിയ വെല്ലുവിളികൾ നേരിടുന്ന ഒരു ജനതയാണ് (കാനേഷുമാരി–2011).

വിവിധ രീതിയിലുള്ള ഭിന്നശേഷിയുടെ അടിസ്ഥാനത്തിൽ, ഭിന്നശേഷിക്കാരായ അംഗങ്ങൾ ഉൾപ്പെടുന്ന 25 കുടുംബങ്ങളെയാണ് പഠനത്തിനായി തിരഞ്ഞെടുത്തത്. ശാരീരികമായും മാനസികവും, രണ്ടു രീതിയിലുമുള്ള വെല്ലുവിളികൾ നേരിടുന്നവരാണ് ഈ കുടുംബങ്ങളിലുള്ളത്. മറഞ്ഞിരിക്കുന്ന ചെലവുകളുടെ കാര്യത്തിൽ സമഗ്രമായി കാര്യങ്ങൾ മനസിലാക്കുന്നതിന് ഇത്തരമൊരു രീതി സഹായകമാണ് (മിത്ര–2017).

**4.3 സാമ്പിൾ കണ്ടെത്തുന്ന രീതി**

സാമ്പിൾ തിരഞ്ഞെടുത്തപ്പോൾ എല്ലാ രീതിയിലുമുള്ള വൈവിധ്യങ്ങൾ ഉൾക്കൊള്ളുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിന് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട് (എസ് എസ് എസ് ഒ–2019).

**4.4 വിവരശേഖരണ രീതി**

**പ്രാഥമിക വിവരശേഖരണം :** ഇതിനായി തിരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങളുമായി വിശദമായ അഭിമുഖങ്ങൾ നടത്തുകയുണ്ടായി. കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി, ചികിത്സയുടെ കാര്യത്തിലെ അനുഭവങ്ങൾ, ചികിത്സയും അനുബന്ധ കാര്യങ്ങളുമായി പൊരുത്തപ്പെടുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങിയ വിഷയങ്ങൾക്കാണ് അഭിമുഖത്തിൽ ഊന്നൽ നൽകിയത് (ഫീൽഡ് സർവേ–2025). മലയാളത്തിൽ നടത്തിയ അഭിമുഖങ്ങൾ പിന്നീട് വിവർത്തനം നടത്തി രേഖപ്പെടുത്തി.

**ദ്വിതീയ വിവരശേഖരണം :** 2015 മുതൽ 2024 വരെയുള്ള സംസ്ഥാന ബജറ്റുകളുടെ വിശകലനം, ദേശീയ സാമ്പിൾ സർവേയുടെ എഴുപത്തിയാറാം റൗണ്ടിലെ വിവരങ്ങൾ, ഇത്തരം വിഷയങ്ങളുമായി ബന്ധപ്പെട്ട സർക്കാർ റിപ്പോർട്ടുകൾ തുടങ്ങിയ കാര്യങ്ങളാണ് ദ്വിതീയ വിവരശേഖരണത്തിനായി ഉപയോഗിച്ചത് (കേരള സർക്കാർ, 2024, എൻ എസ് എസ് ഒ–2019).

**4.5 വിവരങ്ങളുടെ വിശകലനം**

എം എ എക്സ് ഡി എ എന്ന സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് ഈ വിവരങ്ങൾ വിശകലനം ചെയ്തത്. ശരാശരി ചെലവുകളുടെ രീതി, വിവിധ കുടുംബങ്ങൾക്കിടയിലെ അതിന്റെ മാറ്റം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുന്ന ചെലവ് വിശകലത്തിന് സ്റ്റാറ്റിസ്റ്റിക്കൽ മെത്തേഡ് ആണ് പ്രയോജനപ്പെടുത്തിയിട്ടുള്ളത് (രേഖാചിത്രം 1).

**1. Years lived with disability vs. health spending per capita,2021.**




ആരോഗ്യപരമായ പരിമിതികളോടെ ജീവിക്കുന്ന വ്യക്തികൾ 2021 വർഷത്തിൽ ചികിത്സാ ആവശ്യങ്ങൾക്കായി ചെലവഴിക്കേണ്ടി വന്ന പ്രതിശീർഷ ചെലവുകളെ കുറിച്ചാണ് ചാർട്ടിൽ കാണിച്ചിട്ടുള്ളത്. ആരോഗ്യ രംഗത്ത് വിവിധ രാജ്യങ്ങൾ ചെലവഴിക്കുന്ന തുക സംബന്ധിച്ച കണക്കുകളും ഒപ്പം ആരോഗ്യ പരിമിതികളുമായി ജനങ്ങൾ എത്രകാലം ജീവിച്ചിരുന്നു എന്നത് സംബന്ധിച്ച ഒരു താരതമ്യവും ഇതിൽ കാണാം. ഇതിൽ കുത്തനെയുള്ള രേഖയിൽ കാണിച്ചിരിക്കുന്നത് പരിമിതികളുമായി ശരാശരി എത്രകാലം ജീവിച്ചിരുന്നു എന്നതിന്റെ കണക്കാണ്. ചാർട്ടിലെ ബിന്ദുക്കൾ ഓരോ രാജ്യത്തെ പ്രതിനിധീകരിക്കുന്നു. ജനസംഖ്യക്ക് അനുസരിച്ചാണ് ഈ ബിന്ദുവിന്റെ വലുപ്പം. നിറമാകട്ടെ ഏത് ഭൂഖണ്ഡത്തിൽ നിന്നാണ് എന്ന് സൂചിപ്പിക്കുന്നു. എത്യോപ്യ, മലാവി തുടങ്ങിയ ആരോഗ്യ രംഗത്ത് കുറഞ്ഞ തോതിൽ മാത്രം ചെലവഴിക്കുന്ന രാജ്യങ്ങളുടെ വിവരങ്ങൾ ചാർട്ടിന്റെ ഇടതു ഭാഗത്ത് ചേർത്തിരിക്കുന്നു. വലത് ഭാഗത്ത് ഉയർന്ന തോതിൽ ചെലവഴിക്കുന്ന ആസ്ട്രിയ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. ഉയർന്ന തോതിൽ ചെലവഴിക്കുന്ന രാജ്യങ്ങളിൽ ഭിന്നശേഷിക്കാരായ ആളുകൾ കൂടുതൽ കാലം ജീവിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ആരോഗ്യ മേഖലയിൽ ലഭ്യമാകുന്ന മികച്ച സൗകര്യങ്ങൾ കൂടുതൽ കാലം ജീവിക്കുന്നതിന് സഹായകമാണെന്നതാണ് ഇതിന് കാരണം. മറിച്ച് ദരിദ്ര രാജ്യങ്ങളിൽ ഇത്തരക്കാരുടെ ആയുദൈർഘ്യം കുറവായും കാണുന്നു. ഇന്ത്യയിൽ ഇക്കാര്യത്തിൽ ആളോഹരി ചെലവ് 250 ഡോളറാണ്. എന്നാൽ

അമേരിക്ക ചെലവഴിക്കുന്നത് 10000 ഡോളറാണ്. അതുകൊണ്ട് ശരാശരി ആയുർദൈർഘ്യം 11 വർഷം കൂടുതലാണ്.

യൂറോപ്യൻ രാജ്യങ്ങളും സമ്പന്ന ഏഷ്യൻ രാജ്യങ്ങളും ചാർട്ടിൽ മുകളിലാണെന്ന് കാണാം. ആഫ്രിക്കൻ രാജ്യങ്ങളാകട്ടെ ഏറ്റവും താഴെയാണ്. കുറഞ്ഞ ചെലവഴിക്കലും കുറഞ്ഞ ശരാശരി ആയുർദൈഘ്യവുമാണ് ഇത് സൂചിപ്പിക്കുന്നത്. അതായത് ആരോഗ്യ മേഖലയിൽ കൂടുതൽ ചെലവഴിക്കുന്നു എന്നത് കൊണ്ട് മാത്രം ഭിന്നശേഷി ഒഴിവാക്കാൻ കഴിയുന്നില്ല. മറിച്ച് ആരോഗ്യപരമായ പരിമിതികളോടെയാണെങ്കിലും കൂടുതൽ കാലം ജീവിക്കാൻ കഴിയുന്നു എന്നർത്ഥം. ഗ്ലോബൽ ബർദൻ ഓട് ഡിസീസ്, ലോകാരോഗ്യ സംഘടന, ലോകബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വിവരങ്ങളാണ് ഇത്.

**2. പ്രതിശീർഷ ആരോഗ്യ ചെലവ് 2022 ൽ**




ഭിന്നശേഷിക്കാരുടെ സ്ഥിതിയെ കുറിച്ചും, അവർ ആരോഗ്യ സംരക്ഷണത്തിനും ചികിത്സക്കും വേണ്ടി ചെലവാക്കുന്ന തുകയെ കുറിച്ചും കാര്യമായ ബോധ്യം സമൂഹത്തിലില്ല. ഇത്തരത്തിലുള്ള ആളുകൾക്ക് ഇടയ്ക്കിടെ ഡോക്ടറെ സന്ദർശിക്കേണ്ടതായി വരുന്നു. ചികിത്സ കൂടുതൽ കാലം നീണ്ടു നിൽക്കുന്നതുമാണ്. കൺസൾട്ടേഷൻ, മരുന്നുകൾ, ശസ്ത്രക്രിയ, പല വിധത്തിലുള്ള തെറാപ്പികൾ, വീൽചെയർ, കേൾവിക്കുള്ള ഉപകരണങ്ങൾ തുടങ്ങിയ രീതിയിലാണ് അവർക്ക് പണം ചെലവഴിക്കേണ്ടതായി വരുന്നത്.

ഖേദകരമെന്ന് പറയട്ടെ, ഇതിൽ പലതിനും ഇൻഷുറൻസ് കവറേജ് കിട്ടുന്നില്ല. അതിനാൽ പണം സ്വന്തം പോക്കറ്റിൽ നിന്ന് ചെലവഴിക്കേണ്ടതായി വരുന്നു. ഇന്ത്യയിൽ 15 ശതമാനത്തോളം ആളുകൾക്ക് ഒരു രീതിയിലുമുള്ള ഇൻഷുറൻസ് കവറേജ് ഇല്ല. പാവപ്പെട്ടവരുടെയും ഭിന്നശേഷിക്കാരായ ആളുകളുടെ കാര്യത്തിലും ഇത് കൂടുതൽ ദുഷ്കരമാണ്. അവർക്ക് ഇൻഷുറൻസിൽ ചേരുന്നതിനുള്ള സാഹചര്യം പോലുമില്ല. ആയുഷ്മാൻ ഭാരത് പോലുള്ള സർക്കാർ പദ്ധതികൾ ഇവർക്ക് കാര്യമായ പിന്തുണ

നൽകുന്നില്ല. ഒരു ഉദാഹരണമെടുത്താൽ സെറിബ്രൽ പാൾസി പോലുള്ള രോഗങ്ങളുള്ളവർക്ക് ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, ഡോക്ടർമാരെ ഇടയ്ക്കിടെ സന്ദർശിക്കൽ തുടങ്ങിയ കാര്യങ്ങൾ ആവശ്യമായി വരുന്നു. നിലവിലുള്ള ഒരു ഇൻഷുറൻസ് പദ്ധതിയും ഇതിന് സഹായകമല്ല. ഇക്കാരണത്താൽ ഭിന്നശേഷിക്കാരായ ആളുകൾ പലപ്പോഴും പട്ടിണിയിലേക്ക് തള്ളിയിടപ്പെടുന്നു (രേഖാചിത്രം 1)

**Graph 1**. Total health spending was in high income countries in 2021.




2000 മുതൽ 2021 വരെയുള്ള ആഗോളതലത്തിൽ ആരോഗ്യ മേഖലയിൽ ഉണ്ടായ ചെലവുകളെ കുറിച്ചാണ് ആദ്യത്തെ ഗ്രാഫിൽ രേഖപ്പെടുത്തിയിരിക്കുന്നത് . ഇതിൽ നിന്നും മനസിലാകുന്നത് ഉയർന്ന വരുമാനമുള്ള രാജ്യങ്ങളിൽ ആരോഗ്യ രംഗത്തെ മൊത്തം ചെലവുകളുടെ 80 ശതമാനവും സർക്കാർ നിർവഹിക്കുന്നു എന്നാണ്. എന്നാൽ കുറഞ്ഞ വരുമാനമുള്ള രാജ്യങ്ങളുടെ

കാര്യത്തിൽ ഇത് വളരെ പരിമിതമാണ്. മധ്യനിര വരുമാനമുള്ള രാജ്യങ്ങളുടെ കാര്യമെടുത്താൽ അവ ചെലവുകൾ ഉയർത്തുന്നുണ്ടെങ്കിലും സമ്പന്ന രാജ്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ അത് പരിമിതമാണ്. രണ്ടാമത്തെ ഗ്രാഫിൽ കാണുന്നത് വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ജനസംഖ്യ വിതരണമാണ്. കുറഞ്ഞ വരുമാനമുള്ളതും മധ്യനിര വരുമാനക്കാരുമായ രാജ്യങ്ങളിലാണ് ഏറ്റവും കൂടുതൽ ജനങ്ങൾ അധിവസിക്കുന്നത്. സമ്പന്ന രാജ്യങ്ങളിലെ ജനസംഖ്യ തോത് താരതമ്യേന കുറവായാണ് കാണുന്നത്.

ഈ രണ്ടു ഗ്രാഫുകളും ആരോഗ്യ രംഗത്തെ സ്ഥിതിയുടെ കാര്യത്തിൽ ഉളവായിട്ടുള്ള വ്യക്തമായ അന്തരം പ്രകടമാക്കുന്നു. സമ്പന്ന രാജ്യങ്ങളിലെ ജനങ്ങളാണ് ആഗോള ആരോഗ്യ മേഖലയിലെ ചെലവിൽ ഏറ്റവും വലിയ നേട്ടം കരസ്ഥമാക്കുന്നത്. ദരിദ്ര രാജ്യങ്ങളിൽ വസിക്കുന്നവർക്ക് ആരോഗ്യ രംഗത്ത് കാര്യമായ നേട്ടങ്ങൾ ലഭ്യമാകുന്നില്ല.

ആഗോള ആരോഗ്യ മേഖലയിൽ നിലനിൽക്കുന്ന വലിയ തോതിലുള്ള അസമത്വമാണ് ഇത് വ്യക്തമാക്കുന്നത് (ചാർട്ട് 1).

**Chart 1.** Health : Budget allocation and actual spending.




ബജറ്റിലെ ആരോഗ്യ മേഖലക്കായുള്ള വകയിരുത്തലും യഥാർത്ഥ ചെലവുകളും തമ്മിലുള്ള താരതമ്യമാണ് ഈ ചാർട്ടിൽ നൽകിയിരിക്കുന്നത്. 2021 –22 സാമ്പത്തിക വർഷം മുതൽ 2025 –26 വരെയുള്ള ബജറ്റിലെ വിവരങ്ങളാണ് ഇതിൽ വരുന്നത് (ഗ്രാഫ് 1 .1 ).



2019 ൽ ആരോഗ്യ മേഖലയിലെ ചെലവുകളിൽ നാലു ശതമാനം വർധന രേഖപ്പെടുത്തി. ആരോഗ്യ ഇൻഷുറൻസ് രംഗത്തെ വലിയ മുന്നേറ്റമാണ് ഇതിന് പ്രധാന കാരണമായത്. 2020 ആയപ്പോൾ ചെലവുകൾ 10 ശതമാനത്തിന് മുകളിൽ ഉയർന്നു. കോവിഡ് മൂലം ആരോഗ്യ രംഗത്തുണ്ടായ പ്രതിസന്ധിയാണ് ഇതിന് മുഖ്യകാരണമായി മാറിയത്. ഈ മേഖലയിൽ നാലു വർഷത്തിനിടയിൽ ഉണ്ടായ ഏറ്റവും ഉയർന്ന ചെലവഴിക്കലായിരുന്നു ഇത്. 2021 ൽ ദേശീയ ആരോഗ്യ മേഖലയിലെ ചെലവുകളിൽ 3 ശതമാനം ഇടിവ് രേഖപ്പെടുത്തി. ആരോഗ്യ ഇൻഷുറൻസും മറ്റ് പദ്ധതികളും മികച്ച നിലയിൽ ഉയർന്നുവെങ്കിലും ദേശീയതലത്തിൽ നടപ്പാക്കുന്ന പദ്ധതികളിൽ കാര്യമായ കുറവ് സംഭവിച്ചതാണ് ഇതിന് കാരണം. കോവിഡ് മഹാമാരി മൂലം ഉണ്ടായ ചെലവുകൾ കുറഞ്ഞു വന്നതും ഇതിന് മറ്റൊരു കാരണമാണ്.

എന്നാൽ 2022 ൽ ചെലവുകൾ, നേരിയ തോതിലാണെങ്കിലും വര്ധിക്കുകയുണ്ടായി. ഇൻഷുറൻസ് രംഗത്തുണ്ടായ വളർച്ചയും മറ്റു പദ്ധതികളുടെ കാര്യത്തിലുണ്ടായ മുന്നേറ്റവുമായിരുന്നു ഇതിന് പിന്നിൽ. എന്നാൽ ദേശീയ പദ്ധതികളിലെ ചെലവഴിക്കൽ ചുരുങ്ങുന്ന സ്ഥിതിയുണ്ടായി (പട്ടിക 1).

**Table 1.** Expenditure on health and well-being

**Expenditure on health and well-being**

All figures in ₹ crore

| Ministry/department | Actuals 2019-20 | BE 2020-21 | BE 2021-22 |
|---|---|---|---|
| Deptt of health and family welfare | 62,397 | 65,012 | 71,269 |
| Deptt of health research | 1,934 | 2,100 | 2,663 |
| Ministry of Ayush | 1,784 | 2,122 | 2,970 |
| Covid-19 vaccines | - | - | 35,000 |
| Department of water and sanitation | 18,264 | 21,518 | 60,030 |
| Nutrition | 1,880 | 3,700 | 2,700 |
| Finance commission grants for water and sanitation | - | - | 36,022 |
| Finance commission grants for Health | - | - | 13,192 |
| **Total** | **86,259** | **94,452** | **2,23,846** |

2019–20 മുതൽ 2021–22 വരെയുള്ള ചെലവഴിക്കലിന്റെ വിവരങ്ങളാണ് ഈ പട്ടികയിലുള്ളത്. ആരോഗ്യ, കുംടുംബക്ഷേമ മന്ത്രാലയത്തിന്റെ ചെലവുകൾ ഉയർന്നു. ആരോഗ്യ മേഖലയിലെ ഗവേഷണങ്ങളും ആയുഷ് പദ്ധതിയും മികച്ച നിലയിൽ പ്രവർത്തനക്ഷമമായിരുന്നു. കോവിഡ് വാക്സിനേഷന് 35000 കോടി രൂപ മാറ്റി വച്ചു. ശുദ്ധജലം, ശുചീകരണം എന്നിവയ്ക്കുള്ള ചെലവുകളും ഗണ്യമായ തോതിൽ വര്ധിക്കുകയുണ്ടായി.

പോഷകാഹാര പദ്ധതിക്കുള്ള ചെലവുകൾ 2020–21 സാമ്പത്തിക വർഷത്തിൽ ഉയർന്നുവെങ്കിലും തൊട്ടടുത്ത വർഷം കുറഞ്ഞു. 2021–22 ൽ ധനകാര്യ കമ്മീഷന്റെ

ഗ്രാന്റുകളിലും ഇടിവുണ്ടായി. മൊത്തത്തിലുള്ള ചെലവുകൾ 2019–20 ലെ 86259 കോടി രൂപയിൽ നിന്നും 2021–22 ൽ 223846 കോടി രൂപയായി ഉയർന്നതായി കാണാം (ഗ്രാഫ് – 1 .2).

**Graph 1.2.** Per capita health expenditure and total health expenditure as a share of GDP from 2000 to 2019.




*Source :- Global Health Journal Volume 8,Issue2, June 2024, Page 58-66.*

ഗ്രാഫിൽ നിന്നും മനസിലാക്കാൻ കഴിയുന്നത് പ്രതിശീർഷ ആരോഗ്യ ചെലവുകൾ 2000 മുതൽ 2019 വരെയുള്ള കാലയളവിൽ കുറയുന്നതായാണ്. സ്വന്തം പോക്കറ്റിൽ നിന്നും ചെലവഴിക്കുന്നതിന്റെ തോതും കുറഞ്ഞതായി കാണാം. എന്നാൽ ബില്ലുകൾ മുൻകൂറായി നൽകുന്ന ചെലവുകളിൽ മുന്നേറ്റമുണ്ടായിട്ടുണ്ട്. വ്യക്തിഗതമായി ചെലവഴിക്കുന്ന രീതിയിൽ നിന്നും പൊതുസൗകര്യങ്ങളെ ആശ്രയിക്കുന്ന രീതിയും ഉയർന്നിട്ടുണ്ട്. അതുപോലെ മുൻകൂർ ചെലവഴിക്കുന്ന രീതിയിലും മുന്നേറ്റമുണ്ടായിട്ടുണ്ട് (ഗ്രാഫ്–1.3)..

**Graph 1.3.** Total health expenditure per capita and government, OOP, and pre-paid health expenditure as a share of total across states for 2019-2020.




*Source :- Global Health Journal Volume 8,Issue2, June 2024, Page 58-66.*

ഇന്ത്യയിലെ സംസ്ഥാനങ്ങളിലെ പ്രതിശീർഷ ആരോഗ്യ ചെലവുകളുടെ വിവരങ്ങളാണ് ഗ്രാഫിൽ കാണുന്നത്. സർക്കാർ ചെലവുകളും സ്വന്തം പോക്കറ്റിൽ നിന്നുള്ള ചെലവുകളും മുൻകൂർ ചെലവുകളും ഇതിൽ കാണാം. ഏറ്റവും കൂടുതൽ ചെലവഴിക്കുന്നത് കേരളത്തിലാണ്. ബീഹാർ, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളുമാണ് ഏറ്റവും താഴെ നിലയിൽ നിൽക്കുന്നത്. ഹിമാചൽപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളാണ് സർക്കാർ ചെലവുകളുടെ കാര്യത്തിൽ മുന്നിൽ നിൽക്കുന്നത്. എന്നാൽ ചെലവുകൾ മുൻകൂറായി നൽകുന്ന രീതി എല്ലാ സംസ്ഥാനങ്ങളിലും കുറവാണെന്ന് കാണാം. പല സംസ്ഥാനങ്ങളിലും വ്യക്തിഗതമായ ചെലവുകളെയാണ് കൂടുതൽ പേരും ആശ്രയിക്കുന്നതെന്ന് ഗ്രാഫിൽ നിന്നും വ്യക്തമാകുന്നുണ്ട് (ഗ്രാഫ് – 1.4).

**Graph 1.4.** - Out-of -pocket health expenditure as share of total health expenditure and government health expenditure as a share of GSDP across States of India for 2019-20.




*Source :- Global Health Journal Volume 8,Issue2, June 2024, Page 58-66.*

ഓരോ സംസ്ഥാനത്തെയും ആരോഗ്യ മേഖലയിലെ ചെലവുകൾ എങ്ങനെയെന്ന് ഈ ചാർട്ടിൽ നിന്നും വ്യക്തമാണ്. നീല നിറത്തിലുള്ള ബാറുകൾ വ്യക്തമാക്കുന്നത് ജനങ്ങൾ സ്വന്തം കയ്യിൽ നിന്നും എത്ര തുക ചെലവഴിക്കുന്നുണ്ട് എന്നതാണ്. സർക്കാർ എത്രമാത്രം ചെലവഴിക്കുന്നു എന്നത് ചുവന്ന നിറത്തിലുള്ള രേഖയിൽ നിന്നും കാണാവുന്നതാണ്.

സർക്കാർ കൂടുതൽ ചെലവഴിക്കുമ്പോൾ ജനങ്ങളുടെ കയ്യിൽ നിന്നുള്ള ചെലവഴിക്കൽ കുറയുന്നതായി നമുക്ക് കാണാം. ഏറ്റവും കൂടുതൽ സർക്കാർ ചെലവുകൾ നടക്കുന്ന ഹിമാചൽ പ്രദേശിൽ ജനങ്ങളുടെ കയ്യിൽ നിന്നുള്ള ചെലവുകൾ കുറവാണ്. ഛത്തീസ്ഗഡ്, ബീഹാർ എന്നീ സംസ്ഥാനങ്ങളിലാണ് ഏറ്റവും കുറവ് സർക്കാർ ചെലവുകൾ നടക്കുന്നത്. അതുകൊണ്ട് ജനങ്ങൾ കൂടുതലായി ചെലവഴിക്കേണ്ടി വരുന്നു.

വിവിധ സംസ്ഥാനങ്ങളുടെ ആരോഗ്യ രംഗത്തെ ചെലവുകൾ അവയുടെ വരുമാനത്തിന്റെ 0.8 ശതമാനത്തിനും 1.2 ശതമാനത്തിനും ഇടയിലാണ്. മൊത്തം ആരോഗ്യ ചെലവുകളുടെ 40 ശതമാനം മുതൽ 70 ശതമാനം വരെ ആളുകളുടെ സ്വന്തം പോക്കറ്റിൽ നിന്നാണ്. എന്നാൽ സർക്കാർ ചെലവുകൾ ഉയരുന്നതായാൽ ജനങ്ങളുടെ ചെലവുകൾ കുറയുന്നു എന്ന് വ്യക്തമാകുന്നുണ്ട്. സർക്കാർ ചെലവഴിക്കലും വ്യക്തിഗത ആരോഗ്യ ചെലവുകളും വിപരീത ദിശയിൽ നീങ്ങുന്നതായി കാണാം. സർക്കാർ ചെലവുകൾ കൂടുമ്പോൾ വ്യക്തികളുടെ ചെലവുകൾ കുറയുന്നു.

### 5. കണ്ടെത്തലുകൾ

#### 5.1 രോഗികളുടെ ആശുപത്രികളിലേക്കുള്ള സഞ്ചാരചെലവുകളും മറ്റു ചെലവുകളും

ഭിന്നശേഷിക്കാരായ ആളുകളുടെ കാര്യത്തിൽ ഏറ്റവും ഉയർന്ന ചെലവുകളിലൊന്ന് ആശുപത്രിയിലേക്കുള്ള സഞ്ചാരത്തിന് വേണ്ടി വരുന്ന ചെലവുകളാണ് (ഫീൽഡ് സർവേ 2025). സർവേ നടത്തിയതിൽ 70 ശതമാനം പേർക്കും പ്രതിമാസം ശരാശരി 1200 രൂപ ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നുണ്ട് (ഫീൽഡ് സർവേ-2025).

ഗ്രാമീണ മേഖലയിലുള്ളവർക്കാണ് കൂടുതൽ ചെലവുകൾ വേണ്ടി വരുന്നത്. പ്രത്യേകിച്ച് വീൽ ചെയർ അടക്കമുള്ള കാര്യങ്ങൾ ഉപയോഗിക്കുന്നവർക്കാണ് ഇത് കൂടുതലായി വരുന്നത്. മിക്കവാറും കുടുംബങ്ങൾക്കും സ്വകാര്യ യാത്ര സംവിധാനങ്ങളെ ആശ്രയിക്കേണ്ടതായി വരുന്നു. ഇത്തരത്തിലുള്ള കേസുകളിൽ ചികിത്സ സൗകര്യങ്ങൾ കൂടുതലും നഗരകേന്ദ്രീകൃതമായിരിക്കുന്നതു കൊണ്ട് സ്ഥിതി കൂടുതൽ സങ്കീർണ്ണമാകുന്നുണ്ട് (രാജൻ, ജെയിംസ്-2020).

ഇത് കേവലം യാത്രാച്ചെലവുകളിൽ മാത്രമായി ഒതുങ്ങുന്ന ഒന്നല്ല. രോഗിയെ അനുഗമിക്കുന്ന വ്യക്തികളുടെ താമസമുൾപ്പടെ വിവിധ രീതിയിലുള്ള ചെലവുകൾ ഇതിൽ വന്നു ചേരുന്നു (ഫീൽഡ് സർവേ, 2025). എന്നാൽ നിലവിലെ നയപരമായ തീരുമാനങ്ങളൊന്നും ഇത്തരത്തിലുള്ള മറഞ്ഞിരിക്കുന്ന ചെലവുകളെ പരിഗണിക്കുന്നേയില്ല എന്നതാണ് കാതലായ പ്രശ്നം (സംസ്ഥാന സർക്കാർ, 2022).

#### 5.2 ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളും മാറ്റി വാങ്ങുന്നതിനുള്ള ചെലവുകളും

സർക്കാരുകൾ ഭിന്നശേഷിക്കാരെ സഹായിക്കുന്നതിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്നുണ്ടെങ്കിലും അതിന്റെ കേടുപാടുകൾ തീർക്കുന്നതിനും അവ കേടായാൽ പകരം ഒന്ന് വാങ്ങുന്നതിനും വളരെ പരിമിതമായ സഹായം മാത്രമാണ് അവർക്ക് ലഭിക്കുന്നത്. ബാറ്ററി, അറ്റകുറ്റപ്പണികൾ, മാറ്റി വാങ്ങൽ തുടങ്ങിയ വിവിധ കാര്യങ്ങൾക്കായി 60 ശതമാനത്തിലേറെ കുടുംബങ്ങൾക്ക് മാസം 5000 രൂപ മുതൽ 12000 രൂപ വരെ ചെലവഴിക്കേണ്ടതായി വരുന്നുണ്ട് (ഫീൽഡ് സർവേ-2025).

ഇത്തരത്തിൽ സർക്കാർ നൽകുന്ന ഉപകരണങ്ങൾക്ക് പലപ്പോഴും അറ്റകുറ്റപ്പണികൾ നടത്തേണ്ടതായി വരുന്നുണ്ട് . പല കുടുംബങ്ങൾക്കും ഇക്കാര്യത്തിൽ വലിയ നിരാശയുണ്ട്. അറ്റകുറ്റപ്പണികൾ നിർവഹിക്കുന്ന സ്ഥാപനങ്ങൾ നഗരങ്ങളിലായതിനാൽ റിപ്പയർ ആവശ്യങ്ങൾക്കും മറ്റുമായി നിരന്തരം യാത്ര ചെയേണ്ടതായി വരുന്നതായി ഇവർ ചൂണ്ടിക്കാണിക്കുന്നു.

#### 5.3 സഹായത്തിനായി നിൽക്കുന്നവരുടെ ചെലവുകൾ

ഭിന്നശേഷിക്കാർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുക എന്നത് മറ്റൊരു പ്രധാന ചെലവാണ്. കുടുംബങ്ങളിലെ സ്ത്രീകളാണ് ഇത്തരത്തിൽ അവർക്ക് സഹായം നൽകുന്നത്. 80 ശതമാനം കുടുംബങ്ങളുടെ സ്ഥിതി പരിശോധിക്കുമ്പോൾ സ്ത്രീകൾ പരിപാലനത്തിനായി ജോലി ഉപേക്ഷിക്കുകയോ അല്ലെങ്കിൽ ജോലി സമയം കുറയ്ക്കുകയോ ചെയ്തതായി കാണാം.

ഇത്തരത്തിൽ ഉണ്ടാകുന്ന പ്രതിമാസ വരുമാന നഷ്ടം ശരാശരി 4000 രൂപയാണ്. പാവപ്പെട്ട കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം ഇത് വലിയ നഷ്ടം തന്നെയാണ്.

അതുപോലെ ഇത്തരത്തിൽ സഹായം നൽകുന്നവരുടെ കാര്യത്തിലെ ലിംഗഭേദം ഒരു

തരത്തിൽ ലിംഗപരമായ ചില അസമത്വത്തിലേക്കും നയിക്കുന്നതായി കാണാം. കൂടുതലും ചുമലിലാണ് പരിപാലന ചുമതല വന്നു ചേരുന്നത്. സ്ത്രീകൾ കൂടുതൽ സഹിക്കേണ്ടവരാണ് എന്ന തരത്തിലുള്ള സാമൂഹ്യബോധമാണ് ഇതിലേക്ക് നയിക്കുന്ന ഒരു പ്രധാന ഘടകം. ഭിന്നശേഷിക്കാർക്ക് കൈത്താങ്ങാവുന്ന സാമൂഹ്യമായ ഒരു സംവിധാനത്തിന്റെ കുറവിലേക്കും ഇത് വിരൽ ചൂണ്ടുകയാണ്.

### 5.4 മാനസികമായ ആരോഗ്യവും ആഘാതവും

ഇക്കാര്യം പരിഗണിക്കുമ്പോൾ സർവേയിൽ പങ്കെടുത്തവരിൽ 50 ശതമാനത്തിലധികം പേരും കടുത്ത മാനസിക ഡിപ്രഷൻ നേരിടുന്നതായി വ്യക്തമാകുന്നുണ്ട്. ദീർഘകാലമായി ഭിന്നശേഷിക്കാരെ സഹായിക്കുന്നതും അതുമൂലം സാമൂഹ്യമായ ഒറ്റപ്പെടൽ അനുഭവിക്കുന്നതും ഇതിന് കാരണമാണ്. എന്നാൽ പൊതു ആരോഗ്യ സംവിധാനത്തിൽ നിന്നും ഇവർക്ക് ഒരു തരത്തിലുള്ള പിന്തുണയും ലഭിക്കുന്നില്ല എന്നതാണ് കാതലായ പ്രശ്നം.

ഇത് അവരെ സഹായിക്കുന്നവരിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒരു പ്രശ്നമല്ല. കുടുംബബന്ധങ്ങളിലെ കടുത്ത സമ്മർദ്ദത്തിനും ഇത് കാരണമായി മാറുകയാണ്. മൊത്തത്തിൽ ജീവിത നിലവാരത്തെ തന്നെ ഇത് ദോഷകരമായി ബാധിക്കുന്നു. ഇത്തരം കുടുംബങ്ങളിലെ കുട്ടികളിൽ പഠനവൈകല്യവും അവർ സാമൂഹ്യമായി ഒറ്റപെടുന്നതും പതിവാണ്. ഒളിഞ്ഞിരിക്കുന്ന ചെലവുകൾ പരോക്ഷമായി സൃഷ്ടിക്കുന്ന ഒരു ആഘാതമായി ഇതിനെ വിലയിരുത്താൻ കഴിയും.

ഇത്തരത്തിൽ മാനസികമായ പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്ന ഒരു സംവിധാനം ഇല്ലാതെ പോകുന്നത് പൊതുവിൽ നിലനിൽക്കുന്ന ഒരു പോരായ്മയാണ് (ഹരിലാൽ-2021). കുടുംബങ്ങൾ ഒറ്റപ്പെടുന്ന നിലയിലേക്ക് പോയി കഷ്ടപ്പെടുന്ന സ്ഥിതിയുണ്ട്. ഇവർക്ക് കൗൺസലിംഗ്, മറ്റു വിധത്തിലുള്ള പിന്തുണ തുടങ്ങിയ കാര്യങ്ങൾ ഉണ്ടാകേണ്ടത് മാനസികമായ പ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് അനിവാര്യമാണ് (ഡബ്ല്യൂ എച്ച് ഒ-2021).

### 5.5. ഭരണപരവും ഔദ്യോഗികവുമായ കാര്യങ്ങൾക്ക് വേണ്ടി വരുന്ന ചെലവുകൾ

ഭിന്നശേഷിക്കാരെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ ലഭിക്കുക, ഇവർക്കുള്ള പദ്ധതികളുടെ ഗുണഭോക്താക്കളാവുക തുടങ്ങിയ കാര്യങ്ങൾക്കും പല രീതിയിലുള്ള ചെലവുകൾ വേണ്ടി വരുന്നതായി കാണാം. പല തവണ സർക്കാർ ഓഫീസുകൾ കയറി ഇറങ്ങണം. അതുപോലെ ഇതിനുള്ള കാലതാമസം, ഒപ്പം കൈക്കൂലി ഉൾപ്പടെ നൽകേണ്ടി വരുന്ന സാഹചര്യം ഇതെല്ലം വൈകാരികമായ പല പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്.

അതായത് ഭിന്നശേഷിക്കാരെ സഹായിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളുടെ നടത്തിപ്പ് ഏറെ സങ്കീർണ്ണവും കെടുകാര്യസ്ഥത നിറഞ്ഞതുമാണ് എന്ന് നമുക്ക് നിരീക്ഷിക്കാം (കണ്ണൻ, തോമസ്-2021).

ഇതിനാവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന് മെഡിക്കൽ കൺസൾട്ടേഷൻ ,പരിശോധനകൾ തുടങ്ങിയ കാര്യങ്ങൾ ആവശ്യമാക്കുന്നുണ്ട്. ഇത് വലിയ തോതിലുള്ള ചെലവുകൾക്ക് കാരണമാകുന്നു. ഗ്രാമീണ മേഖലയിലുള്ളവരെയും വിദ്യാഭ്യാസം കുറവായ കുടുംബങ്ങളെയുമാണ് ഈ പ്രശ്നം കാര്യമായി അലട്ടുന്നത്. അവർക്ക് ഇത്തരം കാര്യങ്ങളുമായി അത്ര പരിചയമില്ലാത്തത് കാര്യങ്ങളെ കൂടുതൽ വഷളാക്കുന്നു (രാജൻ, ജെയിംസ്, 2020)

### 6. നയസമീപനങ്ങളുടെ വിശകലനവും നടപ്പാക്കുന്നതിലെ കുറവുകളും

സാമൂഹ്യനീതി വകുപ്പിന് കീഴിലായി സംസ്ഥാന സർക്കാർ ഭിന്നശേഷിക്കാർക്കായി പല പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. ആശ്വാസ കിരണം അടക്കമുള്ള പദ്ധതികൾ ഇതിന് ഉദാഹരണങ്ങളാണ്. ദേശീയതലത്തിൽ നോക്കുമ്പോൾ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾക്കായുള്ള

നിയമം (2016) അവർക്ക് ആരോഗ്യസംരക്ഷണവും പ്രത്യേക നയരൂപീകരണവും ഉറപ്പ് നൽകുന്നു. എന്നാൽ ഇവ നടപ്പാക്കുന്ന കാര്യത്തിൽ നൈരന്തര്യം ഉണ്ടാകുന്നില്ലെന്ന് മാത്രമല്ല പലപ്പോഴും പോരായ്മകൾ പ്രകടമാവുകയും ചെയ്യുന്നുണ്ട് (കണ്ണൻ, തോമസ്–2021).

നിലവിലുള്ള ഇത്തരം പദ്ധതികളിൽ മിക്കവയും പെൻഷൻ അല്ലെങ്കിൽ ധനസഹായം തുടങ്ങിയ കാര്യങ്ങൾ വിതരണം ചെയ്യുന്നതിന് മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. ഭിന്നശേഷിക്കാരുടെ യാത്രാച്ചെലവുകൾ, സഹായത്തിന് നിൽക്കുന്ന ആളുകൾക്ക് നൽകേണ്ടി വരുന്ന വേതനം തുടങ്ങിയ മറഞ്ഞിരിക്കുന്ന ചെലവുകൾ ഇത്തരം പദ്ധതികളിൽ പരിഗണിക്കുന്നില്ല. ഇത് കാണിക്കുന്നത് ഭിന്നശേഷിയെന്നത് വ്യക്തിപരമായ ഒരു പരിമിതി മാത്രമായാണ് സർക്കാരുകൾ കാണുന്നത് എന്നതാണ്. സമഗ്രമായ പിന്തുണ ആവശ്യമായ ഒരു സാമൂഹ്യപ്രശ്നം കൂടിയാണിതെന്നോർക്കണം (ഡബ്ള്യു എച്ച് ഒ –2021).

### 6.2 ഏകോപനം നേരിടുന്ന വെല്ലുവിളികൾ

കേരളത്തിൽ ഇക്കാര്യത്തിൽ നേരിടേണ്ടി വരുന്ന ഒരു പ്രധാന വെല്ലുവിളി ഇത്തരം പ്രവർത്തനങ്ങൾ ഏകോപനത്തോടെ നടപ്പാക്കുന്നില്ല എന്നതാണ്. സംസ്ഥാന സർക്കാരിന്റെ വികേന്ദ്രീകൃത ഭരണസംവിധാനം മറ്റു പല മേഖലകളിലും ശ്രദ്ധേയമായ നേട്ടങ്ങൾക്ക് കാരണമായി മാറിയിട്ടുണ്ടെങ്കിലും ഭിന്നശേഷികരായ ആളുകൾക്കുള്ള സേവനങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ സർക്കാരിന്റെ വിവിധ വകുപ്പുകൾ തമ്മിൽ കാര്യമായ ഏകോപനം ഉണ്ടാകുന്നില്ല (കണ്ണൻ, തോമസ്–2022).

ആയുഷ്മാൻ ഭാരത്, കാരുണ്യ ബെനവലന്റ് ഫണ്ട് തുടങ്ങിയ പദ്ധതികളിൽ ഭിന്നശേഷിക്കാരായ ആളുകൾ പുറന്തള്ളപ്പെടുന്ന സ്ഥിതിയുണ്ട് (നീതി ആയോഗ്–2021).

### 6.3 കുറഞ്ഞ തോതിലുള്ള ബജറ്റ് വിഹിതം

കേരളത്തിന്റെ വിവിധ ബജറ്റുകൾ പരിശോധിച്ചാൽ ഭിന്നശേഷിക്കാരായവർക്ക് പരിമിതമായ ബജറ്റ് വിഹിതം മാത്രമാണ് ലഭിക്കുന്നതെന്ന് വ്യക്തമാകും (കേരള സർക്കാർ–2024). ഇത്തരത്തിലുള്ളവർക്ക് ദീർഘകാല സംരക്ഷണം ഉറപ്പാക്കുന്ന തരത്തിലുള്ള പ്രഖ്യാപനങ്ങൾക്ക് പകരം ബജറ്റിൽ ഒറ്റ തവണയയി നൽകുന്ന സഹായധനത്തിനാണ് കൂടുതൽ പ്രാമുഖ്യം നൽകിവരുന്നത് (കേരള സർക്കാർ–2024).

ഭിന്നശേഷിക്കാർ നേരിടേണ്ടി വരുന്ന മറഞ്ഞിരിക്കുന്ന ചെലവുകളുടെ കാര്യത്തിൽ ബജറ്റുകൾ മൗനം പാലിക്കുന്നതിന് പ്രധാന കാരണം ഇത്തരം ചെലവുകൾ തിരിച്ചറിയാതെ പോകുന്നു എന്നതാണ്. ഇവർക്ക് ലഭിക്കുന്ന വളരെ പരിമിതമായ പിന്തുണയും അതുവഴി കുടുംബങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക ഭാരവും പഠനം കണ്ടെത്തി രേഖപെടുത്തിയിട്ടുണ്ട് (ഫീൽഡ് സർവേ–2025).

### 6.4 പ്രത്യേക സമീപനത്തിന്റെ അഭാവം

വിവിധ തരത്തിലുള്ള ഭിന്നശേഷയെ വേർതിരിച്ച് കാണുന്ന സമീപനം ഇന്നില്ല. ലിംഗം,

ജാതി, പ്രാദേശികമായ വ്യത്യാസം തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഇതിനെ കാണുന്നില്ല. ഇത് നിലവിലെ ധനസഹായങ്ങൾക്ക് പുറമെ വേണ്ടി വരുന്ന മറഞ്ഞിരിക്കുന്ന ചെലവുകൾക്ക് വലിയൊരളവോളം കാരണമാകുന്നുണ്ട് (തോമസ്, വർഗീസ്–2023).

എല്ലാവർക്കും ഒരേ രീതിയിലുള്ള വസ്ത്രം എന്ന തരത്തിലുള്ള നയപരമായ സമീപനം വിവിധ രീതിയിലുള്ള ഭിന്നശേഷിക്കാരെ സംബന്ധിച്ചിടത്തോളം പല വിധത്തിലുള്ള അധിക ചെലവുകൾക്കും കാരണമാകുന്നു (കേരള സർക്കാർ–2022).

**7. ചർച്ച**

ഭിന്നശേഷിക്കാരായ വ്യക്തികളുടെ കാര്യത്തിൽ വ്യക്തിഗതമായ നിലയിലുള്ള ചികിത്സാ രീതികളാണ് ഇന്ന് നിലവിലുള്ളതെന്നാണ് പഠനം കണ്ടെത്തിയിരിക്കുന്നത്. സാമൂഹികമായ പിന്തുണ അവർക്ക് ലഭ്യമാകുന്നില്ല (ഡബ്ള്യു എച്ച് ഒ–2021). അതുമൂലം നയപരമായ തീരുമാനങ്ങൾ പലപ്പോഴും ലക്ഷണങ്ങളെ മാത്രമാണ് കാണുന്നത്. ഇക്കാര്യത്തിലുള്ള ഘടനാപരമായ പ്രശ്നങ്ങൾ അത് പരിഗണിക്കുന്നില്ല. മറഞ്ഞിരിക്കുന്ന ചെലവുകൾ ഉണ്ടാകുന്നതിന്റെ ഒരു പ്രധാന കാരണവുമിതാണ് (യു എൻ ഇ എസ് സി എ പി–2023).

ഭിന്നശേഷിക്കാർക്ക് ആവശ്യമായ ഉപകരണങ്ങളും മറ്റു രീതിയിലുള്ള സഹായങ്ങളും ലഭ്യമാക്കുക എന്നതിനാണ് ഇന്ന് കൂടുതൽ ഊന്നൽ നൽകുന്നത്. ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ കാര്യക്ഷമമായി പരിഹരിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള നീക്കങ്ങൾ ഉണ്ടാകുന്നില്ല എന്ന പ്രശ്നമുണ്ട് (മിത്ര–2018).

ഒറ്റത്തവണ സഹായം നൽകുന്നത് കൊണ്ട് പരിഹരിക്കാൻ കഴിയുന്ന ഒരു പ്രശ്നമായാണ് ഭിന്നശേഷി എന്ന അവസ്ഥയെ സർക്കാർ സംവിധാനങ്ങൾ സമീപിക്കുന്നത് (സെൻ–1999).

**7.2 ഒളിഞ്ഞിരിക്കുന്ന ചെലവുകളുടെ കാര്യത്തിലെ ലിംഗപരമായ വേർതിരിവ്**

ഒളിഞ്ഞിരിക്കുന്ന ചെലവുകളുടെ ലിംഗപരമായ വേർതിരിവ് ശക്തമാണെന്നാണ് ഗവേഷണ ഫലങ്ങൾ സൂചിപ്പിക്കുന്നത്. പരിചരണം നൽകുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം വന്നു ചേരുന്നത് സ്ത്രീകളിലാണ് (ഫീൽഡ് സർവേ,2025). ഇക്കാര്യത്തിൽ സ്ത്രീകൾക്കാണ് വലിയ പങ്ക് നിരവഹിക്കാനുള്ളതെന്ന സാമൂഹ്യബോധം ശക്തമായി കാണാം. എന്നാൽ ഈ ജോലി ചെയ്യുന്നതിന് സ്ത്രീകൾക്ക് പ്രതിഫലം ലഭിക്കുന്നില്ലെന്നതാണ് വസ്തുത (ചൗധരി, റാവു, 2018).

ഇത് സ്ത്രീകളുടെ സാമ്പത്തിക സുരക്ഷിതത്വത്തെയും അവരുടെ കരിയറിന്റെ വികസനത്തെയും പ്രതികൂലമായി ബാധിക്കുന്നു. കുടുംബാന്തരീക്ഷത്തിൽ ലിംഗപരമായ വേർതിരിവ് കൂടുതൽ പ്രകടമാകുന്നതിനും ഇത് കാരണമാകുന്നു (ഘോഷ്, 2019). ഇത് പരിഹരിക്കുന്നതിന് നയപരമായ ഇടപെടലുകൾ വളരെ പ്രധാനമാണ് (ഡബ്ള്യു.എച്ച് ഒ 2021).

**7.3 ഗ്രാമ – നഗര വ്യത്യാസം**

ആരോഗ്യ കാര്യത്തിലെ മറഞ്ഞിരിക്കുന്ന ചെലവുകളുടെ കാര്യത്തിൽ ശക്തമായ നഗര–ഗ്രാമ വേർതിരിവ് കാണാം. ഗ്രാമീണ മേഖലയിലെ കുടുംബങ്ങൾ യാത്രയ്ക്കായി കൂടുതൽ ചെലവഴിക്കേണ്ടതായി വരുന്നു. മാത്രവുമല്ല മികച്ച സൗകര്യങ്ങൾ ലഭ്യമാകുന്ന കാര്യത്തിലും ഇവർ പ്രയാസങ്ങൾ നേരിടുകയാണ്. സൗകര്യങ്ങൾ അധികവും നഗരകേന്ദ്രീകൃതമായിരിക്കുന്നതാണ് ഇതിന് പ്രധാന കാരണം (രാജൻ, ജെയിംസ്, 2020).

ഗ്രാമീണ മേഖലയിലെ കുടുംബങ്ങൾക്ക് ഇത് ചെറുതല്ലാത്ത ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. കാരണം, മികച്ച സേവനങ്ങൾ ലഭിക്കുന്നതിന് അവർ അധികം ചെലവഴിക്കേണ്ടതായി വരുന്നു (ഹരിലാൽ, 2021). തുല്യമായ അവസരങ്ങളുടെ ലഭ്യത, എല്ലാവരെയും കരുതുന്ന വികസനം തുടങ്ങിയ കാഴ്ചപ്പാടുകൾക്ക് എതിരായ ഒരു പ്രവണതയാണ് ഇത്.

### 7.4 തലമുറകൾക്കിടയിലെ പ്രശ്നങ്ങൾ

അടുത്ത ബന്ധമുള്ള കുടുംബാംഗങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് പുറമെ ഇത്തരം അധികച്ചെലവുകൾ കുട്ടികളുടെ വിദ്യാഭ്യാസം, അവരുടെ ഭാവി തുടങ്ങിയ കാര്യങ്ങളെയും ബാധിക്കുന്നുണ്ട് (ഫീൽഡ് സർവേ, 2025). ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് മതിയായ പിന്തുണ ലഭിക്കാതെ വരുന്നത് ഗുരുതരമായ സാമൂഹ്യ പ്രത്യാഘാതങ്ങൾക്കും കാരണമാവുകയാണ് (മിത്ര, 2018).

അതായത് അത്യാവശ്യമാകുന്ന കാര്യങ്ങൾ ലഭ്യമാക്കുന്നതിന് പുറമെ സാമൂഹ്യവും സാമ്പത്തികവുമായ ആഘാതങ്ങൾ കുറയ്ക്കുന്ന തരത്തിലുള്ള നയസമീപനങ്ങൾക്ക് ഊന്നൽ നൽകേണ്ടത് ആവശ്യമാണെന്നാണ് ഇത് വ്യക്തമാക്കുന്നത് (ഡബ്ല്യു എച്ച് ഒ, 2021).

## 8. ശുപാർശകൾ

### 8.1. ധനസഹായം നേരിട്ട് എത്തിക്കുന്ന സംവിധാനം

ഭനേരിട്ട് പണം കൈമാറുന്ന രീതിയും സഹായികളായി നിൽക്കുന്നവർക്ക് സ്റ്റൈപൻഡ് നൽകുന്ന രീതിയും നടപ്പാക്കണമെന്ന് പഠനം ശുപാർശ ചെയ്യുകയാണ്. പ്രത്യേകിച്ച് സ്ത്രീകളായ സഹായികൾക്ക് ഇത്തരത്തിൽ സഹായം നൽകേണ്ടത് ആവശ്യമാണ് (ഫീൽഡ് സർവേ, 2025). ഭിന്നശേഷിക്കാർക്ക് സഹായം നൽകുന്നത് സാമൂഹ്യമായ അംഗീകാരം ആവശ്യമുള്ള ഒന്നാണെന്ന് ശുപാർശ ചെയ്യുന്നതോടൊപ്പം സാമ്പത്തികമായ പിന്തുണ ഉറപ്പാക്കുകയും വേണം (സെൻ, 1999).

ഹ്യസ്വകാലത്തേക്ക് ആവശ്യമായ സഹായം നൽകുന്നതിനൊപ്പം ദീർഘകാലത്തേക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുകയും വേണം. നിലവിലെ പ്രതിസന്ധി മറി കടക്കുന്നതിനും ഭാവിയിലെ അനിശ്ചിതത്വം ഒഴിവാക്കുന്നതിനും ഇത്തരം സമീപനം സഹായകമാണ് (തോമസ്, വർഗീസ്, 2023).

### 8.2 സമഗ്രമായ ഇൻഷുറൻസ് കവറേജ്

ഇത്തരത്തിൽ ഭിന്നശേഷിക്കാർക്ക് സഹായമാകുന്ന സമഗ്രമായ ഒരു ഇൻഷുറൻസ് പദ്ധതിയോ പെൻഷൻ സ്കീമോ ആവിഷ്കരിക്കുന്നത് വളരെ മികച്ച ഒരു നീക്കമായിരിക്കും (ഡബ്ല്യു എച്ച് ഒ, 2021). മെഡിക്കൽ സേവനത്തിനപ്പുറം നിരവധി സൗകര്യങ്ങൾ ഇതിലൂടെ കവർ ചെയ്യാൻ കഴിയും എന്നതാണ് ഇതിന്റെ മെച്ചം (യു എൻ ഇ എസ് സി എ പി, 2023).

യാത്രാച്ചെലവുകൾ, താമസ സൗകര്യം, മറ്റു ചെലവുകൾ തുടങ്ങിയ ചെലവുകൾ ഉൾപ്പടെ എല്ലാ ചെലവുകളും കവർ ചെയ്യുന്ന തരത്തിലുള്ളതായിരിക്കണം ഈ ഇൻഷുറൻസ് (മിത്ര 2017). ഇത് ഭിന്നശേഷിക്കാരുടെ ആരോഗ്യസംരക്ഷണ ചെലവുകൾ അടക്കമുള്ള സമഗ്രമായ ചെലവുകൾക്ക് ഉത്തരമായി മാറും.

### 8.3 അടിസ്ഥാനസൗകര്യ വികസനം

ഇവരുടെ പുനരധിവാസം അടക്കമുള്ള കാര്യങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുന്ന

തരത്തിൽ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് യാത്രാച്ചെലവുകൾ കുറയ്ക്കുന്നതിനും ഒപ്പം സേവനങ്ങൾ ലഭ്യമാക്കുന്നതിനും സഹായകമാകും (നീതി ആയോഗ്, 2021). മാനവശേഷിയുടെ മേഖലയിലും ഭൗതിക അടിസ്ഥാനസൗകര്യ മേഖലയിലും കൂടുതൽ നിക്ഷേപം ഇതിനാവശ്യമാണ് (തോമസ്, വർഗീസ്, 2023).

ഇത്തരത്തിൽ പ്രാദേശികമായി സൗകര്യങ്ങൾ സൃഷ്ടിക്കുന്നത് പ്രത്യേകമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും സഹായകരമാണ്. ഇത് ഗ്രാമീണ മേഖലയിലെ കുടുംബങ്ങളുടെ സാമ്പത്തികഭാരം കുറയുന്നതിന് സഹായകരവുമാണ് (രാജൻ, ജെയിംസ്, 2020). അവസരങ്ങളുടെ തുല്യത ഉറപ്പാക്കുന്നതിനും എല്ലാവരെയും ഉൾക്കൊള്ളുന്ന തരത്തിലുള്ള വികസനത്തിനും സഹായകവുമാണ് (സെൻ, 1999).

**8.4 മാനസികാരോഗ്യ രംഗത്തെ സമീപനം**

ഭിന്നശേഷിക്കാർക്കും സഹായികളായി പ്രവർത്തിക്കുന്നവർക്കും മാനസികമായ പ്രശ്നങ്ങൾ നേരിടുന്നതിന് കൗൺസലിംഗ് കേന്ദ്രങ്ങൾ തുറക്കുക എന്നത് ആവശ്യമാണ്. മറഞ്ഞിരിക്കുന്ന ചെലവുകൾ കുറയ്ക്കുന്നതിന് ഇത് സഹായകരമാണ് (ഡബ്ള്യു എച്ച് ഒ, 2021). നിലവിലുള്ള സംവിധാനങ്ങളോട് കൂട്ടിച്ചേർത്തു വേണം ഇത്തരം സൗകര്യങ്ങൾ ഒരുക്കാൻ (ഹരിലാൽ, 2021).

ഇത്തരം കുടുംബങ്ങൾ നേരിടുന്ന സവിശേഷമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉതകുന്ന തരത്തിലുള്ളതായിരിക്കണം മാനസികമായ പിന്തുണ ഉറപ്പാക്കുന്ന സംവിധാനങ്ങൾ. പെട്ടെന്നുണ്ടാകുന്ന മാനസികമായ സമ്മർദങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്നതിനൊപ്പം ദീർഘകാലത്തേക്കുള്ള സമഗ്രമായ പദ്ധതിയും ഇതിലുൾപ്പെടേണ്ടതുണ്ട് (ഡബ്ള്യു എച്ച് ഒ, 2021).

**8.5 വിവിധ സ്ഥാപനങ്ങളുടെ ഏകോപനം**

വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഉറപ്പാക്കുന്ന സംവിധാനം ഉണ്ടാകേണ്ടത് ആവശ്യമായ ഒന്നാണ്. ആരോഗ്യം, ഗതാഗതം, സാമൂഹ്യക്ഷേമം തുടങ്ങിയ വകുപ്പുകൾ തമ്മിലാണ് പ്രധാനമായും ഏകോപനം ഉണ്ടാകേണ്ടത് (കണ്ണൻ, തോമസ്, 2021). ഇത്തരമൊരു സംവിധാനം ഉത്തരവാദിത്വങ്ങളുടെ പങ്ക് വയ്ക്കുന്നതിന് സഹായകരമാണ് . ഇതിന് പുറമെ പ്രവർത്തനം വിലയിരുത്തുന്ന സംവിധാനവും ആവശ്യമാണ് (നീതി ആയോഗ്, 2021).

വിവിധ സേവനങ്ങൾ ലഭിക്കുന്നതിന് ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നത് കുടുമ്പങ്ങളുടെ ചെലവുകൾ കുറയ്ക്കുന്നതിനും ഒപ്പം സേവനങ്ങളുടെ കാര്യശേഷി ഉയർത്തുന്നതിനും സഹായകമാണ് (തോമസ്, വർഗീസ്, 2023). സാങ്കേതികമായ നവീകരണവും ഘടനാപരമായ അഴിച്ചുപണിയും ഇതിന് ആവശ്യമാണ് (കേരള സർക്കാർ, 2022).

**8.6 ബജറ്റിന്റെ സുതാര്യതയും നിരീക്ഷണവും**

നയങ്ങളുടെ കാര്യത്തിലുള്ള കൃത്യമായ അവലോകനവും മറഞ്ഞരിക്കുന്ന ചെലവുകൾ നേരിടുന്നതിന് അനിവാര്യമായ ഒന്നാണ്. കുടുംബങ്ങളുടെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഗുണപരവും അളവുപരവുമായ അവലോകനം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട് (യു എൻ ഇ എസ് സി എ പി, 2023).

**9. ഉപസംഹാരം**

കേരളത്തിലെ ഭിന്നശേഷിക്കാരായവരുടെ കുടുംബങ്ങൾ ആരോഗ്യ രംഗത്ത് നേരിടേണ്ടി

വരുന്ന അധികച്ചെലവുകളെ കുറിച്ച് ഈ പഠനം നിർണ്ണായകമായ ചില വിവരങ്ങൾ നൽകുന്നു (ഫീൽഡ് സർവേ, 2025). യാത്രക്ക് വേണ്ടി വരുന്ന ചെലവുകൾ, ഉപകരണങ്ങൾക്ക് വേണ്ടി വരുന്ന ചെലവുകൾ, സഹായികളെ ആവശ്യമായി വരുന്നുണ്ടെങ്കിൽ അതിനുള്ള ചെലവുകൾ, മാനസികമായ പ്രശ്ങ്ങൾ മൂലമുള്ള ആഘാതം, മറ്റു രീതിയിൽ വരുന്ന ചെലവുകൾ എല്ലാം ചേരുമ്പോൾ ഇത്തരം കുടുംബങ്ങൾക്ക് ഉയർന്ന സാമ്പത്തിക ബാധ്യത ഉണ്ടാകുന്നു. സാമൂഹ്യമായ പ്രശ്നങ്ങൾ ഇതിന് പുറമെ വരുന്നു (കുര്യൻ, സെബാസ്റ്റ്യൻ, 2021).

ഇത്തരം ചെലവുകൾ കാണിക്കുന്നത് നയപരമായ സമീപനങ്ങളുടെ അപര്യാപ്തത തന്നെയാണ്. കാരണം നിലവിലെ നയങ്ങൾ പൊതുവിൽ അവർക്ക് വേണ്ടുന്ന ചികിത്സ സഹായങ്ങളിലും സാമൂഹ്യമായ പിന്തുണയിലും ഊന്നി മാത്രമാണ് (ഡബ്ല്യു എച്ച് ഒ 2021). അടിസ്ഥാനപപരമായ ചില തടസങ്ങൾ മറി കടക്കുന്നതിന് ഇത് ഉപയുക്തമാകുന്നില്ല.

അതുകൊണ്ട് മെഡിക്കൽ സേവനങ്ങളെ കേന്ദ്രീകരിച്ചുള്ള സമീപനത്തിൽ നിന്നും കാര്യമായ ഒരു മാറ്റമാണ് ഈ പഠനം ആവശ്യപ്പെടുന്നത്. ഇതിനെ ഒരു സാമൂഹ്യ പ്രശ്നമായി കണ്ടുകൊണ്ടുള്ള, കാര്യക്ഷമതയ്ക്ക് ഊന്നൽ നൽകുന്ന ഒരു സംവിധാനമാണ് വേണ്ടത്. ഭിന്നശേഷിക്കാരായ ആളുകൾക്ക് വേണ്ടത് സമഗ്രമായ പിന്തുണയാണ് (സെൻ,1999). ഇതിൽ നയപരമായ മാറ്റം മാത്രമല്ല വേണ്ടത്. പ്രത്യുത, സ്ഥാപനങ്ങളുടെ പ്രവർത്തന രീതികളിൽ വരുത്തേണ്ട മാറ്റവും സാമൂഹ്യമായ കാഴ്ചപ്പാടിൽ വരേണ്ട മാറ്റങ്ങളും ഉൾപ്പെടുന്നു (ഡബ്ല്യു എച്ച് ഒ, 2021).

ഇവർക്ക് സഹായം നൽകുന്ന കാര്യത്തിലുള്ള ലിംഗവേർതിരിവും ഗ്രാമീണ, നഗര മേഖലകളിലെ വ്യത്യാസങ്ങളും ചെലവുകളെ കാര്യമായി സ്വാധീനിക്കുന്നുണ്ട്. അതുകൊണ്ട് നയപരമായ മാറ്റങ്ങൾ കാതലായ ഈ വശങ്ങൾ കൂടി ഉൾക്കൊണ്ടുകൊണ്ടുള്ളതാകണം (മിത്ര, 2018).

ആരോഗ്യമേഖലയിലെ അവസരസമത്വത്തിന്റെ രംഗത്ത് വിശാലമായ ചർച്ച ഉണ്ടാകേണ്ടതുണ്ട്. പഠനത്തിന്റെ കണ്ടെത്തലുകൾക്ക് കേരളത്തിന് പുറത്തും സാംഗത്യമുണ്ട്. സമാനമായ വെല്ലുവിളികൾ നേരിടുന്ന പ്രദേശങ്ങളുടെ കാര്യത്തിലും ഇതിലെ കണ്ടെത്തലുകൾ പ്രസക്തമാണ് (ഡബ്ല്യു എച്ച് ഒ, 2021).

പെട്ടെന്നുണ്ടാകുന്ന ചെലവുകൾക്കപ്പം ദീർഘകാലാടിസ്ഥാനത്തിലുള്ള സുസ്ഥിരമായ ജീവിതത്തിന് ഉതകുന്ന നിലയിലുള്ള സമഗ്രമായ നയപരമായ അടിത്തറയാണ് ഈ പഠനം മുന്നോട്ട് വയ്ക്കുന്ന ആശയം (നീതി ആയോഗ്, 2021). അതിന് രാഷ്ട്രീയമായ ഇച്ഛാശക്തി, സ്ഥാപനപരമായ പരിവർത്തനം, എല്ലാവരെയും ഉൾകൊള്ളുന്ന വികസനത്തിനായുള്ള തുടർച്ചയായുള്ള നിക്ഷേപം തുടങ്ങിയ കാര്യങ്ങൾ അത്യന്താപേക്ഷിതമാണ് (തോമസ്, വർഗീസ്, 2023).

ഇത്തരത്തിൽ ഉണ്ടാകുന്ന മറഞ്ഞിരിക്കുന്ന ചെലവുകൾ എങ്ങനെ നേരിടുമെന്നത് കേരളത്തിന്റെ വിഖ്യാതമായ സാമൂഹ്യ മുന്നേറ്റവും എല്ലാവരെയും ചേർത്ത് പിടിക്കുന്ന വികസന തന്ത്രവുമായി ചേർന്ന് തന്നെ പോകുന്ന ഒന്നാണ് (സെൻ, 1999). മെഡിക്കൽ ചെലവുകളിൽ കേന്ദ്രീകൃതമായിരിക്കുന്ന ഇന്നത്തെ സമീപനങ്ങളിൽ നിന്നും കാര്യക്ഷമതയെ അടിസ്ഥാനമാക്കിയുള്ള ഈ ചുവടുമാറ്റത്തിന് നയപരമായ അഴിച്ചുപണിക്ക് പുറമെ, എല്ലാ പൗരന്മാരുടെയും അന്തസും തുല്യതയും ഉറപ്പാക്കുന്ന കാര്യത്തിലുള്ള ഉറച്ചതും സുചിന്തിതവുമായ തീരുമാനവും അത്യന്താപേക്ഷിതമാണ് (ഡബ്ല്യു എച്ച് ഒ, 2021).

ആരോഗ്യ മേഖലയിൽ തുല്യനീതി എന്ന ആശയം വിളിച്ചോതുന്നത് ഭിന്നശേഷിക്കാർ നേരിടേണ്ടി വരുന്ന ഭാരിച്ച ചെലവുകൾ മനസിലാക്കുകയും അത് പരിഹരിക്കുകയും ചെയ്യുക എന്ന കാര്യമാണ്. എല്ലാ പൗരന്മാരെയും ചേർത്ത് പിടിക്കുന്ന ഒരു ആരോഗ്യ മേഖല സൃഷ്ടിക്കുന്നതിന് ഈ നിലപാട് ഏറ്റവും അവശ്യം വേണ്ടുന്ന ഒന്നാണെന്ന് വിലയിരുത്താം.

■

(നിവേദിത കൃഷ്ണൻ, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ സാമ്പത്തികശാസ്ത്ര വിഭാഗത്തിലെ ഗവേഷകയാണ്).

**References**

Census of India. (2011). Census of India 2011: *Disabled Population.* Office of the Registrar General & Census Commissioner, India.

Choudhury, S., & Rao, M. (2018). Indirect costs of disability in rural India: A household perspective. *Journal of Health Economics,* 45(3), 78-92.

Field Survey. (2025). *Primary data collection from 25 households in Thrissur and Kasaragod districts.* Author's own survey.

George, A. (2018). *Healthcare accessibility and financial protection in Kerala: A disability perspective.* Working Paper Series, Centre for Development Studies.

Ghosh, R. (2019). Out-of-pocket expenditure and catastrophic health spending among disabled households in India. *Health Policy and Planning,* 34(2), 98-107.

Government of Kerala. (2024). *Kerala State Budget 2024-25.* Finance Department, Government of Kerala.

Government of Kerala (GoK). (2022). *State Initiative on Disabilities*: Annual Report 2021-22. Social Justice Department, Government of Kerala.

Harilal, P. (2021). Inclusive healthcare access: Challenges and opportunities in Kerala. *Economic and Political Weekly,* 56(12), 45-52.

Kannan, K.P., & Thomas, J. (2021). Decentralization and disability services: The Kerala experience. *Journal of Social Policy,* 38(4), 156-174.

Kurian, M., & Sebastian, L. (2021). Hidden costs of healthcare: A study of disabled families in Kerala. *Indian Journal of Health Economics*, 28(2), 89-103.

Mitra, S. (2018). *Disability, Health and Human Development*. Palgrave Macmillan.

Mitra, S., Palmer, M., Kim, H., Mont, D., & Groce, N. (2017). Extra costs of living with a disability: A review and agenda for research. *Disability and Health Journal,* 10(4), 475-484.

Ministry of Social Justice and Empowerment (MoSJE). (2020). *Annual Report 2019-20.* Government of India.

National Sample Survey Office (NSSO). (2019). *Persons with Disabilities in India: NSS 76th Round Report.* Ministry of Statistics and Programme Implementation, Government of India.

NITI Aayog. (2021). *Health Systems for a New India: Building Blocks.* Government of India.

Rajan, S., & James, K. (2020). Public health infrastructure and disability-inclusive healthcare in Kerala. *Health and Population Perspectives and Issues,* 43(3), 112-128.

Ranjan, A., & John, M. (2020). Capability approach and disability studies: Theoretical foundations and practical applications. *Journal of Human Development and Capabilities,* 21(2), 178-195.

Sen, A. (1999). *Development as Freedom.* Oxford University Press.

Thomas, P., & Varghese, S. (2023). Evaluating disability schemes in Kerala: Implementation challenges and reform possibilities. Indian Journal of Public Administration, 69(1), 67-83.

UNESCAP. (2023). *Disability at a Glance 2023: Investing in Accessibility in Asia and the Pacific.* United Nations Economic and Social Commission for Asia and the Pacific.

World Health Organization (WHO). (2021). *World Report on Disability.* WHO Press.

*കേരള ഇക്കോണമി*
*പുസ്തകം 6 ലക്കം 2*
*എപ്രിൽ – ജൂൺ 2025*

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരളത്തിലെ മൽസ്യത്തൊഴിലാളികൾക്കിടയിലെ തൊഴിൽ മാറ്റം – ഒരു പഠനം

ഷൈൻ ബ്രിജിറ്റ്, ഡോ. ജിജി ഏലിയാസ്

**സംഗ്രഹം**

*പദ്ധതികൾ ഫലപ്രദമായി, മികച്ച രീതിയിൽ നടപ്പാക്കുന്നു എന്നത് ഉറപ്പ് വരുത്തേണ്ടത് 'വിഷൻ 2047 ന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഒന്നാണ്. സംസ്ഥാന സർക്കാരുകൾ, സർവ്വകലാശാലകൾ, വ്യവസായ പ്രമുഖർ തുടങ്ങിയ വ്യത്യസ്ത മേഖലകളിലുള്ളവരുടെ സഹകരണത്തോടെ കേന്ദ്രസർക്കാർ തലത്തിൽ തന്നെ മികച്ച ഏകോപനം ഇതിന് ആവശ്യമായ ഒന്നാണ്. ദേശീയതലത്തിൽ ഉയർന്നു വരുന്ന പ്രശ്നങ്ങളുടെ കാര്യത്തിൽ, വിവിധ മേഖലകളിൽ നിന്നുള്ള അഭിപ്രായ രൂപീകരണത്തിനും അഭിപ്രായ സമന്വയത്തിനും ചർച്ചകൾ ഉയർന്നു വരേണ്ടത് ആവശ്യമാണ്. [1]എന്നിരുന്നാലും, വിഷൻ 2047 എന്ന ലക്ഷ്യത്തിന് മുന്നിൽ ഉയരുന്ന വെല്ലുവിളികൾ ഒട്ടും ചെറുതല്ല. 'മധ്യവർഗ്ഗ കെണി' അഥവാ 'മിഡിൽ ക്ളാസ് ട്രാപ്പ്', ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ തയ്യാറാക്കൽ, ഗ്രാമീണ, നഗര മേഖലകൾ തമ്മിലുള്ള അന്തരം പരിഹരിക്കുക തുടങ്ങിയ കാര്യങ്ങളാണ് പ്രധാന വെല്ലുവിളികൾ. ലക്ഷ്യം നേടുന്നതിന് സമ്പദ്ഘടനയിൽ മികച്ച വളർച്ചാ നിരക്ക് ഉറപ്പേക്കണ്ടതുമുണ്ട്. ഈ സാഹചര്യത്തിൽ ഇന്ത്യയുടെ മൽസ്യബന്ധന മേഖല നേരിടുന്ന നിരവധി പ്രശ്നങ്ങളുണ്ട്. [2]മത്സ്യത്തൊഴിലാളികളുടെ ക്ഷേമം, മൽസ്യബന്ധ മേഖലയുടെ സുസ്ഥിരത തുടങ്ങിയ മേഖലകളാണ് കാര്യമായ മാറ്റം ആവശ്യപ്പെടുന്നത്. പ്രായം മൂലമുള്ള പ്രശ്നങ്ങൾ, തൊഴിൽ അവസരങ്ങൾ കുറഞ്ഞു വരുന്നത്, തൊഴിൽ നൈപുണ്യത്തിലെ കുറവുകൾ തുടങ്ങിയ ഘടകങ്ങൾ മത്സ്യത്തൊഴിലാളികളുടെ പുരോഗതിയെ ഹനിക്കുന്നതായി കാണാം. സമ്പദ്ഘടനയുടെ മികച്ച വളർച്ചാ നിരക്ക് ഇത്തരം ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന് കൂടുതൽ കരുത്തേകും.*

*കുറഞ്ഞ വരുമാനം, ഉയർന്ന ജീവിത ചെലവുകൾ തുടങ്ങിയ കാരണങ്ങളാൽ ചെറുപ്പക്കാരായ തൊഴിലാളികൾ മൽസ്യബന്ധനം ഉപേക്ഷിക്കുന്നത് ഇന്ന് കൂടുതൽ പ്രകടമാണ്. നൈപുണ്യം നേടുന്നതിനുള്ള അവസരങ്ങൾ കുറയുന്നതും തൊഴിൽ ലഭ്യത കുറയുന്നതും പ്രായത്തിന്റെ പ്രശ്നങ്ങളും മൽസ്യബന്ധനം തൊഴിലാക്കിയിരിക്കുന്നവരുടെ ജീവിതത്തെ സാരമായി ബാധിക്കുന്നുണ്ട്. അതുകൊണ്ട് തൊഴിൽ മേഖല വിട്ട് മറ്റു തൊഴിലുകളിലേക്ക് തിരിയുന്ന പ്രവണത ശക്തമാവുകയാണ്.*

***ചില പ്രധാന വാക്കുകൾ :*** *മത്സ്യത്തൊഴിലാളി, തൊഴിൽ, മറ്റു തൊഴിൽ മേഖലകളിലേക്കുള്ള മാറ്റം, വരുമാനത്തിലെ അന്തരം, തൊഴിൽവിപണി, സുസ്ഥിരത.*

**ആമുഖം**

ഇന്ത്യ സ്വാതന്ത്ര്യം നേടിയതിന്റെ നൂറാം വാർഷികം വരുന്നത് 2047 ലാണ് . അപ്പഴേക്കും ഒരു വികസിത രാജ്യമായി ഇന്ത്യയെ മാറ്റുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിരിക്കുന്ന സമഗ്ര പദ്ധതിയാണ് വിഷൻ ഇന്ത്യ 2047. വ്യത്യസ്തമായ നിരവധി വിഷയങ്ങൾ ഇതിന് മുന്നിൽ വരുന്നുണ്ട് . സാമൂഹ്യ ക്ഷേമം, സാങ്കേതിക മേഖലയുടെ നവീകരണം , ശക്തമായ സർക്കാർ, മികച്ച സാമ്പത്തിക വളർച്ച എന്ന് തുടങ്ങി നിരവധി കാര്യങ്ങളാണ് പരിഗണനയിൽ വരുന്നത്. സുസ്ഥിര വികസനം, ഡിജിറ്റൽ സമ്പദ്വ്യവസ്ഥ തുടങ്ങിയ കാര്യങ്ങൾക്കാണ് മുൻതൂക്കമെങ്കിലും തൊഴിലവസരങ്ങൾ വർധിപ്പിക്കുക , സാമ്പത്തികമായി ഫലപ്രദമായ രീതിയിലുള്ള ഇടപെടൽ നടത്തുക തുടങ്ങിയ കാര്യങ്ങൾക്കും ഇതിന്റെ ഭാഗമായി പ്രത്യേക പരിഗണന നൽകുന്നുണ്ട്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വലിയൊരു വിഭാഗം ആളുകളുടെ ജീവസന്ധാരണത്തിനുള്ള ഒരു പ്രധാന മേഖലയാണ് മൽസ്യബന്ധനം. മൽസ്യസ്രോതസുകൾ വിലയിരുത്തുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുക, അവരുടെ സാമൂഹ്യ, സാമ്പത്തിക നില ശക്തമാക്കുക തുടങ്ങിയ കാര്യങ്ങളിലാണ് ഈ മേഖലയിൽ ഇന്ന് വെല്ലുവിളികൾ നേരിടുന്നത്.

[3]തൊഴിൽ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ഒരാൾക്ക് ജീവിക്കുന്നതിന് ആവശ്യമായ വരുമാനം ഉറപ്പാക്കുന്ന ഒരു പ്രവൃത്തി എന്നതിനെയാണ്. ഒരു പ്രത്യേക ലക്ഷ്യം നേടുന്നതിനായി ഒരാൾ നടത്തുന്ന പ്രവർത്തനത്തെയാണ് പ്രമുഖ സോഷ്യോളജിസ്റ്റായ മില്ലർ (1960) തൊഴിൽ എന്നതിന് നല്കിയിരിയ്ക്കുന്ന നിർവചനം.

[4]സാമൂഹ്യമായ തൊഴിൽ മാറ്റം എന്നതിന് രണ്ടു പ്രധാന വശങ്ങളുണ്ട്, ഒന്ന്, ഒരേ തലമുറക്കകത്ത് തന്നെയുള്ള മാറ്റം (ഒരാളുടെ ജീവിതകാലത്ത് തന്നെ അയാളുടെ സാമ്പത്തിക നിലയിൽ വരുന്ന മാറ്റം). മറ്റൊന്ന് തലമുറാന്തര മാറ്റമാണ്. ഒരു കുട്ടി തന്റെ മാതാപിതാക്കളുടെ അവസ്ഥയെക്കാൾ മെച്ചപ്പെട്ട ഒരു സാഹചര്യത്തിലേക്ക് മാറുന്നു എന്നതാണ് ഇതിന്റെ അടിസ്ഥാനം.

**എന്താണ് പ്രശ്നം ?**

ഒരു സമ്പദ്ഘടനയിൽ എപ്പോഴും അരികുവൽക്കരിക്കപ്പെടുന്ന ഒരു വിഭാഗമാണ് മൽസ്യബന്ധന മേഖലയിൽ പണിയെടുക്കുന്നവർ. പല കാരണങ്ങൾ ഇതിന് ചൂണ്ടിക്കാണിക്കാൻ കഴിയും. വിദ്യാഭ്യാസം നേടുന്നതിൽ ഉണ്ടായ പരിമിതി, തൊഴിലവസരങ്ങളുടെ കുറവ്, സംസ്കാരം, ജീവിതശൈലി തുടങ്ങിയ കാര്യങ്ങളിൽ ഉണ്ടാകേണ്ട മാറ്റം തുടങ്ങിയ പല കാരണങ്ങളും ഇതിന് പിന്നിലുണ്ട്. മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ തൊഴിൽ മേഖലയിലെ മാറ്റങ്ങളെ കുറിച്ചാണ് ഈ പഠനം പരിശോധിക്കുന്നത്.

**പഠനങ്ങളുടെ അവലോകനം**

സാമ്പത്തികമായ അടിത്തറയിൽ വരുന്ന മാറ്റം ഇത്തരത്തിൽ തൊഴിൽ മേഖല മാറുന്നതിന് ഒരു കാരണമാണ്. വ്യവസായവൽക്കരണം, സാമൂഹികമായ മാറ്റങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഇതിന് ഉദാഹരണമാണ്. സാമൂഹ്യമായ ഇത്തരം മാറ്റങ്ങൾക്ക് രണ്ടു തലങ്ങൾ കാണാം. ഒരാൾ അയാളുടെ ജീവിതകാലത്ത് സാമ്പത്തിക നിലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ വഴിയായി മാറുന്നതാണ് ഒന്ന്. മാതാപിതാക്കളിൽ നിന്നും വ്യത്യസ്തമായ ഒരു തൊഴിൽ മകൻ

അല്ലെങ്കിൽ മകൾ നേടുന്നത് രണ്ടാമത്തെ തലമാണ്. ഈ രണ്ടു കാര്യങ്ങളും നമുക്ക് വരുമാനം, ആസ്തികൾ, വിദ്യാഭ്യാസപരമായ നേട്ടങ്ങൾ തുടങ്ങിയ ചില സൂചകങ്ങളുടെ സഹായത്തോടെ വിലയിരുത്താൻ കഴിയും[5].

ലിബറലായ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സംവിധാനത്തിനകത്തെ മാറ്റം എന്നതുകൊണ്ട് ഒരു വ്യക്തിയുടെ നേട്ടമാണ് അർത്ഥമാക്കുന്നത്. അയാളുടെ അല്ലെങ്കിൽ അവളുടെ ലിംഗം, ജാതി, മതം, മാതാപിതാക്കളുടെ സ്ഥിതി തുടങ്ങിയ ഘടകങ്ങളൊന്നും ഇതിൽ പ്രസക്തമാകുന്നില്ല. അദ്ദേഹത്തിന്റെ ജീവിതത്തിൽ സംഭവിക്കുന്ന മാറ്റം ജനിക്കുമ്പോഴുള്ള സ്ഥിതിയിൽ തികച്ചും വിഭിന്നമാകുമ്പോഴാണ് സാമൂഹ്യമായ മാറ്റം ഉണ്ടാകുന്നതെന്ന് നമുക്ക് വിവക്ഷിക്കാം. സാമൂഹ്യവും സാമ്പത്തികവുമായ ഉയർന്ന നിലയുള്ള കുടുംബങ്ങളുടെ കാര്യത്തിൽ ഇത്തരത്തിലുള്ള മാറ്റം സംഭവിക്കേണ്ടത് അനിവാര്യമായ ഒന്നായിരിക്കില്ല. എന്നാൽ അത്തരത്തിൽ അല്ലാതെ, കുടുംബങ്ങളുടെ കാര്യത്തിൽ ഇങ്ങനെ തൊഴിൽപരമായ മാറ്റം സംഭവിക്കുന്നില്ലെങ്കിൽ അത് സാമൂഹ്യമായ പുറന്തള്ളൽ, അവസരങ്ങൾ, പ്രതീക്ഷകൾ തുടങ്ങിയ കാര്യങ്ങളിലുള്ള ചുരുക്കം തുടങ്ങിയ അവസ്ഥകളിലേക്ക് നയിക്കുന്നതായി കാണാം[6].

മൊയ്ത്രം, സിങ് എന്നിവർ 2012 ൽ ഇന്ത്യൻ ഹ്യൂമൻ സർവേയുടെ വിവരങ്ങൾ അടിസ്ഥാനമാക്കി ഒരു പഠനം നടത്തിയിരുന്നു. തലമുറകൾക്കിടയിൽ തൊഴിൽ മേഖലകളിൽ സംഭവിക്കുന്ന മാറ്റമായിരുന്നു പഠനത്തിന്റെ വിഷയം. മെരിലാൻഡ് സർവകലാശാലയും നാഷണൽ കൗൺസിൽ ഫോർ അപ്ലൈഡ് ഇക്കണോമിക് റിസർച്ചും (എൻ സി എ ഇ ആർ) ഈ പഠനവുമായി സഹകരിച്ചിരുന്നു. കുറഞ്ഞ തൊഴിൽ വൈദഗ്ദ്യമുള്ളതും വരുമാനം കുറവുള്ളവരുമായ ജോലിക്കാരിൽ ഭൂരിഭാഗം പേരുടെയും ആൺമക്കൾ അവരുടെ അതേ തൊഴിൽ തന്നെ തുടരുന്നു എന്നാണ് ഈ പഠനത്തിൽ കണ്ടെത്തിയത്. ദേശീയതലത്തിൽ നടത്തിയ പഠനത്തിൽ നഗരങ്ങളും ഗ്രാമങ്ങളും ഇക്കാര്യത്തിൽ വ്യത്യസ്തമായിരുന്നില്ല എന്നാണ് കണ്ടെത്തിയിട്ടുള്ളത്.[7]

സജീവമായ തൊഴിൽ വിപണി ഇത്തരത്തിലുള്ള മാറ്റങ്ങൾക്ക് കൂടുതൽ അവസരങ്ങൾ നൽകുന്നതായി കാണാം. കുറഞ്ഞ വേതനം ലഭിക്കുന്ന തൊഴിലുകളിൽ നിന്ന് ഉയർന്ന വേതനമുള്ള തൊഴിൽ മേഖലകളിലേക്ക് മാറാൻ കഴിഞ്ഞാൽ സാമ്പത്തിക രംഗത്തുള്ള അസമത്വം കുറയ്ക്കാൻ അത് സഹായകമാകും. കഴിഞ്ഞ ഒരു ദശകത്തിനിടയിൽ നഗരവൽകരണം ത്വരിതപ്പെട്ടിട്ടുണ്ടെങ്കിലും തൊഴിൽപരമായ മാറ്റങ്ങൾ ഇന്ത്യയിൽ വളരെ പരിമിതമാണെന്ന് കാണാം. ചൈന, തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ എന്നിവയുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യ തൊഴിൽ മേഖല മാറുന്ന കാര്യത്തിൽ ഏറെ പിന്നിലാണ്. അതുകൊണ്ട് തന്നെ ഇന്ത്യയിലെ തൊഴിൽ സേനയുടെ നല്ലൊരു പങ്കും അടുത്ത ഏതാനും ദശകങ്ങൾ കൂടി ഗ്രാമീണ മേഖലയിൽ തന്നെ തുടരുന്നതിനുള്ള സാധ്യതയാണ് കാണുന്നത്. തൊഴിലിൽ മാറ്റം വരുത്തുന്നതിന് സഹായകമായ വിധത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടേണ്ടത് ഗ്രാമീണ ജനതയുടെ ജീവിതം മെച്ചപ്പെടുന്നതിന് സഹായകരമാണ്.[8]

ഒരു സാമൂഹ്യ വ്യവസ്ഥയുടെ കാര്യത്തിൽ ഇത്തരത്തിലുള്ള മാറ്റം എന്നത് വളരെ നിർണ്ണായകമായ ഒരു കാര്യമാണ് (ഹാൾ ആർ. എച്ച്, 1969:31). പല വിധത്തിലുള്ള വ്യത്യസ്ത രീതികളിൽ ഇത് പ്രകടമാകാറുണ്ട്. ഒന്ന്, മാറ്റത്തിന്റെ സമയക്രമം. ഇക്കാര്യത്തിൽ ഒരു തലമുറയിലെയും തലമുറകൾ തമ്മിലും സംബഹിക്കുന്ന മാറ്റങ്ങൾ

വേർതിരിക്കാൻ കഴിയുന്നു. വ്യക്തിയുടെ കാര്യത്തിൽ ഇത് പലപ്പോഴും ഒന്നിച്ചാകാറുണ്ട്. ദിശയാണ് രണ്ടാമത്തെ പ്രധാന ഘടകം. ഈ ഘടകമെടുക്കുമ്പോൾ അതിൽ മൂന്ന് വ്യത്യസ്ത തലങ്ങൾ കണ്ടുവരാറുണ്ട്. കുത്തനെയുള്ള മാറ്റമാണ് ഒന്നാമത്തേത്. സാമൂഹ്യമായ പ്രവർത്തനങ്ങളിൽ വരുന്ന മാറ്റമാണ് മറ്റൊന്ന്. ഇത് പക്ഷെ സാമൂഹ്യ സ്ഥിതിയിൽ മാറ്റം ഉണ്ടാക്കണമെന്നില്ല[9].

**ലക്ഷ്യങ്ങൾ**

1. ആലപ്പുഴ ജില്ലയിലെ മൽസ്യബന്ധന മേഖലയിലെ തൊഴിലാളികളുടെ സാമ്പത്തിക നില സംബന്ധിച്ച പരിശോധന.
2. അവരുടെ തൊഴിൽ സംബന്ധമായ മാറ്റങ്ങൾക്ക് തടസം നിൽക്കുന്ന ഘടകങ്ങളെ കുറിച്ച മനസിലാക്കുക.

**പഠനത്തിന്റെ പ്രാധാന്യം**

ഒരു മേഖലയിൽ ജോലി ചെയ്യുന്ന ഒരാൾക്ക് മറ്റു തൊഴിൽ മേഖലകളിലേക്ക് നീങ്ങുന്നതിന് സ്വാഭാവികമായ സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഇത് ചില ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് സംഭവിക്കുന്നത്. കൂടുതൽ വൈദഗ്ദ്യം കൈവരിക്കുക, അല്ലെങ്കിൽ മറ്റുള്ളവരുടെ പ്രചോദനം ഉൾക്കൊണ്ടുകൊണ്ടോ, ഭാഗ്യം കൊണ്ടോ സംഭവിക്കുന്ന മാറ്റവും ഇതിൽ ഉൾപ്പെടുന്നതാണ്. അന്താരഷ്ട്ര തലത്തിൽ തന്നെ തൊഴിൽ വിപണിയിൽ ഉണ്ടാകുന്ന മാറ്റങ്ങളും ഇതിന് കാരണമാകും. മെച്ചപ്പെട്ട തൊഴിലിലേക്കുള്ള മാറ്റമാണ് ഇപ്രകാരം സംഭവിക്കുക.[10] എന്നാൽ നേരെ തിരിച്ച് മോശമായ സാഹചര്യത്തിലേക്ക് മാറുന്ന സന്ദർഭങ്ങളും ഉണ്ടായേക്കാം. വ്യവസായങ്ങളുടെ തകർച്ച ഇതിന് ഒരു ഉദാഹരണമാണ്. സ്വന്തം ഹിതപ്രകാരമുള്ള മാറ്റങ്ങൾ, തൊഴിൽ വിപണിക്ക് ഉതകുന്ന വിധത്തിലുള്ള നൈപുണ്യത്തിന്റെ അഭാവം തുടങ്ങിയ കാരണങ്ങളും ഇതിന് പിന്നിലുണ്ടാകാം . ഇത്തരത്തിലുള്ള മാറ്റങ്ങളെ കുറിച്ചുള്ള വ്യക്തമായ നിഗമനങ്ങളിലെത്തുന്നതിന് വ്യക്തിഗതമായ തലത്തിലുള്ള പരിശോധനകൾ ആവശ്യമാണ്.

**പഠനത്തിന്റെ രീതിശാസ്ത്രം**

കേരളത്തിൽ ഏറ്റവും കൂടുതൽ മൽസ്യബന്ധന തൊഴിലാളികൾ അധിവസിക്കുന്ന ആലപ്പുഴ ജില്ലയിലാണ് ഈ പഠനം നടത്തിയത്. ഇതിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമിക, ദ്വിതീയ സ്രോതസുകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പ്രാഥമിക വിവരശേഖരണത്തിന് സർവേ, അഭിമുഖങ്ങൾ തുടങ്ങിയ രീതികളാണ് ഉപയോഗിച്ചിട്ടുള്ളത്. പുസ്തകങ്ങൾ, സർക്കാർ രേഖകൾ, ജേണലുകൾ, സെൻസസ് വിവരങ്ങൾ തുടങ്ങിയായ സ്രോതസുകളാണ് ദ്വിതീയ വിവരങ്ങൾക്കായി പ്രയോജനപ്പെടുത്തിയിരിക്കുന്നത്. ഏറ്റവും ലളിതമായ റാൻഡം രീതിയാണ് ഡേറ്റ ശേഖരിക്കുന്നതിനായി ഇതിൽ ഉപയോഗിച്ചിട്ടുള്ളത്.

**പഠനത്തിന്റെ വിശകലനം**

**രേഖാചിത്രം – 1**




പഠനത്തിൽ ഉൾപ്പെട്ടവരുടെ പ്രായം തിരിച്ചുള്ള പട്ടിക 23 മുതൽ 72 വയസ് വരെ പ്രായമുള്ളവരാണ് സർവേയിൽ പ്രതികരിച്ചിട്ടുള്ളത് . ഇതിൽ 42 ശതമാനം പേരും 35, 43, 55, 60, 64 വയസ് പ്രായമുള്ളവരാണ്.

**രേഖാചിത്രം 2 – വിദ്യാഭ്യാസപരമായ യോഗ്യതകൾ**



പ്രതികരിച്ചവരിൽ 26.9 ശതമാനം പേരും എസ് എസ് എൽ സിയ്ക്ക് താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ്. 30 ശതമാനം പേർക്ക് അതിന് മുകളിൽ യോഗ്യതയുണ്ട്. 38 ശതമാനം പേർ എസ് എസ് എൽ സി പഠനം പൂർത്തിയാക്കിയിട്ടുണ്ട്. മൽസ്യബന്ധന മേഖയിലുള്ള കുടുംബങ്ങൾക്ക് സാമ്പത്തികമായ പരാധീനത കൊണ്ടും സാമൂഹ്യമായ സാഹചര്യങ്ങൾ മൂലവും ഉയർന്ന വിദ്യാഭ്യാസം അപ്രാപ്യമാകുന്ന നിലയുണ്ട്. എന്നാൽ ഇക്കാര്യത്തിൽ സംഭവിക്കുന്ന മാറ്റം ആശാവഹമായ ഒന്നാണ്. കാരണം, ഈ മേഖലയിലുള്ളവരുടെ പുതുതലമുറ വിദ്യാഭ്യാസം നേടുന്നുണ്ട്.

**രേഖാചിത്രം – 3 – തൊഴിൽരംഗത്തെ സ്ത്രീ പങ്കാളിത്തം**




മൽസ്യബന്ധന മേഖലയിലെ 86 ശതമാനം സ്ത്രീകളും വീട്ടുജോലികളിൽ മാത്രം മുഴുകുന്നവരാണ് . വരുമാനവുമായി ബന്ധപ്പെട്ട ഒരു രംഗത്തും ഇവർ കടന്നു വരാറില്ലെന്ന് കാണാം. 6 ശതമാനം വരുന്ന സ്ത്രീകൾ കയർ മേഖലയിൽ ജോലി ചെയ്യുന്നവരാണ്. വളരെ കുറച്ചാളുകൾ സ്വയം തൊഴിൽ സംരംഭങ്ങൾ നടത്തുന്നു (പട്ടിക 1)

**Table: 1** - Education of the children

| | | Frequency | Percent | Valid Percent | Cumulative Percent |
|---|---|---|---|---|---|
| Valid | GOVERNMENT SCHOOL | 48 | 57.1 | 57.1 | 57.1 |
| | AIDED SCHOOL | 33 | 39.3 | 39.3 | 96.4 |
| | PRIVATE SCHOOL | 3 | 3.6 | 3.6 | 100.0 |
| | Total | 84 | 100.0 | 100.0 | |

50 ശതമാനം പേരുടെ കുട്ടികളും പഠിക്കുന്നത് സർക്കാർ സ്കൂളുകളിലാണ്. സ്വകാര്യ സ്കൂളുകളിൽ പഠിപ്പിക്കാൻ അവർക്ക് കഴിയാറില്ല. 4 ശതമാനം പേർ മാത്രമാണ് മക്കളെ സ്വകാര്യ സ്കൂളുകളിൽ പഠിപ്പിക്കുന്നത്. 46.2 ശതമാനം പേരുടെ മക്കൾ പഠിക്കുന്നത് അൺഎയ്ഡഡ് സ്കൂളുകളിലാണ്. ഇതിൽ നിന്ന് വ്യക്തമാകുന്ന ഒരു കാര്യം മൽസ്യബന്ധന മേഖലയിലെ കുടുംബങ്ങൾ മക്കളുടെ വിദ്യാഭ്യാസ കാര്യത്തിൽ ബദ്ധശ്രദ്ധരാണ് എന്നതാണ്. ഇത് അവർക്ക് കൂടുതൽ മികച്ച തൊഴിലുകളിലേക്ക് ചേക്കേറാൻ വഴിയൊരുക്കുന്നു.

**Table: 2** - Occupation of the children

| | | Frequency | Percent | Valid Percent | Cumulative Percent |
|---|---|---|---|---|---|
| Valid | GOVERNMENT | 6 | 7.1 | 7.4 | 7.4 |
| | PRIVATE COMPANY | 39 | 46.4 | 48.1 | 55.6 |
| | SELF EMPLOYED | 36 | 42.9 | 44.4 | 100.0 |
| | Total | 81 | 96.4 | 100.0 | |
| Missing | System | 3 | 3.6 | | |
| Total | | 84 | 100.0 | | |

ചിത്രത്തിൽ കാണുന്നത് പോലെ ഭൂരിഭാഗം പേരുടെ മക്കളും സംരംഭക സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരാണ്. 7 ശതമാനം പേർക്ക് മാത്രമാണ് സർക്കാർ ജോലിയുള്ളത്. എന്നാൽ വിദ്യാഭ്യാസ യോഗ്യത കുറവായിരിക്കുന്നത് മൂലം പലർക്കും നല്ല ജീവിത സാഹചര്യം ലഭിക്കുന്നില്ലെന്ന് കാണാം. 42.3 ശതമാനം പേർ സ്വകാര്യ കമ്പനികളിൽ ജോലി ചെയ്യുന്നു.

**Table : 3** - Descriptive Statistics

| | N | Minimum | Maximum | Mean | Std. Deviation |
|---|---|---|---|---|---|
| DUCATION OF THE CHILDREN | 84 | 1.00 | 3.00 | 1.4643 | .56922 |
| OCCUPATION OF THE CHILDREN | 81 | 1.00 | 3.00 | 2.3704 | .62138 |
| Valid N (listwise) | 81 | | | | |

- The mean represents the average value of the dataset.

***മക്കളുടെ വിദ്യാഭ്യാസ യോഗ്യത :*** ഇതിന്റെ മീൻ മൂല്യം 1.4643 ആണെന്ന് കാണാം. ഇത് വ്യക്തമാക്കുന്നത്, മക്കളുടെ വിഭ്യാഭാസത്തിന്റെ നില ഒന്നിനും രണ്ടിനും ഇടയിലാണെന്നാണ്. (ഇതിൽ ഒന്ന് കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയെ കാണിക്കുമ്പോൾ 2 ഉയർന്ന വിദ്യാഭ്യാസത്തെ സൂചിപ്പിക്കുന്നു.)

**മക്കളുടെ തൊഴിൽ സ്ഥിതി :** ഇതിന്റെ മീൻ മൂല്യം 2.3704 ആണ്. അതായത് രണ്ടിനും മൂന്നിനും ഇടയിലായി വരുന്നു.

**മീനിന്റെ സ്റ്റാൻഡേർഡ് കൃത്യത**

കുറഞ്ഞ സ്റ്റാൻഡേർഡ് എറർ കാണിക്കുന്നത് പോപ്പുലേഷൻ മീനിന്റെ കൂടുതൽ കൃത്യതയാർന്ന എസ്റ്റിമേറ്റാണ്. വിദ്യാഭ്യാസത്തിന്റെ കാര്യമെടുത്താൽ മീനിന്റെ കാര്യത്തിലുള്ള സ്റ്റാൻഡേഡ് എറർ 0.06211 ആണ്. ഇത് താരതമ്യേന കുറഞ്ഞ അളവാണ്. ശരാശരി വിദ്യാഭ്യാസത്തിന്റെ കൃത്യതയാർന്ന അനുമാനമാണ് ഇത് നൽകുന്നത്. ജോലിയുടെ കാര്യത്തിലെ സ്റ്റാൻഡേർഡ് എറർ 0.06904 ആണ്. ഇതും വളരെ കുറവാണ്. ഇതും മീൻ എസ്റ്റിമേറ്റ് വളരെ കൃത്യതയാർന്നതാണെന്ന് വ്യക്തമാക്കുന്നു.

**രേഖാചിത്രം – 4 – മൽസ്യബന്ധന മേഖലയുടെ അനുഭവങ്ങൾ**




69.2 ശതമാനം പേർക്കും ഈ രംഗത്ത് 20 വർഷത്തിലേറെ തൊഴിൽ പരിചയമുണ്ടെന്ന് കാണാം. കുറച്ചു പേർക്ക് ആറ് മുതൽ 10 വർഷത്തെ പ്രവൃത്തി പരിചയമുണ്ട്. 26.9 ശതമാനം പേർക്ക് 11 മുതൽ 15 വർഷം വരെയും പരിചയമുണ്ട്. ചെറുപ്പക്കാരായ ആളുകൾ ഈ തൊഴിലിലേക്ക് വരുന്നതിന് വിമുഖത കാണിക്കുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്. അതിന് പല രീതിയിലുള്ള കാരണങ്ങളുണ്ട്.

**രേഖാചിത്രം – 5 – തൊഴിൽ സംതൃപ്തിയുടെ നിലവാരം**




ഫിഷിങ് മേഖലയിലെ തൊഴിലിന്റെ കാര്യത്തിലുള്ള സംതൃപ്തി സംബന്ധിച്ച വിവരങ്ങൾ ചിത്രത്തിൽ കാണാം. 65.4 ശതമാനം പേരും ഈ തൊഴിലിൽ സംതൃപ്തി രേഖപെടുത്തുന്നു. 34.6 ശതമാനം പേർ സംതൃപ്തരല്ല. ഇത് ഒരു പക്ഷെ ജോലി സീസണലായി മാത്രം നടക്കുന്നത് കൊണ്ടും തങ്ങൾക്ക് അധികം മുതൽ മുടക്ക് ആവശ്യമില്ലാത്തതിനാലും ഒപ്പം സീസൺ സമയത്ത് നല്ല വരുമാനം ലഭിക്കുന്നതുകൊണ്ടുമാകാം. മുതിർന്ന തലമുറ പക്ഷെ തങ്ങളുടെ പരമ്പരാഗതമായ തൊഴിൽ ഉപേക്ഷിക്കുന്നതിന് തയ്യാറല്ല.

**രേഖാചിത്രം – 5 – വീടും സാമ്പത്തിക സ്ഥിതിയും**



പഠനം നടത്തിയ ആളുകളിൽ 92.3 ശതമാനം പേർക്കും സ്വന്തമായി ഭവനമുണ്ട്. 7.7 ശതമാനം പേർ മാത്രമാണ് വാടകക്കെടുത്ത വീടുകളിൽ കഴിയുന്നത് . ഫിഷറീസ് മേഖലയിൽ നിരവധി പ്രയാസങ്ങൾ നേരിടുന്നുണ്ടെങ്കിലും ഈ ജോലി കൊണ്ട് അവർക്ക് നല്ല ജീവിതം നയിക്കാൻ കഴിയുന്നുണ്ട്. അവരുടെ ജീവിതത്തിന് ഈ മേഖല എല്ലാ രീതിയിലുമുള്ള പിന്തുണയും നൽകുന്നു.

42 ശതമാനം പേർക്കും വായ്പയില്ലാത്തതിനാൽ പൊതുവെ ടെൻഷൻ ഇല്ലാത്ത ജീവിതമാണ് നയിക്കുന്നത്. 26 ശതമാനം പേർക്ക് 5 ലക്ഷം രൂപക്ക് മുകളിൽ വായ്പയുണ്ട്. ഈ വായ്പകൾ തിരിച്ചടക്കുന്നതിന് അവർക്ക് കഠിനാധ്വാനം ചെയ്യേണ്ടി വരുന്നു. 30 ശതമാനം പേർക്ക് 5 ലക്ഷം രൂപക്ക് മുകളിൽ വായ്പയുണ്ട്.

**തൊഴിൽ രംഗം മാറുന്നതിനുള്ള സന്നദ്ധത**

**Table : 4** - Correlations

| | | LEAVE FISHERIES SECTOR | FISHERIES AID |
|---|---|---|---|
| LEAVE FISHERIES SECTOR | Pearson Correlation | 1 | -.020 |
| | Sig. (2-tailed) | | .858 |
| | N | 84 | 84 |
| FISHERIES AID | Pearson Correlation | -.020 | 1 |
| | Sig. (2-tailed) | .858 | |
| | N | 84 | 84 |

തൊഴിൽ മേഖല വിട്ട് മറ്റു മേഖലകളിലേക്ക് ചേക്കേറുന്നതിന് മൽസ്യബന്ധന മേഖല തയ്യാറുണ്ടോ എന്നതാണ് ഈ പഠനത്തിൽ ഉയർത്തിയിരുന്ന ഒരു പ്രധാനപ്പെട്ട ചോദ്യം. 34.6 ശതമാനം പേർ വ്യക്തമാക്കിയത് അവർ സന്നദ്ധരാണ് എന്നാണ്. എന്നാൽ 65.4 ശതമാനം പേർ അഭിപ്രായപ്പെട്ടത് എന്തെല്ലാം തരത്തിലുള്ള പ്രയാസങ്ങളുണ്ടെങ്കിലും ഈ ജോലി ഉപേക്ഷിക്കാൻ തയാറല്ല എന്നാണ്. തൊഴിൽപരമായ മാറ്റം എന്നത് ആവശ്യമായ ഒന്നാണ്.

രണ്ടു പ്രധാനപ്പെട്ട കാര്യങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ വച്ച് കൊണ്ടുള്ള **കോറിലേഷൻ ടേബിൾ ഫിഷറീസ് മേഖലയും സാമ്പത്തികമായ സഹായവും** എന്ന രീതിയിൽ സ്ഥിതിവിവരകണക്കുകളുടെ വിശകലനം നൽകുന്നു.

**പിയേഴ്സൺ കോറിലേഷൻ കോ – എഫിഷ്യന്റ്**

- രണ്ടു പ്രധാന ഘടകങ്ങൾ തമ്മിലുള്ള പിയേഴ്സൺ കോ–റിലേഷന്റെ മൂല്യം 0.020 ആണ്.
- അവ തമ്മിൽ കാര്യമായ നെഗറ്റീവ് ബന്ധമില്ലെന്നതാണ് ഇത് നൽകുന്ന സൂചന. പൂജ്യത്തിനടുത്തുള്ള ഒരു സംഖ്യ നൽകുന്ന സൂചന ശക്തമായ കോ– റിലേഷൻ ഇല്ലെന്നു തന്നെയാണ്.

പ്രാധാന്യം

- ഇവിടെ പി വാല്യൂ 0.858 ആണ്. സാധാരണ കണ്ട് വരാറുള്ള 0.05 എന്ന ലെവലിൽ നിന്നും വളരെ ഉയർന്ന ഒരു തോതാണ് ഇതെന്ന് കാണാം.
- അത്ര പ്രസക്തമായ ഒന്നല്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്. ഫിഷറീസ് മേഖല വിട്ടു പോകുന്നതിനുള്ള താല്പര്യവും ഈ മേഖലയിൽ സർക്കാർ നൽകുന്ന സഹായങ്ങളും തമ്മിൽ എടുത്തു പറയത്തക്ക ഒരു പൊരുത്തവുമില്ലെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

മൽസ്യബന്ധന മേഖലക്ക് സർക്കാർ നൽകുന്ന ധനസഹായങ്ങൾ ഈ തൊഴിൽ വിട്ടു പോകുന്നതിനുള്ള പ്രവണത തടയുന്നതിന് സഹായകരമാകുന്നില്ലെന്നാണ് ഇത് വ്യക്തമാക്കുന്നത്. ഈ രണ്ടു കാര്യങ്ങളും പരസ്പര ബന്ധമില്ലാതെ വേറിട്ട് നിൽക്കുന്നു എന്നതാണ് ഇത് വ്യക്തമാക്കുന്നത്.

**Table: 5** - Reason to leave fisheries sector

| | | Frequency | Percent | Valid Percent | Cumulative Percent |
|---|---|---|---|---|---|
| Valid | DANGER | 12 | 14.3 | 14.3 | 14.3 |
| | NO PROFIT | 66 | 78.6 | 78.6 | 92.9 |
| | NO GOVT INSURANCE | 6 | 7.1 | 7.1 | 100.0 |
| | Total | 84 | 100.0 | 100.0 | |

**Table : 6** - Reason to leave fisheries sector

| | | |
|---|---|---|
| | Valid | 84 |
| | Missing | 0 |
| Skewness | | -.279 |
| Std. Error of Skewness | | .263 |
| Kurtosis | | 1.752 |
| Std. Error of Kurtosis | | .520 |

മൽസ്യബന്ധന മേഖല വിട്ടു പോകുന്നതിന് കാരണമന്വേഷിച്ചപ്പോൾ പല വിധത്തിലുള്ള മറുപടികളാണ് ഉണ്ടായത്. 46 ശതമാനം പേരും പറഞ്ഞത് ഈ രംഗത്ത് അവർ സംതൃപ്തരല്ല എന്നാണ്. ഈ രംഗത്തുള്ള അപകടങ്ങളാണ് 15.4 ശതമാനം പേർ പിന്തിരിയാൻ കാരണം. ഇത് കാലാവസ്ഥക്ക് അനുസരിച്ച് മാത്രം ലഭിക്കുന്ന തൊഴിലായതിനാൽ ആവശ്യത്തിന് വരുമാനം ലഭിക്കുന്നില്ലെന്നതാണ് 38.5 ശതമാനം പേർ വ്യക്തമാക്കിയത്. ഇത്തരത്തിൽ വിവിധ കാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് മൽസ്യത്തൊഴിലാളികൾ ഈ മേഖലയിൽ നിന്നും മാറുന്നത്.

പൂജ്യത്തിന് അടുത്തായ ഒരു മൂല്യം ഉണ്ടാകുമ്പോൾ കാണുന്നത് സമതുലിതമായ ഒരു സ്ഥിതിയാണ്. ഇടത് ഭാഗത്തേക്കുള്ള നേരിയ മാറ്റം നെഗറ്റീവായ മാറ്റത്തെ (0.279) സൂചിപ്പിക്കുന്നു.

**Table : 7** - Ownership of boat

| | N Statistic | Minimum Statistic | Maximum Statistic | Mean Statistic | Std. Deviation Statistic | Skewness Statistic | Std. Error | Kurtosis Statistic | Std. Error |
|---|---|---|---|---|---|---|---|---|---|
| FISHERIES AID | 84 | 1.00 | 2.00 | 1.0714 | .25909 | 3.389 | .263 | 9.716 | .520 |
| BOAT OWNERSHIP | 84 | 1.00 | 2.00 | 1.9643 | .18669 | -5.095 | .263 | 24.544 | .520 |
| Valid N (listwise) | 84 | | | | | | | | |

**Figure: 8**




4 ശതമാനം പേർക്കാണ് സ്വന്തമായി ഫിഷിങ് ബോട്ടുകളുള്ളത്. 96 ശതമാനം പേരും തൊഴിലിനായി മറ്റുള്ളവരെ ആശ്രയിക്കുന്നു. അതുകൊണ്ട് അവർക്ക് വരുമാനം കുറവാണെന്ന് കാണാം. സ്വന്തം പ്രയത്നം കൊണ്ട് കൂടുതൽ നേട്ടം കൈവരിക്കാൻ കഴിയുമെന്ന് ആത്മവിശ്വാസമുള്ളത് കൊണ്ടാണ് തൊഴിൽ സാധ്യത തേടി ഇതര മേഖലകളിലേക്ക് പോകുന്നത്.

ഫിഷറീസ് മേഖലക്ക് വലിയ തോതിൽ ഫണ്ടുകൾ അനുവദിക്കുന്നുണ്ടെന്ന് 2022–23 സാമ്പത്തിക വർഷത്തിലെ ഫിഷറീസ് വാർഷിക റിപ്പോർട്ടിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് അർഹരായവരുടെ കൈകളിൽ എത്തുന്നുണ്ടോ എന്ന സംശയമാണ് ഒരു

വിഭാഗം മൽസ്യത്തൊഴിലാളികൾ ഉന്നയിച്ചത്. അതുകൊണ്ട് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാകേണ്ടത് ആവശ്യമാണ്.

**ഉപസംഹാരം**

വിഷൻ 2047 എന്ന പദ്ധതി ലക്ഷ്യം കാണുന്ന കാര്യത്തിൽ പദ്ധതികളുടെ കൃത്യമായ രീതിയിലുള്ള നടപ്പാക്കൽ ആവശ്യമാണ്. അതിന് സംസ്ഥാന സർക്കാരുകൾ, വിദ്യാഭ്യാസ വിദഗ്ദർ, വ്യവസായ പ്രമുഖർ തുടങ്ങിയ പല നിലകളിലുള്ള ആളുകളുടെയും സ്ഥാപനങ്ങളുടെയും സഹകരണം ഉറപ്പിക്കാൻ കഴിയുന്ന സമഗ്രമായ സമീപനം സർക്കാർ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടത് ആവശ്യമാണ്. ദേശീയ തലത്തിലെ മുൻഗണനകൾ നിർണ്ണയിക്കുന്നതിന് പൊതുവായ അഭിപ്രായ രൂപീകരണം ആവശ്യമാണ്. വിഷൻ 2047 ൽ വലിയ ലക്ഷ്യങ്ങൾ ഉണ്ടെങ്കിലും അത് നടപ്പാക്കുന്ന കാര്യത്തിൽ നിരവധി തടസങ്ങൾ ഉയരുന്നുണ്ട്. മദ്ധ്യവർഗ്ഗ വരുമാനകെണി അഥവാ മിഡിൽ ഇൻകം ട്രാപ്പ്, അടിസ്ഥാനസൗകര്യ വികസനം, ഗ്രാമീണ-നഗര മേഖലകൾ തമ്മിലുള്ള അന്തരം കുറയ്ക്കുക തുടങ്ങിയ കാര്യങ്ങൾ ഇതിൽ മർമ്മ പ്രധാനമാണ്. ഉയർന്ന സാമ്പത്തിക വളർച്ചാ നിരക്ക് തുടർച്ചയായി നിലനിർത്തുക എന്നതും വളരെ പ്രധാനമാണ്.

മൽസ്യബന്ധന മേഖലയിൽ വിഷൻ 2047 പ്രധാനമായും ലക്ഷ്യമിടുന്നത്, മത്സ്യോത്പാദനം ഉയർത്തുക എന്നതാണ്. ഈ മേഖലയിൽ സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുക എന്നതും മറ്റൊരു സുപ്രധാന ലക്ഷ്യമാണ്. ശാസ്ത്രത്തിന്റെ സഹായത്തോടെ സമുദ്രോത്പന്ന മേഖലയെ പരിപോഷിപ്പിക്കുക എന്നതാണ് മറ്റൊരു ലക്ഷ്യമായി വരുന്നത്. മത്സ്യത്തൊഴിലാളികളുടെ വരുമാനം വർധിപ്പിക്കുക, അവർക്ക് ഭക്ഷ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുക, പോഷകങ്ങൾ ലഭ്യമാക്കുക തുടങ്ങിയ കാര്യങ്ങൾ ഇതിന്റെ ഭാഗമായി വരുന്നു.

വിഷൻ 2047 ന്റെ ഭാഗമായി നയപരമായ ഒട്ടേറെ നടപടികൾ സർക്കാർ സ്വീകരിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഫിഷറീസ് മേഖലയിൽ ഉല്പാദനക്ഷമതയും ഒപ്പം ഗവേണൻസും മെച്ചപ്പെടുത്തന്നതിനായുള്ള 'നീല വിപ്ലവം' എന്ന പദ്ധതി ഇതിനെല്ലാം ആധാരമായി വർത്തിക്കുന്നു.

വൈദഗ്ദ്യത്തിന്റെ അഭാവം, അവസരങ്ങളുടെ കുറവ്, പ്രായത്തിന്റേതായ പ്രശ്നങ്ങൾ തുടങ്ങിയ പല കാരണങ്ങളും മൽസ്യബന്ധന മേഖലയിൽ നിന്നും മാറി മറ്റു തൊഴിൽ തേടുന്നതിനുള്ള പ്രവണതയെ സ്വാധീനിക്കുന്നതായി കാണാം. കുറഞ്ഞ തോതിലുള്ള വരുമാനവും ഉയരുന്ന ജീവിതച്ചെലവുകളും ഉൾപ്പടെയുള്ള നിരവധി കാരണങ്ങൾ ഇത്തരത്തിലുള്ള തൊഴിൽ മാറ്റത്തെ പ്രകടമായി സ്വാധീനിക്കുന്നതായി കാണാവുന്നതാണ്.

■

(എറണാകുളം സെന്റ് തെരേസാസ് കോളേജിലെ സാമ്പത്തികശാസ്ത്ര വിഭാഗം അസിസ്റ്റന്റ് പ്രഫസറാണ് ഷൈൻ ബ്രിജിറ്റ്. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിലെ അസിസ്റ്റന്റ് പ്രഫസറും റിസർച്ച് ഗൈഡുമാണ് ഡോ. ജിജി ഏലിയാസ്)

**End Notes**

1 https://www.drishtiias.com/daily-updates/daily-news-editorials/vision-india-2047-transforming-the-nation-future

2 Anon, (2006) *"Annual Report 2005-2006"* CMFRI, Cochi.

3 Ayyappan S. and M.Krishnan ,(2004) *Indian fisheries: dimensions of development*, Indian Journal of Agricultural Economics, July-September 2004, 59(3) : 391-41.

4 Bheemeshwar Reddy and Madhura Swaminathan, (2004), *Intergenerational Occupational Mobility in Rural India*: Evidence from Ten Villages, Review of Agrarian studies.

5 Blanden, J., Gregg, P., & Macmillan, L. (2007). *Accounting for intergenerational income persistence: Non-cognitive skills, ability and education* (CEP Discussion Paper No. 0731). Centre for Economic Performance, London School of Economics.

6 Hancock, L. (2007). *Social exclusion and the capabilities approach: Evidence from social policies in Australia. Social Work Review,* 49(2), 41-52.

7 Motiram, S., & Singh, A. (2012). How close does the apple fall to the tree? *Some evidence on intergenerational occupational mobility from India.* Review of Income and Wealth, 58(3), 454-481.

8 Mehrotra, S., & Parida, J. K. (2019). *Why is the labour force participation of women declining in India*? World Development, 111, 1-17.

9 Hall, R. H. (1969). *Occupations and the social structure*. Englewood Cliffs, NJ: Prentice-Hall,31.

10 Census of India, 2001

11 loksabhadocs.nic.in/Refinput/New_Reference_Notes/English/16012024_112431_102120474.pdf

**References**

Anon. (2006). Annual report 2005-2006. CMFRI, Cochin.

Ayyappan, S., & Krishnan, M. (2004). Indian fisheries: Dimensions of development. Indian Journal of Agricultural Economics, 59(3), 391-401.

Bheemeshwar Reddy, & Swaminathan, M. (2004). Intergenerational occupational mobility in rural India: Evidence from ten villages. Review of Agrarian Studies.

Blanden, J., Gregg, P., & Macmillan, L. (2007). Accounting for intergenerational income persistence: Non-cognitive skills, ability and education (CEP Discussion Paper No. 0731). Centre for Economic Performance, London School of Economics.

Census of India. (2001). Census of India 2001. Government of India.

Hall, R. H. (1969). Occupations and the social structure. Prentice-Hall.

Hancock, L. (2007). Social exclusion and the capabilities approach: Evidence from social policies in Australia. Social Work Review, 49(2), 41-52.

Lok Sabha Secretariat. (2024). Reference note: Vision India@2047. https://loksabhadocs.nic.in/Refinput/New_Reference_Notes/English/16012024_112431_102120474.pdf

Mehrotra, S., & Parida, J. K. (2019). Why is the labour force participation of women declining in India? World Development, 111, 1-17. https://doi.org/10.1016/j.worlddev.2018.06.003

Motiram, S., & Singh, A. (2012). How close does the apple fall to the tree? Some evidence on intergenerational occupational mobility from India. Review of Income and Wealth, 58(3), 454-481. https://doi.org/10.1111/j.1475-4991.2011.00466.x

Parliament of India. (2024). Vision India @2047: Transforming the nation's future. https://www.drishtiias.com/daily-updates/daily-news-editorials/vision-india-2047-transforming-the-nation-future

കേരള ഇക്കോണമി
പുസ്തകം 6 ലക്കം 2
എപ്രിൽ – ജൂൺ 2025

GST Updates

Meenu Mohan

# Several initiatives for modifying formats: Enhancing data accuracy and compliance

Several changes were introduced which impacted registration, compliance, and e-documentation. The formats for GSTR-7 (TDS) and GSTR-8 (TCS by E-Commerce Operators) have been revised. These new formats now mandate more detailed, invoice-wise reporting. This change is intended to enhance data accuracy and compliance. The government has confirmed that no GST is levied on UPI transactions, even for those exceeding INR 2,000. It has been reiterated that GST is only applicable to payment-related charges such as the Merchant Discount Rate (MDR). It is also important to note that MDR has been zero for Person-to-Merchant (P2M) UPI transactions since January 2020. From June 1, 2025, the Invoice Reporting Portal (IRP) will treat invoice and document numbers as case-insensitive for IRN generation. The system will automatically convert these numbers to uppercase. This change aims to prevent duplication and ensure alignment with GSTR-1. Additionally, starting April 2025, the values in Table 3.2 of GSTR-3B, which pertains to inter-state supplies made to unregistered persons, composition taxpayers, and UIN holders, will be auto-populated and non-editable. This adjustment makes accurate reporting in GSTR-1, GSTR-1A, or IFF crucial for any necessary corrections.

## I. GST Collection of India during the first quarter of the financial year 2025-26

Gross GST collections for April 2025 stood at Rs. 2.36 lakh crore, marking a 12.6% increase over the gross collection of Rs.2.10 lakh crore in April 2024 and the net GST collections for the April 2025 reached Rs.2.09 lakh crore, reflecting a 9.1% growth compared to the net collection of Rs.1.92 lakh crore in April 2024. May 2025 GST collection is Rs.2,01,050 crores. May 2025 collection has dropped down as compared to the April 2025 GST collection which was Rs.2,36,716 crores.

The monthly gross GST collection (total gross GST revenue) for June 2025 shows a growth of only 6.2% compared to June 2024 when it was Rs.1,73,813 lakh crore.

**Table 1:** GST collection of India from April 2025- June 2025 (RS in crores)

| Months | CGST | SGST | IGST | CESS |
|---|---|---|---|---|
| APRIL | 45,401 | 55,525 | 95,688 | 12,762 |
| MAY | 31,191 | 38,511 | 91,677 | 12,462 |
| JUNE | 31,364 | 39,395 | 75,219 | 13,128 |

**Chart 1:** Comparison of GST revenue of April- June 2025




## II. GST revenue in Kerala

When compared to the GST revenue in the last year, the April month revenue of Kerala declined to 5%. At the same time, 24% year-on-year growth in gross GST collections reported for May 2025. The GST collection in June 2025 marked a 9 per cent year-on-year growth compared to June 2024.

**Table 2:** GST revenue of Kerala from April - June of 2024 and 2025 and growth rate

| Month | 2024 | 2025 | Growth Rate in % |
|---|---|---|---|
| April | 3,272 | 3,436 | 5 |
| May | 2,594 | 3,210 | 24 |
| June | 2,618 | 2,856 | 9 |

**Chart 2:** GST revenue of Kerala from April-June 2025 in comparison with the same period in the previous year.




## III. Important updates in GST

### Clarification on Invoice-wise Reporting Functionality in Form GSTR-7 on portal

Vide Notification No. 09/2025 - Central Tax dated 11.02.2025, Form GSTR-7 has been amended to capture invoice-wise reporting with effect from 01.04.2025 i.e. the return period for April 2025 onwards. For the enhanced functionality, the tax payers have to follow the changes after the implementation of invoice-wise reporting in Form GSTR-7 in the GST portal.

## Clarification on refund filing process for various refund categories

GSTN has been made important changes in the refund filing process under the following categories:

(a) Export of Services with payment of tax

(b) Supplies made to SEZ Unit/SEZ Developer with payment of tax

(c) On account of Refund by Supplier of Deemed export

For the above refund categories, the requirement to select a specific tax period ('From' and 'To') while filing refund applications has been removed. The taxpayers can now directly proceed with selecting the refund category as above and clicking on "Create Refund Application."The said refund categories are changed from 'Tax Period based filing' to 'Invoice based filing'.

## Clarification on refund filing process for recipients of deemed export

GSTN has made the following changes in the refund filing process under the category "On account of Refund by Recipient of deemed export":

1. Refund applications under this category no longer need to be filed in chronological order of Tax Period which means Taxpayers are not required to select "From Period" and "To Period" while filing refund applications.
2. Taxpayers must ensure that all the returns (GSTR-1, GSTR-3B etc) due till the date of refund application, are filed.
3. Under the aforementioned category, the table "Amount Eligible for Refund" has been modified. The columns of the revised table are explained hereunder:
    a. Col. 1 'Balance in ECL at the time of filing of refund application'. This column will reflect the balance available under various Head in Electronic Credit Ledger at the time of filing of application. It will be auto populated.
    b. Col. 2 'Net Input Tax Credit (ITC) of Deemed Exports (as per uploaded invoices)', in this column the amount of claimed ITC, under respective major Heads will be auto populated based on invoices furnished in Statement 5B.
    c. Col. 3 'Refund amount as per the uploaded invoices' reflects the sum of the amount of ITC claimed under all major Heads (IGST/CGST/SGST/UT) as per the invoices uploaded by the taxpayer in Statement 5B and shall be downward editable.

d. Col. 4 'Eligible Refund Amount'. In this column, the maximum amount of ITC which is available for refund claim will be auto populated. It will be auto-calculated based on the order of debit specified in Circular No. 125/44/2019-GST dated 18.11.2019.

e. Col. 5 "Refund amount not eligible as insufficient balance in the ECL (5)". This column reflects the difference between the total amount of claimed ITC and the total amount of ITC available in the Electronic credit Ledger under various major Heads.

**Clarification on barring of GST return on expiry of three years**

As per the Finance Act,2023 (8 of 2023), dt. 31-03-2023, implemented w.e.f 01-10-2023 vide Notification No. 28/2023 - Central Tax dated 31th July, 2023, the taxpayers shall not be allowed file their GST returns after the expiry of a period of three years from the due date of furnishing the said return under Section 37 (Outward Supply), Section 39 (payment of liability), Section 44 (Annual Return) and Section 52 (Tax Collected at Source). These Sections cover GSTR-1, GSTR 3B, GSTR-4, GSTR-5, GSTR-5A, GSTR-6, GSTR 7, GSTR 8 and GSTR 9.

As a result, after three years, the aforementioned returns will no longer be eligible for filing. Beginning with the July 2025 tax period, the aforementioned restriction will be applied on the GST portal. As a result, taxpayers are once more urged to reconcile their records and, if they haven't already, file their GST returns as soon as possible.

**Clarification regarding filing of SPL-01/ SPL-02 where payment made through GSTR 3B and other cases**

Under Section 128A of the CGST Act, 2017, certain taxpayers have been experiencing technical difficulties with the auto-population of payment details in Table 4 of Form SPL-01 or SPL-02 when submitting amnesty applications. In particular, it has been observed that in certain instances, the payments details may not be accurately auto-populated in the applications filed by the taxpayers:

(a) Amount paid through "payment towards demand order" functionality

(b) Pre-deposit amount details

(c) Payment made through GSTR 3B

In the aforementioned situations, taxpayers are encouraged to move on with submitting a waiver application because the GST portal does not prevent them from doing so in the event that the demand amount and payment information do not match. In such situations, the tax payers have to upload the relevant

payment information as attachments along with the online application for the verification by the jurisdictional officer.

**Introduction of enhanced inter-operable services between E-Way bill portals**

On July 1, 2025, NIC will introduce the new E-Way Bill 2.0 portal, which will include improved interoperable E-Way Bill functions (https://ewaybill2.gst.gov.in). The purpose of the portal is to improve interoperability between the new portal and the current E-Way Bill 1.0 Portal (https://ewaybillgst.gov.in). The new E-Way Bill 2.0 portal has been developed in response to taxpayers' demands for continuity in services during exigencies. It enables cross-portal access to critical E-Way Bill functionalities, ensuring seamless operations for taxpayers and transporters.

The following additional services will be available on the E-Way Bill 2.0 portal for E-Way Bills generated on either portal (E-Way Bill 1.0 or E-Way Bill 2.0):

a) Generation of E-Way Bill based on Part-A details entered by the supplier
b) Generation of Consolidated E-Way Bills
c) Extension of validity of E-Way Bills
d) Update of transporter details
e) Retrieval of consolidated E-Way Bills

These services are in addition to the currently available cross-functional services:

a) Generation of E-Way Bills
b) Updating of vehicle details
c) Printing of E-Way Bills

Both portals will operate on a real-time synchronised architecture and in the event of a technical issue or downtime on the E-Way Bill 1.0 portal, taxpayers may perform all necessary operations (e.g., updating Part-B) on the E-Way Bill 2.0 portal and carry the E-Way Bill slip generated therefrom. This dual-system approach is designed to eliminate dependency on a single portal and ensure business continuity. In addition to the online portal interface, APIs will be used to provide taxpayers and logistics operators with access to all of the aforementioned services. For testing and integration purposes, these APIs are presently housed in a sandbox environment.

Data from the E-Way Bill1 and E-Way Bill2 portals will eventually be automatically connected and amalgamated, removing the need for the E-Way Bill1 system in emergency situations. The E-Way Bill2 portal is made to instantly synchronize E-Way Bill information with the main portal.

Updates made to E-Way Bills created on the E-Way Bill1 portal can be made on the E-Way Bill2 portal, and vice versa. Crisscross operations between the two portals are completely enabled. Both versions of the E-Way Bill slip may be carried in accordance with the updated Part-B details of E-Way Bills created on the E-Way Bill1 portal in the event that the main portal is unavailable for technical reasons.

**Filing pending returns before expiry of three years**

As per the Finance Act,2023 (8 of 2023), dt. 31-03-2023, implemented w.e.f 01-10-2023 vide Notification No. 28/2023 - Central Tax dated 31th July, 2023, the taxpayers shall not be allowed file their GST returns after the expiry of a period of three years from the due date of furnishing the said return under Section 37 ( Outward Supply), Section 39 (payment of liability), Section 44 ( Annual Return) and Section 52 (Tax Collected at Source). These Sections cover GSTR-1, GSR-1A, GSTR 3B, GSTR-4, GSTR-5, GSTR-5A, GSTR-6, GSTR 7, GSTR 8 and GSTR 9 or 9C.

Hence, above mentioned returns will be barred for filing after expiry of three years. The said restriction will be implemented on the GST portal from August 2025 Tax period. Which means any return for which the due date was three years back or more and has not been filed till August Tax period will be barred from Filling. In this regard an advisory was already issued by GSTN on October 29th, 2024

**Illustration :** For ease of reference and better clarity, the latest GST returns that will be barred from filing w.e.f 1st September 2025 are detailed in the table below:

| GST Forms | Barred Period (w.e.f. 1st September 2025) |
|---|---|
| GSTR-1Q | April-June 2022 |
| GSTR-3B/M | July-2022 |
| GSTR-3BQ | April-June 2022 |
| GSTR-4 | FY 2021-22 |
| GSTR-5 | July-2022 |
| GSTR-6 | July-2022 |
| GSTR-7 | July-2022 |
| GSTR-8 | July-2022 |
| GSTR-9/9C | FY 2020-21 |

Hence, the taxpayers are once again advised to reconcile their records and file their GST Returns as soon as possible if not filed till now.

**Upcoming security enhancements**

The GST System continues to be enhanced to provide transparency for taxpayers and strengthen data security. As part of this endeavor, the enhancement listed below will soon be implemented to give taxpayers who use Application Suvidha Providers (ASP) to interface with the GST System transparency and control. The ASP makes use of GST Suvidha Providers (GSP), who are authorized API channel partners for the GST System. A GSP's job is to facilitate API access between the ASP and the GST System.

1. When an OTP consent access is successfully granted by the taxpayer to the ASP, the taxpayer is notified via email and SMS. When ASP successfully gets the taxpayer's authorized signatory's consent to access their data through APIs by requesting an OTP from the GST System, they will be notified by email and/or SMS. The following information would be included in the notification:

- Name of the ASP and the underlying GSP
- Date and Time of the OTP Consent
- Validity Period of the consent

2. The GST Common Portal is being further enhanced to provide view of current & historic access gained by ASP / GSP and enable taxpayers with an option to revoke any active consent. The taxpayer shall be able to access this after logging to their GST Common Portal dashboard.

**IV Circulars in the month of April to June 2025**

Generation and quoting of Document Identification Number(DIN) on any communication issued by the officers of the Central Board of Indirect Taxes and Customs (CBIC) to tax payers and other concerned persons.

Board's Circular No. 122/41/2019- GST dated 05thNovember 2019 and 128/47/2019-GST dated 23.12.2019, which were issued for implementation of decision regarding the Generation and Quoting of DocumentIdentification Number (DIN), initially on specified documents and subsequently expanded to all communications (including e-mails) sent to taxpayers and other concerned persons by any office of CBIC. This was done with a view to leverage technology for greater accountability and transparency in communications with the trade/ taxpayers/ other concerned persons. The Board came to notice that the documents and summary generated

